# BALA BODHINI

# SEVENTH READER

BY

**K. Narayana Menon**

TRIPUNITTURA.

---

# ബാലബോധിനി

# ഏഴാം പാഠം

ഗ്രന്ഥകർത്താവു

കെ. നാരായണമേനോൻ

തൃപ്പൂണിത്തുറ.

---

THOMAS PAUL, B. A

V.V. PUBLISHING HOUSE

TRIVANDRUM.

*All rights reserved.*

BALA BODHINI

# SEVENTH READER

BY

**K. Narayana Menon**

TRIPUNITTURA.

---

ബാലബോധിനി

# ഏഴാം പാഠം

ഗ്രന്ഥകർത്താവു

കെ. നാരായണമേനോൻ

തൃപ്പൂണിത്തുറ.

---

THOMAS PAUL, B. A

V.V. PUBLISHING HOUSE

TRIVANDRUM.

*All rights reserved.*

# അനുക്രമണിക


| പാഠം | | ഭാഗം |
|---|---|---|
| 1. | ഭൂതദയ | 1 |
| 2. | ധൂമകേതു | 8 |
| 3. | അച്ചടി | 12 |
| 4. | കർത്തവ്യം | 17 |
| 5. | മനുഷ്യവർഗ്ഗം | 22 |
| 6. | നവഗ്രഹങ്ങൾ | 27 |
| 7. | പദ്യം | 32 |
| 8. | സത്യം | 34 |
| 9. | ജന്തുക്കളുടെ ബുദ്ധി | 40 |
| 10. | സമുദ്രങ്ങൾ | 44 |
| 11. | ഉത്സാഹം | 47 |
| 12. | ഗ്രഹണം | 51 |
| 13. | പദ്യം | 56 |
| 14. | മൂന്നു മഹാകവികൾ | 59 |
| 15. | സ്വയംഭരണം | 65 |
| 16. | നളൻ | 69 |
| 17. | ഭൂതക്കണ്ണാടി | 78 |
| 18. | ഉളിയന്നൂർ പെരുന്തച്ചൻ | 81 |
| 19. | പ്രാവൃഡ്വർണ്ണനം | 85 |
| 20. | കൊള്ളിമീൻ | 87 |
| 21. | മതങ്ങൾ | 93 |
| 22. | ഭീഷ്മർ | 102 |
| 23. | ഏറ്റുമതിയും ഇറക്കുമതിയും | 108 |
| 24. | തൃക്കണാമതിലകം | 114 |
| 25. | പദ്യം | 118 |
| 26. | ശരീരത്തിന്റെ അളവ് | 121 |
| 27. | ധർമ്മപുത്രർ | 127 |
| 28. | ഭൂകമ്പം | 136 |
| 29. | തക്ഷകന്മാർ | 139 |
| 30. | പദ്യം | 143 |

# ഏഴാം പാഠം

---

പാഠം ൧.

## ഭൂതദയ. (ജീമൂതവാഹനൻ)

"സൎവ്വ ഭൂതങ്ങളേയും കാണേണം തന്നെപ്പോലെ
സൎവ്വജ്ഞനവനേവനിവണ്ണം വൎത്തിക്കുന്നു".

'ദയ' എന്നത് ഈശ്വരന്റെ വിശേഷഗുണങ്ങളിൽ ഒന്നാകുന്നു. ഈ വിശിഷ്ടഗുണത്തിന്റെ വികാരഭേദമാകുന്നു സ്നേഹം, അനുകമ്പ മുതലായവ. ദൈവദത്തമായ വിശേഷബുദ്ധിയുടെ നാനാമുഖമായ പ്രകടനത്തിൽ ഏററവും ഉത്തമമായ ഒരു ഗുണമാകുന്നു ദയ. ഒരുവൻ അവന്റെ മാതാപിതാക്കന്മാരേയും, സഹോദരസഹോദരിമാരേയും, പുത്രകളത്രാദികളേയും സ്നേഹിക്കുന്നതു പോലെ, വിശേഷബുദ്ധിയില്ലാത്ത പക്ഷിമൃഗാദികൾ അവയെ രക്ഷിക്കുന്ന യജമാനന്മാരെ കൃതജ്ഞതാപൂൎവ്വം സ്നേഹിക്കുന്നുണ്ട്. പക്ഷെ, അതു യഥാൎത്ഥമായ ദയയല്ല. പ്രതിഫലേച്ഛ കൂടാതെ അന്യജീവിയുടെ ദീനാവസ്ഥയിൽ മനസ്സിലുണ്ടാകുന്ന ആർദ്രതമൂലം ആത്മത്യാഗം ചെയ്തും അതിനെ സഹായിക്കണമെന്നു മനുഷ്യനെ പ്രേരിപ്പിക്കുന്ന ആ വികാരവിശേഷമാകുന്നു വാസ്തവമായ ദയ. നാം അത്യന്തം സ്നേഹിക്കുന്ന നമ്മുടെ ഒരു കുട്ടിയെ, ആത്മത്യാഗംചെയ്തും കൂടെ നമ്മുടെ പ്രാണനെ രക്ഷിക്കുവാൻ സന്നദ്ധമായ ഒരു നായ യദൃച്ഛയാ കടിച്ചു പോയെങ്കിൽ, നമുക്ക് അതിന്റെ നേരെ ദ്വേഷം ജനിക്കുകയും തന്മൂലം നാം അതിനെ കഠിനമായി ശിക്ഷിക്കുകയും ചെയ്യുന്നു. പട്ടി കടിച്ചതുകൊണ്ടുണ്ടായ വേദ

ന കുട്ടി അനുഭവിക്കുന്നതു കണ്ടു സങ്കടം സഹിക്കാൻ ശക്തിയില്ലാഞ്ഞിട്ടാണ് നാം പട്ടിയെ ഉപദ്രവിക്കുന്നത്. നാം വളൎത്തുന്ന പട്ടി നമ്മുടെ കുട്ടിയെ കടിച്ചപ്പോൾ നാം അതിനെ ഉപദ്രവിച്ചതു പോലെ തന്നെ, ആ പട്ടിയെ വേറെ ഒരു പട്ടിയൊ, കുട്ടിയൊ ഉപദ്രവിച്ചാൽ നാം അതിനേയും ദ്രോഹിക്കുന്നു. ഈ അവസരത്തിൽ കുട്ടിക്കും പട്ടിക്കും വേദന ഒരുപോലെയാണെന്നു വിചാരിച്ചു പരഹിംസയിൽനിന്നു നമ്മെ യാതൊന്നാണൊ വിരമിപ്പിക്കുന്നത് അതാണ് 'ഭൂതദയ'. കുട്ടിയെ കടിച്ച പട്ടിയേയോ, പട്ടിയെ തല്ലിയ കുട്ടിയേയൊ നാം പകരം ഉപദ്രവിക്കുന്നതു സ്വാൎത്ഥജന്യമായ സ്നേഹംകൊണ്ടാകുന്നു. സ്വാൎത്ഥമായ ഈ സ്നേഹം അവസ്ഥാന്തരം കൂടാതെ പരാൎത്ഥത്തിൽ പ്രവൃത്തിക്കത്തക്കവണ്ണം മനസ്സിന്നു നൈൎമ്മല്യവും ആർദ്രതയും ഉണ്ടാകുമ്പോഴാണ് ദൈവികമായ ദയ പ്രകാശിക്കുന്നത്. 'ജീമൂതവാഹനൻ' എന്ന വിദ്യാധരൻ ഭൂതദയയ്ക്കു് അന്യാദൃശമാമായ ഒരു മാതൃകയാകയാൽ, അദ്ദേഹത്തിന്റെ ചരിത്രം ഈ വിഷയത്തിനു യോജിച്ച ഒരു ദൃഷ്ടാന്തമാകുന്നു.

'ജീമൂതകേതു' എന്ന വിദ്യാധരചക്രവൎത്തി പ്രായാധിക്യത്താൽ, പുരാതനരാജാക്കന്മാരുടെ പതിവനുസരിച്ചു, പുത്രനെ ചക്രവൎത്തിയായി അഭിഷേകം ചെയ്തു്, ഈശ്വരധ്യാനം ചെയ്തു മോക്ഷം പ്രാപിക്കുവാനായി പത്നീസമേതം വനം പ്രവേശിച്ചു. മാതാപിതാക്കന്മാരുടെ വാൎദ്ധക്യത്തിൽ അവരെ ശുശ്രൂഷിച്ചു സന്തോഷിപ്പിക്കേണ്ടത് അനുസരമുള്ള പുത്രന്മാരുടെ കൎത്തവ്യമാകയാൽ, ജീമൂതവാഹനൻ മാതാപിതാക്കന്മാരെ അനുഗമിക്കാൻ തീൎച്ചയാക്കി. രാജ്യഭരണം മന്ത്രിമാരിൽ സമൎപ്പിച്ചു പിതൃഭക്തനായ ജീമൂതവാഹനൻ വനം പ്രവേശിച്ചു മാതാപിതാക്കന്മാരെ ഉപചരിച്ചുകൊണ്ടു താമസിച്ചു.

മന്ത്രിമാർ എത്രതന്നെ സമത്ഥന്മാരായിരുന്നാലും, ഭരണകത്താവിൻെറ സാന്നിദ്ധ്യമില്ലാത്ത രാജ്യം ശത്രുരാജാക്കന്മാരുടെ ആക്രമണത്തിന്ന് അധീനമായിത്തീരുന്നതാണ്. അതുകൊണ്ടു ജീമൂതവാഹനൻെറ രാജ്യം ഒരു അയൽ രാജാവിൻെറ രാജ്യലോഭം നിമിത്തം ആക്രമിക്കപ്പെട്ടു. ഈ വൃത്താന്തം മന്ത്രിമാർ ജീമൂതവാഹനനെ അറിയിച്ചപ്പോൾ അദ്ദേഹം പറഞ്ഞ മറുപടി ഇങ്ങിനെയായിരുന്നു: ''രാജാക്കന്മാർ രാജ്യം ഭരിക്കുന്നതു പ്രജകളുടെ പ്രയത്നഫലംകൊണ്ട് അവരുടെ പ്രതാപത്തെ പ്രദശിപ്പിക്കുവാനല്ല. പ്രജകളുടെ ക്ഷേമം വദ്ധിപ്പിക്കുവാനാണ്. നാം ഇപ്പോൾ നമ്മുടെ ശത്രുവിനോട് എതൃത്തു യുദ്ധം ചെയ്യുകയാണെങ്കിൽ, നമ്മുടെ സൈനികന്മാരായ അനേകം പ്രജകൾക്കു പ്രാണഹാനിയും പലവിധമായ കഷ്ടനഷ്ടങ്ങളും സംഭവിക്കും. ഞാൻ പൂണ്ണമനസ്സാലെ എൻെറ രാജ്യാധിപത്യം ശത്രുവിന് ഒഴിഞ്ഞുകൊടുത്താൽ, യുദ്ധം മൂലം ഉണ്ടാകാവുന്ന യാതൊരാപത്തും നമ്മുടെ പ്രജകൾക്കുണ്ടാവില്ല. അതുകൊണ്ടു നിങ്ങൾ എന്നെ എന്നപോലെ, മററെ രാജാവിനേയും വണങ്ങി നമ്മുടെ പ്രജകളുടെ ക്ഷേമത്തിനു വേണ്ടുന്ന മാഗ്ഗങ്ങൾ അദ്ദേഹത്തിനോട് ഉപദേശിച്ചു സംതൃപ്തരായി കാലം കഴിക്കുന്നതാണ് എനിക്ക് അതിരററ സന്തോഷം''. ചക്രവത്തിയുടെ ഉപദേശപ്രകാരം മന്ത്രിമാർ പ്രവൃത്തിക്കുകയാൽ, ശത്രുരാജാവിന് ആ രാജ്യവാസികളെക്കുറിച്ചു ബഹുമാനവും സ്നേഹവും ജനിച്ചതേയുള്ളു.

ജീമൂതവാഹനൻ മാതാപിതാക്കന്മാരെ ശുശ്രൂഷിച്ചു കാട്ടിൽ താമസിക്കുന്ന കാലത്ത് ഒരു ദിവസം അദ്ദേഹത്തിൻെറ സ്യാലനായ 'മിത്രാവസു'വിനോടുകൂടെ കടൽത്തിരത്തു നടന്നുകൊണ്ടിരിക്കുമ്പോൾ, അവിടെ അടുത്തു ധവളവണ്ണമായ ഒരു പവ്വതം കണ്ട്, അതിനെക്കുറിച്ചു സ്യാ

ലനോടു ചോദിച്ചു. അപ്പോൾ അതൊരു പൎവ്വതമല്ലെ ന്നും, ഗരുഡനാൽ നിഗ്രഹിക്കപ്പെട്ട സൎപ്പങ്ങളുടെ അസ്ഥിക്കൂട്ടമാണെന്നും മിത്രാവസു പറഞ്ഞു. ഈ വൃത്താന്തം കേട്ടു ജീമൂതവാഹനൻ വളരെ വ്യസനിച്ചു. മിത്രാവസുവിനു വേറെ ചില കാൎയ്യങ്ങൾ നിൎവ്വഹിക്കാനുണ്ടായിരുന്നതിനാൽ, ആലോചനാമഗ്നനായ ജീമൂതവാഹനനെ സൈ്വരമായി സഞ്ചരിക്കുവാൻ വിട്ടുംകൊണ്ട് അയാൾ രാജധാനിയിലേക്കു മടങ്ങി.

ആലോചനാനിമഗ്നനായ ജീമൂതവാഹനൻ സങ്കേതലക്ഷ്യം കൂടാതെ സഞ്ചരിക്കുമ്പോൾ, ഒരു സ്ഥലത്തു നിന്ന് ആരൊ ദുഃഖിച്ചു കരയുന്നതു കേട്ട്, ആ വിലാപത്തിൻെറ കാരണം അറിവാൻ അങ്ങോട്ടു തിരിച്ചു. അവിടെ ചെന്നപ്പോൾ, വൃദ്ധയായ ഒരു സ്ത്രീ കരയുന്നതും അവളുടെ ഏകപുത്രനായ ശംഖചൂഡൻ അവളെ സമാശ്വസിപ്പിക്കാൻ ശ്രമിക്കുന്നതും ജീമൂതവാഹനൻ കണ്ടു. അദ്ദേഹം അവരുടെ ദുഃഖകാരണം ചോദിച്ചു. അപ്പോൾ, അവർ നാഗങ്ങളാണെന്നും അവരുടെ രാജാവായ വാസുകിയും ഗരുഡനും തമ്മിൽ പണ്ടു ചെയ്ത കരാറനുസരിച്ച് അന്നത്തെ ദിവസം ഗരുഡനു ഭക്ഷണമായിത്തീരേണ്ടുന്ന മുറ ശംഖചൂഡൻേറതാകയാൽ, വാൎദ്ധക്യത്തിൽ ഏകസന്താനമായ പുത്രനെ പിരിഞ്ഞിരിക്കാനുള്ള സങ്കടംകൊണ്ടു നാഗസ്ത്രീ കരയുന്നതാണെന്നും ജീമൂതവാഹനൻ ധരിച്ചു. ദയ മൂൎത്തീകരിച്ചിരിക്കുന്ന ജീമൂതവാഹനൻ അവരുടെ സങ്കടനിവൃത്തിക്കായി താൻ ശംഖചൂഡനു പകരം ഗരുഡനു ഭക്ഷണമായിക്കൊള്ളാമെന്ന് അവരോടു പറഞ്ഞു. ജീമൂതവാഹനൻെറ ഈ ഔദാൎയ്യത്തെക്കുറിച്ചു ശംഖചൂഡൻ അത്യന്തം അഭിനന്ദിച്ചെങ്കിലും, അവൎക്കുവേണ്ടി ആത്മത്യാഗം ചെയ്വാൻ സമ്മതിച്ചില്ല. ജീമൂതവാഹനനും ശംഖചൂഡ-

നും തമ്മിൽ ധമ്മതത്വങ്ങളെക്കുറിച്ചു വളരെ വാദപ്രതിവാദങ്ങൾ നടത്തിയെങ്കിലും, രണ്ടുപേക്കും അന്യോന്യം തൃപ്തിപ്പെടുത്തുവാൻ സാധിച്ചില്ല. അതുകൊണ്ടു താൻ തന്നെ ഗരുഡനു ഭക്ഷണമായിത്തീരണമെന്നു നിശ്ചയിച്ചു, വൃദ്ധയായ മാതാവു തൻെറ മരണം കാണാതിരിക്കുവാൻ വേണ്ടി, ആ സ്ത്രീയെ ഗോകൎണ്ണക്ഷേത്രത്തിൽ കൊണ്ടുപോയാക്കുവാൻ ശംഖചൂഡൻ അവിടെനിന്നു പോയി.

ശംഖചൂഡൻെറ ന്യായങ്ങൾ ഒന്നും ജീമൂതവാഹനൻെറ ഭൂതദയയെ ജയിക്കുവാൻ കഴിയാഞ്ഞതുകൊണ്ട്, അയാൾ മടങ്ങിവരുന്നതിനു മുമ്പായി വധനിലത്തു ചെന്നു കിടക്കാൻ അദ്ദേഹം തീച്ചയാക്കി, അപ്രകാരം ചെയ്തു. ദിവസംതോറും ക്ലിപ്തസമയത്തു രക്തവസ്ത്രം ധരിച്ച് ഓരോ നാഗം ചെന്നു കിടക്കണമെന്നാണ് നിശ്ചയം. ജീമൂതവാഹനൻ ആയിടയിൽ വിവാഹംചെയ്തു ഒരു നവവരനായിരുന്നതുകൊണ്ടു നാട്ടാചാരപ്രകാരം രക്തവസ്ത്രമാണ് ധരിച്ചിരുന്നത്. അതുകൊണ്ടു ഗരുഡന് അന്യശങ്കയ്ക്കു ന്യായമുണ്ടായില്ല. ഗരുഡൻ പതിവു പോലെ നാഗബുദ്ധിയോടുകൂടി ജീമൂതവാഹനനെ കൊത്തിത്തിന്നുകൊണ്ടിരിക്കുമ്പോൾ, സാധാരണമായ മരണവേദനകൊണ്ടുള്ള ചേഷ്ടകൾക്കു പകരം, തൻെറ ഭക്ഷ്യമായ പുരുഷനിൽ ഹഷരോമാഞ്ചം ഉണ്ടായതായി കണ്ടു, ഗരുഡൻ അത്ഭുതപ്പെട്ട് അദ്ദേഹം ആരാണെന്ന് അറിവാൻ ആഗ്രഹിച്ചു. ജീമൂതവാഹനൻെറ ചരിത്രം കേട്ടപ്പോൾ, ഗരുഡൻ തൻെറ ആലോചനക്കുറവു നിമിത്തം ദിവ്യനായ വിദ്യാധരചക്രവത്തിയെ കൊലപ്പെടുത്തിയല്ലൊ എന്നു വിചാരിച്ചു പശ്ചാത്തപിച്ചു.

ഗരുഡൻെറ വ്യസനം ദുസ്സഹമായതിനാൽ, ആസന്നമൃത്യുവായ ജീമൂതവാഹനനോടു തൻെറ പാപമോചന

ത്തിനുള്ള മാൎഗ്ഗം ഉപദേശിക്കേണമെന്ന് അദ്ദേഹം അപേക്ഷിച്ചു. അപ്പോൾ ജീമൂതവാഹനൻ ഇങ്ങിനെ പറഞ്ഞു: "ജീവികൾക്കു ലോകത്തിൽ ആത്മസ്നേഹത്തെക്കാൾ വലുതായി മറ്റൊന്നില്ല. എല്ലാ ജീവികളും താന്താങ്ങളുടെ ആത്മാവിനെ സ്നേഹിക്കുന്നത് ഒരേവിധത്തിലാകയാലും ജീവാത്മാവു പരമാത്മാവിൻെറ അഭിന്നാംശമാകയാലും എല്ലാവരുടേയും ആത്മാവ് ഒന്നുതന്നെയാണെന്നു വിശ്വസിച്ചു പ്രവൃത്തിക്കേണ്ടത് എല്ലാവരുടേയും മുറയാകുന്നു. ജീവികളിൽ ഏവംവിധമായ സമഭാവനയാണ് അവരെ പാപകൎമ്മത്തിൽ നിന്നു മോചിപ്പിച്ചു, മോക്ഷമാൎഗ്ഗത്തിൽ നയിക്കുന്നത്." ഇത്രയും പറഞ്ഞുതീൎന്നപ്പോൾ ശക്തിക്ഷയം നിമിത്തം മൃത്യുവശഗനായ ജീമൂതവാഹനൻ നിശ്ചേഷ്ടനായി ഭവിച്ചു. ഈ സന്ദൎഭത്തിൽ സമയം തെററിപ്പോയൊ എന്നു ഭയപ്പെട്ടു പരിഭ്രമിച്ചു ശംഖചൂഡനും, ജീമൂതവാഹനനെ കാണാഞ്ഞു വ്യസനിച്ചുകൊണ്ട് അദ്ദേഹത്തിൻെറ മാതാപിതാക്കന്മാരും പത്നിയായ മലയവതിയും അവിടെയെത്തി.

ജീമൂതവാഹനൻെറ തല്ക്കാലസ്ഥിതി കണ്ടു വൃദ്ധരായ മാതാപിതാക്കന്മാരും ബാലയായ പത്നിയും ധൎമ്മനിഷ്ഠനായ ശംഖചൂഡനും അത്യന്തം വ്യസനിച്ചു. പശ്ചാത്താപം കൊണ്ടു ഗരുഡൻ ഇതികൎത്തവ്യതാമൂഢനായും ഭവിച്ചു. മലയവതി മംഗലദായിനിയായ ഭഗവതിയോടും വൃദ്ധമാതാവു തൻെറ പുത്രനെ അമൃതംകൊണ്ടു ജീവിപ്പിക്കേണമെന്നു ദേവന്മാരോടും പ്രാൎത്ഥിച്ചു. അമൃതശബ്ദശ്രവണമാത്രത്താൽ, ഗരുഡനു പൂൎവ്വസ്മരണയുണ്ടായി. ഉടനെ പക്ഷീന്ദ്രൻ അവിടെനിന്നു പറന്നുപോകയും ചെയ്തു.

വിദ്യാധരചക്രവൎത്തിയുടെ മരണത്തെക്കുറിച്ച് എല്ലാവരും വ്യസനിച്ചു ദൈവത്തെ ധ്യാനിച്ചുകൊണ്ടു നില്ക്കു

മ്പോൾ, കാററും കാറും കൂടാതെ അസംഗതിയായി ആകാശത്തുനിന്നു വഷ്വും പുഷ്പവൃഷ്ടിയുമുണ്ടായി. ഈ ആകസ്മികസംഭവത്തിൻെറ കാരണമറിയാതെ എല്ലാവരും അത്ഭുതപ്പെട്ടു നില്ക്കുമ്പോൾ, ജീമൂതവാഹനൻ, ഉറക്കമുണൎന്നതുപോലെ, പൂവ്വാധികം തേജസ്സോടും ഓജസ്സോടും എഴുനേററ് അച്ഛനമ്മമാരെ വന്ദിച്ചു. ഈ സന്ദർഭത്തിൽ പണ്ടു ഗരുഡൻ ഭക്ഷിച്ച സപ്പങ്ങളുടെ അസ്ഥിക്കൂട്ടം സജീവരായ നാഗങ്ങളായും തീൎന്നു.

'അമൃതം' എന്ന ശബ്ദം കേട്ടപ്പോൾ, ജീമൂതവാഹനനെ ജീവിപ്പിക്കാൻ മാൎഗ്ഗമെന്താണെന്ന് ആലോചിച്ചു വഴി കാണാതിരുന്നിരുന്ന ഗരുഡൻ, താൻ പണ്ടൊരിക്കൽ മാതാവിൻെറ ദാസ്യം ഒഴിക്കുവാൻ വേണ്ടി ദേവകളെ ജയിച്ച് അമൃതം കൊണ്ടുവന്ന കായ്യം ഓൎമ്മ വന്നതിനാൽ, ഉടനെ അവിടെനിന്നു പോയി ദേവലോകത്തു ചെന്ന് അമൃതം വഷിക്കുകയാണ് ചെയ്തത്. അപ്രതീക്ഷിതമായി സംഭവിച്ച മഴ അതായിരുന്നു. പശ്ചാത്താപപൂവ്വമായ ഗരുഡൻെറ പ്രവൃത്തികൊണ്ട് അദ്ദേഹത്തിനു പാപമോചനവും മററുള്ളവക്കു സന്തോഷവും ഈശ്വരനോടു കൃതജ്ഞതയും ഉണ്ടായി, എല്ലാവരും അവരവരുടെ ഗൃഹങ്ങളിലേക്കു പോവുകയും ചെയ്തു.

മഹാത്മാവായ ജീമൂതവാഹനൻെറ ചരിത്രത്തിൽ നിന്നു നാം പഠിക്കുന്നതു മൂന്നു സംഗതികളാകുന്നു. ഒന്ന്, എല്ലാ രാജാക്കന്മാരും അവനവൻെറ സ്ഥാനം ഉപേക്ഷിച്ചും പ്രജകൾക്കു ക്ഷേമം വൎദ്ധിപ്പിക്കണം; രണ്ട്, എല്ലാ ലൌകികകൎത്തവ്യങ്ങളിലും വെച്ച് ഏററവും ശ്രേഷ്ഠമായതു മാതാപിതാക്കന്മാരെ ശുശ്രൂഷിച്ച് അവരെ തൃപ്തിപ്പെടുത്തുന്നതാകുന്നു; മൂന്നാമത്, എല്ലാ മനുഷ്യഗുണങ്ങളിലും വെച്ചു ദിവ്യമായതു 'ഭൂതദയ'യാകുന്നു. ജീമൂതവാഹനൻെറ

ഈ ദിവ്യത്വം നിമിത്തം അദ്ദേഹത്തിൻെറ രാജ്യം അപ ഹരിച്ച ശത്രുരാജാവു ബഹുമാനപുരസ്സരം അദ്ദേഹത്തിനു കിഴടങ്ങുകയും ചെയ്തു.

---

പാഠം ൨.

## ധൂമകേതു.

നിങ്ങളിൽ വാൽനക്ഷത്രം, അല്ലെങ്കിൽ ധൂമകേതു, എന്നു കേൾക്കാത്തവർ ഇല്ലെങ്കിലും, അതിനെ കണ്ടിട്ടുള്ള വർ അധികമുണ്ടായിരിക്കുകയില്ല. എന്തുകൊണ്ടെന്നാൽ, പത്തുപന്ത്രണ്ടു കൊല്ലത്തിനിടയ്ക്കു് ഈ ദിക്കുകളിൽ ധൂമ കേതു ഉദിച്ചിട്ടില്ല. വാൽനക്ഷത്രം എന്നു കേൾക്കുമ്പോ ൾ, ധൂമകേതുവിൻെറ പ്രധാനമായ അംഗം വാലാണെ ന്നാകുന്നു നാം വിചാരിക്കുന്നത്. എന്നാൽ, വാസ്തവത്തി ൽ ധൂമകേതുവിന് ഒരു വാൽ ഉണ്ടായേ കഴിയൂ എന്നില്ല. സാധാരണ നക്ഷത്രങ്ങൾക്കു വാലില്ലാത്ത സ്ഥിതിക്ക് ഇ തിനെ താരങ്ങളുടെ ഗണത്തിൽ നിന്നു തിരിച്ചറിയുവാൻ ഇതിൻെറ പ്രത്യേക ചിഹ്നമായ ആ അവയവത്തിന് അ ല്പം പ്രാധാന്യം കല്പിച്ചു പറയുന്നതാണ്.

ധൂമകേതുവിനെ സംബന്ധിച്ചു നമ്മുടെ പുരാതന ന്മാരുടെ ഇടയിൽ ഉണ്ടായിരുന്ന അഭിപ്രായം അത് ആ പൽസൂചകമായ ഒരു ദുശ്ശകുനമാണെന്നായിരുന്നു. കാളി ദാസർ "കുമാരസംഭവം" എന്ന കാവ്യത്തിൽ താരകനെ കുറിച്ചു "ജഗത്തിന്നു വിപത്തിന്നായ് ജനിച്ചാൻ ധൂമകേ തുപോൽ" എന്നു പറയുന്നുണ്ടു്. ഇതിൽനിന്നു ധൂമകേതുവി നെപററി പൊതുജനങ്ങൾക്കു പണ്ടുണ്ടായിരുന്ന വിചാ രം എന്തായിരുന്നു എന്നു വിശദമാകുന്നുണ്ടല്ലൊ. ധൂമ കേതു ഉദിക്കുന്നതു ചന്ദ്രോദയത്തിനു ശേഷമാണെങ്കിൽ,

രാജാക്കന്മാക്കും, ചന്ദ്രോദയത്തിനു മുമ്പാണെങ്കിൽ, രാജ്യവാസികൾക്കും ദോഷം സംഭവിക്കുന്നതാണെന്നായിരുന്നു അവരുടെ വിശ്വാസം. ഈ മാതിരി വിശ്വാസം ഹിന്തുക്കളുടെ ഇടയിൽ മാത്രമല്ല, പാശ്ചാത്യന്മാരുടെ ഇടയിലും ഉണ്ടായിരുന്നു. 'ഷേക്സ്പിയർ' എന്ന മഹാകവി അദ്ദേഹത്തിന്റെ 'ജൂലിയസ് സീസർ' എന്ന നാടകത്തിൽ "രാജാക്കന്മാർ മരിക്കുന്ന കാലത്തു ധൂമകേതു ദൃശ്യമാകുന്നു; എന്നാൽ, പിച്ചക്കാരുടെ മരണസമയത്ത് അത് ഉദിക്കുന്നില്ല" എന്നു പറഞ്ഞിരിക്കുന്നതിൽ നിന്ന്, ഒരു കാലത്തു പാശ്ചാത്യരുടെ ഇടയിലും ഈ വിശ്വാസത്തിന്നു പ്രാബല്യമുണ്ടായിരുന്നു എന്നു തെളിയുന്നുണ്ടല്ലോ. 'മിൽട്ടൻ' എന്ന ആംഗ്ലേയ കവിയുടെ കാലത്തും ഈ വിശ്വാസം ഉണ്ടായിരുന്നു. എന്തുകൊണ്ടെന്നാൽ, "ലോകത്തിൽ ക്ഷാമവും യുദ്ധവും ഉണ്ടാക്കുന്ന ധൂമകേതു"വിനോടാണ് അദ്ദേഹം 'സാത്താനെ' ഉപമിച്ചിരിക്കുന്നത്.

ജനങ്ങൾ മൌഢ്യംകൊണ്ടോ അനുഭവംകൊണ്ടോ ദുന്നിമിത്തസൂചകമാണെന്നു വിശ്വസിക്കുന്ന ഈ ധൂമകേതു ആധുനിക ശാസ്ത്രപരിശോധന പ്രകാരം അറിയപ്പെട്ടിട്ടുള്ളത് എങ്ങിനെയാണെന്ന് ഇനി ആലോചിക്കാം. നാം നഭോമണ്ഡലത്തിൽ പ്രതിദിനം കാണുന്ന നക്ഷത്രാദി തേജസ്സുകളേക്കാൾ ധൂമകേതുവിനു ചില വിശേഷങ്ങളുണ്ട്. അവ അതിന്റെ അസ്ഥിരത, അസാമാന്യവലിപ്പം, അപൂർവ്വദർശനം, ഗമനമാർഗ്ഗം മുതലായവയാകുന്നു. അതുകൊണ്ടു ധൂമകേതു ജ്യോതിശ്ശാസ്ത്രപണ്ഡിതന്മാരുടെ അന്വേഷണബുദ്ധിക്കു പ്രത്യേകം വിഷയീഭവിച്ചിട്ടുണ്ട്. ആകാശമണ്ഡലത്തിൽ കാണുന്ന സകല ജ്യോതിസ്സുകളുടേയും നാഥൻ സൂര്യനാകയാൽ, അവയെല്ലാം ഓരോ പ്രകാരത്തിൽ ആദിത്യനെ ആശ്രയിച്ചാണിരിക്കുന്നത്. അ

തുകൊണ്ടു ധൂമകേതുവും ഭൂമിയെ പോലെ തന്നെ, സൂൎയ്യ നെ പ്രദക്ഷിണം ചെയ്യുന്നുണ്ട്. പക്ഷെ, അതു മററു ഗ്രഹങ്ങളെ പോലെ ക്ലിപ്തമായ ഒരു നിയമം അനുസരിച്ചല്ലെന്നേയുള്ളു. ധൂമകേതു സൂൎയ്യനെ ചുററുന്നതു ഭൂമിയെ പോലെ വൃത്താകാരത്തിലല്ല, അണ്ഡാകാരത്തിലാകുന്നു. എന്നുതന്നെയല്ല, അത് ഒരിക്കൽ സൂൎയ്യനെ ചുററിസ്സഞ്ചരിച്ചു കഴിഞ്ഞാൽ, പിന്നെ അങ്ങിനെ ചെയ്യാതേയും കാണുന്നുണ്ട്. മററുള്ള ഗ്രഹങ്ങളും ധൂമകേതുവും തമ്മിലുള്ള ഗതിവ്യത്യാസം ഇതാണ്.

ധൂമകേതുവിനെ സംബന്ധിച്ചു വേറേയും ചില വിശേഷങ്ങളുണ്ട്. സാമാന്യമായി ധൂമകേതുവിന് ഒരു തലയും ഒരു വാലും ഉണ്ടായിരിക്കുന്നതാണ് അതിൻെറ ആകൃതിയുടെ സമ്പ്രദായം. എന്നാൽ ചില ധൂമകേതുവിനു തീരെ വാലില്ലാതേയും, മററു ചിലതിന് ഒരിക്കൽ ഉണ്ടായിരുന്ന വാൽ നശിച്ചു പോയതായും കാണുന്നുണ്ട്. വേറെ ചിലവയ്ക്കു് ഒന്നിലധികം വാലുകളും ഉണ്ടായിരിക്കും. ഏററവും മനോഹരമായി 1825-ൽ പ്രത്യക്ഷമായ ഒരു ധൂമകേതു 1826-ൽ കാണപ്പെട്ടതു വാലും തലയും ഇല്ലാതെയാണ്. ഒരിക്കൽ പ്രത്യക്ഷമായ ധൂമകേതുവിനെ മറെറാരിക്കൽ കണ്ടറിയുന്നത് അതിൻെറ ആകൃതിസാദൃശ്യം കൊണ്ടല്ല, അതിൻെറ സഞ്ചാരമാൎഗ്ഗത്തിൽ നിന്നാകുന്നു. വാൽ നക്ഷത്രങ്ങളുടെ ആകൃതിക്കു പലപ്പോഴും മാററം സംഭവിക്കുക നിമിത്തം സഞ്ചാരമാൎഗ്ഗംകൊണ്ടു മാത്രമേ അവയെ തിരിച്ചറിവാൻ തരമുള്ളൂ.

ശാസ്ത്രന്മാരുടെ ബുദ്ധിയേയും സാധാരണന്മാരുടെ നേത്രങ്ങളേയും ആകൎഷിക്കത്തക്ക മനോഹരമായ ഈ സാധനം എന്താണെന്ന് ഇനി ആലോചിക്കാം. ഒരുകാലത്തു ശാസ്ത്രജ്ഞന്മാൎക്കു പോലും ധൂമകേതു എന്തൊരു സാ

ധനമാണെന്നു സൂക്ഷ്മമായി അറിയാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ, പാശ്ചാത്യശാസ്ത്രജ്ഞന്മാരുടെ ഇടയിൽ ധൂമകേതുവിനെ കുറിച്ചു സൂക്ഷ്മമായ ഒരഭിപ്രായം പറഞ്ഞതു 'സർജ്ജോൺഹർഷൽ' ആകുന്നു. "ധൂമകേതു, അതിൻെറ സഞ്ചാരഗതിയിൽ ആദിത്യനോട് അധികം അടുത്തു വരുമ്പോൾ, സൂര്യകിരണങ്ങൾ അതിൽക്കൂടെ കടന്നു പോകുന്നതിൽ നിന്നും രശ്മികളുടെ പ്രവേശം നിമിത്തം അതിൻെറ ഗതിക്കു വ്യത്യാസം വരുന്നതിൽ നിന്നും, ഒരു ബാഷ്പപിണ്ഡമാണെന്ന് ഊഹിക്കേണ്ടിയിരിക്കുന്നു" എന്നാണ് ആ പണ്ഡിതൻ പണ്ടൊരിക്കൽ പറഞ്ഞത്. നവീനയന്ത്രങ്ങളുടെ സഹായംകൊണ്ട് ഈ അഭിപ്രായം ശരിയാണെന്നു നവീനശാസ്ത്രജ്ഞന്മാർ തെളിയിക്കയും ചെയ്തിട്ടുണ്ട്. ഇരുനൂറടി ഘനമുള്ള ഒരു മേഘത്തിനു സൂര്യകിരണങ്ങളെ മറയ്ക്കുവാൻ കഴിയുന്ന സ്ഥിതിക്ക്, അതിനേക്കാൾ സഹസ്രഗുണം ഘനമുള്ള ഒരു ധൂമകേതു ഒരു നക്ഷത്രത്തിൻെറ വെളിച്ചത്തെ മറയ്ക്കാൻ പാടില്ലാത്തവിധം തേജഃപ്രവേശക്ഷമമായിരിക്കുന്നതിനാൽ, അത് ഒരു ഘനപദാർത്ഥമല്ലെന്നു തന്നെ നിർണ്ണയിക്കാം. എന്നുതന്നെയല്ല, ധൂമകേതു ഒരു ഘനപദാർത്ഥമായിരുന്നെങ്കിൽ, 1861-ാമാണ്ടു ജൂൺമാസം 30-ാംനു- ഉദിച്ചിരുന്ന ധൂമകേതുവിൻെറ വാലിൽക്കൂടെ നമ്മുടെ ഭൂമി കടന്നു പോയപ്പോൾ, അവയുടെ സംഘടനം നിമിത്തം ഭൂമിക്കോ ആ ധൂമകേതുവിനൊ ഗണ്യമായ ഒരു ദോഷം സംഭവിക്കേണ്ടതായിരുന്നു. അങ്ങിനെ യാതൊന്നും സംഭവിക്കാഞ്ഞതിൽ നിന്നു ന്യായമായുണ്ടായ അനുമാനം ധൂമകേതു ബാഷ്പരൂപമായ ഒരു വസ്തുവാണെന്നാകുന്നു. ഈ വാസ്തവം വളരെ പുരാതനമായ കാലത്തു തന്നെ ചീനക്കാർ പറഞ്ഞിട്ടുണ്ട്. ധൂമകേതു എന്ന സംസ്കൃതപദത്തിൻെറ അർത്ഥം കേതുവിൻെറ

രൂപത്തിലുള്ള ഒരു ധൂമപടലം എന്നാകയാൽ, പുരാതന ഹിന്തുക്കളും വാൽനക്ഷത്രം ധൂമം, അല്ലെങ്കിൽ ബാഷ്പരൂപത്തിലുള്ള വസ്തുവാണെന്നറിഞ്ഞിരുന്നു എന്നു നിശ്ചയിക്കാം.

1744-ൽ കാണപ്പെട്ട ധൂമകേതുവിന് ആറു വാലുണ്ടായിരുന്നത് ആ ശതാബ്ദത്തിൽ കണ്ട എല്ലാ ധൂമകേതുക്കളേക്കാൾ ഒരു പ്രത്യേക വിശേഷമായിരുന്നു. 1811-ൽ കണ്ട വാൽനക്ഷത്രത്തിന്. പത്തു കോടി നാഴിക നീളവും ഒരു കോടി അമ്പതു ലക്ഷം നാഴിക വീതിയുമുണ്ടായിരുന്നുവത്രെ. ഏകദേശം മുപ്പത്തഞ്ചു സംവത്സരങ്ങൾക്കു മുമ്പ് ഇവിടങ്ങളിൽ ദൃശ്യമായ ധൂമകേതുവിനു ചിത്രത്തിൽ കാണുന്നതു പോലെ രണ്ടു വാലുണ്ടായിരുന്നു. അടുത്ത കാലത്ത്, അതായതു പന്ത്രണ്ടു സംവത്സരങ്ങൾക്കു മുമ്പ്, ഇവിടങ്ങളിൽ കണ്ട വാൽനക്ഷത്രം "ഹാലീസ് കോമററ്" എന്നതാകുന്നു. അത് എഴുപത്തഞ്ചു കൊല്ലത്തിൽ ഒരിക്കൽ മാത്രമേ ദൃശ്യമാകയുള്ളു. കുമാരസംഭവത്തിൽ കാളിദാസർ പറയുന്ന ധൂമകേതു ഇതായിരിക്കണം. ക്രിസ്താബ്ദത്തിന്ന് അല്പം മുമ്പായി സിതിയന്മാരുടെ ആക്രമണം നിമിത്തം കിഴക്കെ യൂറോപ്പും മദ്ധ്യേഷ്യയും ഇന്ത്യയും വളരെ കഷ്ടനഷ്ടങ്ങൾ അനുഭവിച്ചിട്ടുണ്ട്. അക്കാലത്താണ് ഈ ധൂമകേതു ഉദിച്ചത്. ഈ ധൂമകേതുവിന്റെ ഉദയഫലം കാളിദാസർ അനുഭവിച്ചതായിരിക്കണം എന്നും ഏ. കെ. മുസംദാർ പറയുന്നുണ്ട്.

---

പാഠം ൩.

## അച്ചടി.

ഭാഷയുടെ അഭിവൃദ്ധിക്കു പ്രധാനമായ ഒരു ഉപകരണമാകുന്നു അച്ചടി. ഭാഷയുടെ പൂർവ്വസ്ഥിതിയേയും ആ

ധുനികാവസ്ഥയേയും താരതമ്യപ്പെടുത്തി നോക്കിയാൽ, ഈ വാസ്തവം വിശദമാകുന്നതാണ്. ഭാഷയുടെ ആദ്യകാലങ്ങളിൽ മനുഷ്യരുടെ വിചാരങ്ങളെ അന്യോന്യം ഗ്രഹിപ്പിച്ചിരുന്നതു സംഭാഷണം മൂലമാകുന്നു. അക്ഷരോല്പത്തിക്കു ശേഷം ലിപികളെ രേഖപ്പെടുത്തുവാനുള്ള മാൎഗ്ഗം കണ്ടുപിടിച്ചു. നാം ഇക്കാലത്ത് അപൂൎവ്വമായി ചില പുരാതന രാജധാനികളിലും ക്ഷേത്രങ്ങളിലും കാണുന്ന ശിലാരേഖകൾ പണ്ടത്തെ അക്ഷരങ്ങളുടെ ലക്ഷ്യമാകുന്നു. അക്കാലത്തു മുഖ്യമായ കാൎയ്യങ്ങൾ എഴുതി സൂക്ഷിച്ചിരുന്നതു ശിലകളിന്മേലും ചില ഇലകളിലും ആയിരുന്നു. പണ്ടു ഭാഷയെ രേഖപ്പെടുത്തുവാൻ നേരിട്ടിരുന്ന അസൌകൎയ്യം നിമിത്തം പണ്ടത്തെ പല പ്രധാന സംഭവങ്ങളും വിസ്മൃതമായിട്ടുണ്ട്.

അച്ചടി എന്ന വിദ്യയും, മററനേകം വിദ്യകളെപ്പോലെ, ഏഷ്യയിൽ ജനിച്ചതിനു ശേഷം യൈറോപ്യരുടെ പരിചരണംകൊണ്ടു വളൎന്നു വന്നിട്ടുള്ളതാകുന്നു. പാശ്ചാത്യന്മാൎക്ക് അച്ചടിയെപ്പററി യാതൊരറിവും ഇല്ലാതിരുന്ന കാലത്ത് ആ വിദ്യ ചീനത്തുകാർ ഗ്രഹിച്ചിരുന്നതായി ചരിത്രലക്ഷ്യങ്ങളുണ്ട്. ക്രിസ്ത്വാബ്ദം പത്താം നൂററാണ്ടിൽ 'ഫ്യ്ങ് ടൌ' എന്നു പേരായ ചീനത്തുകാരൻ കണ്ടുപിടിച്ച സമ്പ്രദായത്തിലുള്ള അച്ചടിയാകുന്നു ഇപ്പോഴും സാധാരണമായി ഉപയോഗിച്ചുവരുന്നത്. കടലാസ്സിൻെറ ഒരു ഭാഗത്ത് ഒത്തുവരേണ്ടതായ അക്ഷരങ്ങൾ മുഴുവൻ ഒരു പലകയിന്മേൽ കൊത്തി മഷിപുരട്ടി അമൎത്തി എടുക്കുകയായിരുന്നു പണ്ടത്തെ പതിവ്. ഇങ്ങിനെ ചെയ്യുന്നതുകൊണ്ട്, ഇപ്പോഴുള്ള സൌകൎയ്യങ്ങൾ ഒന്നും ഉണ്ടായിരുന്നില്ലെങ്കിലും, 'അച്ചടിപ്പിശാചിൻെറ' ബാധ ഉണ്ടായിരുന്നില്ല.

ഇപ്പോഴത്തെ സമ്പ്രദായത്തിലുള്ള വാൎത്ത അക്ഷര

ങ്ങളും ചീനത്തുകാർതന്നെയാണ് ആദ്യമായി ഉപയോഗിച്ചു തുടങ്ങിയത്. ഏകദേശം പന്ത്രണ്ടാം നൂററാണ്ടോടു കൂടി ഈ സൂത്രം അവർ കണ്ടുപിടിച്ചിരിക്കണം. എന്തു കൊണ്ടെന്നാൽ, ക്രി: അ. 1317_ാമാണ്ടിൽ 'കൊറിയാ' രാജ്യത്ത് ഈ മാതിരിയിൽ അച്ചടിച്ചിട്ടുള്ള പുസ്തകങ്ങൾ ഉണ്ടെന്നു 'ഡഗ്ലസ്' എന്ന പണ്ഡിതൻ പറഞ്ഞിട്ടുണ്ട്. യൂറോപ്പിൽ ഈ സമ്പ്രദായം നടപ്പായത് ഏകദേശം പതിനഞ്ചാം നൂററാണ്ടിന്റെ മദ്ധ്യത്തിലാകുന്നു. പാശ്ചാത്യരാജ്യങ്ങളിൽ ആദ്യമായി അച്ചടി നടപ്പാക്കിയതു ലന്തക്കാരാണെന്നും ജർമ്മങ്കാരാണെന്നും ഇപ്പോഴും രണ്ടു പക്ഷമുണ്ട്. എന്നാൽ അച്ചക്ഷരങ്ങളുടെ ഉത്ഭവത്തേയും അതിന്റെ പ്രചാരത്തേയും കുറിച്ച് ഒരു ഐതിഹ്യമുള്ളത് ഈ സംഗതിയെ സംബന്ധിച്ച സംശയ നിവൃത്തിക്കു സഹായമായിത്തീരുമെന്നു തോന്നുന്നതിനാൽ അതിവിടെ പ്രസ്താവിക്കാം.

ഡച്ചു രാജ്യത്ത് 'ഹാർലം' എന്ന നഗരത്തിലെ ഒരു പള്ളിയുടെ വാർഡനായ 'ലോറൻ കാസ്റ്റർ' എന്നു പേരായി വിജനവാസപ്രിയനായ ഒരാളുണ്ടായിരുന്നു. ഇയാളുടെ ഏകാന്തവാസസമയത്തു മരത്തിന്റെ തോലിന്മേൽ ഓരോ അക്ഷരം കൊത്തിയുണ്ടാക്കുകയായിരുന്നു അയാളുടെ വിനോദം. ഒരു ദിവസം അയാൾ പതിവു പോലെ ചില അക്ഷരങ്ങൾ കൊത്തി, ആ മരത്തൊലി ഒരു കടലാസ്സിൽ പൊതിഞ്ഞ് അയാളുടെ കുപ്പായത്തിന്റെ കീശയിൽ ഇട്ടുംകൊണ്ടു വീട്ടിലേക്കു മടങ്ങി. കാസ്റ്റർ ഭവനത്തിൽ ചെന്നു കീശയിൽ നിന്നു കടലാസ്സുപൊതി എടുത്തു തുറന്നു നോക്കിയപ്പോൾ, മരത്തൊലിയുടെ കറകൊണ്ട് അക്ഷരങ്ങൾ മറിച്ചു വെച്ചതുപോലെ കടലാസ്സിന്മേൽ പതിഞ്ഞു കണ്ടു. ഇതിൽ നിന്നാണ് ഓരോ അക്ഷരത്തിനും പ്രത്യേ

കം ഓരോ അച്ചുണ്ടാക്കാമെന്നു മനസ്സിലായത്. കാസ്റ്റർ പിന്നീട് ഓരോ അക്ഷരവും ഈയത്തിന്മേൽ കൊത്തിയു ണ്ടാക്കി ചെറിയ നിലയിൽ ഒരു അച്ചുക്കൂടം ഏൎപ്പെടുത്ത എന്നുതന്നെ പറയാം.

കാസ്റ്ററുടെ പരിശ്രമം സഫലമായതു 'മെയിൻസ്' രാജ്യക്കാരനായ 'ഹുട്ടൻബർഗ്' എന്ന ഒരു യുവാവിൻെറ സഹായംകൊണ്ടാകുന്നു. യൂറോപ്പിൽ അച്ചടിക്കു പ്രചാര മുണ്ടായത് 1462_ാമാണ്ടിനു ശേഷമാണ്. ആ കൊല്ലത്തി ൽ മേയിൻസ് എന്ന പട്ടണം ശത്രുക്കളാൽ ആക്രമിക്കപ്പെ ട്ടപ്പോൾ, അവിടത്തെ അച്ചുക്കൂടങ്ങളിൽ പണിയെടുത്തിരു ന്ന വേലക്കാർ പല രാജ്യങ്ങളിലേക്കും ഓടി രക്ഷപ്പെടുക യും അവർ അവരുടെ സങ്കേതസ്ഥലങ്ങളിൽ ഈ വിദ്യ ന ടപ്പാക്കുകയും ചെയ്തു. ഇങ്ങിനെയാണ് യൂറോപ്പിൽ അ ച്ചടിക്കു പ്രചാരമുണ്ടായത്.

ഉദ്ദേശം 1476-ാമാണ്ടിൽ 'വില്യംകാക്സ്ടൻ' എന്ന ഒരു വിദ്വാൻ ഇംഗ്ലാണ്ടിൽ ആദ്യമായി അച്ചടി നടപ്പാ ക്കി. അച്ചടി നടപ്പായതോടുകൂടി ഇംഗ്ലാണ്ടിൽ വൎത്തമാ നപത്രങ്ങൾ പ്രസിദ്ധപ്പെടുത്താൻ തുടങ്ങി. പത്രങ്ങളിൽ രാജ്യഭരണനയത്തെ കുറിച്ച് ആക്ഷേപിച്ചു തുടങ്ങിയപ്പോ ൾ, 1530-ാമാണ്ടിൽ അധികൃതന്മാർ അച്ചടിയെ വിരോധി ക്കുന്നതായ ഒരു നിയമം ഏൎപ്പെടുത്തി. ഈ നിരോധം മൂലം ഇംഗ്ലാണ്ടിൽ പത്തറുപതു സംവത്സരത്തോളം അച്ച ടിക്കു വളരെ മാന്ദ്യം സംഭവിച്ചു. എന്നാൽ 1694_ാമാണ്ടി ൽ മേല്പറഞ്ഞ നിയമം റദ്ദാക്കപ്പെട്ടതോടുകൂടി അച്ചടിക്കു പ്രത്യേകമായ ഒരു ഊൎജ്ജിതമുണ്ടായി. പതിനെട്ടാം നൂ റ്റാണ്ടിൻെറ മദ്ധ്യത്തിൽ അക്ഷരങ്ങൾ വാക്കുവാൻ തുട ങ്ങി. അതിൽപ്പിന്നെ അച്ചടിക്ക് ഉത്തരോത്തരം അഭിവൃ ദ്ധി സംഭവിച്ചുകൊണ്ടാണിരിക്കുന്നത്. ആവിയുടെ ശ

ക്തികൊണ്ട് അച്ചടി നടത്താൻ ആദ്യമായി ശ്രമിച്ചുനോക്കിയത് 1814-ാമാണ്ടിലാകുന്നു.

നമ്മുടെ മലയാളരാജ്യത്ത് ആദ്യമായി അച്ചടി നടപ്പാക്കിയതു ലന്തക്കാരാകുന്നു. കൊടുങ്ങല്ലൂർ കോട്ട ലന്തക്കാരുടെ കീഴിൽ വന്നകാലത്ത് അവർ സമീപമുള്ള 'കൃഷ്ണൻകോട്ട' എന്ന സ്ഥലത്താണ് അച്ചടി ആദ്യമായി നടത്തിയത്. ഇന്ത്യയിൽ അച്ചടിക്കു പ്രചാരമുണ്ടായത് ആംഗ്ലേയരുടെ ആഗമനശേഷമാകുന്നു.

ഇക്കാലത്തു വൎത്തമാനപത്രങ്ങൾ, മാസികകൾ, ശാസ്ത്രഗ്രന്ഥങ്ങൾ മുതലായവ നമുക്കു സുലഭമായത് അച്ചടിയുടെ പ്രചാരംകൊണ്ടാകുന്നു. മനുഷ്യരുടെ ബുദ്ധിവികാസത്തിനു കാരണം ഗ്രന്ഥങ്ങളുടെ സുലഭതയാണ്. അച്ചടികൊണ്ടു ഗ്രന്ഥങ്ങൾ മാത്രമല്ലാ സുലഭമായിട്ടുള്ളത്. നാനാവൎണ്ണങ്ങൾ ചേൎന്ന ചിത്രങ്ങൾ അടിച്ചെടുക്കുന്നതിന് ഇപ്പോൾ യാതൊരു പ്രയാസവുമില്ല. പണ്ട് ഒരു ചിത്രത്തിൻെറ പത്തുപ്രതി ആവശ്യമുണ്ടായിരുന്നെങ്കിൽ, ചിത്രമെഴുത്തുകാരൻ ആ ചിത്രം പത്തു പ്രാവശ്യം എഴുതേണ്ടിയിരുന്നു. അതുകൊണ്ട് ആദ്യത്തെ ചിത്രത്തിനുവേണ്ടിവന്ന വേല എല്ലാ ചിത്രങ്ങൾക്കും ആവശ്യമായിരുന്നു. തന്മൂലം അവയുടെ വിലയ്ക്കു കുറവുണ്ടായിരുന്നില്ല. പണ്ടു പത്തുറുപ്പിക കൊടുക്കേണ്ടിയിരുന്ന ഒരു ചിത്രത്തിന് ഈ കാലത്ത് എട്ടണ കൊടുത്താൽ മതി. സാധനങ്ങൾ ഉണ്ടാകുവാൻ വേണ്ടിവരുന്ന പ്രയത്നത്തിൻെറ കുറവാണ് അവയുടെ വിലയെ ചുരുക്കുന്നത്. നമുക്കിപ്പോൾ ഗ്രന്ഥങ്ങൾ കുറഞ്ഞ വിലയ്ക്കു കിട്ടുന്നതിനുള്ള കാരണവും ഇതു തന്നെയാകുന്നു. വിദ്യാഭ്യാസത്തിൻെറ പ്രചാരത്തിനും അച്ചടിയാകുന്നു പ്രധാനകാരണം.

ഈ കാലത്തു 'കല്ലച്ച്', 'അച്ചെഴുത്ത്', അല്ലെങ്കിൽ

'ടൈപ്പ്റൈറ റിങ്ങ്' എന്ന തണ്ടുതരം അച്ചടി നടപ്പുണ്ട്. പക്ഷെ, ഇതിൽ രണ്ടാമതു പറഞ്ഞ അച്ചെഴുത്ത് അധികം അക്ഷരങ്ങളില്ലാത്ത ഭാഷകളിലേ സാധിക്കുകയുള്ളു. നാട്ടുഭാഷകളിലെ അക്ഷരങ്ങളുടെ ബാഹുല്യംകൊണ്ടും മിശ്രതകൊണ്ടും ഈ വിദ്യയ്ക്ക് അവ അധീനപ്പെട്ടുന്നതല്ല. ഇങ്ങനെ ഓരോന്നിനേയും കുറിച്ചു പ്രത്യേകമായി ആലോചിക്കുമ്പോൾ, അച്ചടികൊണ്ടു മനുഷ്യവൎഗ്ഗത്തിനു സിദ്ധിച്ചിരിക്കുന്ന ഗുണം അനല്പമാണെന്നു വിശദമാകും.

---

പാഠം ൪.

## കൎത്തവ്യം. (ധൎമ്മവ്യാധൻ)

മനുഷ്യനു ബാദ്ധ്യതയുള്ള സകലകൎമ്മങ്ങളും അണുപോലും ലോപം കൂടാതെ നിൎവ്വഹിക്കുന്നതാണ് ഏററവും ശ്രേഷ്ഠമായ ധൎമ്മം എന്ന തത്വത്തെ ദൈവം പ്രകൃതിമുഖേന നമുക്കു ദിനമ്പ്രതി പ്രത്യക്ഷപ്പെടുത്തിത്തരുന്നുണ്ട്. ഒരു മാത്രപോലും തെററാതെ സൂൎയ്യൻ കിഴക്കുദിച്ചു പടിഞ്ഞാറ് അസ്തമിക്കുന്നതും ഭൂമി തന്നെത്താൻ തിരിഞ്ഞുകൊണ്ടു സൂൎയ്യനെ പ്രദക്ഷിണം ചെയ്യുന്നതും ശലഭങ്ങൾ പുഷ്പങ്ങളിൽനിന്നു തേൻ ശേഖരിക്കുന്നതും നിരന്തരമായി നാം അറിയുന്ന വാസ്തവങ്ങളാകുന്നു. വിശേഷബുദ്ധിയുള്ള മനുഷ്യൻ ഇവയുടെ ആലസ്യരഹിതമായ കൃത്യനിഷ്ഠ ഗ്രഹിച്ചു കൎത്തവ്യകൎമ്മാനുഷ്ഠാനത്തിൽ ബദ്ധശ്രദ്ധനായിരിക്കേണമെന്നതിനു സംശയമില്ല. ഓരോരുത്തനും അവനവന്റെ കൎത്തവ്യത്തെ നിൎവ്വിഘ്നമായി നിൎവ്വഹിക്കുന്നതാണ് അവന്റെ മോക്ഷപ്രാപ്തിക്കു പോലുമുള്ള മാൎഗ്ഗം. എല്ലാ മനുഷ്യൎക്കും ഓരോ നിലയും വിലയുമുണ്ട്. നാം ഏതുസ്ഥിതിയിലായാ

ല്ലം, അതിന്നനുരൂപമായ കത്തവ്യവും നമുക്കു സഹജമാകു ന്നു. യാതൊരു ഒഴികഴിവും കരുതാതെ,

"ശീതോഷ്ണഭയരതിസമൃദ്ധി ദാരിദ്ര്യാദി
ഹേതുനാ കായ്യത്തിനു വിഘ്നത്തെ വരുത്താതെ
നിത്യവും കത്തവ്യാനുഷ്ഠാനം ചെയ്തീടുന്നവൻ
വിദ്വാനെത്രയുമവൻ പണ്ഡിതശ്രേഷ്ഠനല്ലൊ"

ധമ്മവ്യാധന്റെ കഥയിൽ നിന്നു കത്തവ്യത്തിന്റെ മാഹാത്മ്യം വിശദമാകുന്നതുകൊണ്ട് അത് ഇവിടെ ചുരു ക്കി പറയാം. ചണ്ഡാളവംശജനായ നന്തൻ ഭക്തിമൂലം മഹാബ്രാഹ്മണരേയും അതിശയിച്ചതു പോലെ, കത്തവ്യ നിഷ്ഠകൊണ്ട് ഒരു കാലത്തു സകല മനുഷ്യക്കും ബഹുമാ ന്യനായ ഒരു കിരാതനാണ് നമ്മുടെ കഥാനായകനായ "ധമ്മവ്യാധൻ." ആ പുണ്യവാൻ സ്വധമ്മത്തിന്ന് അണു പോലും ലോപം വരുത്താതെ, കത്തവ്യാനുഷ്ഠാനം ചെയ്തു ജീവിച്ചതിനാലാണ' 'ധമ്മവ്യാധൻ' എന്ന ബഹുമാന പ്പേരിനു പാത്രമായത്. വ്യാധന്മാരുടെ കത്തവ്യകമ്മം പ്രാണിഹിംസയാകുന്നു. അഹിംസയാണ് പരമമായ ധ മ്മം എന്നു ശാസ്ത്രോക്തിയുണ്ടെങ്കിലും, ഈ മഹാത്മാവി ന്റെ കത്തവ്യാനുഷ്ഠാനം ഹേതുവായിട്ട് അദ്ദേഹത്തിനു പാപമുണ്ടായില്ലെന്നു മാത്രമല്ല, ബ്രാഹ്മണകുലത്തിൽ ജനി ച്ച ഒരു സന്യാസിക്കു ജ്ഞാനോപദേശം ചെയ്യത്തക്ക ദിവ്യ ത്വവും കൂടെ സിദ്ധിച്ചു.

ധമ്മവ്യാധൻ അതിബാല്യത്തിൽത്തന്നെ മാതാപിതാ ക്കന്മാരെ ഈശ്വരനിർവ്വിശേഷമായ ഭക്തിസ്നേഹബഹുമാ നങ്ങളോടുകൂടി അനുസരിച്ചുപോന്നു. വ്യാധൻ മിഥിലാ പുരിയിലാണ് നിവസിച്ചിരുന്നത്. മിഥിലയിലെ വന പ്രദേശത്തു കൌശികൻ എന്നു പേരായ ഒരു ബ്രാഹ്മണ ൻ തപസ്സു ചെയ്യുന്നുണ്ടായിരുന്നു. അദ്ദേഹം ഒരു ദിവ

സം ധ്യാനത്തിൽ ഇരിക്കുമ്പോൾ, ഒരു പക്ഷി അദ്ദേഹ ത്തിൻെറ മേൽ പുരീഷോത്സൎഗ്ഗം ചെയ്കതിനാൽ, ബ്രാ ണൻ കോപിച്ചു നേത്രം തുറന്ന് അതിനെ നോക്കിയ മാ ത്രയിൽ അതു താഴത്തുവീണു ചത്തുപോയി. ഈ സംഭ വം കണ്ടപ്പോൾ, താൻ ഒരു തപശ്ശക്തിയുള്ള സിദ്ധനാ യിക്കഴിഞ്ഞു എന്ന് അദ്ദേഹം തിച്ചയാക്കി. ഈ അഹം ഭാവത്തോടുകൂടി അദ്ദേഹം ഒരു ദിവസം ഗ്രാമത്തിൽ ഭ ക്ഷാടനാൎത്ഥം ചെന്ന് ഒരു ഗൃഹത്തിൽ പ്രവേശിച്ചു. ആ ഭവനത്തിലെ ഗൃഹിണി അവളുടെ ഭൎത്താവിനെ ശുശ്രൂഷി ച്ചുകൊണ്ടിരുന്നതിനാൽ, ഭിക്ഷുവിനെ യഥാവസരം സ ൽക്കരിക്കുവാൻ സാധിച്ചില്ല. താൻ ഒരു സിദ്ധനാണെ ന്നുള്ള ഗൎവ്വോടുകൂടി ബ്രാഹ്മണൻ പതിവ്രതയായ ഗൃഹിണി യുടെ നേരെ കോപിച്ച്, അവളെ ശപിക്കുവാൻ ഭാവിച്ച പ്പോൾ, ആ സ്ത്രീ ഇങ്ങിനെ പറഞ്ഞു: "ഞാൻ ഒരു വ ലാകമല്ല. അങ്ങയുടെ കോപം എന്നിൽ ഫലിക്കുന്നതല്ല. ബ്രാഹ്മണരുടെ മാഹാത്മ്യത്തെ കുറിച്ചു ഞാൻ ഗ്രഹിച്ചിട്ടു ണ്ട്. സ്ത്രീയുടെ ധൎമ്മം പതിശുശ്രൂഷണമാണ്. ഭൎത്താവാ ണ് സ്ത്രീകളുടെ പരദൈവം. എൻെറ ആ ധൎമ്മാചരണം കൊണ്ടുതന്നെ ദൈവം എനിക്കു ജ്ഞാനം നൽകിയിട്ടു ണ്ട്. അതുകൊണ്ടാണ് അങ്ങ് കാട്ടിൽവെച്ചു വലാകത്തെ നശിപ്പിച്ച കഥ ഞാൻ ഗ്രഹിച്ചത്. അങ്ങയ്ക്കു ശമം സി ദ്ധിച്ചിട്ടില്ല. അതുകൊണ്ട് അങ്ങ മിഥിലാപുരിയിൽ ചെ ന്നു ജ്ഞാനിയായ ധൎമ്മവ്യാധനെ കണ്ടാൽ, അദ്ദേഹം അ ങ്ങയ്ക്കു ജ്ഞാനോപദേശം ചെയ്യും".

താൻ കാട്ടിൽവെച്ചു ചെയ്ത സംഗതി പതിവ്രതയാ യ ഈ സ്ത്രീക്കു മനസ്സിലാകാൻ മാത്രം ജ്ഞാനദൃഷ്ടി സി ദ്ധിച്ചതിനെ കുറിച്ചു ബ്രാഹ്മണൻ അത്യാശ്ചൎയ്യപ്പെട്ടു, ധൎമ്മ വ്യാധനെ അന്വേഷിച്ചു മിഥിലയിലേക്കു പുറപ്പെട്ടു. ബ്രാ

ഹ്മണൻ ചെന്നപ്പോൾ വ്യാധൻ സ്വധർമ്മമായ മാംസ നിഷേവണത്തിൽ ശ്രദ്ധിച്ചിരിക്കുകയായിരുന്നു. എങ്കിലും ബ്രാഹ്മണനെ കണ്ട ഉടനെ വ്യാധൻ അദ്ദേഹത്തെ ഭക്തിപൂർവ്വം വന്ദിച്ച്, "പതിവ്രതയുടെ ഉപദേശപ്രകാരം എന്നെ കാണ്മാൻവന്ന ഭവാനു സ്വാഗതം" എന്നു പറഞ്ഞു. ഇതു കേട്ടപ്പോൾ, ബ്രാഹ്മണൻെറ വിസ്മയം പണ്ടേതിലും ഇരട്ടിച്ചു. മാംസവ്യാപാരം കഴിഞ്ഞു ധർമ്മവ്യാധൻ ബ്രാഹ്മണനെ സ്വഗൃഹത്തിലേക്കു കൂട്ടിക്കൊണ്ടുപോയി, യഥായോഗ്യം ഉപചരിച്ചു.

വ്യാധൻെറ ജ്ഞാനവും തൊഴിലും തമ്മിൽ പൂർവ്വാപരവിരുദ്ധമാകയാൽ, ബ്രാഹ്മണൻെറ മനസ്സിൽ വളരെ സംശയങ്ങൾ കടന്നുകൂടി. എന്നുതന്നെയല്ല, ആ ദിവ്യനോട് അതിനെ പററി ചോദിക്കുവാൻ പോലും ശങ്കിച്ചു ബ്രാഹ്മണൻ വല്ലാതെ കുഴങ്ങി. അദ്ദേഹത്തിൻെറ ഈ അവസ്ഥ കണ്ടു പരേംഗിതജ്ഞനായ വ്യാധൻ ഇങ്ങിനെ പറഞ്ഞു: "അങ്ങുന്ന് എൻെറ തൊഴിലും സ്ഥിതിയും തമ്മിലുള്ള വിരുദ്ധതയെ കുറിച്ചു സംശയിക്കുകയാണ്. അങ്ങിനെ വിചാരിക്കണ്ട. സൂക്ഷ്മമായി ആലോചിക്കുമ്പോൾ, ലോകത്തിൽ ഹിംസകൂടാത്ത കർമ്മമില്ലെന്നുതന്നെ പറയണം. അതുകൊണ്ടു മനുഷ്യൻെറ മിക്ക കർമ്മങ്ങളും പാപസമ്മിശ്രമാകുന്നു. സസ്യവൃക്ഷാദികൾക്കും ജീവനുള്ളതിനാൽ നമ്മുടെ ഭക്ഷണസാധനങ്ങളാകുന്ന ധാന്യങ്ങളും കായ്കനികളും മനുഷ്യൻെറ ഹിംസ അനുഭവിക്കുന്നുണ്ട്. അതുകൊണ്ടു മനുഷ്യനു ലൌകികജീവിതത്തിൽ 'അഹിംസ' എന്ന പരമധർമ്മത്തെ അനുഷ്ഠിക്കാൻ സാധിക്കുന്നില്ലെന്നു സ്പഷ്ടമാകുന്നു. ഈ ധർമ്മതത്വത്തെകുറിച്ച് അഗാധമായി ആലോചിച്ചു നോക്കുമ്പോൾ, ഈശ്വരൻ സകല ചരാചരാത്മകനായതുകൊണ്ടു മനുഷ്യനും കൃമിയും സ

സ്വം ഒരാത്മാവിൻെറ വികാരഭേദം മാത്രമാണെന്നു പ്രത്യക്ഷപ്പെടുന്നതാണ്. അപ്പോൾ ഹിംസചെയ്യുന്നതും അനുഭവിക്കുന്നതും ഈശ്വരൻതന്നെ, അല്ലെങ്കിൽ ഒരാത്മാവുതന്നെ, എന്നു വിശദമാകും. ജീവികൾക്ക് "അഹംബുദ്ധി"യുള്ള കാലത്തോളം ഈ ബോധം അനുഭവപ്പെടുന്നതുമല്ല. അതുകൊണ്ടാണ് സകല പ്രവൃത്തികളും മനുഷ്യൻ ഈശ്വരങ്കൽ സമർപ്പിച്ചു ചെയ്യണമെന്നു തത്വജ്ഞാനികൾ പറയുന്നത്. ദൈവം അദ്ദേഹത്തിൻെറ സൃഷ്ടികൾക്ക് ഓരോ നില കല്പിച്ചിട്ടുള്ളതിനാൽ, അതിന് അനുരൂപമായി ജീവിക്കുന്നതാണ് കർത്തവ്യം. ഓരോ ജീവിയുടേയും കർത്തവ്യം നിർവ്വഹിക്കുന്നതുതന്നെയാണ് അതാതിൻെറ ധർമ്മവും. കർമ്മംകൊണ്ടാണ് ധർമ്മം സാധിക്കുന്നത്. അതുതന്നെയാണ് ജ്ഞാനത്തിനും തദ്വാരാ മോക്ഷത്തിനും കാരണം".

വ്യാധൻ ഇത്രയും പറഞ്ഞതിനുശേഷം, ബ്രാഹ്മണനെ അദ്ദേഹത്തിൻെറ മാതാപിതാക്കന്മാരുടെ അടുക്കൽ കൂട്ടിക്കൊണ്ടുപോയി, തൻെറ ഈശ്വരൻ മാതാപിതാക്കന്മാരാണെന്നും താൻ ജീവിക്കുന്നത് ഈശ്വരനുവേണ്ടിയാണെന്നും തൻെറ പൂർവ്വന്മാർ ആചരിച്ചുപോന്ന കുലധർമ്മമല്ലാതെ അന്യജോലി തനിക്ക് അറിഞ്ഞുകൂടെന്നും, "അതുകൊണ്ട് ഒരു മനുഷ്യൻെറ കർത്തവ്യകർമ്മാനുഷ്ഠാനം ഹിംസാബഹുലമാണെങ്കിലും, അതു ദൈവകല്പിതമാകയാലും അതിൽ നിന്നുണ്ടാകുന്ന പാപം കർത്തവ്യകർമ്മം മൂലമാകയാലും ആ പാപം ഈശ്വരങ്കൽത്തന്നെ ലയിച്ചുപോകുന്നതാണ്;" എന്നു വ്യാധൻ പറഞ്ഞു.

വ്യാധൻെറ സംഭാഷണത്തിൻെറ അവസാനത്തിൽ അദ്ദേഹം ബ്രാഹ്മണൻെറ ഒരു ന്യൂനത ചൂണ്ടിക്കാണിച്ചു. ബ്രാഹ്മണൻ തൻെറ വൃദ്ധരായ മാതാപിതാക്കന്മാരെ അ

നഹമായി ഉപേക്ഷിച്ചു തപസ്സാരംഭിച്ചതു കൎത്തവ്യത്തെ നിൎവ്വിഘ്നമായി നിൎവ്വഹിക്കുന്നതിനു മുമ്പായതുകൊണ്ടാണ് അദ്ദേഹത്തിനു ജ്ഞാനം സിദ്ധിക്കാഞ്ഞതെന്നും ലൌകികമായ കൎമ്മങ്ങൾ ബാക്കി കിടക്കുന്ന കാലത്തോളം ആത്മജ്ഞാനം സിദ്ധിക്കുന്നതല്ലെന്നും ധൎമ്മവ്യാധൻ വീണ്ടും അദ്ദേഹത്തിനോട് ഉപദേശിച്ചു. ധൎമ്മവ്യാധൻെറ ഈ ഉപദേശവും വാങ്ങി ബ്രാഹ്മണൻ അദ്ദേഹത്തിൻെറ പ്രധാന കൎത്തവ്യത്തെ നിറവേററുവാനായി സ്വഗൃഹത്തിലേക്കു പോവുകയും ചെയ്തു. ഈ വ്യാധചരിതം വേദവ്യാസമഹൎഷി മഹാഭാരതത്തിൽ വനപൎവ്വത്തിൽ പത്ത് അദ്ധ്യായങ്ങളിലായിട്ടാണ് വിസ്തരിച്ചു പറഞ്ഞിരിക്കുന്നത്.

---

പാഠം ൫.

## മനുഷ്യവൎഗ്ഗം.

ഈശ്വരസൃഷ്ടിയിൽ പ്രത്യക്ഷമായ അത്യാശ്ചൎയ്യം ഐകരൂപ്യമുള്ള ഓരോ വൎഗ്ഗത്തിലുമുള്ള വൈപരീത്യമാകുന്നു. ഭൂമിയുടെ നാനാഭാഗങ്ങളിലും മനുഷ്യർ, മൃഗങ്ങൾ, പക്ഷികൾ, വൃക്ഷങ്ങൾ, സസ്യങ്ങൾ എന്നിവയുണ്ട്. സാധൎമ്മ്യമുള്ള ഓരോ ജാതി സൃഷ്ടിയിലും വൈധൎമ്മ്യം കാണാതിരിക്കുകയില്ല. ഇന്ത്യക്കാരും മനുഷ്യർ, യൂറോപ്യന്മാരും മനുഷ്യർതന്നെ ; പക്ഷെ, ആകൃതി, പ്രകൃതി മുതലായ സംഗതികളിൽ രണ്ടു വൎഗ്ഗക്കാരും തമ്മിൽ വ്യത്യാസമുണ്ടുതാനും. ആഫ്രിക്കയിലുള്ള പുരാതന സ്വദേശീയരും ചൈനാ, ജപ്പാൻ മുതലായ രാജ്യങ്ങളിലുള്ള ജനങ്ങളും മനുഷ്യരാണെങ്കിലും, അവരുടെ ആകൃതിയും പ്രകൃതിയും തീരെ വ്യത്യസ്തമാകുന്നു. എന്തിനു വളരെ പറയുന്നു ? ഒരേ മാതാപിതാക്കന്മാരുടെ സന്താനങ്ങൾ പോലും ആകൃതിയി

ലും പ്രകൃതിയിലും അല്പാല്പം വ്യത്യാസമുള്ളതായിട്ടല്ലെ നാം കാണുന്നത്? ലോകത്തിലുള്ള സകല ചരാചരങ്ങളിലും ഏതാദൃശമായി കാണുന്ന സൂക്ഷ്മവ്യത്യാസമാകുന്നു സൃഷ്ടിയുടെ കാൎയ്യത്തിൽ ദൈവത്തിൻെറ ഉദ്ദേശരഹസ്യം സ്ഥിതി ചെയ്യുന്നത്.

കാലദേശാവസ്ഥാദികളെ ആശ്രയിച്ചാണ് മനുഷ്യരുടെ ആകൃതിയും പ്രകൃതിയും വ്യത്യാസപ്പെടുന്നത്. മനുഷ്യസൃഷ്ടിയുടെ ഉത്ഭവത്തെപ്പററി പല മതക്കാരും ഭിന്നാഭിപ്രായക്കാരാകുന്നു. അതുകൊണ്ട് അജ്ഞേയമായ ആ വിവാദവിഷയം എങ്ങിനെയെങ്കിലും ഇരുന്നുകൊള്ളട്ടെ. ഇപ്പോൾ മനുഷ്യവൎഗ്ഗം ഭൂമിയുടെ നാനാഭാഗങ്ങളിലും വ്യാപിച്ചിട്ടുണ്ടെന്നതു നിൎവ്വിവാദമായ ഒരു സംഗതിയാകുന്നു. ഒരു കാലത്തു കോഴിക്കോട്ടുകാരായിരുന്ന കുടുംബക്കാർ ഇപ്പോൾ കൊച്ചിക്കാരായും തിരുവിതാംകൂറുകാരായുംതിന്നു കാണപ്പെടുന്നുണ്ടല്ലൊ. ഇതു പോലെ തന്നെ, ആദ്യകാലങ്ങളിൽ ഓരോ സ്ഥലത്തു നിവസിച്ചിരുന്ന ജനങ്ങൾ, ഓരോ കാരണവശാൽ, അയൽപ്രദേശങ്ങളിൽ ഉപനിവേശം ചെയ്തു കാലാന്തരംകൊണ്ടു കാലദേശാവസ്ഥകൾക്ക് അനുരൂപമായി ആകൃതിയിലും പ്രകൃതിയിലും മാററങ്ങൾ സംഭവിച്ചവരാണെന്നു വിചാരിക്കുവാനാണ് അധികം ന്യായം കാണുന്നത്.

പുരാതനജനങ്ങളിൽ പരിഷ്കൃതവൎഗ്ഗക്കാരെന്നു ഗണിക്കപ്പെടുന്ന മനുഷ്യവൎഗ്ഗങ്ങൾ ആൎയ്യന്മാർ, സെമിററിക്ക് ജാതിക്കാർ, ട്ടറേനിയന്മാർ എന്നി മൂന്നു മുഖ്യവിഭാഗങ്ങളാകുന്നു. ഇവരുടെ ഉത്ഭവസ്ഥാനം ഏഷ്യാഭൂഖണ്ഡത്തിൻെറ മദ്ധ്യപ്രദേശമാണെന്നാകുന്നു നവീനശാസ്ത്രജ്ഞന്മാർ ഊഹിച്ചിരിക്കുന്നത്. ഇവരിൽ ആൎയ്യന്മാരെപ്പോലെ മററുള്ളവർ ഭൂമിയുടെ നാനാഭാഗങ്ങളിലും വ്യാപിക്കുകയൊ

പരിഷ്കാരാഭിവൃദ്ധി പ്രാപിക്കുകയോ ചെയ്തിട്ടില്ല. മൂലസ്ഥാനത്തു നിന്ന് അടുത്തു പടിഞ്ഞാട്ടു മാറി കുടിയേറിപ്പാർത്തവരാകുന്നു സെമിററിക്ക് ജാതിക്കാർ. ടൂറേനിയർ, അല്ലെങ്കിൽ 'മംഗോളിയർ' എന്ന വർഗ്ഗക്കാർ മൂലസ്ഥാനം വിട്ടു കിഴക്കോട്ടും തെക്കോട്ടും തെക്കുകിഴക്കുള്ള രാജ്യങ്ങളിലേക്കും വ്യാപിച്ചു. ആര്യന്മാർ കാലാന്തരം കൊണ്ടു പാശ്ചാത്യരെന്നും പൌരസ്ത്യരെന്നും രണ്ടു താവഴികളായി വേർപിരിഞ്ഞു. നാം ഇപ്പോൾ യൂറോപ്പുഖണ്ഡത്തിൽ കാണുന്ന ജനവർഗ്ഗങ്ങൾ മിക്കതും പശ്ചിമദേശങ്ങളിലേക്കു പിരിഞ്ഞു പോയ ആര്യന്മാരുടെ സന്താനങ്ങളാകുന്നു. പൂർവ്വദേശങ്ങളിലേക്കു പോയ ആര്യന്മാരുടെ സന്തതിപരമ്പരകളാണ് ഇന്ത്യയിലും അതോടു തൊട്ടു വടക്കുപടിഞ്ഞാറുള്ള പ്രദേശങ്ങളിലും നിവസിച്ചുവരുന്ന ജനങ്ങൾ.

ഇന്ത്യയിൽ പ്രവേശിച്ച ആര്യന്മാർ യൂറോപ്പിലേക്കു പോയ സജാതീയരേക്കാൾ വളരെ വേഗത്തിൽ വിജ്ഞാനികളും പരിഷ്കൃതന്മാരുമായിത്തീർന്നു. എന്നാൽ, പ്രായേണ പല കാരണങ്ങൾകൊണ്ടും ഐറോപ്യാര്യന്മാർ ബുദ്ധിയിലും ശക്തിയിലും പൌരസ്ത്യരെ അതിശയിക്കാതിരുന്നതുമില്ലെന്നു നമുക്ക് ഇപ്പോൾ അനുഭവമായല്ലോ. എന്നാൽ ഒരു കാലത്തു പുരാതനപൌരസ്ത്യന്മാർ പ്രാപിച്ച ഔന്നത്യം പാശ്ചാത്യന്മാർ ഇന്നും പ്രാപിച്ചിട്ടുണ്ടെന്നു പറവാൻ പാടില്ല.

മൂലസ്ഥാനത്തു നിന്നു പശ്ചിമപ്രദേശങ്ങളിലേക്ക് ഉപനിവേശം ചെയ്ത സെമിററിക്ക് ജാതിക്കാരുടെ സന്തതിപരമ്പരകളാണ് നാം ഇപ്പോൾ ഓരോ രാജ്യങ്ങളിൽ കാണുന്ന യഹൂദന്മാർ, പാർസികൾ, സിറിയന്മാർ, അറബികൾ എന്നീ ജനതതികൾ. പൌരസ്ത്യരായ ആര്യന്മാരെപ്പോലെ തന്നെ ഐറോപ്യാര്യന്മാരേക്കാൾ വളരെക്കാലം

മുമ്പു സെമിററിക്ക് ജാതിക്കാർ പരിഷ്കൃതരായിത്തീൎന്നു. ഇവരിൽ ഫ്ിനിഷ്യർ എന്ന ഒരു സമുദായക്കാരാണ് ഒന്നാമതായി കൃഷി, കച്ചവടം, കൈത്തൊഴിൽ മുതലായ ലൌകികവ്യാപാരങ്ങളിൽ സമൎത്ഥന്മാരായിത്തീൎന്നത്. ക്രിസ്തുമതവും മുഹമ്മദിയമതവും ജനിച്ചതും ഇവരുടെ ഇടയിലാകുന്നു. ഇവർ ആഫ്രിക്കാഭൂഖണ്ഡത്തിൻെറ ഉത്തരദേശങ്ങളിൽ വളരെക്കാലം കുടിയേറിപ്പാൎത്തിരുന്നു.

ടുറേനിയർ, അല്ലെങ്കിൽ മംഗോളിയർ, എന്നു പറയുന്ന വൎഗ്ഗക്കാർ ചൈന, ജപ്പാൻ, ബൎമ്മ മുതലായ രാജ്യങ്ങളിലാണ് താമസമുറപ്പിച്ചത്. ഭവനനിൎമ്മാണം, രാജ്യഭരണനിയമങ്ങൾ, സാഹിത്യപോഷണം മുതലായ വിഷയങ്ങളിൽ ആദ്യമായി പണ്ഡിതന്മാരായിത്തീൎന്നത് ഈ വൎഗ്ഗക്കാരാകുന്നു. യൂറോപ്പിൻെറ പശ്ചിമോത്തരദേശങ്ങളിലുള്ള "ഫിൻസ്" എന്ന ജാതിക്കാരും "പിരണീസ്" പൎവ്വതനിരകളിൽ അധിവസിച്ചുവരുന്ന "ബാസ്കസ്" എന്ന ജാതിക്കാരും അവരുടെ ഉപശാഖകളും ഈ മംഗോളിയരുടെ സന്തതിപരമ്പരകളാണെന്ന് ഒരഭിപ്രായമുള്ളതിൽ നിന്ന് ഇവർ ഒരു കാലത്തു യൂറോപ്പിലും കടന്നുകൂടിയിരുന്നു എന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ഈ വൎഗ്ഗക്കാരിൽ ഇന്നും കാണുന്ന പരിശ്രമശീലം, ബുദ്ധികൂൎമ്മത, ഉപനിവേശപ്രതിപത്തി മുതലായ ഗുണങ്ങളിൽ നിന്നു മേല്പറഞ്ഞ സംഗതികൾ വാസ്തവമാണെന്നു നിശ്ചയിക്കാം.

ഭൂമിയുടെ നാനാഭാഗങ്ങളിലും നിവസിച്ചുവരുന്ന മനുഷ്യവൎഗ്ഗങ്ങളുടെ വ്യത്യാസം നിൎണ്ണയിക്കുന്നത് അവരുടെ വൎണ്ണം, മുഖത്തിൻെറ ആകൃതി, കപോലാസ്ഥിയുടെ സംഘടനസമ്പ്രദായം, തലമുടിയുടെ സ്വഭാവം മുതലായവകൊണ്ടാകുന്നു. കൊക്കേഷ്യൻ വൎഗ്ഗത്തിൽ ഉൾപ്പെട്ട യൈറോപ്യന്മാരുടെ ലക്ഷണങ്ങൾ ചെമ്പിച്ചും ചുരുണ്ടുമുള്ള

തലമുടി, വെളുത്ത നിറം, നീണ്ടുയൎന്ന നാസിക, കുറ മററ മുഖാകൃതി, എന്നിവയാണ്. മംഗോളിയവംശക്കാരുടെ ലക്ഷണങ്ങൾ, നീണ്ട കൎക്കശമായ കറുത്ത തലമുടി, മങ്ങിയ മഞ്ഞവൎണ്ണം, ഉന്തിയ കപോലാസ്ഥികൾ, കറുത്തു ചെറിയ കുഴിഞ്ഞ കണ്ണുകൾ മുതലായവയാകുന്നു. കറുത്ത തലമുടി, കറുത്ത നിറം, വിരിഞ്ഞ നാസാദ്വാരങ്ങൾ, തടിച്ച ചുണ്ട്, കറുത്ത മിഴികളോടുകൂടിയ കണ്ണുകൾ മുതലായവയാകുന്നു മൂന്നാമതു പറഞ്ഞ വൎഗ്ഗക്കാരുടെ ലക്ഷണങ്ങൾ.

മേല്പറഞ്ഞ മൂന്നു വൎഗ്ഗക്കാരും ഓരോ പ്രദേശങ്ങളിൽ കുടിയേറി പാൎത്തുവെങ്കിലും, കാലാന്തരംകൊണ്ടു പല കാരണങ്ങളാലും മനുഷ്യർ തമ്മിലുണ്ടായ സമ്മിശ്രണം നിമിത്തം അനേകം സങ്കരസന്താനങ്ങൾ ഉത്ഭവിച്ച് ആദ്യത്തെ പ്രധാനവൎഗ്ഗങ്ങൾക്കു പല ഉപവൎഗ്ഗങ്ങളും ഉണ്ടായി. കാലദേശാവസ്ഥ മുതലായ ഭേദഗതികൾകൊണ്ട് ഈ സങ്കരസന്താനങ്ങൾ ഏതു മൂലവൎഗ്ഗത്തിന്റെ അവാന്തരവിഭാഗമാണെന്നു തിരിച്ചറിവാൻ പാടില്ലാത്ത സ്ഥിതിയിലുമായിട്ടുണ്ട്. കാൎയ്യം എന്തുതന്നെയായാലും, ഭൂമിയുടെ നാനാഭാഗങ്ങളിലും നിവസിക്കുന്ന മനുഷ്യർ വൎണ്ണം, രൂപം, ബുദ്ധി, മതം, മൎയ്യാദ മുതലായ സംഗതികളിൽ ഇന്നു വിഭിന്നവൎഗ്ഗങ്ങളായി കാണപ്പെടുന്നുണ്ടെങ്കിലും, എല്ലാവരുടേയും മൂലം ഒന്നുതന്നെയാണെന്നതിനു സംശയമില്ല. ഇവരുടെ സ്രഷ്ടാവായ പിതാവും ഒന്നുതന്നെയാണ്; അതായതു സകല ചരാചരങ്ങളും ദൈവത്തിൽ നിന്നു ജനിച്ചതുകൊണ്ടു എല്ലാവരും അദ്ദേഹത്തിന്റെ സന്താനങ്ങളാകുന്നു. മനുഷ്യൻ ഈ വാസ്തവത്തെ ഹൃദയപൂൎവ്വം ഗ്രഹിച്ചു സ്വാൎത്ഥത്തെ ത്യജിച്ചു വൎത്തിക്കുന്നതായാൽ ലോകത്തിൽ നിത്യശാന്തിയും ക്ഷേമവും വൎദ്ധിക്കുന്നതാണ്.

---

പാഠം ൩.

# നവഗ്രഹങ്ങൾ.

ഹിന്തുക്കളുടെ ജ്യോതിശ്ശാസ്ത്രപ്രകാരം സൌരചക്രത്തിൽ സൂൎയ്യനെ കേന്ദ്രമാക്കി ഒമ്പതു പ്രധാനഗ്രഹങ്ങളെ കുറിച്ചു പറയുന്നുണ്ട്. ഹിന്തുജ്യോതിശ്ശാസ്ത്രം ക്രിസ്ത്വബ്ദത്തിന്നു മുമ്പു 2900_ാമാണ്ടിൽ പോലും അതിൻെറ പൂൎണ്ണാവസ്ഥയെ പ്രാപിച്ചു കഴിഞ്ഞിരുന്നു. നവഗ്രഹങ്ങൾ എന്നു പറയുന്നവയിൽ പ്രധാനമായി ഏഴെണ്ണം മാത്രമേയുള്ളു. 'രാഹു' എന്നും 'കേതു' എന്നും പറയുന്നവ ചന്ദ്രൻെറ സഞ്ചാരമാൎഗ്ഗത്തിലുള്ള രണ്ടു വിപരീതസ്ഥാനങ്ങളാകുന്നു. പ്രധാനമായ സപ്തഗ്രഹങ്ങൾ ആദിത്യൻ, ചന്ദ്രൻ, കുജൻ, ബുധൻ, ബൃഹസ്പതി, ശുക്രൻ, ശനി എന്നിവയാണ്.

നവഗ്രഹങ്ങളിൽ വെച്ചു പ്രധാനമായതു സൂൎയ്യനാണെന്നു പറഞ്ഞുവല്ലൊ. സൂൎയ്യൻ കത്തിജ്വലിച്ചുകൊണ്ടു കിടക്കുന്ന ഒരു ഗോളമാകുന്നു. ഭൂമിയിൽ നിന്നു സൂൎയ്യനിലേക്കുള്ള അകലം തൊള്ളായിരത്തി ഇരുപത്തേഴ ലക്ഷം നാഴികയാണെന്നു പറയുമ്പോൾ, നമുക്ക് ആ അകലത്തെക്കുറിച്ചു നമ്മുടെ മനസ്സിൽ ക്ലിപ്തമായ ഒരു ഭാവനയുണ്ടാകുന്നില്ല. എങ്കിലും, ദൂരദൎശിനി മുതലായ യന്ത്രങ്ങളുടെ സഹായംകൊണ്ടു ശാസ്ത്രജ്ഞന്മാർ തീൎച്ചയാക്കിയിരിക്കുന്നതാണ് ഈ അകലം. നമ്മുടെ ഗ്രഹണശക്തിക്ക് അഗോചരമായ അകലത്തിൽ സ്ഥിതിചെയ്യുന്ന ഈ ഗോളത്തിൽ നിന്നു പുറപ്പെടുന്ന ചൂടിൻെറ ശക്തി, നാം ഭൂമിയിൽ അനുഭവിക്കുന്നതിൻെറ തോതനുസരിച്ചു, നമുക്ക് ഊഹംകൊണ്ടു മാത്രമേ ഗ്രഹിക്കുവാൻ സാധിക്കുകയുള്ളു. ചുരുക്കിപ്പറയുന്നതായാൽ, ഉരുകുവാൻ ഏററവും പ്രയാസമുള്ള നമ്മുടെ

ഒരു ലോഹം സൂൎയ്യഗോളത്തിന്റെ സമീപം ചെല്ലുമ്പോഴെക്കും ദ്രവിച്ചു ബാഷ്പരൂപമായിത്തിരുന്നതാണ്. ജ്യോതിശ്ശാസ്ത്രജ്ഞന്മാർ 'സ്പെൿട്രാസ്കോപ്പ്' എന്ന നവീനയന്ത്രം മുഖേന സൂൎയ്യനിൽ നമ്മുടെ ഭൂമിയിലുള്ള സകല ധാതുക്കളും വേറേയും ചിലവയും ഉണ്ടെന്നും അവയിൽ ചിലതു ദ്രവമായും മററു ചിലതു ബാഷ്പമായും കിടക്കുന്നുണ്ടെന്നും കണ്ടുപിടിച്ചിരിക്കുന്നു. ജ്യോതിസ്സുകളിൽവെച്ചു സൂൎയ്യനെപ്പോലെ ലോകോപകാരകമായ ഒരു ഗോളം മറെറാന്നില്ലാത്തതിനാലാണ് നമ്മുടെ പുരാതനന്മാർ സൂൎയ്യനെ സാക്ഷാൽ ഈശ്വരന്റെ ഒരു പ്രതിനിധിയായി സങ്കല്പിച്ചു 'ചരാചരാത്മകൻ' എന്നും മററും സ്തുതിച്ചിരിക്കുന്നത്.

കാൎയ്യഗൌരവംകൊണ്ടു നവഗ്രഹങ്ങളിൽവെച്ച് ഏററവും പ്രധാനമായതു സൂൎയ്യനാണെങ്കിലും, മനുഷ്യന്റെ മനസ്സിനെ അധികം ആകൎഷിക്കുന്ന ഗ്രഹം ചന്ദ്രനാകുന്നു. എന്നുതന്നെയല്ല, ഭൂമിയോട് അധികം അടുത്തതും ചന്ദ്രൻ തന്നെയാണ്. ഭൂമിയുടെ നാനാഭാഗങ്ങളിലും നിവസിക്കുന്ന ഓരോ ജനവൎഗ്ഗത്തിന്റെ ഇടയിലും ചന്ദ്രനെ സംബന്ധിച്ചുള്ള പല ഐതിഹ്യങ്ങളിൽ നിന്നും മനുഷ്യന്റെ ഒരു അയൽക്കാരനെപ്പോലെയാണ് അതിനെ കരുതിപ്പോരുന്നത് എന്നു നമുക്ക് ഊഹിക്കാം. എന്നുതന്നെയല്ല, ചന്ദ്രനു മനുഷ്യരുടെ ജീവിതാവസ്ഥയെ ഭരിക്കുന്നതിനുള്ള ഒരു ശക്തിയുണ്ടെന്ന് എല്ലാ പുരാതനന്മാരും വിശ്വസിക്കുകയും ചെയ്തിരുന്നു.

പതിനേഴാം നൂററാണ്ടിൽ പോലും ചന്ദ്രനെ സംബന്ധിച്ച ഏതാദൃശവിശ്വാസം ആംഗ്ലേയരുടെ ഇടയിൽ പ്രബലപ്പെട്ടിരുന്നു എന്ന് അന്നത്തെ ചില സമുദായാചാരങ്ങളിൽ നിന്നു തെളിയുന്നുണ്ട്. വിത്തുകൾ വിതയ്ക്കുക, മരുന്നു പറിക്കുക, ഭക്ഷണത്തിനുള്ള മൃഗങ്ങളെ കൊല്ലുക മു

തലായ കാൎയ്യങ്ങൾ അന്നു ചന്ദ്രന്റെ വൃദ്ധിക്ഷയങ്ങളെ അനുസരിച്ചാണ് ചെയ്തിരുന്നത്. ചില രോഗങ്ങൾക്കു ചന്ദ്രന്റെ വൃദ്ധിക്ഷയങ്ങളെ ആശ്രയിച്ചു കൂടുതൽ കുറവു കാണുന്നത് ഇന്നും അനുഭവമുള്ള ഒരു വാസ്തവമാകുന്നു. വെളുത്ത വാവ് അടുക്കുമ്പോൾ ഭ്രാന്തിനു മൂൎച്ഛ കൂടുമെന്നു പറയുന്നതു പൌരസ്ത്യന്മാരുടെ ഇടയിൽ മാത്രമുള്ള ഒരു വിശ്വാസമല്ല. “മാൻ ഇൻ ദ മൂൺ” എന്ന് ഇംഗ്ലീഷിൽ പറയുന്ന പഴഞ്ചൊല്ലിന്റെ അൎത്ഥം “ഭ്രാന്തൻ” എന്നാകയാൽ, ഭ്രാന്തും ചന്ദ്രനും തമ്മിൽ എന്തൊ ഒരു ബന്ധമുണ്ടെണ് ആംഗ്ലേയർ വിശ്വസിച്ചിരുന്നതായി വിചാരിക്കാം.

ഏണാങ്കൻ, ശശാങ്കൻ എന്നും മററും ചന്ദ്രനു സംസ്കൃതത്തിൽ പൎയ്യായങ്ങൾ കാണുന്നത് ആ ഗോളത്തിൽ ഈ രണ്ടു മൃഗങ്ങളുടെ ഛായ നമ്മുടെ നഗ്ന നേത്രങ്ങൾക്കു വിഷയമാകുന്നതുകൊണ്ടാകുന്നു. നവീനയന്ത്രങ്ങളുടെ സഹായം മൂലം ശാസ്ത്രജ്ഞന്മാർ ചന്ദ്രന്റെ പല ഛായകളും എടുത്തു പരിശോധിച്ചതിൽ, ഏണാകൃതിയിൽ കാണുന്ന അങ്കം പൎവ്വതങ്ങളുടേയും മററും ഭാവത്തെ സൂചിപ്പിക്കുകയാണെന്നു തീൎച്ചപ്പെടുത്തിയിരിക്കുന്നു.

നമ്മുടെ ഭൂമിയോട് ഏററവും അടുത്തതും ഭൂമിയെ ചുററിക്കൊണ്ടു സഞ്ചരിക്കുന്നതുമായ ഒരു ഗോളമാകുന്നു ചന്ദ്രൻ. ഇതിനെ ഭൂമിയുടെ ഒരു ഉപഗ്രഹമായിട്ടാണ് നമ്മുടെ പൌരാണികന്മാർ ഗണിച്ചിട്ടുള്ളത്. ആകാശത്തിൽ കാണുന്ന ഗോളങ്ങളിൽ വെച്ച്, ആദിത്യൻ കഴിഞ്ഞാൽ പിന്നെ, ഏററവും വലിയതു ചന്ദ്രനാണെന്നു നമുക്കു തോന്നുന്നുണ്ടെങ്കിലും, വാസ്തവത്തിൽ അത് ഏററവും ചെറിയവയിൽ ഒന്നാകുന്നു. അതിനു ഭൂമിയോടുള്ള സാമീപ്യമാകുന്നു ഈ ക്ഷുദ്രഗോളം ബൃഹത്തായി കാണപ്പെടുവാൻ കാ

രണം. ഭൂമി കൊല്ലത്തിൽ ഒരിക്കൽ സൂൎയ്യനെ ചുററുന്നതു പോലെ, ചന്ദ്രൻ ഭൂമിയെ മാസത്തിൽ ഒരിക്കൽ ചുററുന്നു ണ്ട്. ചന്ദ്രൻ ഭൂമിയെ ഒരിക്കൽ ചുററിവരുന്ന കാലത്തി നാണ് ചാന്ദ്രമാസം എന്നു പേർ. അത് ഇരുപത്തേഴിൽ ചില്വാനം ദിവസമാകുന്നു. ചന്ദ്രന് അതിൻെറ അക്ഷ ത്തിന്മേൽ ഒരിക്കൽ തിരിയുവാൻ ഒരു മാസത്തോളം കാ ലം വേണ്ടി വരുന്ന അതിൻെറ മന്ദഗതിനിമിത്തമാണ് മിക്കവാറും ചന്ദ്രൻെറ ഒരേ ഭാഗം തന്നെ നമ്മുടെ നേരെ യായിരിക്കുന്നത്. സൂൎയ്യൻ കഴിഞ്ഞാൽ പിന്നെ ജ്യോതി ശ്ശാസ്ത്രജ്ഞന്മാരുടെ ഗണനത്തിനു മുഖ്യമായ ഗ്രഹം ചന്ദ്ര നാകുന്നു. ചന്ദ്രൻെറ ആകൎഷണശക്തികൊണ്ടാണ് സ മുദ്രങ്ങളിലും മററും 'വേലിയേററം' ഉണ്ടാകുന്നത്.

ഭൂമിയും ചന്ദ്രനും ഒരു കാലത്തു സൂൎയ്യനെ പോലെ ത ന്നെ ജ്വലിച്ചു കിടന്നിരുന്ന ഗോളങ്ങളായിരുന്നു. ചന്ദ്ര ൻ ഭൂമിയേക്കാൾ വളരെ ചെറുതായതുകൊണ്ടു വേഗത്തി ൽ ഘനീഭവിച്ചു. അതുകൊണ്ട് ആ ഗോളത്തിലുള്ള പൎവ്വ തങ്ങൾ നമ്മുടെ പൎവ്വതങ്ങളേക്കാൾ അനേക ലക്ഷം സം വത്സരത്തെ മൂപ്പുള്ളവയാകുന്നു. എന്നുതന്നെയല്ല, ചന്ദ്ര നിലെ പൎവ്വതങ്ങൾ സുമാറു നാല്പത്തിരായിരം അടി പൊ ക്കമുള്ളവയാണത്രെ. ചന്ദ്രനിൽ ഇപ്പോൾ നിശ്ശേഷ്യമാ യി കിടക്കുന്ന അഗ്നിപൎവ്വതങ്ങളുടെ വിലമുഖത്തിൻെറ മദ്ധ്യ അളവു നാല്പതും അമ്പതും നാഴികയുണ്ടെന്നു കേൾക്കുമ്പോ ൾ, അവയുടെ വലിപ്പം എത്രമാത്രമുണ്ടെന്നു നമുക്ക് ഊഹി ക്കാമല്ലൊ. ചന്ദ്രനിൽ ജലവും വായുവും ഇല്ലാത്തതുകൊ ണ്ട് അവയെ സംബന്ധിച്ച ഓരോ പ്രതിഭാസങ്ങൾ നി മിത്തം ആ പൎവ്വതങ്ങൾക്കു യാതൊരു ഹാനിയും സംഭവി ക്കാതെയാണ്, ആദ്യകാലത്തെ പോലെ തന്നെ, ഇന്നും സ്ഥിതി ചെയ്യുന്നത്.

ഇനി കുജൻ, അല്ലെങ്കിൽ ചൊവ്വ, മുതലായ മററു ഗ്രഹങ്ങളെ കുറിച്ചാണ് ആലോചിക്കേണ്ടത്. സൌരചക്രത്തിൽ ചേൎന്ന ഗ്രഹങ്ങളിൽ വെച്ച് ഏററവും പ്രകാശമുള്ളവ ശുക്രനും കുജനും ഗുരുവുമാകുന്നു. ഇവയിൽ ശോഭ കുറഞ്ഞതും ചെറിയതുമാണ് കുജൻ. സൌരചക്രത്തിലുള്ള ഗ്രഹങ്ങൾക്കു സൂൎയ്യനിൽ നിൻറു പ്രതിഫലിക്കുന്ന തേജസ്സല്ലാതെ, സ്വയംപ്രകാശമില്ലാത്തതിനാൽ, അവയുടെ പ്രകാശം സൂൎയ്യനിൽ നിന്നുള്ള അകലത്തെ ആശ്രയിച്ചാണിരിക്കുന്നത്. കുജൻ സൂൎയ്യനിൽ നിന്നു ശുക്രനേക്കാൾ വളരെ അധികം ദൂരത്താകുന്നു. അതുകൊണ്ടു ശുക്രനിൽ ഉള്ളതിനേക്കാൾ വളരെ കുറച്ചു മാത്രമേ കുജനിൽ സൂൎയ്യപ്രകാശം കിട്ടുന്നുള്ളു. ബുധൻ സൂൎയ്യനോടു വളരെ അടുത്ത ഒരു ഗ്രഹമാകുന്നു. ബുധനും ശുക്രനും ഭൂമിയുടെ സഞ്ചാരമാൎഗ്ഗത്തിനകത്തും കുജനും ബൃഹസ്പതിയും പുറത്തുമായിട്ടാണ് സൂൎയ്യനെ പ്രദക്ഷിണം ചെയ്യുന്നത്.

ചന്ദ്രൻ കഴിഞ്ഞാൽ പിന്നെ ജ്യോതിശ്ശാസ്ത്രജ്ഞന്മാരുടെ സൂക്ഷ്മാന്വേഷണത്തിനു ദൂരദൎശിനി മുതലായ നവീന യന്ത്രങ്ങൾക്കു വിധേയമാകുന്ന ഒരു ഗ്രഹം കുജനാകുന്നു. ബുധൻ സൂൎയ്യനോടു വളരെ അടുത്തിരിക്കുന്നതുകൊണ്ട് അതിൻെറ പ്രകാശാധിക്യം മൂലം ദുൎന്നിരീക്ഷ്യമായ ഒരു ഗോളമായിപ്പോയി. ശുക്രൻ ഘനമുള്ള മേഘപടലങ്ങളാൽ ആച്ഛാദിക്കപ്പെട്ടു കിടക്കുന്നതുകൊണ്ടും അതിൻെറ ഉപഗ്രഹങ്ങൾ വളരെ ക്ഷുദ്രങ്ങളാകകൊണ്ടും അതു സൂക്ഷ്മാവലോകനത്തിനു പാത്രീഭവിക്കുന്നില്ല. ഗുരുവും ശനിയും വലിയ ഗോളങ്ങളാണെങ്കിലും, അവയുടെ ദൂരവും മേഘപടലംകൊണ്ടുള്ള ആവരണവും നിമിത്തം സൂക്ഷ്മം ഗ്രഹിക്കുവാൻ പാടില്ലാത്തവിധമാകുന്നു അവയുടെ സ്ഥിതി. അതുകൊണ്ടു ജ്യോതിശ്ശാസ്ത്രജ്ഞന്മാർ കുജനെ കുറിച്ചു പല സം

ഗതികളും ഗ്രഹിച്ചിട്ടുണ്ട്. ചുരുക്കിപ്പറയുന്നതായാൽ, കുജ നിൽ എന്തെങ്കിലും ഒരു വിധത്തിലുള്ള ജീവികൾക്കു ജീവിക്കത്തക്ക സൌകര്യങ്ങൾ ഉണ്ടെന്നാണ് ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം.

---

പാഠം ൭.

## പദ്യം. (പൌണ്ഡ്രകവധം)

അനന്തരം പൌണ്ഡ്രകവാസുദേവനാ
ലനന്ത ഗേഹത്തിലയച്ച ദൂതനും
മുരാരിയെച്ചെന്നു വണങ്ങി നിന്നുടൻ
നിരാകുലം വാചകമേവമൂചിവാൻ (1)

"പരാക്രമി പൌണ്ഡ്രകവാസുദേവനി
ന്നൊരർത്ഥമിത്ഥം പറവാനയച്ചു മാം,
ധരിക്ക നീ കേശവ ! വാസുദേവനെ
ന്നൊരുത്തനെന്നുള്ള സമർത്ഥനേഷ ഞാൻ. (2)

കരത്തിലുണ്ടിന്നിഹ ശംഖു ചക്രവും
കരുത്തു ചേരുന്ന ഗദാ സരോജവും
ഉരസ്ഥലേ കൌസ്തുഭവന്യമാലയും
തരത്തിൽ വേണ്ടുന്നതശേഷമുണ്ടു മേ (3)

'അഹം ജഗന്നാഥ' നിതിഭ്രമിച്ചു നീ
യഹംകരിക്കേണ്ട ഗമിച്ചു കൊൾക നീ"
ഇതൊക്കെ വന്നിങ്ങുര ചെയ്തതിന്നുടൻ
ഹിതോപദേശം പറയുന്നു പൌണ്ഡ്രകൻ. (4)

വിസൃജ്യതം ദൂതനെ വീതസംശയം
വിസൃത്വര ക്രോധഭരേണ മാധവൻ
യദുപ്രവീരോത്ഭടസേനയാ സമം
തദാ ജവാൽ പൌണ്ഡ്രകവാസമാപ്തവാൻ. (5)

മഹാജ്ഞൻ പൌണ്ഡ്രക വാസുദേവന
ങ്ങഹോ വസിച്ചാൻ മധുവൈരിവേഷവാൻ
അണിഞ്ഞിരിക്കുന്നവനെ ക്കണക്കിനെ
ഫണീന്ദ്രതല്പം പണി ചെയ്തു മെല്ലവെ. (6)

കരദ്വയം ദാരുമയം ധരിച്ചുകൊ
ണ്ടുരുപ്രകാശം മണികൊണ്ടു കൌസ്തുഭം
ഒരുത്തിയെപ്പൂമകൾ മറ്റൊരുത്തിയെ
ധരിത്രിയാക്കീട്ടിരുഭാഗമങ്ങിനെ. (7)

വെളുക്കനെശ്ശംഖു മിരുമ്പു ചക്രവും
വിളങ്ങുമക്കൃത്രിമകുണ്ഡലങ്ങളും
ഇതൊക്കവേ കണ്ടു സരോഷമച്യുതൻ
വധിപ്പതിന്നാശു സമീപമാപ്തവാൻ. (8)

മരക്കരം തന്നിലിരിമ്പു ചക്രവും
ധരിച്ചടുത്തീടിന പൌണ്ഡ്രകാധമം
സുദർശനം കൊണ്ടു വധിച്ചു മാധവൻ
തദീയസൈന്യം ച വിനഷ്ടമാക്കിനാൻ. (9)

തദീയമസ്ത്രം കില കാശിഭൂപനെ
തദാലയം പ്രാപ്യ ഹനിച്ചു തൽക്ഷണം
മുദാ നിജ ദ്വാരവതീ നികേതനം
തദാ സദാനന്ദമയൻ പ്രപന്നവാൻ. (10)

തദന്തരേ കാശിനരേന്ദ്രനന്ദനൻ
സുദക്ഷിണൻ താതവിനാശദുഃഖിതൻ
ഗിരീശനെച്ചെന്നു തപസ്സു ചെയ്തുടൻ
കരാളയാം കൃത്യ ലഭിച്ചിതേകദാ. (11)

മുരാരിഗേഹത്തിലണഞ്ഞു കൃത്യയും
ദുരന്തവേതാളകഭൂതവൃന്ദവും

മുരാരി താൻ ച്യുതപൊരും ദശാന്തരെ
നിരാകുലം ചക്രമയച്ചു തൽക്ഷണം (12)

സുദശനം ചെന്നു ജവേന കൃത്യയെ
ദ്ദഹിച്ചു പായിച്ചിതു ഭൂതവൃന്ദവും
സുദക്ഷിണം കാശിപുരം ച ചുട്ടെരി
ച്ചുദാരമിന്ദ്രാനുജപാശ്വമാഗതം. (13)

---

പാഠം ൮.

## സത്യം. (ഹരിശ്ചന്ദ്രൻ)

"ശതകൂപത്തിൽപ്പരം വാപിയൊന്നറിഞ്ഞാലും
ശതവാപിയിൽപ്പരം യാഗമെന്നൊന്നു കേൾപ്പൂ,
ശതയാഗത്തിൽപ്പരം പുത്രനൊന്നല്ലോ നൂനം
ശതപുത്രരിൽപ്പരം സത്യമൊന്നെന്നു കേൾപ്പൂ,
സഹസ്രമശ്വമേധത്തോടൊരു സത്യംതന്നെ
സഹസ്രപത്രോത്ഭവൻ തൂക്കി പണ്ടെന്നു കേൾപ്പൂ,
അന്നേറെത്തൂങ്ങിയതു സത്യമെന്നറിഞ്ഞാലും
മന്നവ ! സത്യത്തെക്കാൾ വലുതല്ലൊന്നു മോത്താൽ.
സവ്വവേദവുമൊക്കെ നിത്യവും ജപിക്കിലും
സവ്വതീത്ഥങ്ങളിലും നിത്യവും കുളിക്കിലും
സത്യത്തിൻ ഫല സഹസ്രാംശമില്ലറിഞ്ഞാലും
സത്യത്തിൽപ്പരമൊരു ധമ്മമില്ലോക്കേണം നീ !"

ഈശ്വരൻതന്നെയാണ് സത്യം. എന്തുകൊണ്ടെന്നാൽ 'സത്യസ്വരൂപനാമീശ്വരൻ' എന്നാണ അഭിജ്ഞന്മാർ പറയുന്നത്. മനുഷ്യന്റെ ഐഹികപാരത്രികസുഖപ്രാപ്തിക്കു സത്യസന്ധത ഒഴിച്ചു കൂടാത്ത ഒരു സംഗതിയാകുന്നു. നാം മനസാ വാചാ കമ്മണാ സത്യത്തെ പരിപാലിക്കണം. നാം എന്തെങ്കിലും പറയുമ്പോഴും പ്രവൃ

ത്തിക്കുമ്പോഴും നമ്മുടെ മനസ്സിലുള്ള വിചാരത്തിന്നു വിപരീതമായ ഒരു അൎത്ഥം ശ്രോതാവു ഗ്രഹിക്കണമെന്ന ഉദ്ദേശത്തോടുകൂടി ദ്വയാൎത്ഥവാക്കുകളെ ഉപയോഗിക്കുകയൊ ഒളിവായി പ്രവൃത്തിക്കുകയൊ ചെയ്യുന്നത് അസത്യമാകുന്നു. നമ്മുടെ വാക്കുകളും പ്രവൃത്തികളും വിചാരത്തിന്റെ ചേഷ്ടാവിശേഷമാകയാൽ, സത്യവും അസത്യവും ആദ്യമായി ജനിക്കുന്നതു നമ്മുടെ മനസ്സിലാണെന്നു സ്പഷ്ടമാണല്ലൊ. അതുകൊണ്ടു നമ്മുടെ വിചാരത്തിൽ പോലും അസത്യലേശം ഉണ്ടാവാൻ പാടില്ല.

വിചാരിച്ചതു പറയുകയും പറയുന്നതു പോലെ പ്രവൃത്തിക്കുകയും പ്രവൃത്തിച്ചതു പറയുകയും ചെയ്വാൻ നമുക്കു ധൈൎയ്യമുണ്ടാകുമ്പോഴാണ് നമുക്കു സത്യമെന്നുള്ള അവസ്ഥ സിദ്ധിക്കുന്നത്. എന്നാൽ, ചീത്തയായ സംഗതികളെ വിചാരിക്കുകയും ആ വിചാരത്തിന്ന് അനുരൂപമായി പ്രവൃത്തിക്കുകയും ചെയ്യുന്നതു സത്യസന്ധതയുടെ ലക്ഷണമാണെന്നു വിചാരിക്കരുത്. അത് ഒരിക്കലും സത്യമാകുന്നതല്ല. ഒരു വിദ്യാൎത്ഥി മറെറാരു വിദ്യാൎത്ഥിയുടെ ഒരു പുസ്തകം ആരും അറിയാതെ എടുക്കുവാൻ വിചാരിക്കുകയും അതുപ്രകാരം പുസ്തകം കക്കുകയും ചെയ്താൽ, അത് അസത്യമാകുമൊ എന്നു വിദ്യാൎത്ഥികളായ നിങ്ങൾ സാധാരണയായി സംശയിക്കാറുണ്ട്. ചീത്തയെന്നും നല്ലതെന്നും തീൎച്ചയാക്കുന്ന സംഗതിയിൽ അതിനെ ആശ്രയിച്ച പ്രവൃത്തിയുടെ ഫലമാണ് സത്യമൊ അസത്യമൊ ആയിത്തീരുന്നത്. പുസ്തകം എടുക്കേണമെന്ന ആഗ്രഹം എപ്പോൾ മനസ്സിൽ ഉദിക്കുന്നുവൊ, തൽക്ഷണംതന്നെ നമ്മുടെ മനസ്സിൽ 'അതു തെററാണ്' എന്ന് ഒരു ബോധവും ഉണ്ടാകുന്നുണ്ട്. ഇങ്ങിനെ ഉപദേശിക്കുന്നതു മനുഷ്യനിൽ സ്ഥിതിചെയ്യുന്ന ഈശ്വരാംശമായ മനസ്സാക്ഷി

യാകുന്നു. നമ്മുടെ മനസ്സാക്ഷിയുടെ ഗുഢോപദേശത്തി ന്നു വിപരീതമായി പ്രവൃത്തിക്കുന്നതാണ് അസത്യം! അതു തന്നെയാണ് ചീത്തയും. മനസ്സാക്ഷിയുടെ ഉപദേശത്തെ നിരാകരിച്ചുകൊണ്ടുള്ള പ്രവൃത്തി എല്ലായ്പ്പോഴും നമ്മുടെ മനസ്സിൽ ശരിയല്ലെന്നുള്ള ബോധത്തോടുകൂടിയതാകയാലാണ് നാം ഒളിവായി പ്രവൃത്തിക്കുന്നത്. സത്യവും നല്ലതുമായ യാതൊരു പ്രവൃത്തിയിങ്കലും നമ്മുടെ മനസ്സിൽ കളങ്കമുണ്ടാകയില്ല. അതുകൊണ്ടു മനസ്സാക്ഷിയുടെ പ്രേരണ പ്രകാരമുള്ള പ്രവൃത്തി എല്ലായ്പ്പോഴും നിഷ്കളങ്കമായിരിക്കും; അതാണ് സത്യം; സത്യമായിട്ടുള്ള പ്രവൃത്തി തന്നെയാണ് നല്ലത്.

ലൌകികബുദ്ധിക്കു സത്യപരിപാലനം സുകരമായി ത്തോന്നുകയില്ല. നേരെ മറിച്ച്, ഒരു സത്യസന്ധനു സത്യപരിപാലനാർത്ഥം അനുഭവിക്കേണ്ടിവരുന്ന ലൌകിക ദുഃഖങ്ങൾ ഒരിക്കലും കഷ്ടപ്പാടുകളായി തോന്നുന്നതുമല്ല. എന്തുകൊണ്ടെന്നാൽ, സത്യസന്ധൻെറ സന്തോഷവും സംതൃപ്തിയും ഈശ്വരാജ്ഞയായ മനസ്സാക്ഷിയുടെ ഉപദേശം അനുസരിച്ചു പ്രവൃത്തിക്കുന്നതിലാണ് സ്ഥിതിചെയ്യുന്നത്. ഒരു മനുഷ്യൻെറ യഥാർത്ഥമായ ധീരതയും അവൻെറ സത്യപരിപാലനത്തിലുള്ള നിശ്ചലനിഷ്ഠയാകുന്നു. സത്യനിഷ്ഠക്കു ഹരിശ്ചന്ദ്രമഹാരാജാവ് ഒരു ഉത്തമദൃഷ്ടാന്തമാകയാൽ, അദ്ദേഹത്തിൻെറ ചരിത്രം ദൃഷ്ടാന്തയോഗ്യമാണ്.

ക്രിസ്താബ്ദത്തിനു മുമ്പു 2175-ാം സംവത്സരത്തിൽ ത്രിശങ്കു അദ്ദേഹത്തിൻെറ മൂത്തപുത്രനായ ഹരിഞ്ചന്ദ്രനെ രാജാവായി അഭിഷേകം ചെയ്തു വനം പ്രവേശിച്ചു തപസ്സാരംഭിച്ചു. ശൂരനും ഈശ്വരഭക്തനും സത്യസന്ധനുമായ ഹരിശ്ചന്ദ്രൻ അയോദ്ധ്യാധിപനായി നാല്പതുസംവത്സരം രാജ്യം ഭരിച്ചു. ഹരിശ്ചന്ദ്രൻെറ രാജ്യഭരണനൈപുണ്യം

കൊണ്ടു പ്രജകൾ സദ്വൃത്തന്മാരും സംതൃപ്തന്മാരുമായിത്തിന്നു. ഭാരതഖണ്ഡത്തിൽ ഇന്ദ്രനോടു കിടപിടിക്കത്തക്കരണ്ടു രാജാക്കന്മാർ വാണിട്ടുള്ളവർ 'മരുത്തനും' ഹരിശ്ചന്ദ്രനും മാത്രമാണെന്നു പറയുമ്പോൾ, അദ്ദേഹത്തിൻെറ യോഗ്യതയെ കുറിച്ചു നമുക്ക് ഏറക്കുറെ അനുമാനിക്കാമല്ലൊ. സൌഭപുരം, അല്ലെങ്കിൽ ഹരിശ്ചന്ദ്രപുരം, എന്ന പട്ടണം ഇദ്ദേഹത്താൽ നിമ്മിക്കപ്പെട്ടതാകുന്നു.

ഹരിശ്ചന്ദ്രൻെറ അച്ഛൻെറ ബന്ധുവാണ് വിശ്വാമിത്രൻ എന്ന മഹഷി. അതുകൊണ്ടു വിശ്വാമിത്രനു ഹരിശ്ചന്ദ്രനെ കുറിച്ചു വളരെ വാത്സല്യമുണ്ടായിരുന്നു. സൂയ്യവംശരാജാക്കന്മാരുടെ കുലഗുരുവാണ് വസിഷ്ഠൻ. ഒരു ദിവസം ഒരു മഹത്സദസ്സിൽവെച്ചു സത്യനിഷ്ഠനായ രാജാവ് ആരാണെന്നുള്ള സംഗതിയെ കുറിച്ചു വാദം പുറപ്പെട്ടപ്പോൾ, ഹരിശ്ചന്ദ്രനാണ് ഭൂമിയിൽവെച്ച് ഏററവും സത്യസന്ധനായ മഹാരാജാവ് എന്നു വസിഷ്ഠൻ പറഞ്ഞു. വസിഷ്ഠനും വിശ്വാമിത്രനും തമ്മിൽ പണ്ടെക്കുംപണ്ടേ മത്സരമുണ്ടായിരുന്നതിനാലും, തൻെറ വത്സനായ ഹരിശ്ചന്ദ്രൻെറ സത്യനിഷ്ഠ പരീക്ഷകൊണ്ടു ലോകരെ ബോദ്ധ്യപ്പെടുത്തേണമെന്നു വിശ്വാമിത്രൻ നിശ്ചയിച്ചതിനാലും, വസിഷ്ഠൻെറ അഭിപ്രായത്തോടു വിശ്വാമിത്രൻ യോജിച്ചില്ല. ഭിന്നാഭിപ്രായമുള്ള സംഗതികൾ അനുഭവംകൊണ്ടല്ലെ തെളിയിക്കേണ്ടതു്? അതുകൊണ്ടു വിശ്വാമിത്രൻ ഹരിശ്ചന്ദ്രനെ പരീക്ഷിക്കുവാൻ തിച്ചയാക്കി.

ഒരിക്കൽ ഹരിശ്ചന്ദ്രൻ നായാട്ടു കഴിഞ്ഞു രാജധാനിയിലേക്കു മടങ്ങുമ്പോൾ, വിശ്വാമിത്രമഹഷിയുടെ ആശ്രമപ്രദേശത്തു ചില ബാലികമാർ ബന്ധിക്കപ്പെട്ടു വിലപിക്കുന്നതു കണ്ടു. രാജാവ് അവരിൽ അനുകമ്പ ജനിക്കയാൽ, മഹഷിയുടെ അനുവാദംകൂടാതെ പെൺകിടാങ്ങളെ

കെട്ടഴിച്ചുവിട്ടു. ഇതു മഹഷിക്ക് ഒട്ടും രസിച്ചില്ല. എന്നതന്നെയല്ല, മഹഷിയും രാജാവും തമ്മിൽ രാജാവിന്റെ പ്രവൃത്തിയുടെ ഔചിത്യത്തെ കുറിച്ചു വാദമായി. ഒടുവിൽ, ഉദാരനായ ഒരു ക്ഷത്രിയന് ഉചിതമായ പ്രവൃത്തിയാണ് താൻ ചെയ്തതെന്നു രാജാവു പറഞ്ഞപ്പോൾ, 'അങ്ങ അത്ര ഉദാരനാണെങ്കിൽ അങ്ങയുടെ രാജ്യം എനിക്കു ദാനമായി തരണം' എന്നു വിശ്വാമിത്രൻ പറഞ്ഞു. തന്റെ സത്യത്തെ പരിപാലിക്കാൻവേണ്ടി ഉടനെ രാജാവു വാഗ്ദത്തം ചെയ്തപ്രകാരം പുഷ്പം നീരോട്ടുംകൂടി രാജ്യവും അതിലുള്ള സകല സ്വത്തുക്കളും വിശ്വാമിത്രനു ദാനം ചെയ്തു. ബ്രാഹ്മണക്ക് എന്തെങ്കിലും ദാനം കൊടുക്കുമ്പോൾ, കുറെ പണവുംകൂടെ കൊടുക്കണമെന്നാണ് നിശ്ചയം. രാജ്യവും സകല സ്വത്തുക്കളും കൊടുത്തുകഴിഞ്ഞപ്പോൾ, ദാനത്തിന്റെ തോതനുസരിച്ചു ദ്രവ്യവും കൂടെ കിട്ടേണമെന്നു മഹഷി ശഠിച്ചു. പണം തരാൻ നിവൃത്തിയില്ലെന്നു പറഞ്ഞാൽ രാജ്യംതന്നെ തിരിയെ കൊടുത്തേക്കാമെന്നു മഹഷി പറഞ്ഞെങ്കിലും, അങ്ങിനെ പറയുന്നതു സത്യലംഘനമാകയാൽ, ദ്രവ്യം കൊടുക്കാമെന്നും അതിനായി ഒരാളെ കൂടെ അയയ്ക്കണമെന്നും രാജാവു പറഞ്ഞു.

ഹരിശ്ചന്ദ്രൻ പത്നിയായ ചന്ദ്രമതിയോടും പുത്രനായ ലോഹിതാക്ഷനോടും കൂടെ ഭിക്ഷാടനത്തിന്നു പുറപ്പെട്ടു. വളരെനാൾ യാചിച്ചിട്ടും ദ്രവ്യം മുഴവൻ കിട്ടായ്കകൊണ്ടും വിശ്വാമിത്രന്റെ ദൂതന്റെ നിർബ്ബന്ധംകൊണ്ടും രാജാവു പത്നിയേയും പുത്രനേയും കാശിനഗരിയിൽ ഒരു ബ്രാഹ്മണനു വിററു പണംവാങ്ങി കൊടുത്തു. 'ചത്താലും പോവില്ല തിരുവാഴിത്താൻ' എന്നു പറയുന്നതു പോലെ, പണം കിട്ടിയപ്പോൾ, താൻ അതേവരെ കഷ്ടപ്പെട്ടു പിന്നാലെ നടന്നതിനുള്ള കൂലി കിട്ടേണമെന്നു ദൂതൻ നി

ബ്ബന്ധിച്ചു. തന്റെ ആവശ്യത്തിനുവേണ്ടി കഷ്ടപ്പെട്ടു നടന്നതിനു ദൂതൻ കൂലി ചോദിച്ചതു ധമ്മശാസ്ത്രപ്രകാരം അന്യായമല്ലെന്ന ബോദ്ധ്യം നിമിത്തം രാജാവ് ആ സംഖ്യയും കൊടുക്കാമെന്നു സമ്മതിച്ചു. രാജാവു വളരെ കഷ്ടപ്പെട്ടിട്ടും സംഖ്യ കിട്ടായ്കകൊണ്ട് അദ്ദേഹം തന്നെ ഒരു പറയന് അടിമയായിത്തീൎന്നു ദൂതന്റെ കടവും വീട്ടി.

വീരബാഹു എന്ന ആ പറയൻ കാശിയിലെ ശ്മശാനഘട്ടത്തിന്റെ ഉടമസ്ഥനായിരുന്നു ഹരിശ്ചന്ദ്രനെ അദ്ദേഹത്തിന്റെ യജമാനനായ പറയൻ ചുടല കാക്കുവാൻ നിയോഗിച്ചു. ഒരു ശവം ആ ശ്മശാനത്തിൽ ദഹിപ്പിക്കണമെങ്കിൽ, ഒരു പണവും നാഴിയരിയും ഒരു കോടിമുണ്ടും വീരബാഹുവിന് അവകാശം കൊടുക്കുന്ന ഒരു പതിവുണ്ട്. ഹരിശ്ചന്ദ്രനെ ചുടല കാക്കാനാക്കിയതിൽപ്പിന്നെ, അരിയും മുണ്ടും അദ്ദേഹത്തിന്റെ അനുഭവമായി എടുത്തുകൊള്ളാനും പണംമാത്രം പറയനു കൊടുക്കുവാനും നിശ്ചയിച്ചിരുന്നു. സത്യസന്ധനും ധമ്മതല്പരനുമായ ഹരിശ്ചന്ദ്രമഹാരാജാവു പറയന്റെ അടിമയായി സത്യപരിപാലനത്തിൽ നിന്നുണ്ടായ സംതൃപ്തിയോടുകൂടി തന്റെ കത്തവ്യം സുഖമാകുംവണ്ണം നിവ്വഹിച്ചുപോന്നു.

രാജ്ഞിയും രാജകുമാരനും അടിമപ്പെട്ടിരുന്ന ബ്രാഹ്മണന്റെ തേവാരത്തിനു പുഷ്പങ്ങൾ സംഭരിക്കാൻ കാട്ടിൽ പോയ ലോഹിതാക്ഷകുമാരൻ ഒരു ദിവസം സപ്പം തീണ്ടി മരിച്ചു. പുത്രന്റെ മരണവൃത്താന്തം കേട്ടു ദുഃഖപരവശയായ ചന്ദ്രമതി ബ്രാഹ്മണഗൃഹത്തിലെ ജോലികളെല്ലാം കഴിച്ചു രാത്രിയിൽ ഏകാകിനിയായി പുത്രന്റെ മൃതശരീരത്തെ എടുത്തു ശ്മശാനത്തിലേക്കു കൊണ്ടുപോയി. പരാധീനരായ ദമ്പതിമാർ ശ്മശാനത്തിൽ വെച്ച് അന്യോന്യം കണ്ടറിയുകനിമിത്തം അവരുടെ ഏകപുത്രന്റെ മര

ണത്തെ കുറിച്ച് അത്യന്തം വിലപിച്ചു. പതിവ്രതയായ ചന്ദ്രമതിയേയും സത്യവ്രതനായ ഹരിശ്ചന്ദ്രനേയും, പരീക്ഷാർത്ഥമെങ്കിലും, ഇതിലധികം കഷ്ടപ്പെടുത്തുന്നതു മഹാപാപമാകയാൽ, വിശ്വാമിത്രൻ അവിടെ പ്രത്യക്ഷനായി. വിഷവൈദ്യവിശാരദനായ മഹർഷി ലോഹിതാക്ഷൻെറ വിഷമിറക്കി സജ്ജീവനാക്കുകയും മഹാരാജാവു ദാനംകൊടുത്ത രാജ്യവും ദ്രവ്യവും തിരിയെ അദ്ദേഹത്തിനുതന്നെ കൊടുക്കുകയും ചെയ്തു. ഇതാണ് 'സത്യം ജയിക്കും' എന്നു പറയുന്നതിൻെറ താല്പര്യം. ഉദ്ദേശം നാലായിരത്തിൽ ചില്വാനം സംവത്സരങ്ങൾക്കു മുമ്പു ജീവിച്ചിരുന്ന ഈ മഹാരാജാവിൻെറ ചരിത്രം ഇന്നും ഭാരതഖണ്ഡത്തിൽ നാടകമായും ഗാനരൂപമായും കീർത്തിക്കപ്പെടുന്നത് അദ്ദേഹത്തിൻെറ സത്യസന്ധതയുടെ മാഹാത്മ്യംകൊണ്ടാകുന്നു.

---

പാഠം ൯.

## ജന്തുക്കളുടെ ബുദ്ധി.

ബുദ്ധിയെ സ്വാഭാവികബുദ്ധിയെന്നും വിശേഷബുദ്ധിയെന്നും രണ്ടുതരമായിട്ടാണ് വിഭജിച്ചിരിക്കുന്നത്. കാര്യകാരണങ്ങളെ കുറിച്ച് ആലോചിക്കുവാൻ കഴിയുന്ന ബുദ്ധിയുടെ ശക്തിവിശേഷമാണ് വിശേഷബുദ്ധി. യാതൊരു ആലോചനയും കൂടാതെ സ്വഭാവജന്യമായ വികാരങ്ങളുടെ പ്രേരണപ്രകാരം പ്രവൃത്തിക്കുന്ന ശക്തിയാകുന്നു സ്വാഭാവികബുദ്ധി. ദൈവം മനുഷ്യർക്കു വിശേഷബുദ്ധിയും തിര്യക്കുകൾക്കു സ്വാഭാവികബുദ്ധിയുമാണ് സാമാന്യേന നൽകിയിരിക്കുന്നത്. എന്നാൽ, നാം നമ്മുടെ അനുഭവങ്ങളേയും നിത്യപരിചയമുള്ള വസ്തുക്കളേയും കുറിച്ചു ഗാഢമായി ആലോചിക്കുന്ന പക്ഷം, ദൈവം പക്ഷിമൃ

ഗാദികൾക്കും വിശേഷബുദ്ധിയുടെ ഫലമായ ആലോചനാശക്തി നൽകിട്ടുണ്ടെന്നു പ്രത്യക്ഷപ്പെടും.

നിങ്ങൾ മുൻപാഠങ്ങളിൽ പഠിച്ചിട്ടുള്ള ഓരോ ജന്തുക്കളുടേയും സ്വഭാവത്തെ പ്രത്യേകമായി പരിശോധിച്ചുനോക്കാതെ അവയുടെ ബുദ്ധിവിശേഷത്തെ കുറിച്ചു ഗ്രഹിക്കുവാൻ കഴിയുന്നതല്ല. ആനകൾ മലകളിൽ നിന്നു തടികൾ ഇറക്കിക്കൊണ്ടുവരുന്നതും കാട്ടാനകളെ കുഴിയിൽ നിന്നു കയററി കൊപ്പത്തിലാക്കുന്നതും മററും അഭ്യാസബലം കൊണ്ടാണെന്നു വാദിച്ചേക്കാം. എന്നാൽ, ബുദ്ധിമാനായ മനുഷ്യൻ അവയെ ചതിക്കാൻ വേണ്ടി തയാറാക്കിയിരിക്കുന്ന കുഴികൾ തപ്പിത്തടഞ്ഞു കണ്ടുപിടിച്ച് അപകടത്തിൽ ചാടാതേയും കുഴിയിൽ കുടുങ്ങിപ്പോയ ആനക്കുട്ടികളെ കുഴികൾ ഇടിച്ചു വലിച്ചു കയററിയും ആനകൾ രക്ഷ പ്രാപിക്കുന്നതു മനുഷ്യൻ പഠിപ്പിച്ചിട്ടല്ലല്ലൊ. ഇതു പോലെ തന്നെ, നമുക്കു നിത്യപരിചയമുള്ള വേറെയും വളരെ ദൃഷ്ടാന്തങ്ങളുണ്ട്. നമ്മുടെ വളപ്പുകളിൽ നാം നട്ടുനനച്ചുവളർത്തുന്ന പഞ്ചകൾ തിന്നാൻ രാത്രികാലങ്ങളിൽ കയറിവരുന്ന പശുക്കൾ, വിശേഷബുദ്ധിയുള്ള മാനുഷചോരന്മാരെപ്പോലെ, പാത്തും പതുങ്ങിയും വല്ല ശബ്ദവും കേട്ടാൽ ചെവി വട്ടംപിടിച്ചു ശബ്ദകാരണം ഗ്രഹിച്ചു സമയോചിതമായി പ്രവൃത്തിക്കുന്നതു നിങ്ങളും കണ്ടിട്ടുണ്ടായിരിക്കുമല്ലൊ. ആനയും പശുവും ഈവിധം പ്രവൃത്തിക്കുന്നതു മനുഷ്യർ പഠിപ്പിച്ചിട്ടല്ലെന്നതു നിസ്സംശയമാകുന്നു.

വിശേഷബുദ്ധി സിദ്ധിച്ചിട്ടുണ്ടെന്ന് അഭിമാനിക്കുന്ന മനുഷ്യരിൽത്തന്നെ എല്ലാവക്കും വിവേചനശക്തിയില്ലെന്നു നാം കണ്ടിട്ടുള്ള ഒരു വാസ്തവമാകുന്നു. മനുഷ്യന്റെ ബുദ്ധി അഭ്യാസംകൊണ്ട് വികസിക്കുന്നതിനാലാണ് വിവേകമുള്ളതായിത്തീരുന്നത്. തിര്യക്കുകളുടെ ബു

ദ്ധിക്കു മനുഷ്യർ നൽകുന്ന അഭ്യാസം അവൻെറ ആവശ്യത്തിനു വേണ്ടിടത്തോളം മാത്രമാകുന്നു. അതുകൊണ്ടാണ് അവയുടെ ബുദ്ധിക്കു ക്രമാഭിവൃദ്ധിയില്ലാത്തത്. എന്നുതന്നെയല്ല, ഇവയുടെ ബുദ്ധിയെ സംബന്ധിച്ച ഈശ്വരനിശ്ചയവും അത്രമാത്രം മതിയെന്നായിരിക്കണം.

മൈതാനത്തിൽ മേഞ്ഞുകൊണ്ടിരിക്കുന്ന ഒരു കാള, കാഴ്ചയാൽ വൎഗ്ഗനിൎണ്ണയം ചെയ്വാൻ പാടില്ലാത്ത ദൂരത്തായി ഒരു പശുവിനെ യദൃച്ഛയാ കാണുമ്പോൾ, മററൊരു കാളയാണെന്നു കരുതി ചുരമാന്തി മുക്കറയിടുന്ന സമയത്തു പശുക്കിടാവു വന്നു മുല കുടിക്കുന്നതു കണ്ടാൽ, ഉടനെ അതൊരു പശുവാണെന്നു നിശ്ചയിച്ചു വക്കാണത്തിനുള്ള പുറപ്പാടു നിറുത്തിവെക്കുന്നു. ഇങ്ങിനെ ചെയ്യുന്നതു കാളയുടെ ആലോചനാബുദ്ധികൊണ്ടല്ലെ? പശുക്കുട്ടി പശുവിൻെറ മുലമാത്രമേ കുടിക്കുകയുള്ളു എന്നും തന്മൂലം അതു കാളയല്ല, പശുവാണെന്നും ആ കാള അനുമാനിച്ചതിനാലാണ് വഴക്കിനുള്ള പുറപ്പാടു വേണ്ടെന്നുവെച്ചത്.

നാല്ക്കാലികളുടെ മുൻകരുതലിനെ കുറിച്ചു നിങ്ങൾ വായിച്ചിട്ടുണ്ടല്ലൊ. തേനീച്ച കൂടുകെട്ടി തേൻ സൂക്ഷിക്കുന്നതും ഉറുമ്പുകൾ കൂട്ടം ചേൎന്നു ഭക്ഷണസാധനങ്ങൾ ശേഖരിക്കുന്നതും നമുക്ക് അനുഭവമുള്ള സംഗതികളാകുന്നു. എന്നാൽ ഇവക്കു വേറെ ഒരു വിശേഷമുണ്ട്. ഇവയുടെ ബുദ്ധിചാതുൎയ്യം സംഘബലത്തെ ആശ്രയിച്ചാണിരിക്കുന്നത്. കൂട്ടം പിരിഞ്ഞാൽ ഇവയുടെ ബുദ്ധിക്കു മാന്ദ്യം സംഭവിക്കും. എന്നാൽ ചിലന്തിയെന്ന ജന്തു അങ്ങിനെയല്ല.

ചിലന്തിയെ ദൈവം സൃഷ്ടിച്ചിരിക്കുന്നതു തന്നെ മററുള്ള കിടങ്ങളോടു മല്ലിടത്തക്ക കായവൈശിഷ്ട്യത്തോടുകൂടിയാകുന്നു. അതിൻെറ തലയിലും നെഞ്ചിലുമുള്ള തോൽ

വളരെ കട്ടിയുള്ളതും കക്കശവുമാണ്. അതിൻെറ എട്ടു കാലുകളിലും നീളവും മൂച്ചയുമുള്ള നഖങ്ങളുണ്ട്. ചിലന്തിക്ക് അതിൻെറ ശത്രുക്കളെ കാണാൻ അനേകം കണ്ണുകളും വായിൻെറ മേൽഭാഗത്തായി തിററ കടിച്ചു പിടിക്കാൻ പാകത്തിനു രണ്ടു നാക്കുകളും ദൈവം നൽകീട്ടുണ്ട്. ഈ ചെറുപ്രാണിയുടെ ബുദ്ധിസാമത്ഥ്യം വല നെയ്യുന്നതിലും, ഭക്ഷണാത്ഥം ഈച്ചകളേയും മററു കീടങ്ങളേയും വലയിൽ കുടുക്കി പിടിക്കുന്നതിലുമാകുന്നു. മനുഷ്യനിൽ നിന്ന് ഉപദ്രവം നേരിടാത്തതും ആഹാരത്തിനു വേണ്ടുന്ന ചെറുപ്രാണികളെ ധാരാളം കിട്ടുന്നതുമായ ഒരു സ്ഥലം കണ്ടുപിടിച്ച് അവിടെ മാത്രമേ ചിലന്തി വല കെട്ടുകയുള്ളൂ. അത് ഇപ്രകാരം ദോഷഗുണങ്ങളെ ആലോചിച്ചു പ്രവൃത്തിക്കുന്നതു വല്ലവരും പഠിപ്പിച്ചിട്ടാണൊ? ഗുണദോഷങ്ങളെ ആലോചിച്ചു പ്രവൃത്തിക്കുന്നതാണ് വിവേകം. വിവേകം വിശേഷബുദ്ധിയുടെ ഫലവുമാണ്. എന്നാൽ ചിലന്തി മുതലായ ചില ജന്തുക്കളുടെ പ്രേക്ഷാവൽപ്രവൃത്തി കണ്ട് അവയ്ക്കു വിശേഷബുദ്ധിയുണ്ടെന്നു പറയാമൊ? അതും തരമില്ല. എന്തുകൊണ്ടെന്നാൽ, അവയ്ക്കു സ്വാത്ഥമായും പരത്ഥമായുമുള്ള സകല പ്രവൃത്തികളിലും സയുക്തികമായി ആലോചിച്ചു പ്രവൃത്തിക്കാനുള്ള ബുദ്ധിക്ഷമതയൊ ചാതുയ്യമൊ ഇല്ല. അതുകൊണ്ടു ദൈവത്തിൻെറ സൃഷ്ടികളിൽ ഓരോന്നിനും അതിൻെറ സ്ഥിതിക്ക് അനുരൂപമായ ബുദ്ധിയും ശക്തിയുമാണ് ഈശ്വരൻ നൽകിയിരിക്കുന്നത്. സ്വാത്ഥത്തെ സംബന്ധിച്ചിടത്തോളം എല്ലാ ജന്തുക്കൾക്കും ആലോചനാബുദ്ധിയുണ്ടെന്നുള്ള സംഗതി മേല്പറഞ്ഞ ദൃഷ്ടാന്തങ്ങളിൽ നിന്നു നമുക്കു ഗ്രഹിക്കാവുന്നതാണ്.

പാഠം ൧൦.

# സമുദ്രങ്ങൾ.

നിങ്ങൾ മൂന്നാം പാഠപുസ്തകത്തിൽ 'ജലാശയങ്ങൾ' എന്ന പാഠത്തിൽ നിന്നു സമുദ്രങ്ങളെക്കുറിച്ചു ചില സംഗതികൾ ധരിച്ചിട്ടുള്ളതു കൂടാതെ വേറെയും അനേകം പ്രധാന കാൎയ്യങ്ങൾ ഗ്രഹിക്കുവാനുണ്ട്. ഇതിൽ ഒന്നാമതായി മനസ്സിലാക്കേണ്ടതു കടലിലേയും സമുദ്രത്തിലേയും ജലം സദാ കാലവും ലവണമയമായിരിക്കുന്നതിനുള്ള കാരണമാകുന്നു. കടലിനോടും സമുദ്രത്തോടും അടുത്തു കിടക്കുന്ന കായലുകളിലും ഉപ്പുരസമുണ്ട്. നദികളിൽ ശുദ്ധജലമാകുന്നു. നദികളിലേയും മററു ജലാശയങ്ങളിലേയും വെള്ളം ചെന്നു ചേരുന്നതു സമുദ്രത്തിലാണ്. നദികൾ ഉത്ഭവിക്കുന്നതു പൎവ്വതങ്ങളിൽ നിന്നാണെന്നു നിങ്ങൾ പഠിച്ചിട്ടുണ്ടല്ലൊ.

ഭൂപൃഷ്ഠത്തിൽ എല്ലാ സമയവും പാറകൾ, ലോഹങ്ങൾ മുതലായ അനേകം സാധനങ്ങൾ പല കാരണവശാലും തേഞ്ഞു പൊടിഞ്ഞുകൊണ്ടിരിക്കുന്നവയെ നദീജലം വഹിച്ചു സമുദ്രത്തിലാണ് നിക്ഷേപിക്കുന്നത്. ലോഹങ്ങൾക്കും മിക്ക പാറകൾക്കും ഉപ്പുരസമുണ്ട്. ഇവ കൂടാതെ, ഉപ്പുരസമുള്ള വേറേയും അനേകം സാധനങ്ങൾ അലിഞ്ഞു വെള്ളത്തിൽ ചേരുന്നതെല്ലാം സമുദ്രത്തിലാണ് അവസാനമായി ചെന്നു ചേരുന്നത്. ഇങ്ങിനെ നദീമാൎഗ്ഗമായി ചെന്നു ചേരുന്ന സാധനങ്ങളിലെ ഉപ്പുരസം മറുകര കാണ്മാൻ വഹിയാതെ അനേകായിരം നാഴിക വിസ്താരത്തിൽ നിറഞ്ഞുകിടക്കുന്ന സമുദ്രങ്ങളിലെ വെള്ളം മുഴവൻ ഉപ്പുള്ളതാക്കിത്തീൎക്കുമൊ എന്നു നിങ്ങൾ പക്ഷെ സംശയിച്ചേക്കാം. എന്നാൽ ഇതാണ് സത്യസ്ഥിതി. എന്തുകൊണ്ടെ

ന്നാൽ, സമുദ്രത്തിൽ സാധനങ്ങൾ ഇങ്ങിനെ അലിഞ്ഞു ചേൎന്നുതുടങ്ങീട്ടു ലക്ഷോപലക്ഷം സംവത്സരമായിട്ടുണ്ടെ ന്നു മാത്രമല്ല, സൂൎയ്യോഷ്ണത്താൽ സമുദ്രങ്ങളിൽ നിന്നു സദാ വിശുദ്ധജലം ആവിരൂപമായി പോവുകയും വീണ്ടും ആ ആവി ജലരൂപമായി നദീമാൎഗ്ഗേണ സമുദ്രത്തിൽത്തന്നെ വന്നു ചേരുകയും ചെയ്തുകൊണ്ടാണിരിക്കുന്നത്. ഭൂമി ഘ നീഭവിച്ച കാലംമുതൽ നിരന്തരമായി നടന്നുകൊണ്ടിരിക്കു ന്ന് ഈ പരിണാമവൃത്തി മൂലം സമുദ്രത്തിലെ ഉപ്പുരസത്തി ന്നു കൂട്ടുതലല്ലാതെ കുറവുണ്ടാകുന്നില്ല.

ഇനി സമുദ്രഗൎഭത്തിന്റെ സ്ഥിതിയെക്കുറിച്ചാണ് നാം അല്പം ഗ്രഹിക്കേണ്ടത്. ഭൂഗൎഭത്തിലുള്ളതു പോലെ ര ത്നങ്ങളും, ഭൂപൃഷ്ഠത്തിലുള്ളതു പോലെ ജന്തുക്കളും സമുദ്രത്തി ലും ഉണ്ടെന്നു നിങ്ങൾ മൂന്നാം പാഠപുസ്തകത്തിൽ വായി ച്ചിട്ടുണ്ടല്ലോ. അവയ്ക്കും പുറമെ, കരയിലുള്ളതു പോലെ പൎവ്വതങ്ങൾ, താഴ്വരകൾ, വിശാലപ്രദേശങ്ങൾ, വലിയ പാറകൾ മുതലായവ സമുദ്രത്തിലും ഉണ്ടെന്നാണ് 'മൽ ബ്രേവ', 'പാറിറോസ്' മുതലായ ശാസ്ത്രജ്ഞന്മാരുടെ അ ന്വേഷണത്താൽ തെളിഞ്ഞിരിക്കുന്നത്. അത്തലാന്തിക സമുദ്രത്തിൽ എട്ടേമുക്കാൽ നാഴികവരെ ആഴമുള്ള സ്ഥല ങ്ങളുണ്ടെന്നു കണ്ടിരിക്കുന്നു. അഞ്ചേകാൽ നാഴിക പൊ ക്കമുള്ള ഹിമവാന്റെ കൊടുമുടി ആ സ്ഥലത്തിട്ടാൽ, ജലനി രപ്പിലെത്താൻ പിന്നേയും മൂന്നര നാഴിക ഉയരമുള്ള ഒരു സാധനം വേണ്ടിവരും. ഇതിലും അധികം ആഴമുള്ള സ്ഥ ലങ്ങൾ സമുദ്രത്തിലുണ്ടാവാമെന്നാണ് നവീനശാസ്ത്രജ്ഞ ന്മാരുടെ അഭിപ്രായം.

സമുദ്രവിതാനത്തിൽ കാണുന്ന ഗതിവേഗവും തിര മാലകളും അല്ലാതെ സമുദ്രഗൎഭത്തിൽ സദാ ചലിച്ചുകൊണ്ടി രിക്കുന്ന ശക്തിമത്തായ അന്തൎവ്വാഹിനികളുണ്ട്. ഇവയ്ക്കാ

ണ് സാധാരണയായി 'കടലൊഴുക്ക്' എന്ന പേർ പറയുന്നത്. കരയിലുള്ള നദികളേക്കാൾ വളരെ അധികം ദീർഘവിസ്താരമുള്ള അന്തർവ്വാഹിനികളിൽ ചിലതിനു പന്തിരായിരം നാഴിക നീളമുണ്ടത്രെ. പർവ്വതങ്ങളിൽ നിന്നു നദികൾ ഉത്ഭവിക്കുന്നതു പോലെ, ധ്രുവങ്ങളിൽ നിന്നാണ് കടലൊഴുക്കുകൾ ഉത്ഭവിക്കുന്നത്. സമുദ്രത്തിലുള്ള മേല്പറഞ്ഞ നിമ്നോന്നതസ്ഥലങ്ങളും ഭൂഭ്രമണവുമാണ് കടലൊഴുക്കുകൾക്കുള്ള കാരണങ്ങൾ. കടലൊഴുക്കുകളിൽവെച്ചു മുഖ്യമായത് അമേരിക്കാരാജ്യത്തിൻെറ കിഴക്കുഭാഗത്തുകൂടി വടക്കുകിഴക്കു മാറി ഹിന്തുസമുദ്രത്തിൽ വന്നു ചേരുന്നതും മെക്സിക്കോവിൽ നിന്ന് ഉത്ഭവിക്കുന്നതുമാകുന്നു. ഈ കടലൊഴുക്കിനു വളരെ ചൂടും ശീഘ്രഗതിയും അസാധാരണ വർണ്ണവുമുള്ളതുകൊണ്ടാണ് അതിന് ഇത്ര പ്രാധാന്യം കല്പിച്ചിരിക്കുന്നത്.

ഭൂമിയിൽ മുക്കാൽ ഭാഗവും സമുദ്രം മുതലായ ജലാശയങ്ങൾ സൃഷ്ടിച്ചതിൽ ദൈവം കണ്ടിരിക്കുന്ന ഉദ്ദേശം എന്താണെന്നു നിങ്ങൾ സംശയിക്കുന്നുണ്ടായിരിക്കാം. കടൽ മുതലായ ജലാശയങ്ങൾ ഇല്ലാതിരുന്നെങ്കിൽ നമുക്കു കപ്പൽ മുതലായ വാഹനങ്ങളിൽ കയറി ഭയങ്കരമായ കൊടുങ്കാററിലും മററും പെട്ട് അപകടം കൂടാതെ കഴിക്കാമായിരുന്നു എന്നു പെട്ടെന്നു തോന്നിപ്പോകുന്നതാണ്. പഞ്ചഭൂതാത്മകമായ സൃഷ്ടികളുടെ ഭൂതാംശങ്ങളെ പരിശോധിച്ചു നോക്കുമ്പോൾ, എല്ലാററിലും അധികഭാഗം വെള്ളമാണെന്നു കാണാം. അതുകൊണ്ടു ജീവൻെറ രക്ഷയ്ക്കു മററു ഭൂതങ്ങളേക്കാൾ അധികം വേണ്ടതു ജലാംശമാണെന്നു തെളിയുന്നുണ്ടല്ലൊ. ഭൂമിയിൽ ജലാംശം അധികമല്ലായിരുന്നെങ്കിൽ, ഭൂഗർഭത്തിലുള്ള ഉഷ്ണത്തെ പാകപ്പെടുത്തി ഭൂപൃഷ്ഠം നിവാസയോഗ്യമാക്കിത്തീർക്കുവാൻ അസാദ്ധ്യമായേനെ.

എന്നുതന്നെയല്ല, കരയിൽ ഉൾപ്രദേശങ്ങളിൽ നിന്ന് ഉൽഗമിക്കുന്ന വായുക്കളിൽ കലന്നിരിക്കുന്ന പലതരം വിഷബീജങ്ങളെ നശിപ്പിക്കുന്ന 'ഓസോൺ' എന്നൊരു ബാഷ്പം സമുദ്രത്തിൽ നിന്നാണ് ഉണ്ടാകുന്നത്. ഈ ബാഷ്പം ഭൂമിയിൽ വ്യാപിക്കുന്നതുകൊണ്ടു നമ്മുടെ ശരീരാരോഗ്യത്തിന് അതൊരു മഹൌഷധമായിത്തീരുന്നുണ്ട്. അതുകൊണ്ടു സമുദ്രങ്ങൾ മനുഷ്യൎക്ക് ഏററവും പ്രയോജനമുള്ളവയാണെന്നതിനു സംശയമില്ല.

---

പാഠം ൧൧.

## ഉത്സാഹം (റോബർട്ട് ബ്രൂസ്).

"പാരമുത്സാഹമുള്ള പുരുഷൻ തനിക്കോൎത്താൽ
മേരുപൎവ്വതം പോലും ഉയരം പാരമില്ല ;
അധികാഗാധമല്ല, പാതാള തലംപോലും,
അതിദൂരത്തല്ലഹോ സിന്ധുവിൻ മറുകര".

കാൎയ്യസാദ്ധ്യത്തിനുവേണ്ടി നിരന്തരമായി പ്രയത്നിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്ന ഒരു സ്വഭാവവിശേഷമാകുന്നു ഉത്സാഹം. ബുദ്ധികൊണ്ടും ദേഹംകൊണ്ടും പ്രയത്നിക്കുവാൻ സന്തോഷം തോന്നുന്ന മനോഗതി ഉത്സാഹത്തിൻെറ പ്രധാനലക്ഷണമാകുന്നു. പ്രതിഫലത്തെ ഗണിക്കാതെ പ്രയത്നത്തെ പൂൎത്തിയാക്കുവാനുള്ള ആഗ്രഹവും ശുഷ്കാന്തിയുമാകുന്നു ഉത്സാഹത്തിൻെറ മറെറാരു വിശേഷം. പ്രവൃത്തി മദ്ധ്യത്തിൽ സംഭവിക്കുന്ന വിഘ്നങ്ങളെ തൃണവൽഗണ്യമാക്കി, ഉദ്ദേശം സാധിക്കുന്നതുവരെ അശ്രാന്തമായി പരിശ്രമിക്കുന്നവനാണ് 'ഉത്സാഹി'.

മനുഷ്യൻെറ അഭിവൃദ്ധിക്ക് ആസ്പദമായ അനേകം സംഗതികളുള്ളതിൽ ഏററവും പ്രധാനമായ സ്വഭാവം ഉ

ത്സാഹശീലമാകുന്നു. 'ഉത്സാഹമുണ്ടെങ്കിൽ അത്താഴമു ണ്ണാം' എന്നു പഴമക്കാർ പറയുന്നതു വെറുതെയല്ല. എന്തുകൊണ്ടെന്നാൽ, ഈ പാഠാരംഭത്തിൽ പറഞ്ഞിരിക്കുന്ന പദ്യത്തിൽ നിന്ന് ഈ ലോകത്തിൽ ഉത്സാഹിക്ക് അസാദ്ധ്യമായി ഒന്നുംതന്നെയില്ലെന്നു നമ്മുടെ പൂർവ്വന്മാർ അനുഭവംകൊണ്ടു മനസ്സിലാക്കിയിരുന്നു എന്നറിയാമല്ലൊ. തേനീച്ച, എട്ടുകാലി മുതലായ തിര്യക്കുകളെ ഉത്സാഹശീലത്തിന്നു മാതൃകകളായിട്ടാണ് ഗണിച്ചിരിക്കുന്നത്. മനുഷ്യനെ ഉത്സാഹശീലം പഠിപ്പിക്കേണ്ടുന്ന ആവശ്യത്തിനാണൊ ദൈവം ഈ വക ചെറിയ പ്രാണികളെ സൃഷ്ടിച്ച് അവയുടെ പ്രവൃത്തികൾ മനുഷ്യനെ കാണിച്ചുകൊടുക്കുന്നത് എന്നു തോന്നും.

ഉത്സാഹശീലത്തെ അപേക്ഷിച്ചു മനുഷ്യരെ അധമൻ, മദ്ധ്യമൻ, ഉത്തമൻ എന്നിങ്ങിനെ മൂന്നായി തരം തിരിച്ചിട്ടുണ്ട്. പ്രവൃത്തിയിൽ പ്രതിബന്ധങ്ങൾ നേരിട്ടെങ്കിലൊ എന്നു ഭയപ്പെട്ടു സ്വസ്ഥരായിരിക്കുന്ന മനുഷ്യരാണ് 'ഭൂമിക്കു ഭാരമായ' 'അധമന്മാർ'. സ്ഥിരമായ യാതൊരു ഉദ്ദേശവും കൂടാതെ കാര്യങ്ങളിൽ പ്രവേശിച്ചു വിഘ്നങ്ങൾ നേരിടുമ്പോൾ, പ്രവൃത്തിയിൽ നിന്നു വിരമിക്കുന്ന 'ആരംഭശ്ശൂരന്മാ'രെയാണ് 'മദ്ധ്യമന്മാർ' എന്നു പറയുന്നത്. എന്തുതന്നെ വന്നാലും, സകലതും ഈശ്വരേച്ഛയ്ക്ക് അധീനമെന്നു വിശ്വസിച്ചു കാര്യം സാധിക്കുന്നതുവരെ ആലസ്യം കൂടാതെ ജാഗ്രതയോടെ പ്രവൃത്തിക്കുന്ന മനുഷ്യരാണ് 'ഉത്തമന്മാർ'. ''അർദ്ധം താനർദ്ധം ദൈവം'', അല്ലെങ്കിൽ 'താൻ പാതി, ദൈവം പാതി' എന്നാണ് ഇവരുടെ മതം. ഈ ആപ്തവാക്യത്തിന്റെ വാസ്തവമായ സാരം, മനുഷ്യൻ നിഷ്കാമമായി പ്രയത്നിക്കേണ്ടുന്ന ചുമതല നിർവ്വഹിച്ചു കഴിഞ്ഞാൽ, ഒരു കാര്യത്തിന്റെ പകുതി ഭാഗം തീന്നു;

പ്രയത്നത്തിൻെറ ഫലസിദ്ധിയാകുന്ന പിന്നത്തെ പകുതി ദൈവത്തിൻെറ ഭാരമാകുന്നു എന്നാണ്. ഉത്തമന്മാർ ഈ തത്വം ഗ്രഹിച്ചു പ്രവൃത്തിക്കുന്നതുകൊണ്ടാണ് അവരുടെ ഉത്സാഹത്തിന്നു മാന്ദ്യം സംഭവിക്കാത്തതും പ്രയത്നം സഫലമാകുന്നതും. എന്നു തന്നെയല്ല, അവരുടെ സഹജമായ ഉത്സാഹശീലം അവർ പരോപകാരാൎത്ഥമായി വിനിയോഗിക്കുന്നതിനാൽ, അവരുടെ പ്രയത്നത്തെ സഫലമാക്കേണ്ടുന്ന ഭാരം ദൈവത്തിൻേറതുമാണല്ലൊ. ഇങ്ങിനെ സ്വാൎത്ഥരഹിതമായി പരോപകാരാൎത്ഥം സ്ഥിരമായി ഉത്സാഹിച്ചു കാൎയ്യം സാധിച്ച 'റോബർട്ട് ബ്രൂസ്' എന്ന മഹാൻെറ ചരിത്രം വിദ്യാൎത്ഥികൾ ഗ്രഹിച്ചിരിക്കേണ്ടതാകുന്നു.

സ്കോട്ടലാണ്ടു രാജ്യം ഭരിച്ചിരുന്ന ബ്രൂസ്‌വംശജന്മാരിൽ ഒന്നാമത്തെ രാജാവായിരുന്നു നമ്മുടെ കഥാനായകൻ. അദ്ദേഹം ക്രിസ്ത്വബ്ദം 1274-ാമാണ്ടു മാൎച്ച്മാസം 21-ാം തിയ്യതിയാണ് ജനിച്ചത്. വളരെ കുലീനന്മാരായ ഈ വംശക്കാർ പരമ്പരയായിത്തന്നെ ശൌൎയ്യം, ധൈൎയ്യം, സ്ഥൈൎയ്യം മുതലായ വിശിഷ്ടഗുണങ്ങളുടെ മാതൃകകളായിരുന്നു. വംശാവകാശവഴിക്കു തനിക്കു സിദ്ധിക്കേണ്ടുന്ന രാജ്യാധിപത്യം, എതുർവാദിയായ ഒരു അവകാശിയും കൂടെ ഉണ്ടായിരുന്നതിനാൽ, ഭഗീരഥപ്രയത്നംകൊണ്ടു മാത്രമേ സിദ്ധിക്കൂ എന്നു പ്രകൃത്യാ ധീരനായ ബ്രൂസ്സിനു മനസ്സിലായപ്പോൾ, ശൂരനായ അദ്ദേഹം കാൎയ്യസാദ്ധ്യത്തിന്നു സ്ഥിരമായി പ്രയത്നിക്കുവാൻ തീൎച്ചയാക്കി. ലക്ഷ്യങ്ങളും യുക്തികളുംകൊണ്ടും ബ്രൂസ്സിൻെറ വാദം സ്ഥാപിക്കുവാൻ പ്രയാസമാണെന്നു കണ്ടപ്പോൾ, തൻെറ അവകാശം,പണ്ടു പാണ്ഡവന്മാർ ചെയ്തതു പോലെ, യുദ്ധംകൊണ്ടു സ്ഥാപിക്കുവാൻ അദ്ദേഹം സന്നദ്ധനായി. ഈ അവകാശത്തക്ക

ത്തെ സംബന്ധിച്ച പല യുദ്ധങ്ങളും നടന്നു എങ്കിലും, എതൃകക്ഷിക്കു പ്രബലന്മാരായ സഹായികൾ ഉണ്ടായിരുന്നതു കൊണ്ടു യുദ്ധത്തിലെല്ലാം ബ്രൂസ്, നിർഭാഗ്യവശാൽ, പരാജിതനായി. ഒടുവിൽ അദ്ദേഹം ശത്രുക്കളുടെ ബന്ധനത്തിലകപ്പെടാതെ കഴിക്കുവാൻവേണ്ടി ഏതാനും അനുചരന്മാരോടുകൂടി വനം പ്രാപിച്ചു രക്ഷപ്പെട്ടു.

നാടുവിട്ടു കാടുകേറിയ ഈ ധീരപുരുഷൻ കായ്കനികളും തിന്നു തന്റെ ദുരദൃഷ്ടത്തെക്കുറിച്ചു വിലപിച്ചുകൊണ്ടു ഭ്രാന്തനെപ്പോലെ കാട്ടിൽ അലഞ്ഞുനടക്കുകയല്ലാ ചെയ്തത്. രാജ്യാവകാശം തനിക്കുള്ളതാണെന്ന ദൃഢവിശ്വാസംമൂലം ദൈവം തന്നെ സഹായിക്കും എന്ന പൂർണ്ണ ബോദ്ധ്യത്തോടുകൂടെ, കായക്ലേശങ്ങൾ തല്ക്കാലത്തേക്കു നിറുത്തിവെച്ചു, മനസ്സുകൊണ്ടു കാര്യസാദ്ധ്യത്തിനുള്ള മാർഗ്ഗങ്ങൾ ആലോചിച്ചുതുടങ്ങി. ഇങ്ങിനെ ആലോചിച്ചുകൊണ്ട് ഒരു ദിവസം അദ്ദേഹം കാട്ടിൽ കിടക്കുമ്പോൾ, ഒരു ചിലന്നി ആ കുടിലിൽ അതിന്റെ വല കെട്ടുവാൻ ശ്രമിക്കുന്നതു കണ്ടു. വിജയത്തിനുള്ള മാർഗ്ഗങ്ങൾ ഒന്നും വിശദമായി കാണാതെ, 'ഈശ്വരോരക്ഷതു' എന്നു വിചാരിച്ചു കിടക്കുമ്പോഴാണ് ചിലന്നിയുടെ ഉത്സാഹശീലം അദ്ദേഹത്തിന്റെ മനസ്സിനെ ആകർഷിച്ചത്. ചിലന്നി അതിന്റെ വല കെട്ടുവാൻ ആറു പ്രാവശ്യം ശ്രമിച്ചിട്ടും അതെല്ലാം നിഷ്ഫലമായതേയുള്ളു. ആറു തവണത്തെ അപജയംകൊണ്ടും ചിലന്നി ലേശം നിരുത്സാഹിയാകാതെ, ഏഴാമതും ശ്രമിക്കുകയും ആ ശ്രമം സഫലമാവുകയും ചെയ്തു. ബ്രൂസും ആറുതവണ പരാജിതനായിരുന്നു. അതുകൊണ്ടു ചിലന്നിയുടേയും അദ്ദേഹത്തിന്റേയും അവസ്ഥ അതുവരെ ശരിയായിരുന്നു. ബ്രൂസ് ഏഴാമതു ശ്രമിച്ചില്ല. ചിലന്നി ആറു പ്രാവശ്യത്തെ പ്രയത്നത്തിന്റെ നിഷ്ഫലത മൂലം മനസ്സു മ

ടിക്കാതെ ഏഴാമതു ശ്രമിച്ചപ്പോഴാണ് അതിൻെറ കാൎയ്യം സാധിച്ചത്. ഈ സംഭവം ദൈവം കാണിച്ചുകൊടുത്ത ഒരു ശുഭസൂചകമാണെന്നും അപജയംകൊണ്ടു മന്ദോത്സാഹിയായിത്തീരുന്നവനെ ദൈവം സഹായിക്കുകയില്ലെന്നും നേരെ മറിച്ചു വിഘ്നങ്ങൾകൊണ്ടു ബുദ്ധി ക്ഷയിക്കാതെ പൂൎവ്വാധികം ഉത്സാഹത്തോടുകൂടി ഉദ്ദേശസാദ്ധ്യത്തിന്നു പ്രയത്നിക്കുന്നവരെ ഈശ്വരൻ സഹായിക്കുമെന്നും അദ്ദേഹം വിശ്വസിച്ചു. പിന്നെ അദ്ദേഹം ഛിന്നമായിപ്പോയ അദ്ദേഹത്തിൻെറ സൈന്യങ്ങളെ ശേഖരിച്ച് ഏഴാമതു യുദ്ധം ചെയ്തു. ഒടുവിലത്തെ ആ യുദ്ധത്തിൽ അദ്ദേഹം ശത്രുക്കളെ മുഴുവൻ തോല്പിച്ചു യഥാൎഹം രാജാവായി വാഴുകയും ചെയ്തു. ഒടുവിൽ തൻെറ പ്രജകളുടെ ഭക്തിസ്നേഹബഹുമാനാദികൾക്കു പാത്രീഭവിച്ചു റോബെട്ടുബ്രൂസ് അദ്ദേഹത്തിൻെറ അമ്പത്തഞ്ചാമത്തെ വയസ്സിൽ കാലധൎമ്മം പ്രാപിച്ചു.

---

പാഠം ൧൨.

## ഗ്രഹണം.

ഗ്രഹണത്തെ കുറിച്ചു മനുഷ്യരുടെ ഇടയിൽ, ശാസ്ത്രീയമായ പല സിദ്ധാന്തങ്ങളും ഉണ്ടായിട്ടും കൂടെ, ഇന്നും അന്ധവിശ്വാസം കുറവല്ല. സൂൎയ്യചന്ദ്രന്മാരെ സൎപ്പാകൃതിയായ രാഹു എന്ന അസുരൻ വിഴുങ്ങുകയാണ് ഗ്രഹണമെന്നാകുന്നു ശാസ്ത്രജ്ഞാനമില്ലാത്തവരുടെ വിശ്വാസം. ഹിന്തുക്കളുടെ പുരാണങ്ങളിൽ ലൌകികമായ വിഷയങ്ങളെ ശാസ്ത്രീയസിദ്ധാന്തങ്ങളെക്കൊണ്ടു സ്ഥാപിക്കേണ്ടതിന്നു പകരം, ജനങ്ങളുടെ സാമുദായികാചാരങ്ങൾക്കു ലോപം സംഭവിക്കാതിരിക്കുവാൻവേണ്ടി, ദൈവികമായ ഫലശ്രുതിക

ൾ കൊണ്ടു പ്രതിപാദിച്ചിരിക്കുന്നതിനാൽ, കിഞ്ചിജ്ഞന്മാർ അന്ധവിശ്വാസത്തിന്നു പ്രായേണ അധീനന്മാരായിത്തീരുന്നതാണ്. എന്നുതന്നെയല്ല, ഗ്രഹണസമയത്തു സൂൎയ്യചന്ദ്രന്മാരെ മറയ്ക്കുന്ന നിഴലിന്റെ സമ്പ്രദായത്തിൽ നിന്ന് അവക്കുണ്ടാകുന്ന 'പന്നഗബുദ്ധി' ഒട്ടും അപ്രകൃതവുമല്ല. ഗ്രഹണസമയത്തു ഭക്ഷിക്കുന്നതുകൊണ്ടു വിഷജ്വാല ബാധിക്കുമെന്നും ഹിന്തുക്കൾക്കൊരു വിശ്വാസമുണ്ട്. സൂൎയ്യചന്ദ്രന്മാരുടെ രശ്മികളിൽ നിന്നു മനുഷ്യരുടെ ആരോഗ്യത്തിന്നു വേണ്ടതായ ചില ശക്തിവിശേഷം നമുക്കു സിദ്ധിക്കുന്നതു ഗ്രഹണസമയത്തു കിട്ടുന്നില്ല. അതുകൊണ്ട് ആ സമയത്തു ഭക്ഷിക്കുന്നതും മററും ബലക്ഷയമാണെന്നുള്ള ആരോഗ്യനിയമത്തെ ലംഘിക്കാതിരിക്കുവാനും അങ്ങിനെ സംഭവിക്കുന്ന ശക്തിക്ഷയത്തെ സ്നാനം, ഉപവാസം മുതലായവകൊണ്ടു നിവൃത്തിക്കാനുമാണ് പുരാണങ്ങളിൽ ഇങ്ങിനെ സിദ്ധാന്തിച്ചിരിക്കുന്നത്. മനുഷ്യരുടെ വിശ്വാസം എങ്ങിനെയെങ്കിലുമാകട്ടെ; ഗ്രഹണമുണ്ടാകുന്നത് എങ്ങിനെയാണെന്നു ശാസ്ത്രീയമായി നമുക്ക് ആലോചിക്കാം.

ഭൂമി ദിവസത്തിൽ ഒരിക്കൽ തന്നെത്താൻ തിരിഞ്ഞുകൊണ്ടു സൂൎയ്യനെ പ്രദക്ഷിണം ചെയ്യുയാണെന്നും ഈ സമയത്തു ചന്ദ്രൻ ഭൂമിയെ ചുററുന്നുണ്ടെന്നും നിങ്ങൾ പഠിച്ചിട്ടുണ്ടല്ലൊ. നിങ്ങൾ ഇനി ഒന്നു ധരിക്കാനുള്ളതു ചന്ദ്രന്റെ പ്രദക്ഷിണമാൎഗ്ഗം ഭൂമിയുടേതു പോലെ ശരിയായ വൃത്തത്തിലല്ലെന്നാകുന്നു. അതു് അല്പം ഒന്നു ചരിഞ്ഞാണ്. ചന്ദ്രൻ ഭൂമിയെ ചുററിക്കൊണ്ടു സൂൎയ്യനെ പ്രദക്ഷിണം ചെയ്യുന്നതുകൊണ്ടു ഭൂമിയെ പോലെ ചന്ദ്രൻ എല്ലായ്പോഴും സൂൎയ്യനിൽ നിന്ന് ഒരേ അകലത്തിലായിരിക്കുകയില്ല; അതായതു ചിലപ്പോൾ സൂൎയ്യനോട് അടുത്തും മ-

ററു ചിലപ്പോൾ അകന്നുമിരിക്കും. ഇതു് എങ്ങിനെയെന്നറിവാൻ വളരെ പ്രയാസമില്ല. നിങ്ങൾ ഒരു വൃത്തം വരച്ചു് അതിൻെറ മദ്ധ്യത്തിൽ സൂൎയ്യനെന്നു സങ്കല്പിച്ചു് എന്തെങ്കിലും ഒരു സാധനം വെക്കുക. ഭൂമി ആ വൃത്തത്തിൻെറ വരയിന്മേൽ കൂടെ അണുപോലും വ്യതിചലിക്കാതെ സഞ്ചരിക്കുമ്പോൾ, ഭൂമിയെ ചുററിക്കൊണ്ടിരിക്കുന്ന ചന്ദ്രൻ ഒരിക്കൽ വൃത്തത്തിൻെറ അകത്തും മറെറാരിക്കൽ പുറത്തും വരുന്നതാണ്. ചന്ദ്രൻ വൃത്തത്തിൻെറ അകത്തു വരുന്നസമയം സൂൎയ്യനോടു് അടുത്തും പുറത്തുപോകുന്ന സമയം അകന്നും വരാതെ നിവൃത്തിയില്ലല്ലൊ. ചന്ദ്രൻെറ പ്രകാശം സൂൎയ്യനിൽ നിന്നു കിട്ടുന്നതാണെന്നു നിങ്ങൾ മുമ്പു വായിച്ചിട്ടുമുണ്ടല്ലൊ.

ഈ പ്രകൃതത്തിൽ നിങ്ങൾ വേറെ ഒരു സംഗതി മനസ്സിലാക്കേണ്ടതു വെളിച്ചം നേരെയല്ലാതെ വളഞ്ഞു പ്രവേശിക്കയില്ലെന്നാകുന്നു. കത്തുന്ന ഒരു വിളക്കിൻെറ ജ്വാലയുടെ നേരെ നിങ്ങൾ ഒരു പന്തു പിടിച്ചാൽ, വെളിച്ചം തട്ടുന്നതിൻെറ നേരെ മറുഭാഗത്തു നിഴലല്ലേ കാണുന്നതു്? രശ്മികൾക്കു വക്രഗതിയുണ്ടെങ്കിൽ മറുഭാഗത്തും അവ വളഞ്ഞു പ്രവേശിക്കുമായിരുന്നു. അതു ചെയ്യുന്നില്ല. അതുകൊണ്ടു് ഈ സംഗതിയും നിങ്ങൾ പ്രത്യേകം ഓൎമ്മവെക്കേണ്ടതാകുന്നു.

നമുക്കു സൂൎയ്യഗ്രഹണവും സോമഗ്രഹണവും മാത്രമേ സാധാരണ അനുഭവമായിട്ടുള്ളു. സൂൎയ്യഗ്രഹണം കറുത്തവാവുദിവസവും സോമഗ്രഹണം വെളുത്തവാവുന്നാളുമാണു് ഉണ്ടാകുന്നതു്. ഇതിൽ നിന്നു നിങ്ങൾക്കു സ്വാഭാവികമായി രണ്ടു സംശയങ്ങൾ ഉണ്ടാവാൻ വഴിയുണ്ടു്. ഒന്നു വാവുന്നാളല്ലാതെ വേറെ ഒരു ദിവസം ഗ്രഹണമുണ്ടാകുമൊ എന്നും, മറെറാന്നു് എല്ലാ വാവിനും ഓരോ ഗ്രഹ

ണം ഉണ്ടാവാത്തത് എന്തുകൊണ്ടെന്നമാകുന്നു. താഴെ പറയുന്ന സംഗതികൾകൊണ്ട് ആ സംശയങ്ങളും നിവൃത്തിയാവും.

സൂൎയ്യൻ ഒരു സ്ഥലത്തുതന്നെ നില്ക്കുന്നു എന്നും ഭൂമി സൂൎയ്യനേയും ചന്ദ്രൻ ഭൂമിയേയും പ്രദക്ഷിണം ചെയ്യുന്നു എന്നും ഇവയുടെ പ്രദക്ഷിണ സമയത്തു ചന്ദ്രൻ ഭൂമിയുടെ ഭ്രമണവൃത്തത്തിൻെറ അകത്തും പുറത്തും പ്രവേശിക്കുമെന്നും മുമ്പു പറഞ്ഞുവല്ലൊ. ചന്ദ്രൻെറ ഈവ്വിധമായ ഗതിയിൽ ചിലപ്പോൾ അതു സൂൎയ്യൻേറയും ഭൂമിയുടേയും മദ്ധ്യത്തിൽ വരും. ആ സമയത്തു, മേഘങ്ങൾ സൂൎയ്യരശ്മിയെ മറയ്ക്കുന്നതു പോലെ, സൂൎയ്യരശ്മി കിട്ടുന്ന ഭൂഭാഗത്തിൻേറയും സൂൎയ്യൻേറയും മദ്ധ്യത്തിൽ ചന്ദ്രൻ വരുമ്പോൾ, ആ ഗോളത്തിൻെറ മറവുകൊണ്ടു നമുക്കു കുറെനേരം സൂൎയ്യരശ്മി കിട്ടാതെ വരുന്നു. ഇങ്ങിനെ സൂൎയ്യൻ നമ്മുടെ ദൃഷ്ടിയിൽനിന്നു ചന്ദ്രനാൽ മറയ്ക്കപ്പെടുന്നതാണ് സൂൎയ്യഗ്രഹണം.

മേല്പറഞ്ഞ സംഭവത്തിൻെറ സമ്പ്രദായം ഒരു സാധാരണദൃഷ്ടാന്തംകൊണ്ടു വിശദമാക്കാം. അല്പം പൊക്കമുള്ള ഒരു വിളക്കു കത്തിച്ചുവെക്കുക. അതിൻെറ നേരെ ഒരു ചെറിയ പന്തും അതിൻെറ നേരെ പിന്നിലായി ഒരു വലിയ പന്തും വെക്കുക. ചെറിയ പന്തിനു വെളിച്ചം തട്ടാത്തതായ ഭാഗത്തിനു നേരെയുള്ള വലിയ പന്തിന്മേൽ നാം ഒരു നിഴൽ കാണും. ഈ നിഴലിനു കാരണം ചെറിയ പന്തു വലിയ പന്തിൻേറയും വിളക്കിൻേറയും മദ്ധ്യത്തിൽ ഇരിക്കുന്നതുകൊണ്ടാണല്ലൊ. ഈ ഉദാഹരണത്തിലെ വിളക്കിനെ സൂൎയ്യനെന്നും ചെറിയ പന്തിനെ ചന്ദ്രനെന്നും വലിയ പന്തിനെ ഭൂമിയെന്നും വിചാരിച്ചാൽ, സൂൎയ്യഗ്രഹണം ഉണ്ടാകുന്ന സമ്പ്രദായം മനസ്സിലായിക്കഴിഞ്ഞു. ഇതുപോലെ തന്നെയാണ് സോമഗ്രഹണം ഉണ്ടാകുന്നതും.

ഭൂമി സൂൎയ്യനും ചന്ദ്രനും മദ്ധ്യേവരുമ്പോൾ, ഭൂമിയുടെ നിഴൽ ചന്ദ്രനിൽ പ്രതിഫലിക്കുന്നതുകൊണ്ടാണ് സോമഗ്രഹണം ഉണ്ടാകുന്നത്.

ചന്ദ്രൻ ഭൂമിയുടെ ഭ്രമണവൃത്തത്തിന്റെ അകത്തും പുറത്തും പ്രവേശിക്കുമെന്നു പറഞ്ഞല്ലൊ. ചന്ദ്രൻ ഭ്രമണവൃത്തത്തിന്റെ അകത്തു പ്രവേശിക്കുമ്പോൾ, സൂൎയ്യരശ്മി തട്ടുന്ന ചന്ദ്രന്റെ ഭാഗം സൂൎയ്യന് എതിരായിത്തീരുന്നതിനാൽ, വെളിച്ചം ഇല്ലാത്തഭാഗമാണ് നമ്മുടെ നേരെ കാണുന്നത്. ആ ദിവസമാണ് അമാവാസി, അല്ലെങ്കിൽ കറുത്ത വാവ്. ചന്ദ്രൻ ഭൂഭ്രമണവൃത്തത്തിന്റെ പുറത്തു കൂടി സഞ്ചരിക്കുമ്പോൾ, സൂൎയ്യരശ്മി തട്ടുന്ന ചന്ദ്രന്റെ ആ ഭാഗം നമുക്കു പ്രതിമുഖമായിരിക്കുന്നതുകൊണ്ടാണ് നാം ഒരു ദിവസം ചന്ദ്രനെ പൂൎണ്ണപ്രകാശത്തോടുകൂടി കാണുന്നത്. ആ ദിവസമാണ് പൌൎണ്ണമി, അല്ലെങ്കിൽ വെളുത്ത വാവ്.

ഭൂമിയുടെ ഭ്രമണമാൎഗ്ഗം വൃത്താകൃതിയും ചന്ദ്രന്റേത് അല്പം ചരിഞ്ഞുമാണെന്നു മുമ്പു പറഞ്ഞല്ലൊ. തന്നെത്താൻ തിരിഞ്ഞുകൊണ്ടു സഞ്ചരിക്കുന്ന ഭൂമിയെ ചുററിക്കൊണ്ടാണ് ചന്ദ്രനിരിക്കുന്നത്. ഭൂമിയുടേയും ചന്ദ്രന്റേയും ഭ്രമണവൃത്തത്തിന്റെ ആകൃതിഭേദംകൊണ്ടു ചന്ദ്രന് എല്ലായ്പ്പോഴും ഭൂമിയുടേയും സൂൎയ്യന്റേയും മദ്ധ്യേ വരുവാൻ സാധിക്കുന്നില്ല. അതുകൊണ്ടാണ് എല്ലാ വാവുദിവസവും ഗ്രഹണം ഉണ്ടാകാത്തത്. ഗ്രഹണം വാവുനാളല്ലാതെ വേറെ ഒരു ദിവസം ഉണ്ടാകാത്തതിനു കാരണവും ചന്ദ്രന്റെ ഈ ഗതിഭേദം തന്നെയാണ്. ചന്ദ്രന്റെ വെളിച്ചമുള്ള ഭാഗം ഭൂമിക്ക് എതിരായി വരുമ്പോൾ പൌൎണ്ണമിയും സൂൎയ്യന് എതിരായി വരുമ്പോൾ അമാവാസിയുമാണെന്നു പറഞ്ഞുവല്ലൊ. വേറെ ദിവസങ്ങളിൽ ഭൂമി ചന്ദ്രനും സൂ

ൎയ്യനും മദ്ധ്യേയും ചന്ദ്രൻ ഭൂമിക്കും സൂൎയ്യനും മദ്ധ്യേയും വരാത്തതുകൊണ്ടാണ് അന്നു ഗ്രഹണം ഉണ്ടാകാത്തത്. ചന്ദ്രൻെറ പ്രകാശമില്ലാത്ത ഭാഗം നമ്മുടെ നേരെ വരുന്നത് അമാവാസിദിവസമാണ്. അതു കഴിഞ്ഞു പിറെറന്നാൾ ചന്ദ്രൻെറ പതിന്നാലിലൊരുഭാഗം നമുക്കു ദൃശ്യമാകുന്നുണ്ട്. അപ്പോൾ ചന്ദ്രൻ സൂൎയ്യൻെറ നേരെനിന്ന് അല്പം മാറിയെന്നു തീൎച്ചയാണല്ലോ. ആ മാറിയ സ്ഥിതിയിൽ നിന്നു സൂൎയ്യനെ മറയ്ക്കുവാൻ സാധിക്കുന്നതല്ലെന്നു വിശദവുമാകുന്നു. ഇതു പോലെ തന്നെയാണ് വെളുത്തവാവുന്നാളല്ലാതെ സോമഗ്രഹണം ഉണ്ടാവാത്തതും.

---

## പാഠം ൧൨.

## പദ്യം (രാമൻെറ ന്യായവാദം).

"ഞാനും ലക്ഷ്മണനും നീയും സീതയാളും സുമിത്രയും
അച്ഛൻചൊല്പടിനില്ക്കേണമിതല്ലോ ധൎമ്മമക്ഷയം. (1)

സംഭാരങ്ങൾ വെടിഞ്ഞമ്മേ ! ദുഃഖമുള്ളിലടക്കിയും
ധൎമ്മ്യമാൎഗ്ഗോട്ടുവാൎഷ്ണ്യക്കുള്ളെന്മതം സമ്മതിക്കണേ ! (2)

എന്നാകുലം വിട്ടവനീഷലെന്ന്യേ
ചൊന്നാസ്സുധൎമ്മ്യം മൊഴികേട്ടു ദേവി
മരിച്ചപോലായ്, വെളിവാൎന്നു മാതാ-
വിതോതിനാൾ രാമനെ നോക്കി വീണ്ടും. (3)

'സ്വധൎമ്മവും ചാൎച്ചയുമോൎക്കിലുണ്ണി!
താതോപമം നിൻഗുരുവാണു ഞാനും
ഞാൻ സമ്മതിപ്പീല,ഴൽവാൎക്കുമെന്നെ-
ക്കൈവിട്ടുപോയീടരുതീവിധം നീ. (4)

നീ പോകിലെന്തിന്നുയിരിങ്ങെനിയ്ക്കാ
സ്വധാമൃതം ലോകവുമെന്തിനോർത്താൽ ?
ഇങ്ങൊട്ടുനേരം തവ ചേർച്ച സർവ്വ
ലോകങ്ങളേക്കാളുമെനിക്കുമെച്ചം.' (5)

തിക്കൊള്ളിയാലാളുകളാട്ടിടുന്ന
മാർഗ്ഗസ്ഥനാം വൻഗജമെന്നപോലെ
വീണ്ടും ജ്വലിച്ചുബഹുദീന മാതൃ
വിലാപമിമ്മാതിരി കേട്ടു രാമൻ. (6)

അവൻ സുബോധംകെട്ടമമ്മയോടും
താപാർത്തനാം ലക്ഷ്മണനോടുമേവം
ധർമ്മസ്ഥിതൻ ധർമ്മ്യവചസ്സുരച്ചാ-
നതിങ്കലീമട്ടവനേകധീശ്ശ്രീ. (7)

'സദായ്പ്പൊഴും ലക്ഷ്മണ ! ഞാനറിഞ്ഞി-
ട്ടുണ്ടിങ്ങുനിൻ ഭക്തിപരാക്രമങ്ങൾ
നീയമ്മയൊത്തെൻമിതമത്ര നോക്കാ-
തഴൽപ്പെട്ടുന്നെന്നെ വലച്ചിടുന്നു. (8)

ധർമ്മാർത്ഥകാമം വഴിയാണു താത !
പാരില്പരം ധർമ്മഫലാപ്തിയല്ലൊ,
അതൊക്കയും നൽകുമതിഷലില്ല
സുപുത്രവശ്യ പ്രിയഭാര്യ പോലെ. (9)

എല്ലാമിണങ്ങാത്തതു ചെയ്യരുതാ-
ധർമ്മം ഭവിക്കുന്നതു ചെയ്തിടേണം ;
ദ്വേഷാർഹനാമർത്ഥപരൻ ജഗത്തിൽ
കാമൈകതാനതവുമൊക്കുകില്ല. (10)

നൃപൻ വയസ്സൻ ഗുരുവും പിതാവും
കോപിച്ചു, ഹർഷിച്ചു,ഥകാമമാന്നോ,

"കാര്യം വിധിച്ചാലതു ധർമ്മമോർത്തു
ചെയ്യാത്തതാരാണു വിശുദ്ധശീലൻ? (11)

തന്മൂലമച്ഛന്റെ കരാറിതെല്ലാം
മുറയ്ക്കുചെയ്യാതെയിരുന്നിടാ ഞാൻ
അവൻ വിധിപ്പാൻ ഗുരുതാത! ഞങ്ങൾ
ക്ക,മ്മയ്ക്കു ഭർത്താവ,വനൊന്നു, ധർമ്മം. (12)

ആ ധർമ്മരാജ്ഞാവുയിർപ്പൂണ്ടിരിക്കെ,
വിശിഷ്യതൻ മാർഗ്ഗമണഞ്ഞുനില്ലേ,
ഇതിങ്കൽ നിന്നെങ്ങിനെ ദേവിപോരു
മെന്നൊപ്പമേതോ വിധവയ്ക്കുതുല്യം? (13)

ഇങ്ങേക്കുകാനിവിട കാട്ടുപൂകാൻ,
ഞങ്ങൾക്കു നേരുഭവികങ്ങൾ ദേവി!
ഒട്ടക്കമീ ഞാൻ തിരിയേവരുന്ന
പടിക്കു നേർകൊണ്ടു യയാതി പോലെ. (14)

ഇവൻ വെറും നാടിനു വേണ്ടി വമ്പെഴും
യശസ്സു പിന്നിട്ടിട്ടുവാനശക്തനാം
അധർമ്മമായ സ്ഥിരജീവിതത്തിലി-
ന്നെട്ടുത്തിടാ ദേവി! നികൃഷ്ടഭൂമി ഞാൻ (15)

പരാക്രമാൽ നരമണി ദണ്ഡകസ്സ്ഥപോ
വതിന്നുറച്ചഥ കനിയിച്ചതായയെ
നിജ്ഞാശയം സഹജനു കാട്ടിയേററവും
കഴിച്ചതേ ഹൃദി ജനനപ്രദക്ഷിണം. (16)

പാഠം ൧൪.

# മൂന്നു മഹാ കവികൾ.

മലയാളത്തിൽ ദിവ്യന്മാരെന്നു ഗണിക്കപ്പെടുന്ന മൂന്നു മഹാകവികൾ തുഞ്ചത്തെഴുത്തച്ഛനും മേല്പത്തൂർ ഭട്ടതിരിയും കുഞ്ചൻനമ്പ്യാരുമാകുന്നു ഇവരിൽ ഭട്ടതിരിയെ ഒരു ഭാഷാകവിയായി ഗണിക്കാൻ പാടില്ലെങ്കിലും, വിദ്വത്വംകൊണ്ടും മററും കവികളുടെ സദസ്സിൽ അദ്ധ്യക്ഷം വഹിക്കത്തക്ക യോഗ്യനായിരുന്നു. ഈ മൂന്നു കവികളേയും കുറിച്ചുള്ള ഓരോ ഐതിഹ്യങ്ങളിൽ നിന്ന് അവർ ജനനാൽ തന്നെ അസാധാരണ ബുദ്ധിശക്തിയുള്ളവരായിരുന്നു എന്നൂഹിക്കാം. ഇവരിൽ എഴുത്തച്ഛനും നമ്പ്യാരുമാണ് ഭാഷാകവികൾ. എന്നുതന്നെയല്ല, കിളിപ്പാട്ടു രീതിയിലുള്ള കവിതയുടെ പിതൃസ്ഥാനം എഴുത്തച്ഛനും, തുള്ളലിന്റെ പിതൃസ്ഥാനം നമ്പ്യാക്കും കൊടുക്കേണ്ടതാകുന്നു. ഭാഷാസാഹിത്യത്തെ തമിഴിന്റെ അധീനത്തിൽ നിന്നു വേർപെടുത്തി പരിഷ്കരിച്ച് ഒരു പുതിയരീതി നടപ്പാക്കിയത് എഴുത്തച്ഛനാണ്. ആ മഹാൻ നിമ്മിച്ച ഭാഷാരിതിയെ അനുകരിച്ച സുഗമമായ ഒരു ലളിതരീതിയിലാക്കിയ മഹാനാണ് നമ്പ്യാർ.

എഴുത്തച്ഛന്റെ ജന്മഭൂമി പൊന്നാനി താലൂക്കിൽ ചേൎന്ന വെട്ടത്തു പുതിയങ്ങാടി നഗരത്തിനു സമീപമുള്ള തൃക്കണ്ടിയൂർ ക്ഷേത്രത്തിനടുത്ത 'തുഞ്ചൻപറമ്പാകുന്നു. ഇദ്ദേഹം ജീവിച്ചിരുന്നതു കൊല്ലവഷം 700-ാമാണ്ടിനും 800-ാമാണ്ടിനും മദ്ധ്യേയാണന്നാകുന്നു വിചാരിച്ചുപോരുന്നത്. എഴുത്തച്ഛന്റെ പിതാവു മഹാപണ്ഡിതനും ജ്യൌതിഷിയുമായ ഒരു പരദേശബ്രാഹ്മണനാകുന്നു. എഴുത്തച്ഛനെ ശൈശവത്തിൽ അദ്ദേഹത്തിന്റെ മാതാവു പതി

വായി ക്ഷേത്രത്തിൽക്കൊണ്ടുപോയി സ്വാമിദർശനം ചെയ്യിക്കാറുണ്ട്. കുട്ടി നടയ്ക്കൽ നിന്നു തൊഴുമ്പോൾ, 'അമ്മെ! കാട്'' എന്നു ദിവസവും പറഞ്ഞിരുന്നതിന്റെ സാരം എന്താണെന്ന് ആരും ആലോചിക്കാറില്ല. രണ്ടുമൂന്നു വയസ്സായ ഒരു കുട്ടി അസംബന്ധമായി പലതും പറയുന്നതു സ്വാഭാവികമാകയാലാണ് കുട്ടിയുടെ വാക്കിനെ ആരും ഗൌനിക്കാതിരുന്നത്. ആ ക്ഷേത്രത്തിന്റെ മണ്ഡപത്തിലിരുന്നു ബ്രാഹ്മണർ വേദാദ്ധ്യയനം ചെയ്യാറുണ്ട്. വേദം പിഴച്ചു ചൊല്ലുന്നതിനു സാങ്കേതികമായ ഒരു വാക്കാണ് ''കാട്'' എന്നത്. ഈ കുട്ടി പറയുന്നതിന്റെ സാരം വേദം തെററി ചൊല്ലുന്നു എന്നാണെന്നു വിദ്വാനായ ഒരു 'ഓത്തനു' മനസ്സിലായി. ഒരുദിവസം മാതാവു കുട്ടിയെ തൊഴിയിച്ചു വീട്ടിലേക്കു മടങ്ങുവാൻ ഭാവിച്ചപ്പോൾ, ഒരു ബ്രാഹ്മണൻ കുറച്ചു മലരും പഴവും എടുത്ത് ''ഇതു കുട്ടിക്കു കൊടുക്കു'' എന്നു പറഞ്ഞ് എഴുത്തച്ഛന്റെ അമ്മയുടെ കയ്യിൽ കൊടുത്തു. കുട്ടിയെ കണ്ടിട്ടുള്ള വാത്സല്യംകൊണ്ടു ബ്രാഹ്മണൻ 'നിവേദിച്ചതു' കൊടുത്തതാണെന്നുള്ള വിശ്വാസത്തിന്മേൽ മാതാവ് ആ മലരും പഴവും കുട്ടിക്കു കൊടുത്തു; കുട്ടി തിന്നുകയും ചെയ്തു.

ഇങ്ങിനെ ഇരിക്കുന്ന കാലത്ത് ഒരുദിവസം എഴുത്തച്ഛന്റെ പിതാവു ദേശസഞ്ചാരംചെയ്തു വീണ്ടും തുഞ്ചൻപറമ്പിൽ ചെന്നു. പിതാവു പുത്രന്റെ യോഗക്ഷേമം അന്വേഷിച്ച കൂട്ടത്തിൽ കുട്ടി സംസാരിക്കാത്തത് എന്തുകൊണ്ടാണെന്നു ഭാൎയ്യയോടു ചോദിച്ചു. അപ്പോൾ കാൎയ്യത്തിന്റെ സൂക്ഷ്മജ്ഞാനമില്ലാത്ത ഭാൎയ്യ, മൂന്നു വയസ്സുവരെ നല്ലവണ്ണം സംസാരിച്ചിരുന്നു എന്നും ക്ഷേത്രത്തിൽ വെച്ചു ബ്രാഹ്മണൻ കൊടുത്ത മലരും പഴവും തിന്നതിൽപ്പിന്നെയാണ് മൂകനായിത്തീൎന്നതെന്നും പറഞ്ഞു. പിന്നെയും ഓ

രോ സംഗതികൾ ചോദിച്ചപ്പോൾ, ഭാൎയ്യയുടെ മറുപടിയിൽ നിന്നു ബ്രാഹ്മണനു കാൎയ്യമെല്ലാം മനസ്സിലായി. അതുകൊണ്ടു മേലിൽ വല്ലവരും കുട്ടിക്കു തിന്നാൻ കൊടുക്കുന്ന സാധനങ്ങൾ മേടിക്കരുതെന്നും ദിവസംതോറും രാവിലെ കുട്ടിക്കു കുറേശ്ശ കള്ളു കൊടുക്കണമെന്നും ബ്രാഹ്മണൻ ഭാൎയ്യയെ ശട്ടംകെട്ടി, പോവുകയും ചെയ്തു. കള്ളു ചെന്നുതുടങ്ങിയപ്പോൾ കുട്ടിയുടെ ബുദ്ധിമാന്ദ്യം നീങ്ങി, ബാലൻ പൂൎവ്വാധികം വാക്‌സാമൎത്ഥ്യം പ്രദൎശിപ്പിച്ചു തുടങ്ങി.

എഴുത്തച്ഛന്റെ സാക്ഷാൽ പേർ ശങ്കരൻ എന്നാണ്. എന്നാൽ അദ്ദേഹം മലയാളികളുടെ ഇടയിൽ 'എഴുത്തച്ഛൻ' എന്നും 'രാമാനുജൻ' എന്നുമാണ് ബഹുമാനപൂൎവ്വം വിളിക്കപ്പെടുന്നത്. അദ്ദേഹം ഒരു എഴുത്തുപള്ളി സ്ഥാപിച്ചു പഴയ സമ്പ്രദായത്തിൽ കുട്ടികളെ പഠിപ്പിച്ചിരുന്നതുകൊണ്ടാണ് അദ്ദേഹത്തിന് 'എഴുത്തച്ഛൻ' എന്ന പേർ സിദ്ധിച്ചത്. 'രാമാനുജൻ' എന്ന പേർ സിദ്ധിച്ചത് അദ്ദേഹത്തിനു രാമൻ എന്ന് ഒരു ജ്യേഷ്ഠനുണ്ടായിരുന്നതുകൊണ്ടാണ് എന്നൊരു പക്ഷമുണ്ട്. അതല്ല, വേദം, വേദാന്തം മുതലായത് അഭ്യസിപ്പിച്ച പാരദേശികനായ ഗുരുവിന്റെ സ്മരണാൎത്ഥം അദ്ദേഹത്തിന്റെ പേരായ 'രാമാനുജൻ' എന്ന അഭിധാനം സ്വീകരിച്ചതാണെന്നാകുന്നു വേറെ ഒരു പക്ഷം. എങ്ങിനെയായാലും, ഈ മഹാകവി ഈ രണ്ടു നാമധേയങ്ങളിലാണ് സുപ്രസിദ്ധനായിരിക്കുന്നത്.

എഴുത്തച്ഛന്റെ സമാനകാലീനനും ആപ്തമിത്രവുമായ മേല്പത്തൂർ നാരായണൻഭട്ടതിരിയെ കുറിച്ചും അത്ഭുതകരമായ ഒരു ഐതിഹ്യമുണ്ട്. ഈ മഹാകവി കൊല്ലവൎഷം 730-ാമാണ്ടിനും 810-ാമാണ്ടിനും മദ്ധ്യേയാണ് ജീവിച്ചിരുന്നത് എന്നാണ് ചില ലക്ഷ്യങ്ങളെ ആശ്രയിച്ചുള്ള ഊ

ഹം. ഭട്ടതിരി പ്രകൃത്യാ വളരെ കുശാഗ്രബുദ്ധിയും മനോധൎമ്മവുമുള്ള ഒരാളായിരുന്നെങ്കിലും, ബാല്യത്തിൽ ക്രമമായി വിദ്യാഭ്യാസം ചെയ്യാതെ അലസനായിരുന്നതിനാൽ, അദ്ദേഹത്തിൻെറ യൌവനദശയിൽ ഏതാനുംഭാഗം നിഷ്പ്രയോജനമാക്കിക്കളഞ്ഞു. ഭട്ടതിരിക്ക് ഒരു ഷാരത്തായിരുന്നു സംബന്ധം. അവിടെ വളരെ പണ്ഡിതനായി 'അച്യുതൻ' എന്ന പേരോടുകൂടി ഒരു പിഷാരോടി ഉണ്ടായിരുന്നു. അദ്ദേഹം കുറെ ശിഷ്യന്മാരെ കാവ്യനാടകാലങ്കാരാദികൾ വായിപ്പിച്ചിരുന്നു. ഒരു ദിവസം ഭട്ടതിരി ഭാൎയ്യയുടെ അകത്തുനിന്നു പുറത്തേക്കു കടന്നപ്പോൾ, പിഷാരോടിയുടെ ചില ഗ്രന്ഥങ്ങൾ കവെച്ചുചാടി. അബ്രാഹ്മണ്യമായ ഈ അപമൎയ്യാദകണ്ടു പിഷാരോടി ഭട്ടതിരിയെ "അനക്ഷരകുക്ഷി" എന്നും മററും പറഞ്ഞു വളരെ ആക്ഷേപിച്ചു. കുശാഗ്രബുദ്ധിയായ ഭട്ടതിരിക്കു പിഷാരോടിയുടെ ആക്ഷേപം ന്യായമാണെന്നു തോന്നുകയാൽ, അന്നുമുതൽ അദ്ദേഹം പിഷാരോടിയുടെ ശിഷ്യനായി വിദ്യാഭ്യാസം ആരംഭിച്ചു. അതിബുദ്ധിശാലിയായ ഭട്ടതിരി അല്പകാലത്തിനുള്ളിൽ, വേദം ഒഴിച്ചു, സകല വിദ്യകളും പഠിച്ചു എന്നു പറയേണ്ടതില്ലല്ലൊ. പിഷാരോടി വേദാദ്ധ്യയനം ചെയ്യിക്കാൻ അൎഹനല്ലായ്കയാലും, ഭട്ടതിരി വേറെ ഒരു ഗുരുവിനു ശിഷ്യപ്പെടുന്നതല്ലെന്നു ശഠിച്ചതിനാലും, ഒരു ബ്രാഹ്മണൻ വേദപാഠങ്ങൾ പിഷാരോടിക്കു ചൊല്ലിക്കൊടുത്ത്, അതുപ്രകാരം പിഷാരോടി ഭട്ടതിരിയെ പഠിപ്പിക്കുകയാണ് ചെയ്തത്. ഭട്ടതിരിയുടെ വേദാദ്ധ്യയനം പൂൎത്തിയായപ്പോൾ, അൎഹതയില്ലാത്ത പ്രവൃത്തി ചെയ്ത പിഷാരോടി കുഷ്ഠരോഗിയായിത്തീൎന്നു. തനിക്കുപകാരം ചെയ്ത ഗുരുനാഥൻെറ കഷ്ടാവസ്ഥ കണ്ടു വിശാലമനസ്കനായ ഭട്ടതിരി കൃതജ്ഞതാപൂൎവ്വം ഗുരുദക്ഷിണയായി, പണ്ടു പൂ

രു തന്റെ യൌവനം പിതാവായ യയാതിക്കുകൊടുത്തു പിതാവിന്റെ ജരാനര വാങ്ങിയതു പോലെ, തന്റെ ആരോഗ്യം ഗുരുനാഥനു കൊടുത്ത് അദ്ദേഹത്തിന്റെ രോഗം സ്വീകരിച്ചു. ബുദ്ധിശക്തിയും സങ്കല്പശക്തിയുമുള്ള ആത്മജ്ഞാനികൾക്ക് ഇതൊന്നും അസാദ്ധ്യമല്ല. ഭട്ടതിരി ഒടുവിൽ രോഗാതുരനായി ഗുരുവായൂർ ക്ഷേത്രത്തിൽ ഭജനം തുടങ്ങി. വളരെനാൾ ഭജിച്ചിട്ടും രോഗത്തിൽ നിന്നു നിവൃത്തനാകാൻ സാധിക്കാതെ കുഴങ്ങുമ്പോൾ, എഴുത്തച്ഛന്റെ ഉപദേശപ്രകാരം ''നാരായണീയം'' എന്ന വിശിഷ്ടഗ്രന്ഥം നിമ്മിക്കുവാൻ ആരംഭിക്കുകയും അതു പൂൎത്തിയായതോടുകൂടി അരോഗദൃഢഗാത്രനായിത്തീരുകയും ചെയ്തു. നാരായണീയം ഉണ്ടാക്കിത്തീൎന്നത്, ''ആയുരാരോഗ്യസൌഖ്യം'' എന്ന കലിദിനസംഖ്യകൊണ്ടു നിൎണ്ണയിക്കുമ്പോൾ, കൊല്ലവൎഷം 762-ാമാണ്ടിലാണെന്നു തെളിയുന്നുണ്ട്. ഈ കൃതിയിൽ നിന്ന് ഈ മഹാകവിയുടെ അനിതരസാധാരണമായ ബുദ്ധിശക്തിയും ഈശ്വരഭക്തിയും ആത്മജ്ഞാനവും വിശദമാകുന്നതാണ്.

കുഞ്ചൻനമ്പ്യാരുടെ ജന്മഭൂമി 'കിള്ളിക്കുറിശ്ശിമംഗല'മാണ്, അദ്ദേഹത്തിന്റെ ഭവനപ്പേർ 'കലക്കത്ത്'' എന്നാകുന്നു. വളരെ പതിവ്രതയായ മാതാവ് ഒരു ബ്രാഹ്മണോത്തമന്റെ അനുഗ്രഹംകൊണ്ടു പ്രസവിച്ചുണ്ടായ പുത്രനാകുന്നു ഈ മഹാകവി. ബ്രാഹ്മണരുടെ ആഭിചാരം മൂലം എഴുത്തച്ഛൻ മൂകനായി. എന്നാൽ, കുഞ്ചൻനമ്പ്യാർ ഈവക കാരണങ്ങൾ ഒന്നുമില്ലാതെതന്നെ ബാല്യത്തിൽ മൂകനായിരുന്നുവത്രെ. പുത്രന്റെ മന്ദബുദ്ധി കണ്ടു മാതാപിതാക്കന്മാർ അത്യന്തം വ്യസനിച്ചു, കുട്ടിയെ കിള്ളിക്കുറിശ്ശി ക്ഷേത്രത്തിൽ ഒരുകൊല്ലം ഭജിപ്പിക്കുകയും ഭജനം 'കാലംകൂടാ'റായപ്പോഴെക്കും കുട്ടി നല്ലവണ്ണം സംസാരിച്ചു

തുടങ്ങുകയും ചെയ്തു. സംസാരിച്ചുതുടങ്ങിയെന്നു മാത്രമല്ല, സംസാരത്തിൽ അസാമാന്യമായ ബുദ്ധിശക്തിയും 'ഫലിതവും' പ്രദർശിപ്പിച്ചുതുടങ്ങി. ഇദ്ദേഹത്തിന്റെ ജനനം കൊല്ലവർഷം 880-ാമാണ്ടിലാകുന്നു. 945-ാമാണ്ടിൽ ഒരു പേപ്പട്ടികടിച്ചാണ് ഇദ്ദേഹം മരിച്ചത്.

നമ്പ്യാർ ജാതിയിൽ പൂണൂലില്ലാത്ത 'ചാക്യാർ' നമ്പ്യാരായിരുന്നു. പഴയസമ്പ്രദായം അനുസരിച്ചു നമ്പ്യാർ ബാല്യത്തിൽ കാവ്യങ്ങളും മററും പഠിച്ചു സംസ്കൃതത്തിൽ ഒരുവിധം വ്യുല്പത്തി സമ്പാദിച്ചു. ഈ വർഗ്ഗക്കാരുടെ ജോലി ചാക്യാർകൂത്തിനു മിഴാവുകൊട്ടുകയാകുന്നു. ഒരുദിവസം ചാക്യാരും നമ്പ്യാരും തമ്മിൽ അല്പം ഒരു ശണ്ഠയുണ്ടായതിനാൽ, പ്രകൃത്യാ സ്വതന്ത്രശീലനായ നമ്പ്യാർ മിഴാവുകൊട്ടുന്ന ജോലി വേണ്ടെന്നുവെച്ചു. അതിനുശേഷം, കൂത്തിനേക്കാൾ സദസ്യരെ അധികം രസിപ്പിക്കുന്നതായ 'തുള്ളൽ' എന്ന പുതിയതരം കവിത നിർമ്മിക്കുവാനാണ് ഈ മഹാകവി അദ്ദേഹത്തിന്റെ കവിതാവാസനയും വ്യുല്പത്തിയും ഉപയോഗിച്ചത്. നമ്പ്യാരുടെ ആയുഷ്കാലത്തിൽ അധികഭാഗവും കഴിച്ചുകൂട്ടിയത് അമ്പലപ്പുഴയിലും തിരുവനന്തപുരത്തുമാകുന്നു. കൊല്ലവർഷം 923-ാമാണ്ടിൽ ചെമ്പകശ്ശേരിരാജ്യം തിരുവിതാംകൂറിലേക്ക് അടങ്ങുന്നതുവരെ നമ്പ്യാരുടെ താമസം അമ്പലപ്പുഴയിലായിരുന്നു. അതിനുശേഷം മാർത്താണ്ഡവർമ്മ മഹാരാജാവിനാലും അദ്ദേഹത്തിന്റെ അനന്തരവനായ മഹാരാജാവിനാലും പൂജിതനായി തിരുവനന്തപുരത്തുമാണ് അദ്ദേഹം താമസിച്ചിരുന്നത്.

മലയാളഭാഷയുള്ള കാലത്തോളം 'തുഞ്ചനും കുഞ്ചനും' യശശ്ശരീരികളായി എല്ലാമലയാളികളുടേയും കുടുംബങ്ങളിൽ സ്ഥിതിചെയ്യുന്നതാണ്. ഈ രണ്ടു മഹാകവികളും അവ

രുടെ കവിതകൾ മുഖേന മലയാളഭാഷയുടെ ഉൽക്കഷ്ഠത്തേയും മലയാളികളുടെ സദാചാരനിരതത്വത്തേയും വൎദ്ധിപ്പിക്കുവാനാണ് ശ്രമിച്ചിരിക്കുന്നത്. എഴുത്തച്ഛൻ ഭക്തനും ജ്ഞാനിയുമായിരുന്നതിനാൽ, ഈശ്വരഭക്തികൊണ്ടു ലൌകികമായ സകല സൌഖ്യങ്ങളും സമ്പാദിക്കാമെന്ന് അദ്ദേഹത്തിൻെറ കൃതികൾ മൂലം മലയാളികളെ ബോദ്ധ്യപ്പെടുത്തി. കാമക്രോധലോഭമോഹാദി ദുൎഗ്ഗുണങ്ങളെ മനുഷ്യർ ഹൃദയത്തിൽ നിന്നു ദൂരീകരിച്ചു സദ്വൃത്തന്മാരായിത്തീൎന്നാൽ മാത്രമേ അവൎക്ക് ഈശ്വരകാരുണ്യവും തന്മൂലമായ സുഖാനുഭവവും സിദ്ധിക്കുകയുള്ളു എന്നാണ് നമ്പ്യാർ അദ്ദേഹത്തിൻെറ കൃതികൾ മുഖേന മലയാളികളെ പഠിപ്പിച്ചത്. എഴുത്തച്ഛൻ സൽപ്പാത്രങ്ങളെ അനുകരിക്കാനുള്ള ഉത്തമദൃഷ്ടാന്തങ്ങളേയും നമ്പ്യാർ ദുർവൃത്തിമൂലം മനുഷ്യർ അനുഭവിക്കുന്ന സങ്കടങ്ങളെ അനുഭവപ്പെടുത്തി അവയെ ഉപേക്ഷിച്ചു സദ്വൃത്തരായിരിക്കാനുള്ള മാൎഗ്ഗത്തേയും ഉപദേശിച്ചിരിക്കുന്നു. തുഞ്ചനും കുഞ്ചനും മലയാളസാഹിത്യനഭോമണ്ഡലത്തിൽ പ്രശോഭിക്കുന്ന സൂൎയ്യചന്ദ്രന്മാരാകുന്നു.

---

## പാഠം ൧൫.

## സ്വയംഭരണം..

രാഷ്ട്രീയവിഷയത്തിൽ 'സ്വയംഭരണം' എന്നു പറയുന്നത് എന്താണെന്നു നിങ്ങൾ 'പഞ്ചായത്ത്' എന്ന പാഠത്തിൽ നിന്ന് ഏകദേശം ഒന്നു ഗ്രഹിച്ചിട്ടുണ്ടല്ലോ. പഞ്ചായത്തുകൾ വില്ലേജുകൾ വേറെവേറെ സ്വതന്ത്രമായി ഭരിക്കുവാനുള്ള ഏൎപ്പാടാകുന്നു. അനേകം വില്ലേജുകൾകൂടിയതാണ് ഒരു താലൂക്ക്; ഒന്നിലധികം താലൂക്കുക

ൾചേൎന്ന രാജ്യവിഭാഗമാകുന്നു ഡിസ്ത്രിക്ക്. ഒരു താലൂക്കിലെ ഭരണം "താലൂക്ക്ബോർഡ്" മുഖേനയും ഡിസ്ത്രിക്കിലെ ഭരണം "ഡിസ്ത്രിക്ക്ബോർഡ്" മുഖേനയുമാണ് നടത്തേണ്ടത്.

ഇപ്പോൾ നമ്മുടെ നാട്ടുകളിൽ ഒരു താലൂക്കിൻെറ ഭരണം പ്രധാനമായി ഗവൎമ്മേണ്ട് ഉദ്യോഗസ്ഥനായ താസിൽദാരിലും അദ്ദേഹത്തിൻെറ കീഴുദ്യോഗസ്ഥന്മാരായ പാൎവ്വത്യക്കാർ മുതലായവരിലുമാണ് സ്ഥിതിചെയ്യുന്നത്. ഈ ഉദ്യോഗസ്ഥന്മാൎക്കു നികുതി ചുമത്തുക, നികുതി പിരിക്കുക മുതലായ ജോലിത്തിരക്കുകൊണ്ട് ആ താലൂക്കിൻെറ ക്ഷേമത്തിന്നും അഭിവൃദ്ധിക്കും വേണ്ടുന്ന മാൎഗ്ഗങ്ങൾ ആലോചിക്കുവാനും നടത്തുവാനും സൌകൎയ്യമില്ല. എന്നാൽ, ഈ ഉദ്യോഗസ്ഥന്മാർ അതതു താലൂക്കിൻെറ സകല സ്ഥിതികളേയും കുറിച്ചു ഗ്രഹിക്കുവാൻ സൌകൎയ്യമില്ലാത്തവരാകയാൽ, അവരേക്കാൾ ജനങ്ങളുടെ സൂക്ഷ്മസ്ഥിതികൾ അനുഭവിച്ചു പരിചയിച്ചിട്ടുള്ള നാട്ടുകാരുടെ സഹായം ഭരണവിഷയത്തിൽ അവൎക്കു വലിയ സഹായമായിരിക്കും. ഇങ്ങിനെ താലൂക്കിലെ പ്രധാനഉദ്യോഗസ്ഥന്മാരും കാൎയ്യപ്രാപ്തിയും പരോപകാരതല്പരതയുമുള്ള ഏതാനും നാട്ടുകാരും ചേൎന്നു താലൂക്കിൽപ്പെട്ട ദേശങ്ങളിലെ ജനങ്ങളുടെ ക്ഷേമത്തെ ആലോചിച്ചു പ്രവൃത്തിക്കുവാൻ ഏൎപ്പെടുത്തിയിരിക്കുന്ന ഒരു പ്രതിനിധിസഭയാകുന്നു "താലൂക്ക് ബോർഡ്".

താലൂക്ക് ബോർഡിൻെറ പ്രധാന ചുമതല ആ താലൂക്കിലെ കൃഷിയുടെ സംരക്ഷണം, ഗതാഗതമാൎഗ്ഗങ്ങളെ നിൎമ്മിക്കുക, അവയുടെ കേടു പോക്കി സൂക്ഷിക്കുക, കച്ചവടത്തിൻെറ അഭിവൃദ്ധിക്കു വേണ്ടുന്ന ചന്തകൾ ഏൎപ്പെടുത്തുക മുതലായവയാകുന്നു. ഭരണീയന്മാരുടെ അഭിപ്രായ

ത്തോട്ടുകൂടിയ രാജ്യഭരണമാണ് സുകരവും തൃപ്തികരവു മാകുന്നത്. വില്ലേജ്പഞ്ചായത്തുകളോട്ടുകൂടിയ ഒരു താലൂക്കിലെ ഭരണം അതിലെ താലൂക്ക്ബോർഡിൽ സ്ഥിതി ചെയ്യുന്നതുകൊണ്ട് അവിടത്തെ ജനങ്ങളുടെ ആവശ്യങ്ങളേയും അനാവശ്യങ്ങളെയും എളുപ്പത്തിൽ ഗ്രഹിച്ചു നിവ്വഹിക്കാൻ കഴിയുന്നതാണ്. ഈവിധം ഏപ്പാടുകളോടുകൂടിയ താലൂക്കുകളെ ഭരിക്കുന്നതിനാണ് ഡിസ്ട്രിക്ട് ബോർഡുകൾ സ്ഥാപിക്കുന്നത്. ജനങ്ങളുടെ പ്രതിനിധികളോടു ചേന്നു ഭരിച്ചുവരുന്ന ബോർഡുകളുടെ പ്രാതിനിധ്യം വഹിച്ച അംഗങ്ങളോട്ടുകൂടിയ നിയമനിമ്മാണസഭയാണ് മററൊരു ഭരണതന്ത്രം. സകല രാജ്യകായ്യങ്ങളും ഏതാദൃശമായ സഭകളുടെ അന്വേഷണത്തിലും ഉപദേശത്താലും നടത്തപ്പെടുന്നതാണ് ഏററവും ഗുണകരമായ രാജ്യഭരണ സമ്പ്രദായം. ഇപ്പോൾ സകല പരിഷ്കൃതരാജ്യങ്ങളിലും ഈ സമ്പ്രദായമാണ് നടപ്പ്. ഈ സമ്പ്രദായത്തിൽ നിന്നു ജനങ്ങൾക്ക് അവരവരുടെ അവകാശങ്ങളും ചുമതലകളും അറിവാൻകഴിയുന്നതുകൊണ്ടു നാട്ടുകാരുടെ ഇടയിൽ സമാധാനവും സംതൃപ്തിയും വദ്ധിക്കാതെ നിവൃത്തിയില്ല.

സ്വയംഭരണം എന്ന ഏപ്പാടിൽ "മുൻസിപ്പാലിററി" എന്നൊരു ഭരണവിഭാഗമുണ്ട്. ഇത് ഓരോ പട്ടണങ്ങളിലെ ജനങ്ങളുടെ സുഖാവസ്ഥയെ വദ്ധിപ്പിക്കുവാനുള്ള ഒരു ഭരണയന്ത്രമാകുന്നു. ഒരു പട്ടണത്തെ അതിന്റെ വലിപ്പവും ജനസംഖ്യയും അനുസരിച്ചു പല വിഭാഗങ്ങളായി തിരിച്ച്, ഓരോ വിഭാഗത്തിൽ നിന്നു ജനങ്ങളാൽ, നിയമാനുസരണം, തിരഞ്ഞെടുക്കപ്പെട്ട ഓരോ പ്രതിനിധികളോട്ടുകൂടിയ ഒരു ഭരണസംഘമാകുന്നു "മുൻസിപ്പൽ കൌൺസിൽ". ഈ സംഘത്തിൽ ഒരു അദ്ധ്യക്ഷനും ഉണ്ടായിരിക്കും. ജനപ്രതിനിധികൾ കൂടാതെ പട്ടണത്തി

ലെ പ്രധാനവൈദ്യനും എഞ്ചിനിയരും റവന്യു ഉദ്യോഗസ്ഥനും ഈ സംഘത്തിലെ അംഗങ്ങളായിരിക്കും. സംഘത്തിലെ അംഗങ്ങൾ ക്ലിപ്തമായ ശമ്പളമൊ മററു പ്രതിഫലമൊ ആവശ്യപ്പെടാതെ പൊതുജനക്ഷേമത്തെ മാത്രം ആഗ്രഹിച്ചു പ്രവൃത്തിക്കുന്നവരാകുന്നു.

മുൻസിപ്പാലിററിയുടെ അധികാരങ്ങളും ചുമതലകളും എല്ലാ രാജ്യത്തും ഏറെക്കുറെ ഒന്നുപോലെയാണെങ്കിലും, ഓരോ പട്ടണങ്ങളുടെ അവസ്ഥയെ അനുസരിച്ചു കൂടിയും കുറഞ്ഞുമിരിക്കും. ഒരു പട്ടണത്തിൽ താമസിക്കുന്ന ജനങ്ങളുടെ സുഖാവസ്ഥയെ വൎദ്ധിപ്പിക്കുന്നതിനുള്ള ഒരു ഏൎപ്പാടാണ് ഇതെന്നു പറഞ്ഞുവല്ലൊ. നഗരശുചീകരണമാണ് ഈ സംഘത്തിൻെറ ചുമതലകളിൽ പ്രധാനം. പട്ടണങ്ങളിൽ കച്ചവടം മുതലായ പല വ്യവസായങ്ങൾകൊണ്ടും മററും ജനബാഹുല്യമുണ്ടാകുന്നതിനാൽ, പലപ്രകാരത്തിലും തെരുവുകളും മററും അശുചിയായിത്തീരുന്നതാണ്. അശുചി വൎദ്ധിച്ചു പല വിഷജന്തുക്കളും പട്ടണത്തിൽ വ്യാപിക്കുമ്പോൾ, രോഗബീജങ്ങൾ ഉണ്ടാവുകയും തന്മൂലം സാംക്രമികരോഗങ്ങൾ ബാധിക്കുകയും ചെയ്യും. ഇങ്ങിനെയുള്ള ആപത്തുകൾ സംഭവിക്കാതിരിക്കുവാൻ തെരുവുകളിലും മററുമുള്ള മലിനവസ്തുക്കളെ അതാതുസമയം നീക്കംചെയ്ത് ആ സ്ഥലങ്ങൾ വൃത്തിയായി സൂക്ഷിക്കേണ്ടതിനു പ്രത്യേകം വേലക്കാരെ നിയമിക്കുന്നതും അവരെക്കൊണ്ടു വേല ചെയ്യിക്കുന്നതും മുൻസിപ്പൽ സംഘക്കാരാകുന്നു. നഗരങ്ങളിൽ വിഷൂചിക, വസൂരി മുതലായ സാംക്രമികരോഗങ്ങൾ ബാധിച്ചാൽ, അവ പട്ടണത്തിൻെറ നാനാഭാഗങ്ങളിലും വ്യാപിക്കാതിരിക്കുവാൻ വേണ്ടുന്ന മുൻകരുതലുകൾ ചെയ്യുന്നതും മററും ഈ സംഘക്കാരാണ്. രാത്രികാലങ്ങളിൽ ജനങ്ങളുടെ ആവശ്യത്തി

ന്നു തെരുവുകളിൽ വിളക്കുകൾ വെക്കുന്നതും ഇവരുടെ മേലന്വേഷണത്തിലാകുന്നു. ചില സ്ഥലങ്ങളിൽ മുൻസിപ്പാലിററിക്കാരുടെ വകയായി ആസ്സത്രികൾ, വിദ്യാലയങ്ങൾ മുതലായ സ്ഥാപനകളും ഉണ്ടായിരിക്കും. ഈവക ചിലവിലേക്കു വേണ്ടുന്ന മുതൽ ഗവമ്മേണ്ടിൽ നിന്ന് അനുവദിക്കുന്ന സഹായധനവും, ചുങ്കം, ഭവനനികുതി, ആദായനികുതി, വാഹനനികുതി, മൃഗനികുതി മുതലായ നികുതികളുമാകുന്നു. ഈവക നികുതികൾ ചുമത്തുവാനും പിരിക്കുവാനും ഗവമ്മേണ്ട് ഈ സംഘക്കാൎക്ക് അധികാരം കൊടുത്തിട്ടുണ്ട്. രാജ്യഭരണം ഇങ്ങിനെ ഓരോ വിഭാഗമായി ക്ലിപ്തപ്പെടുത്തിയ അതൃത്തി നിശ്ചയിച്ച നാട്ടുകാരെത്തന്നെ ചുമതലപ്പെടുത്തി രാഷ്ട്രീയകാൎയ്യങ്ങൾ നടത്തുന്ന സമ്പ്രദായത്തിനാണ് 'സ്വയംഭരണ'മെന്നു പേർ പറയുന്നത്.

---

പാഠം ൧൩.

## നളൻ.

ഹിന്തുക്കളുടെ പുരാണകഥകളിൽ വെച്ച് ഏററവും പ്രചാരമുള്ള കഥ നളന്റെ ചരിത്രമാകുന്നു. ജനങ്ങൾക്കു നളചരിതത്തിൽ ഇത്ര വളരെ പ്രതിപത്തി ജനിക്കുവാനുള്ള കാരണം അതിലെ നായികാനായകന്മാരുടെ ദൃഷ്ടാന്തയോഗ്യമായ ലൌകികജീവിതക്രമം തന്നെയാണ്. നളന്റെ ശൌൎയ്യം, ധൈൎയ്യം, സൌന്ദൎയ്യം മുതലായ സഹജഗുണങ്ങളും സത്യസന്ധതയും ധൎമ്മനിഷ്ഠയും ജനരഞ്ജനയും അനിതരസാധാരണമായിരുന്നു. നളൻ ഇപ്പോഴത്തെ 'രാജപുത്താന'യിൽ ഉണ്ടായിരുന്ന 'നിഷധം' എന്ന രാജ്യത്തെ രാജാവായിരുന്നു. ഇദ്ദേഹത്തിന്റെ അച്ഛ

ന്റെ പേർ വീരസേനൻ എന്നാണ്. ചരിത്രലക്ഷ്യപ്രകാരം ആലോചിക്കുന്നതായാൽ, നളൻ അയോദ്ധ്യാധിപനായ ഋതുപർണ്ണന്റെ സമാനകാലീനനാകകൊണ്ടു 3700 സംവത്സരങ്ങൾക്കു മുമ്പാണ് ജീവിച്ചിരുന്നത് എന്നു കാണുന്നുണ്ട. വീരസേനമഹാരാജാവിനു രണ്ടു ഭാര്യമാരുണ്ടായിരുന്നവരിൽ ക്ഷത്രിയസ്ത്രീയിൽ ജനിച്ച മൂത്ത പുത്രനായിരുന്നു നളൻ. വീരസേനനു ശൂദ്രയായ മറെറഭാര്യയിൽ പുഷ്കരൻ എന്നൊരു പുത്രനും ഉണ്ടായിരുന്നു.

പിതാവിന്റെ കാലശേഷം നളൻ സിംഹാസനാരോഹണം ചെയ്തു ഉടനെ ജനങ്ങളെ തന്നിൽ രഞ്ജിപ്പിക്കുവാൻ വേണ്ടി പ്രജകളുടെ ഹിതാനുസാരേണ പല പരിഷ്കാരങ്ങളും രാജ്യത്ത് ഏപ്പെടുത്തി. സ്വപ്രജകൾക്കു ക്ഷേമവും സംതൃപ്തിയും ഉണ്ടാക്കിയതിനു ശേഷം നയകോവിദനായ നളൻ തന്റെ ശൌര്യപരാക്രമങ്ങൾകൊണ്ട് അയൽരാജാക്കന്മാരെ കീഴടക്കി മഹാരാജാവായി വാണു. നളന്റെ ശൌര്യപരാക്രമങ്ങളുടെ കീർത്തി പോലെതന്നെ സൌന്ദര്യത്തിന്റെ കേൾവിയും നാടെങ്ങും വ്യാപിച്ചു.

'വിദർഭം', അല്ലെങ്കിൽ ഇപ്പോഴത്തെ 'ബീറാർ' എന്ന രാജ്യം അക്കാലത്തു വാണിരുന്നതു 'ഭീമൻ' എന്ന മഹാരാജാവാണ്. അന്നു വിദർഭത്തിലെ തലസ്ഥാനം കുണ്ഡിനമായിരുന്നു. കുണ്ഡിനാധിപനായ ഭീമമഹാരാജാവിന് അനിതരവനിതാസാധാരണമായ സൌന്ദര്യൌദാര്യാദിഗ്ഗുണങ്ങളോടുകൂടിയ ഒരു പുത്രിയുണ്ടായിരുന്നു. നളന്റെ കീർത്തി പോലെ തന്നെ ദമയന്തിയുടെ സൌന്ദര്യാദിഗ്ഗുണങ്ങളെക്കുറിച്ചുള്ള വിശ്രുതി സകല രാജധാനികളിലും വ്യാപിച്ചു. അന്യോന്യഗ്ഗുണശ്രവണത്താൽ യൌവനയുക്തരായ ദമയന്തിനളന്മാർക്കു പരോക്ഷാനുരാഗം ജനിച്ചു.

പുത്രിക്കു വിവാഹകാലം അടുത്തപ്പോൾ, ഭീമരാജാവു

പുരാതന ക്ഷത്രിയധമ്മമനുസരിച്ച സ്വയംവരം തീച്ച്യാക്കി. ഈ വത്തമാനം ദിക്പാലന്മാരായ ഇന്ദ്രാദികൾ ഗ്രഹിച്ചപ്പോൾ, ദമയന്തിയെ അവരിൽ ആരെങ്കിലും ഒരാൾക്കു കല്യാണം ചെയ്യാൻ തരമുണ്ടോ എന്നു നോക്കേണമെന്ന് അവർ നിശ്ചയിച്ചു. ഭീമരാജാവു പുത്രിയുടെ സ്വയംവരത്തിനായി നാനാരാജാക്കന്മാരേയും ക്ഷണിച്ചു. സ്വയംവരത്തിനായി നളൻ പരിവാരസമേതം കണ്ഡിനത്തിലേക്കു പോകും വഴിയിൽ ഇന്ദ്രൻ മുതലായ ദേവന്മാരെ കണ്ടെത്തി. പരേംഗിതജ്ഞന്മാരായ ദേവന്മാക്കു നളൻെറ ഉദ്ദേശവും അഭിലാഷവും അറിയാമായിരുന്നു എങ്കിലും, അദ്ദേഹത്തിൻെറ സത്യസന്ധതയേയും ധമ്മനിഷ്ഠയേയും പരീക്ഷിക്കുവാൻ വേണ്ടി, അവർ മുൻകൂട്ടി അദ്ദേഹത്തിനോട് ഒരു വാഗ്ദത്തം സമ്പാദിച്ചതിനുശേഷം, അവരുടെ ദൂതനായി ദമയന്തിയുടെ സമീപത്തു ചെന്ന് അവരിൽ ഒരാളെ ഭത്താവായി വരിക്കണമെന്ന് അപേക്ഷിക്കുവാൻ ആജ്ഞാപിച്ചു. അത്ഥികളുടെ വാസ്തവവും അത്ഥനത്തിൻെറ പ്രകൃതവും ഗ്രഹിക്കാതെ വാഗ്ദാനം ചെയ്താൽ, സത്യസന്ധന്മാർ ധമ്മസങ്കടത്തിൽ അകപ്പെട്ടുമെന്നു ദമയന്തികാമുകനായ നളന് അപ്പോൾ അനുഭവമായി. എങ്കിലും ധമ്മപാശബദ്ധനായ നളൻ സത്യപരിപാലനാത്ഥം ദൗത്യം വഹിക്കാമെന്നു സമ്മതിച്ചു. രാജ്യപാദവികൾ കൂടാതെ കണ്ഡിനത്തിൽ ചെന്നു ദമയന്തിയെ കണ്ടു, യഥാത്ഥദൂതന്മാരുടെ വാക്ചാതുയ്യത്തോടുകൂടി ദേവന്മാരുടെ സന്ദേശം ദമയന്തിയെ ഗ്രഹിപ്പിച്ചു. ദേവന്മാരുടെ വക്കാലത്തു സ്വീകരിച്ച സ്ഥിതിക്ക് എതൃകക്ഷിയുടെ അയോഗ്യതകളെക്കുറിച്ചു പ്രസ്താവിക്കുന്നില്ലെങ്കിലും, തൻെറ കക്ഷിയുടെ യോഗ്യതകളെക്കുറിച്ചു പുകൾത്തേണ്ട കടമ നളനുണ്ടായിരുന്നു. അതുകൊണ്ടു ധമ്മനിഷ്ഠനായ നളന് ആ കായ്യത്തിൽ ത

ൻെറ മുറ ചെയ്യുന്നതിന് ഒട്ടും വൈമനസ്യം ഉണ്ടായില്ല. നളൻെറ ഏതാദൃശമായ സത്യസന്ധതയും ധമ്മനിഷ്ഠയും കണ്ടപ്പോൾ, ദമയന്തിക്ക് അദ്ദേഹത്തെക്കുറിച്ച കേൾവിമൂലമുണ്ടായ സ്നേഹബഹുമാനങ്ങൾ പൂർവ്വാധികം വദ്ധിച്ചതേയുള്ളു. എങ്കിലും ദമയന്തി, ''എന്നാൽ ദേവന്മാരും സ്വയംവരത്തിൽ സന്നിഹിതരാവട്ടെ; അവരുടെ സമക്ഷം ഞാൻ അങ്ങയെ വരിച്ചുകൊള്ളാ''മെന്ന് ഒരു സമാധാനവും പറഞ്ഞയച്ചു.

ദമയന്തി നാനാരാജാക്കന്മാർ നിറഞ്ഞ സ്വയംവരരംഗത്തിൽ പ്രവേശിച്ചു നളനെ മാലയിടാൻ ചെന്നപ്പോൾ, അവിടെ ഒരു നളനു പകരം അഞ്ചു നളന്മാരെയാണ് കണ്ടത്. ദേവന്മാരുടെ മായമാണെന്നു ദമയന്തി ഊഹിച്ചു. ഉടനെ ദമയന്തി ആശ്രിതവത്സലന്മാരായ ദേവന്മാരോടു താൻ ഹൃദയംകൊണ്ടു വരിച്ച വരനെ കാണിച്ചുതരണമെന്നു പ്രാത്ഥിച്ചതുപ്രകാരം അവർ അവരുടെ സ്വന്തരൂപങ്ങളെ പ്രകാശിപ്പിക്കുകയും കന്യക യഥാത്ഥനളനെ മാലയിടുകയും ചെയ്തു. നളൻെറ സത്യധമ്മാദിഗുണങ്ങളിൽ സന്തുഷ്ടരായ ദേവന്മാർ അദ്ദേഹത്തെ അനുഗ്രഹിച്ചു രംഗത്തിൽ നിന്ന് അന്തദ്ധാനവും ചെയ്തു. ഈ സംഭവം കണ്ടു വിസ്മിതരായ രാജാക്കന്മാർ, പതിവുപോലെ ആശാഭംഗം മൂലം കലഹമുണ്ടാക്കാതെ, വധൂവരന്മാരെ ആശിർവ്വദിച്ചു താന്താങ്ങളുടെ രാജ്യങ്ങളിലേക്കു സ്വൈരമായി മടങ്ങിപ്പോയി.

നളൻ വിവാഹാനന്തരം പത്നീസമേതം സ്വരാജ്യത്തെ പ്രാപിച്ചു സുഖമായി പന്ത്രണ്ടു സംവത്സരം രാജ്യം ഭരിച്ചു. ഈ കാലത്തിനിടയിൽ അദ്ദേഹത്തിന് 'ഇന്ദ്രസേനനൻ' എന്നൊരു പുത്രനും 'ഇന്ദ്രസേന' എന്നൊരു പുത്രിയും ജനിച്ചു. നളമഹാരാജാവ് ഇങ്ങിനെ സകല

സുഖങ്ങളും അനുഭവിച്ചു രാജ്യം ഭരിച്ചുകൊണ്ടിരിക്കുന്ന കാലത്ത് അദ്ദേഹത്തിൻെറ കനിഷ്ഠഭ്രാതാവായ പുഷ്കരൻ ദുഷ്ടന്മാരുടെ ദുരുപദേശപ്രകാരം രാജാവിനെ ചൂതു പൊരുതുവാൻ ക്ഷണിച്ചു. യുദ്ധത്തിന്നും ദ്യൂതത്തിന്നും ക്ഷണിച്ചാൽ, ആ ക്ഷണനം സ്വീകരിക്കേണ്ടതു ക്ഷത്രിയ ധൎമ്മമാകുന്നു. അതുകൊണ്ടു നളനു ചൂതു പൊരുതാതെ കഴിച്ചുകൂട്ടുവാൻ തരമുണ്ടായിരുന്നില്ല. പുഷ്കരനോടു ചൂതിൽ ജയിക്കാമെന്ന വിചാരമുണ്ടായിരുന്നില്ലെന്നു മാത്രമല്ല, തൻെറ ആശ്രിതനായിരുന്ന ഒരുവൻ പെട്ടെന്നു തന്നോടു സമനാണെന്നു ഭാവിച്ചെത്തുക്കുമ്പോൾ, അവനു തന്നെ ജയിക്കത്തക്ക ഒരു ശക്തി സിദ്ധിച്ചിട്ടുണ്ടെന്നു നളൻ വിചാരിക്കാതേയുമിരുന്നില്ല. എങ്കിലും, ക്ഷത്രിയ ധൎമ്മം ഉപേക്ഷിക്കാൻ പാടില്ലാത്തതുകൊണ്ടാണ് നളൻ, വൈമനസ്യത്തോടുകൂടെയെങ്കിലും, ചൂതിനു സമ്മതിച്ചത്. ചൂതിൽ നളൻ തോററു തുടങ്ങിയപ്പോൾ, പുഷ്കരന് ഉത്സാഹവും നളനു വാശിയും വൎദ്ധിച്ചു. ദ്യൂതത്തിനുള്ള ഒരു ശാപമാണ് ഇതു്. ചുരുക്കിപ്പറയുന്നതായാൽ, നളൻെറ ഏകവസ്ത്രം ഒഴികെ മററുള്ള സകല സ്വത്തുക്കളും പുഷ്കരന്ന് അധീനമായി.

നളൻ ആലോചനാബുദ്ധി കൂടാതെ ദ്യൂതത്തിൽത്തന്നെ ഏകാഗ്രചിത്തനായിരിക്കുന്നതു കണ്ടപ്പോൾ, സ്ത്രീകൾക്കു സഹജമായ ആപച്ഛങ്കയോടുകൂടി ദമയന്തി അവരുടെ സന്തതിമിഥുനത്തെ പൈതൃകമായ തേരിൽ കയററി വാർഷ്ണേയ സാരഥിയെ ഏല്പിച്ചു കുണ്ഡിനത്തിലേക്ക് അയച്ചു. ഒടുവിൽ ഈ രാജദമ്പതിമാർ രാജ്യഭ്രഷ്ടരായി നാടുവിട്ടു കാട്ടുകേറി. അവർ അലഞ്ഞു നടന്ന് ഒടുവിൽ രാത്രിയായപ്പോൾ, വനപ്രദേശത്തുള്ള ഒരു വഴിയമ്പലത്തിൽ കയറിക്കിടന്നു. ക്ഷുൽപ്പിപാസകൊണ്ടും മാൎഗ്ഗക്ലേശംകൊ

ണ്ടും ഭൎത്തൃസാന്നിദ്ധ്യത്തെ അവലംബിച്ച ദമയന്തി തൽക്ഷണം ഉറങ്ങിപ്പോയി. ഈ സന്ദൎഭത്തിലാണ് തന്റെ തല്കാലദൈന്യാവസ്ഥയേയും ഭയങ്കരമായ ഭാവിയേയും കുറിച്ച നളന് ഓൎമ്മവന്നത്. ഏകച്ഛത്രാധിപതിയായിരുന്ന രാജാവും രാജ്ഞിയും ഏകവസ്ത്രധാരികളായി ഉപജീവനമാൎഗ്ഗമില്ലാതെ തങ്ങളുടെ ബന്ധുക്കളുടെ ഔദാൎയ്യത്തെ ആശ്രയിച്ച ജീവിക്കുകയെന്നതു വീരപുരുഷന്മാരുടെ പൌരുഷത്തിനു യോജിച്ചതല്ല. ദമ്പതിമാർ ഒന്നിച്ചിരിക്കുന്നതായാൽ ഉപജീവനത്തിനു നിവൃത്തിയുമില്ല. ധൎമ്മപത്നിയെ ഉപേക്ഷിക്കുക എന്നതു മഹാപാപവുമാകുന്നു. എന്നുതന്നെയല്ല, ഭൎത്താവിന്റെ സകല കഷ്ടാരിഷ്ടങ്ങളിലും അദ്ദേഹത്തെ പരിചരിച്ച ജീവിക്കുന്നതാണ് സുഖമെന്നു കരുതി അനുഗമിച്ച സാദ്ധ്വിയെ പരിത്യജിക്കുന്നതു കൃതഘ്നതയുമാണ്. ദമയന്തി ഉണൎന്നു കഴിഞ്ഞാൽ നളനെ നിശ്ചയമായും വിട്ടുപിരിയുന്നതുമല്ല. വല്ലവഴിക്കും പോകേണമെങ്കിൽ ദമയന്തി ഉണരുന്നതിനു മുമ്പുതന്നെ വേണം. അശരണയായ ഒരു സ്ത്രീയെ ഘോരാരണ്യത്തിൽ ഏകാകിനിയായി വിട്ടുപോകുന്നത് എങ്ങിനെ? ഈദൃശമായ ധൎമ്മചിന്തയാൽ വ്യാകുലനായ നളൻ സകലതും ദൈവത്തിൽ സമൎപ്പിച്ച് ഇങ്ങിനെ തീൎച്ചയാക്കി: സ്ത്രീകൾക്കു സകല ആപത്തുകളേയും ജയിക്കുവാനുള്ള ദിവ്യാസ്ത്രം പാതിവ്രത്യമാകുന്നു. അതു ഭൈമിക്കുണ്ട്. എന്നുതന്നെയല്ല, പതിവ്രതമാരെ ദൈവം സഹായിക്കാതിരിക്കയുമില്ല. അതുകൊണ്ടു "വല്ലഭനുപേക്ഷിച്ച വല്ലാതെ നടക്കുമ്പോൾ, വല്ല ദിക്കിലുമൊരു രക്ഷിതാവുണ്ടായ്വരും". നളൻ ഇങ്ങിനെ സമാധാനപ്പെട്ടു പത്നീ പരിത്യാഗസങ്കടംകൊണ്ടു പൊട്ടിക്കരഞ്ഞുംകൊണ്ട്, അശരണയായ ഭാൎയ്യയെ കാത്തുകൊള്ളേണമേ എന്നു ദൈവത്തോടു പ്രാൎത്ഥിച്ച ഭ്രാന്തനെപ്പോലെ അവിടെ നിന്ന് ഓടിപ്പോയി.

തൻെറ ദുരദൃഷ്ടത്തെ ഓത്ത് ഈശ്വരധ്യാനത്തോടു കൂടി നളൻ വനാന്തരങ്ങളിൽ സഞ്ചരിക്കുമ്പോൾ, അദ്ദേഹത്തിനെ വിളിച്ചു കരയുന്ന ഒരു ആത്തസ്വരം കേട്ട് അങ്ങോട്ടു ചെന്നു. അപ്പോൾ കാട്ടുതീയിൽപ്പെട്ടു രക്ഷ മുട്ടിയ നാഗരാജാവായ കാർക്കോടകനെ കണ്ടു നളൻ തൻെറ ആപത്തിനെ വിസ്മരിച്ച് അനുകമ്പയോട്ടുകൂടി ആ നാഗത്തെ മരണത്തിൽ നിന്നു മോചിപ്പിച്ചു. രക്ഷ പ്രാപിച്ചു കാർക്കോടകൻ, സപ്പധമ്മത്തെ ആചരിച്ചു, തൻെറ പ്രാണോപകാരിയെ ദംശിക്കുകയാണ് ചെയ്തത്. സജ്ജനങ്ങൾ പരോപകാരം ചെയ്യുന്നതു പ്രതിഫലേച്ഛകൂടാതെയാകയാൽ, കാർക്കോടകൻ പ്രദശിപ്പിച്ച കൃതഘ്നതയിൽ നളനു ലേശം പരിഭവമോ പരിഭ്രമമോ ഉണ്ടായില്ല. നളൻെറ ഈ ശ്രേഷ്ഠസ്വഭാവം കണ്ടു സന്തുഷ്ടനായ കാർക്കോടകൻ ഇങ്ങിനെ പറഞ്ഞു; "ഞാൻ അങ്ങയെ ദംശിച്ചതു കൃതജ്ഞതകൊണ്ടാകുന്നു. എൻെറ ദംശനത്താൽ അങ്ങയെ ബാധിച്ചിരിക്കുന്ന ദുഷ്ടഭൂതത്തിനു മേലിൽ അങ്ങയെ ഹിംസിക്കാൻ നിവൃത്തിയില്ല; അങ്ങയ്ക്കു സംഭവിച്ച താല്ക്കാലിക വൈരൂപ്യം അങ്ങയുടെ അജ്ഞാതവാസത്തിൽ ഉപകരിക്കുന്നതാണ്. ഞാൻ ഇപ്പോൾ തരുന്ന വസ്ത്രയുഗ്മത്തിൽ ഒന്നു ധരിച്ചാൽ, അങ്ങയുടെ വികൃതരൂപം പോയി സ്വന്തരൂപം പ്രാപിക്കും." നളൻ ഈ അനുഗ്രഹവും വാങ്ങി ദേശംതോറും സഞ്ചരിച്ച് ഒടുവിൽ കോസലേശനായ ഋതുപർണ്ണൻെറ രാജധാനിയിൽ ബാഹുകനെന്നു പേരോടുകൂടി സാരഥിയായി താമസിച്ചു.

നിദ്രയിൽ നളനാൽ ഉപേക്ഷിക്കപ്പെട്ട ദമയന്തി അരുണോദയത്തിൽ ഉണന്നപ്പോൾ, ഭത്താവിനെ കാണാതെ വ്യസനിച്ചു കാട്ടിൽ അലഞ്ഞു നടന്ന്, ഒടുവിൽ ധാമ്മികനായ ഒരു സാത്ഥവാഹൻെറ സഹായത്തോടുകൂടി

ചേദിരാജ്യത്തു ചെന്നു ചേന്നു. ആ രാജ്യത്തെ രാജാവായ സുബാഹുവിൻെറ മാതാവു ദമയന്തിയുടെ ദീനാവസ്ഥ കണ്ടു മനസ്സലിഞ്ഞ് ആ സാദ്ധ്വിയെ തൻെറ പുത്രിയുടെ സഖിയായി കൊട്ടാരത്തിൽ താമസിപ്പിച്ചു. തൻെറ വാസ്തവസ്ഥിതി മറച്ചു തനിക്കു സംഭവിച്ച ആപത്തുകൾ ദമയന്തി പറഞ്ഞപ്പോൾ, രാജമാതാവിൻെറ സോദരീപുത്രിയായ ദമയന്തിയുടെ സ്മരണ ഉണ്ടാവുകയാൽ, ആ വിധവയായ രാജ്ഞിക്കു വളരെ അനുകമ്പ തോന്നിയതുകൊണ്ടാണ് വേഷച്ഛന്നയായ ദമയന്തിയെ സ്നേഹത്തോടു കൂടി പരിപാലിച്ചത്.

ദമയന്തീനളന്മാരുടെ ആപത്തിനെ കുറിച്ചു ഭീമരാജാവു കേട്ടു, പുത്രിയേയും ജാമാതാവിനേയും കണ്ടുപിടിക്കുന്നതിനായി നാലു ദിക്കുകളിലേക്കും ദൂതന്മാരെ അയച്ചു. ദൂതന്മാരിൽ ഒരുവനായ സുദേവൻ എന്ന ബ്രാഹ്മണൻ ചേതിരാജധാനിയിൽ ചെന്നപ്പോൾ, അവിടെ കന്യകയായ സുനന്ദയോരുമിച്ചു കണ്ട സഖി തനിക്കു ചിരപരിചിതയാണെന്നു സംശയം തോന്നുകയാൽ, അവരുടെ അടുക്കൽ ച്ചെന്നു സംഭാഷണം തുടങ്ങി. ഈ അവസരത്തിൽ സഖിയുടെ നെററിയിന്മേൽ "പിപ്ലു" എന്ന ലാഞ്ഛനം കണ്ട് അവൾ ഭീമരാജപുത്രിയായ ദമന്തിയാണെന്നു തീച്ചയാക്കി, ബ്രാഹ്മണൻ ഈ വാസ്തവം രാജമാതാവിനെ അറിയിക്കയും ആ വൃദ്ധയായ രാജ്ഞിയും മററും വളരെ സന്തോഷിച്ചു രാജയോഗ്യമായ വാഹനത്തിൽ കയററി ദമയന്തിയെ വിദഭ്ത്തിലേക്ക് അയയ്ക്കുകയും ചെയ്തു.

നളൻെറ പൂവ്വസാരഥിയായ വാർഷ്ണേയനും തെണ്ടിത്തിരിഞ്ഞു സാകേതാധിപനായ ഋതുപണ്ണ്നെ സേവിച്ചു കാലം കഴിക്കുമ്പോഴാണ് നളനും അവിടെത്തന്നെ ചെന്നു ചേന്നത്. പക്ഷെ പ്രച്ഛന്നവേഷനായ നളനെ വാർ

ക്ഷേയന്നു മനസ്സിലായില്ല. പിതൃസന്നിധിയിൽ ചെന്നുചേ ന്ന് ഭൈമിയുടെ ആദ്യത്തെ ശ്രമം ഭർത്താവിനെ അന്വേ ഷിക്കാൻ ദൂതന്മാരെ അയയ്ക്കുവാനായിരുന്നു. ഋതുപർണ്ണ രാജധാനിയിൽ ചെന്ന ദൂതൻ ബാഹുകസാരഥിയുടെ സം ഭാഷണത്തിൽ നിന്നു ഗ്രഹിച്ച ചില സംഗതികൾ പറഞ്ഞ പ്പോൾ, ബാഹുകൻ വേഷപ്പച്ഛന്നനായി താമസിക്കുന്ന നള നാണെന്നു ദമയന്തി തീച്ചയാക്കി.

പൌരാണിക കാലത്തു സ്ത്രീകൾക്ക് അഞ്ചു സംഗതി യിൽ പുനർവിവാഹം അനുവദിച്ചിരുന്നു. ഭർത്താവു നാട്ടുവി ട്ടുപോവുക, മരിക്കുക, സന്ന്യസിക്കുക, ഷണ്ഡനാവുക, ജാ തിഭ്രഷ്ടനാവുക, ഇങ്ങിനെ ഏതെങ്കിലും സംഭവിച്ചാൽ, അവൻെറ ഭാര്യയ്ക്കു പുനർവിവാഹം വിധിച്ചിട്ടുണ്ട്. വിദർ ഭത്തിൽ നിന്നു കോസലത്തിലേക്ക് ഉദ്ദേശം അഞ്ഞൂറു നാ ഴിക ദൂരമുണ്ടായിരുന്നു. ഋതുപർണ്ണൻ പണ്ടേതന്നെ ഭൈ മിയെ വിവാഹം ചെയ്യാൻ ആഗ്രഹിച്ച ഒരാളാണ്. അ തുകൊണ്ടു ദമയന്തിക്കു പുനർ വിവാഹമുണ്ടെന്നും അതു പിറെറന്നാളാണെന്നും ഋതുപർണ്ണനെ ഗ്രഹിപ്പിച്ചാൽ, ബാ ഹുകൻ നളനാണെങ്കിൽ നിശ്ചയമായും ഋതുപർണ്ണനെ ഒരു പകൽകൊണ്ടു കുണ്ഡിനത്തിൽ എത്തിക്കും എന്നു ദമയന്തി നിശ്ചയിച്ചു. അതുകൊണ്ടു മാതാവിൻെറ അനുജ്ഞയോടു കൂടി ദമയന്തി തനിക്കു പുനർവിവാഹമുണ്ട് എന്ന വ്യാജവൃ ത്താന്തം ഋതുപർണ്ണനെ ധരിപ്പിക്കുവാൻ ഒരു ദൂതനെ അ യച്ചു.

ഭൈമിയുടെ പുനർവിവാഹവൃത്താന്തം കേട്ടപ്പോൾ ഋ തുപർണ്ണൻ തൻെറ പൂർവ്വാഭിലാഷം ഇപ്പോഴെങ്കിലും സാധി ക്കേണമെന്നു നിശ്ചയിച്ചു. ദമയന്തിയുടെ സൂത്രം ഫലിച്ചു. പന്ത്രണ്ടു മണിക്കൂറുകൊണ്ടു കോസലത്തിൽ നിന്നു കുണ്ഡി നത്തിൽ എത്തിക്കാമെന്നു ബാഹുകൻ ഉറപ്പായി പറഞ്ഞതു

കേട്ടു ഋതുപൎണ്ണൻ സന്തോഷിച്ചു വിവാഹത്തിനു പുറപ്പെട്ടു. രഥവേഗം കണ്ടു രാജാവ് അത്യാശ്ചൎയ്യപ്പെട്ടു. അസാധാരണയായ സാരഥ്യമൎമ്മമായ 'അശ്വഹൃദയം' രാജാവു ബാഹുകനിൽ നിന്നു ഗ്രഹിക്കുകയും അതിനു പ്രതിഫലമായി 'അക്ഷഹൃദയം' എന്ന വിദ്യ ബാഹുകന് ഉപദേശിക്കുകയും ചെയ്തു. ബാഹുകൻ വാഗ്ദത്തപ്രകാരം രാജാവിനെ പന്ത്രണ്ടു മണിക്കൂറിനു മുമ്പുതന്നെ കുണ്ഡിനത്തിൽ എത്തിച്ചു. നളനല്ലാതെ ഇത്ര വളരെ ദൂരം ചുരുങ്ങിയ സമയംകൊണ്ടു യാത്ര ചെയ്വാൻ കഴിയുന്നതല്ലെന്നു ദമയന്തിക്കു നല്ല നിശ്ചയമുണ്ടായിരുന്നതിനാൽ, ഋതുപൎണ്ണന്റെ ആഗമനത്തോടുകൂടി സംശയങ്ങളെല്ലാം തീൎന്നു. എങ്കിലും നളൻ വികൃതവേഷനായിരുന്നതിനാൽ, പല പരീക്ഷകളും കഴിച്ചതിന്റെ ശേഷം മാത്രമേ കാൎയ്യം എല്ലാവരേയും ദമയന്തി ഗ്രഹിപ്പിച്ചുള്ളു. ഒടുവിൽ 'നളൻ നിൎദ്ദോഷിയും ദമയന്തി പതിവ്രതയും' ആണെന്നുള്ള അശരീരിവാക്യംകൊണ്ട് എല്ലാവരും സന്തുഷ്ടരായി. പിന്നെ നളൻ സ്വരാജ്യം വീണ്ടെടുത്തു ദ്രോഹിയായ പുഷ്കരനെ ശിക്ഷിക്കാതെ മാപ്പുകൊടുത്തു രാജ്യം ഭരിച്ചു സുഖമായി കാലം കഴിച്ചു.

---

പാഠം ൨൭.

## ഭൂതക്കണ്ണാടി.

ഭൂതക്കണ്ണാടി എന്നു പറയുന്നതു നമ്മുടെ ചുററും, എന്നുവേണ്ടാ നമ്മുടെ ശരീരത്തിൽ പോലും, നഗ്നനേത്രങ്ങൾക്കു ഗോചരമല്ലാതെ സ്ഥിതി ചെയ്യുന്ന അനേകം സൂക്ഷ്മപദാൎത്ഥങ്ങളെ സ്ഥൂലമാക്കി കാണിക്കുവാനുള്ള ഒരു യന്ത്രമാകുന്നു. ചെറിയ അക്ഷരങ്ങൾ വായിക്കുവാനും രത്നങ്ങൾ പരിശോധിക്കുവാനും മദ്ധ്യോന്നതമായ ഒരു തരം കണ്ണാടി

ഇവിടങ്ങളിലും സാധാരണമാകുന്നു. തേജഃപ്രവേശക്ഷമങ്ങളും മദ്ധ്യോന്നതങ്ങളുമായ സ്ഫടികങ്ങൾക്കു പദാർത്ഥങ്ങളെ വലുതാക്കി കാണിക്കുവാനുള്ള ഒരു പ്രത്യേക ശക്തിയുണ്ട്. സൂക്ഷ്മപദാർത്ഥങ്ങളെ സ്ഥൂലമാക്കി കാണിക്കുവാൻ രണ്ടു സ്ഫടികച്ചില്ലുകൾ ഉപയോഗിച്ചാൽ മതിയെന്നു പതിനാറാം നൂററാണ്ടിൽ ലന്തക്കാരനായ 'സാച്ചറയസ്സ് ജേൻസൺ' എന്ന വിദ്വാനാകുന്നു കണ്ടുപിടിച്ചത്. രണ്ടു ചില്ലുകളുള്ളവയിൽ ഒന്നു വലുതായി കാണേണ്ടുന്ന പദാർത്ഥത്തിനു സമീപവും മറേറതു ദ്രഷ്ടാവിന്റെ നയനത്തിനു സമീപവും വെച്ചാണ് ആ വിദ്വാൻ ആദ്യം ഉപയോഗിച്ചിരുന്നത്. ഈ സമ്പ്രദായം പരിഷ്കരിച്ചതാണ് ഇപ്പോഴത്തെ ഭൂതക്കണ്ണാടി.

ഒരു ഭൂതക്കണ്ണാടിയിൽ പ്രധാനമായി മൂന്നു ഭാഗങ്ങളാണുള്ളത്. അവ, പദാർത്ഥത്തിന്റേയും നേത്രത്തിന്റേയും സമീപത്തു വെക്കുന്ന രണ്ടു സ്ഫടികച്ചില്ലുകളും അവയെ ഉറപ്പിക്കുവാനുള്ള ഒരു കുഴലുമാകുന്നു. പദാർത്ഥത്തിനു സമീപമുള്ള ചില്ലു കുഴലിൽക്കൂടെ ആ പദാർത്ഥത്തിന്റെ ഛായയെ നേത്രത്തിനു സമീപമുള്ള ചില്ലിന്മേലേക്കു പ്രതിഫലിപ്പിക്കുമ്പോൾ, കുഴലിന്റെ ദൈർഘ്യത്തെ അനുസരിച്ചു പദാർത്ഥം വലുതായി കാണപ്പെടും. ഇത് എങ്ങിനെയെന്നു ഗ്രഹിക്കുവാൻ നമുക്കു നിത്യപരിചയമുള്ള ഒരു സാധാരണ ദൃഷ്ടാന്തം പറയാം. കത്തുന്ന ഒരു വിളക്കിന്റെ പുരോഭാഗത്തു നില്ക്കുന്ന ഒരു മനുഷ്യന്റെ നിഴൽ, എത്ര അകലത്തിൽ വീഴുന്നുവൊ, അത് അത്രത്തോളം വലുതായിരിക്കുമെന്നതു നിങ്ങൾക്കും അനുഭവമുള്ള ഒരു ദൃഷ്ടാന്തമാണല്ലൊ. ഇതാണ് ഭൂതക്കണ്ണാടിയിൽക്കൂടെ നോക്കിയാൽ ചെറിയ പദാർത്ഥങ്ങൾ വലുതായി കാണുന്നതിന്റെ രഹസ്യം.

സൂക്ഷ്മപദാർത്ഥങ്ങളെ ബൃഹത്തരമാക്കി കാണിക്കുന്ന

ഭൂതക്കണ്ണാടിയുടെ മുൻഗാമി 'ദൂരദശിനി' ക്കണ്ണാടി, അല്ലെങ്കിൽ ചീനക്കണ്ണാടി, എന്നു പറയുന്നതാണ്. ദൂരദശിനിയുടെ പ്രയോജനം അകലത്തിരിക്കുന്ന സാധനങ്ങളെ അടുപ്പിച്ചു കാണിക്കുകയാകുന്നു. അതുകൊണ്ട് അധികം ഉപയോഗം നാവികന്മാൎക്കും ജ്യോതിശ്ശാസ്ത്രപണ്ഡിതന്മാൎക്കുമാണ്. നഭോമണ്ഡലത്തിലുള്ള അനേകം ജ്യോതിസ്സുകളുടെ ഗതിഭേദം മുതലായ വിശേഷങ്ങൾ കണ്ടു മനസ്സിലാക്കുന്നതു ദൂരദശിനിയുടെ സഹായത്താലാകുന്നു. ഇപ്പോൾ ശത്രുക്കളെ കൃത്യമായി കണ്ടു വെടിവെക്കുന്നതിനു ചെറിയ തോക്കുകളോടും പീരങ്കികളോടും ദൂരദശിനിച്ചില്ലുകൾ ചേൎത്തുവരുന്നുണ്ട്.

ഭൂതക്കണ്ണാടികൊണ്ടു മനുഷ്യൎക്കു അത്ഭുതപൂൎവ്വമായ നന്മകൾ സിദ്ധിച്ചിട്ടുണ്ട്. ശക്തിമത്തായ ഒരു ഭൂതക്കണ്ണാടി ഒരു പദാൎത്ഥത്തിൻെറ നീളം, വീതി, ഘനം എന്നിവയെ മുവ്വായിരം മടങ്ങു വലുപ്പമുള്ളതായി കാണിക്കും. അതുകൊണ്ടു നമ്മുടെ നയനേന്ദ്രിയങ്ങൾക്കു വിഷയമല്ലാത്ത അനേകം വസ്തുക്കളിൽ കലന്നിരിക്കുന്ന സാധനങ്ങളെ തിരിച്ചറിവാൻ ഭൂതക്കണ്ണാടി വളരെ പ്രയോജനമുള്ളതാകുന്നു. നാം ഒരു ഭൂതക്കണ്ണാടിയിൽ കൂടെ നോക്കിയാൽ, ഒരു തുള്ളി മലിനജലത്തിൽ അസംഖ്യം കൃമികളും ചെടിയുടെ ആകൃതിയിലുള്ള സാധനങ്ങളും നമുക്കു കാണാം. നാം സ്കൂളുകളിൽ ഉപയോഗിക്കുന്ന 'ചോക്ക്', അല്ലെങ്കിൽ ലന്തച്ചുണ്ണാമ്പ്, എന്നു പറയുന്ന സാധനം, സമുദ്രത്തിൻെറ അടിയിൽ നിവസിക്കുന്ന ചില ചെറിയ ജന്തുക്കളുടെ തോടുകൾ കൂടി ഉണ്ടായതാണെന്ന് ഇപ്പോൾ മനസ്സിലായത് ഈ ഭൂതക്കണ്ണാടിയുടെ സഹായത്താലാകുന്നു.

ഭൂതക്കണ്ണാടി വൈദ്യന്മാൎക്കും വളരെ പ്രയോജനകരമായിത്തീന്നിട്ടുണ്ട്. മനുഷ്യശരീരത്തെ ബാധിക്കുന്ന ചില

രോഗങ്ങളുടെ ഹേതുക്കൾ, അണുരൂപങ്ങളായ ചില കൃമികൾ ശരീരത്തിൽ കടന്നു കൂടുന്നതുകൊണ്ടാണെന്നു ഗ്രഹിക്കുവാൻ സാധിച്ചതു ഭൂതക്കണ്ണാടിയുടെ സഹായം കൊണ്ടാകുന്നു. നമ്മുടെ രക്തം ചുവപ്പുവർണ്ണമായി കാണുന്നത് ആ ദ്രവത്തിൻെറ സ്വതേയുള്ള നിറമല്ലെന്നും അതിൽ കലന്നിരിക്കുന്ന ചുവന്ന അണുക്കളുടെ നിബിഡത മൂലമാണെന്നും ഭൂതക്കണ്ണാടികൊണ്ടാണ് അറിവാൻ കഴിഞ്ഞത്.

കച്ചവടക്കാരും ഭൂതക്കണ്ണാടി ഉപയോഗിക്കുന്നുണ്ട്. പഞ്ഞിനൂലിൽ നിന്ന് ആട്ടിൻരോമം തിരിച്ചറിവാനും, പഞ്ചസാരയുടെ തരം തിരിക്കുവാനും ഭൂതക്കണ്ണാടി വളരെ ഉപയോഗമുള്ളതാകുന്നു. ഫ്രാൻസിൽ പട്ടുനൂൽ വ്യവസായികൾക്കു ഭൂതക്കണ്ണാടി ഒഴിച്ചുകൂടാത്ത ഒരു ആവശ്യമായിത്തീന്നിട്ടുണ്ട്. പട്ടുനൂൽ പുഴുവിൻെറ മുട്ടകളുടെ നന്മതിന്മകൾ കണ്ടുപിടിക്കുന്നത് ഈ യന്ത്രംകൊണ്ടാകുന്നു.

---

പാഠം ൧൮.

## ഉളിയന്നൂർ പെരുന്തച്ചൻ

പറച്ചി പെററ പന്ത്രണ്ടു മക്കളിൽ ഒരു ദിവ്യനാണ് പെരുന്തച്ചൻ. ഇദ്ദേഹത്തിനെ ഒരു ആശാരി എടുത്തു വളത്തിയതുകൊണ്ടാണ് ഈ ദിവ്യൻ ജാതിയിൽ തച്ചനായത്. ഒരിക്കൽ ഉളിയന്നൂർ ക്ഷേത്രത്തിലെ ഉപയോഗത്തിന്നായി ഊരായ്മക്കാരുടെ ആവശ്യപ്രകാരം പെരുന്തച്ചൻെറ മേൽനോട്ടത്തിൽ ഒരു കുളം കെട്ടിച്ചു. കുളം കുഴിച്ചു കല്ലു കെട്ടാറായപ്പോൾ, കുളത്തിൻെറ ആകൃതിയെക്കുറിച്ച് ഊരായ്മക്കാരിൽ ഭിന്നാഭിപ്രായമുണ്ടായി. കുളം നീളത്തിൽ വേണമെന്നു ചിലർ; അതല്ലാ, ചതുരത്തിലാണ് വേണ്ടതെന്നു മററു ചിലർ; അങ്ങിനെ രണ്ടുവിധവുമല്ല, കുളം വൃ

ത്താകാരമായിരിക്കേണമെന്നു വേറെ ചിലരും അഭിപ്രായ പ്പെട്ടു. ഈ തക്കം കേട്ടുനിന്ന പെരുന്തച്ചൻ അവരുടെ എല്ലാവരുടേയും ഹിതം പോലെ കുളം പണിതീത്തു കൊടു ക്കാമെന്നു പറഞ്ഞു. കുളം പണിതീന്നപ്പോൾ, അതിൻെറ ഓരോ ഭാഗത്തിറങ്ങി നോക്കിയാൽ, മേല്പറഞ്ഞ പ്രകാരം ഏതെങ്കിലും ഒരാകൃതിയിൽ കുളം കാണപ്പെട്ടിരുന്നു. ഈ തച്ചുശാസ്ത്രരഹസ്യം എന്താണെന്ന് എഞ്ചിനിയറന്മാർത ന്നെ കണ്ടുപിടിക്കട്ടെ. കുളത്തിൻെറ നിമ്മാണകൌശ ലം നിമിത്തം അതിൽ ഇറങ്ങിയാൽ, ഇന്നും കിഴക്കുപടി ഞ്ഞാറു തിരിച്ചറിവാൻ പാടില്ലാത്തതുകൊണ്ടു ബ്രാഹ്മ ണർ സന്ധ്യാവന്ദനത്തിന് ആ കുളത്തിൽ ഇറങ്ങാറി ല്ലത്രെ.

പെരുന്തച്ചന് അദ്ദേഹത്തിനെപ്പോലെതന്നെ ദിവ്യ നായ ഒരു പുത്രനുണ്ടായിരുന്നു. മേല്പറഞ്ഞ കുളം കുഴിച്ചു തുടങ്ങിയപ്പോൾ മകൻ അച്ഛനോട്, "എന്തിനാണ് ഇ തിവിടെ കുഴിച്ചത് ? പുഴ കടന്ന് ഈ കുളത്തിലേക്കു വല്ലവ രും പോകുമൊ ?" എന്നു ചോദിച്ചു. ഇങ്ങിനെ മകൻ പ റയുന്ന സമയത്ത് ആ കുളത്തിൽ നിന്നു വളരെ അകലത്തു കൂടിയാണ് പെരിയാറ് ഒഴുകിയിരുന്നത്. അതുകൊണ്ടു പെരുന്തച്ചൻ, "നീ എന്താ ഭ്രാന്തു പറയുന്നത് ? പുഴ എവിടെ കിടക്കുന്നു ? കുളം എവിടെ ഇരിക്കുന്നു ?" എ ന്നു ചോദിച്ചു. കുളം കെട്ടിത്തീന്നു വളരെ അധികം നാൾ കഴിയുന്നതിനു മുമ്പു പുഴ ഒരു വെള്ളപ്പൊക്കത്താൽ വേറെ ഒരു കൈവഴിയായി തിരിഞ്ഞു പ്രസ്തുത കുളത്തിനും ക്ഷേ ത്രത്തിനും മദ്ധ്യേക്കൂടെ ഒഴുകിത്തുടങ്ങി. ഇപ്പോൾ അമ്പ ലം ഇക്കരയിലും കുളം അക്കരയിലുമാണ്. അതുകൊണ്ടു ക്ഷേത്രത്തിൽ പോകുന്നവർ സമീപത്തുള്ള പുഴയിലല്ലാതെ, അതു കടന്നു കുളത്തിൽ പോയി കുളിക്കാറില്ല. ഇതിൽ നി

ന്നു നമ്മുടെ തച്ചുശാസ്ത്രം സൂക്ഷ്മമായി ഗ്രഹിച്ചാൽ, ഓരോ കെട്ടിടങ്ങളും മററും നിർമ്മിക്കുന്ന അവസരത്തിൽ കാണുന്ന ലക്ഷണങ്ങളെക്കൊണ്ട് അതിനെ സംബന്ധിച്ച ഭാവിഫലത്തെ കൃത്യമായി പറയാൻ കഴിയുമെന്നു തെളിയുന്നുണ്ടല്ലൊ. ശാസ്ത്രജ്ഞന്മാർ ദൈവജ്ഞന്മാരല്ലാതെ വരുമ്പോഴാണ് ശാസ്ത്രസിദ്ധാന്തപ്രകാരം പ്രവൃത്തിക്കുന്നതിൽ നിന്ന് അബദ്ധങ്ങളും വിപരീതഫലങ്ങളും ഉണ്ടാകുന്നത്.

ശില്പശാസ്ത്രത്തിൻെറ പരിപൂർത്തിയായെന്നു വിചാരിക്കുന്ന ഇക്കാലത്തു വിദ്യുത്തിൻേറയും ആവിയുടേയും ശക്തികൾകൊണ്ടു പല യന്ത്രങ്ങളും നടക്കുന്നതിൽ നമുക്കു വളരെ അത്ഭുതം തോന്നുന്നുണ്ടല്ലൊ. എന്നാൽ, ആവിയൊ വിദ്യുത്തൊ ഇല്ലാത്ത കാലങ്ങളിലും നമ്മുടെ തച്ചുശാസ്ത്രജ്ഞന്മാർ കരകൌശലംകൊണ്ട് അത്ഭുതകരമായ പല യന്ത്രങ്ങളും ഉണ്ടാക്കിയിരുന്നു. പെരുന്തച്ചൻെറ യോഗ്യതയെ ദൃഷ്ടാന്തപ്പെടുത്തുന്ന ഒരു ഉദാഹരണം പറയാം.

ഒരിക്കൽ പെരുന്തച്ചൻ കൊടുങ്ങല്ലൂർ മീനഭരണിക്കു പോകേണമെന്നു തീർച്ചയാക്കി. പെരുന്തച്ചൻെറ മകനും ഭരണിക്കു പുറപ്പെട്ടു. പാടത്തു തേക്കുപണി ഉണ്ടായിരുന്നതിനാൽ, മകനെ വീട്ടിൽ താമസിപ്പിച്ച് അച്ഛൻ കൊടുങ്ങല്ലൂർക്കു പോയി. അച്ഛൻെറ കല്പന നിർവ്വഹിക്കുകയും തൻെറ ആഗ്രഹം നിവൃത്തിക്കുകയും വേണമെന്നു മകനും തീർച്ചയാക്കി. പെരുന്തച്ചൻ പോയ ഉടനെ മകൻ ഒരു യന്ത്രമുണ്ടാക്കി, പാടത്തു വെള്ളം ചവിട്ടാനുള്ള ചക്രത്തോടു ഘടിപ്പിച്ചു. അതുകൊണ്ടു ചക്രം തന്നെ തിരിയുകയും പാടത്തു വെള്ളം കയറിത്തുടങ്ങുകയും ചെയ്തു. അച്ഛൻ ഏല്പിച്ച ജോലി ക്രമമായി നടന്നുകൊള്ളുമെന്നു തീർച്ചയായപ്പോൾ, മകനും ഭരണിക്കു പുറപ്പെട്ടു.

പെരുന്തച്ചൻ കൊടുങ്ങല്ലൂർക്കു പോയപ്പോൾ, മകൻ വീടുവിട്ടു പുറത്തു പോകുന്നുണ്ടോ എന്നറിവാനായി വഴി

ക്കുള്ള ഒരു പാലത്തിന്മേൽ ഒരു സൂത്രം പ്രയോഗിച്ചു. പാലത്തിന്റെ ഒരററത്ത് ഒരു പാവയെ വെച്ചു. പാലത്തിന്റെ മറെറ അററത്തുനിന്ന് ആരെങ്കിലും അതിന്മേൽ കയറിയാൽ, പാവ പതുക്കെ താഴത്തേക്കിറങ്ങും; പാന്ഥൻ പാവ നിന്നിരുന്ന സ്ഥലത്തെത്തുമ്പോഴയ്ക്കും അതു യഥാപൂവ്വം അതിന്റെ സ്ഥാനത്തു വന്ന് അയാളുടെ മേൽ തുപ്പും. വഴിപോക്കക്ക് ഇതു ബഹുരസമായ ഒരു നേരമ്പോക്കുമായി.

പെരുന്തച്ചന്റെ മകൻ പാടത്തെ കായ്യങ്ങളെല്ലാം വേണ്ടുന്നവിധം ചെയ്തു ഭരണിക്കു പുറപ്പെട്ടു. പാലത്തിന്മേൽ കയറി മറുഭാഗത്തെത്തിയപ്പോൾ. പാവ പതിവുപോലെ അയാളുടെ മേൽ തുപ്പി. ഇതു കണ്ടു കോപിച്ച് അയാൾ വീട്ടിലേക്കുതന്നെ മടങ്ങി, വേറെ ഒരു പാവയെ ഉണ്ടാക്കി പാലത്തിന്റെ എതുഭാഗത്തു വെച്ചു. തുപ്പുന്ന പാവ പാലത്തിന്റെ ചുവട്ടിലേക്ക് ഇറങ്ങുമ്പോൾ, മറെറ പാവ മറുഭാഗത്തുനിന്നു മുമ്പോട്ടു നടന്നു തുടങ്ങും. തുപ്പുന്ന പാവ വായിൽ വെള്ളവും നിറച്ചു മുകളിൽ വന്നു തുപ്പാൻ ഭാവിക്കുമ്പോഴെക്കും മറെറ പാവ അതിന്റെ ചെകിടത്ത് ഒരടി അടിക്കും. അപ്പോൾ വെള്ളം ആരുടേയും മേൽ വീഴാതെ ചരിഞ്ഞുവീഴും. പാന്ഥന്മാക്ക് ഈസ്സൂത്രം മുമ്പിലത്തേക്കാൾ രസകരമാവുകയും ചെയ്തു. മകൻ ഭരണിക്കും പോയി.

പെരുന്തച്ചൻ മടങ്ങിവന്നപ്പോൾ, മകൻ ഉണ്ടാക്കിവെച്ച പാവയെ കണ്ടു, മകൻ ഭരണിക്കു പോയി എന്നു തീച്ച്യയാക്കുകയും മകന്റെ ബുദ്ധികൌശലത്തിൽ സന്തോഷിക്കുകയും ചെയ്തു. പെരുന്തച്ചനും മകനും യോഗ്യന്മാരായ ശില്പികളായിരുന്നു എന്നു മാത്രമല്ല, മഹാദിവ്യന്മാരുമായിരുന്നു.

പാഠം ൮൯.

# പ്രാവൃഡ്വർണ്ണനം.

പാൽക്കടൽ മാനിനി തന്നുടെ കണ്ണിന്നു
പാൽക്കുഴമ്പായുള്ളോരായർപ്പൈതൽ
പാക്കൊരു ഭൂഷണമായി വിളങ്ങുമ്പോൾ
കാക്കാലം പോന്നങ്ങു വന്നുകൂടി.
മേചകകാന്തി കലൎന്നു തുടങ്ങിതെ
മേഘങ്ങളെല്ലാമേ മെല്ലെ മെല്ലെ ;
വല്ലവീവല്ലഭൻ തന്നുടെ കാന്തിയെ
വെല്ലേണമെന്നുടൻ ചിന്തിച്ചിട്ടൊ ;
ഡംബരമാണ്ടു മുഴങ്ങിത്തുടങ്ങിത-
ങ്ങംബരം തന്നിലേ മെല്ലെ മെല്ലെ.
അംബുദജാലങ്ങളംബുധിതന്നില്‌ല
മംബരം തന്നിലും മേവിനിന്നു ;
ഹംസങ്ങൾ മെല്ലവേ പാഞ്ഞുതുടങ്ങിതേ
കംസൻ തൻ ജീവിതമെന്ന പോലെ.
പാരിച്ചു നിന്നോരു പേമഴ തൂകീട്ടു
പാരിടമെങ്ങുമേ മുങ്ങിക്കൂടി ;
വൎഷത്തെക്കണ്ടുള്ള കൎഷകന്മാരെല്ലാം
ഹൎഷത്തെപ്പൂണ്ടു തുടങ്ങിതെങ്ങും.
കാന്താ പിരിഞ്ഞോൎക്കു ശാന്തിയേ നൽകുവാൻ
കാന്തളമെങ്ങും നിറഞ്ഞുനിന്നു ;
കച്ചു തുടങ്ങിന മച്ചകമോരോന്നി-
ലിച്ഛ തുടങ്ങീ പലൎക്കുമപ്പോൾ ;
പച്ചോടമില്ലാഞ്ഞിട്ടുൾച്ചൂടുമുണ്ടായി
പിച്ചയായുള്ളോൎന്നീക്കാലത്തില.
ചീൎത്തുള്ള മേഘത്തിൻ ചാൎത്തു പരന്നപ്പോൾ

മാർത്താണ്ഡബിംബം മറഞ്ഞുപോയി ;
മായയിൽ മൂടിന മാനസം തന്നിലേ
ജ്ഞാനം മറഞ്ഞങ്ങു പോകും പോലെ.
നീപങ്ങൾ പൂത്തതു കണ്ടോരു വണ്ടുകൾ
നീളവേ പാഞ്ഞു തുടങ്ങിതന്നിൽ ;
നന്മ കുറഞ്ഞോരു നെന്മേനി വെണ്ണിലാ
വൃന്മേഷമാണ്ടുള്ളോക്കെന്നേയുള്ളൂ.
ബാധകനായോരു വാതം വരുന്നേരം
വാതിലടച്ചു തുടങ്ങിതേങ്ങും;
ജാളരായിങ്ങിനെ പോരുന്നോരെങ്ങുമേ
മാന്യരായെങ്ങുമേ വന്നുകൂടാ.
ശോഷിച്ചു പോയുള്ള തോയങ്ങളെല്ലാമേ
പോഷിച്ചു നിന്നുതായെങ്ങുമപ്പോൾ;
കാർമുകിൽ നേരായ പൈതൽതാൻ ചെന്നപ്പോ-
ളാനായദേശങ്ങളെന്ന പോലെ.
ചാതകമെല്ലാമേ ജാതസുഖങ്ങളാ-
യ്പ്പീതവിഷാദങ്ങളായിവന്നു;
കേതകപ്പൂവിലെ നന്മണം കൊണ്ടെങ്ങും
കേഴിച്ചു പാന്ഥരേ വെല്ലും കാലം ;
കാർമുകിലായോരു നീലപ്പടംകൊണ്ടു
ളുമകലന്നു വിതാനിച്ചെങ്ങും ;
ആക്കമിയന്ന വലാകകളാകിന
പൂക്കുല മേളത്തിൽ തൂക്കിച്ചെമ്മെ ;
ശോഭ കലന്നൊരു തൂമിന്നലായുള്ള
ദീപങ്ങളെങ്ങും കൊളുത്തി മെമ്മേൽ;
പാഴിടിയായൊരു ഭേരിയുമെങ്ങുമേ
പാരം മുഴങ്ങിച്ചു വന്നു പിന്നെ.
കാക്കാലന്തന്നുടെ കാന്തിയെ കണ്ടിട്ടു

ചിക്കുന്ന മോദത്തെപ്പൂണ്ടു കണ്ണൻ;
ഗോക്കളെ മേച്ചു നൽക്കാനനം തന്നിലെ
വാഴ്ക്കുന്ന ലീലകളാണ്ടുനിന്നാൻ.
ജീവനമാകയാൽ പീയൂഷമായിട്ടു
മേവുന്ന തോയത്തെത്തൂകിപ്പിന്നെ,
ലോകങ്ങൾക്കീടുററ താപങ്ങൾ തീൎത്തന-
ന്മേഘങ്ങളെല്ലാം തളൎന്നുനിന്നു.

---

പാഠം ൨൦.

## കൊള്ളിമീൻ.

ചില കാലങ്ങളിൽ രാത്രിയിൽ നക്ഷത്രപൂരിതമായ നഭോമണ്ഡലത്തിൽ നോക്കിക്കൊണ്ടിരിക്കുമ്പോൾ, മനോഹരമായ പല കാഴ്ചകളും കാണ്മാൻ സംഗതിവരും. നിശ്ചലമായിരിക്കുന്ന ആകാശമണ്ഡലം ചില കാരണവശാൽ ക്ഷോഭിക്കുമ്പോൾ, നക്ഷത്രങ്ങൾ അവയുടെ സ്ഥാനത്തുനിന്നു ശരവേഗത്തിൽ കീഴോട്ടു വരുന്നതും അവയുടെ മാൎഗ്ഗത്തെ ക്ഷണഭംഗുരമായ തേജസ്സുകൊണ്ടു ശോഭിപ്പിക്കുന്നതും നിങ്ങളിൽ പലരും കണ്ടിരിക്കാം. ഇങ്ങിനെ ഒററയായി നക്ഷത്രങ്ങൾ എല്ലാ ദിവസവും വീഴുന്നുണ്ട്. അതുകൊണ്ടു 'നക്ഷത്രം മുറിഞ്ഞുവീഴുന്നതു' സാധാരണമായ ഒരു സംഭവമാണല്ലൊ. അന്ധവിശ്വാസത്തിന്നു പ്രാബല്യമുണ്ടായിരുന്ന കാലത്ത് എല്ലാ രാജ്യങ്ങളിലും നക്ഷത്രപാതം ഒരു അശുഭസൂചകമായിട്ടാണ് വിചാരിച്ചിരുന്നത്.

ക്രിസ്ത്വബ്ദം 1702_ാമാണ്ട് അക്ടോബർമാസത്തിൽ അറേബിയാരാജ്യത്തെ 'ഇബ്രാഹിം ബെൻ അഹമ്മദ്' എന്ന രാജാവു മരിച്ച ദിവസം രാത്രിയിൽ തീമഴപോ

ലെ അതികേമമായ ഒരു നക്ഷത്രവഷമുണ്ടായി. ആ സംഭവം പ്രസ്തുത രാജാവിൻെറ മരണാനന്തരം അറേബിയാ രാജ്യത്തുണ്ടായ ആപത്തിനെ സൂചിപ്പിച്ചതാണെന്ന് അറബിചരിത്രത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. 1805-ാമാണ്ടു ഏപ്രിൽമാസം 25-ാംനു- രാത്രിയിൽ പരന്ത്രീസുരാജ്യത്തു മഞ്ഞു വീഴുന്നതുപോലെ, അത്യന്തം മനോഹരമായ വിധത്തിൽ, സംഭവിച്ച നക്ഷത്രപാതം മതസംബന്ധമായ ഒരു കലഹത്തെ സൂചിപ്പിച്ചതാണെന്നായിരുന്നു ആ നാട്ടുകാരുടെ വിശ്വാസം. ഇന്നും പരിഷ്കൃതബുദ്ധികളല്ലാത്ത മനുഷ്യർ, നക്ഷത്രം വീഴുന്നതു ദുർന്നിമിത്തമാണെന്നു തന്നെയാണ് വിശ്വസിച്ചിരിക്കുന്നത്.

അനേകം നക്ഷത്രങ്ങൾ ഒരേ സമയത്തുതന്നെ, നഭോമണ്ഡലത്തിൻെറ ക്ഷോഭം നിമിത്തം, സ്വസ്ഥാനത്തുനിന്ന് അങ്ങോട്ടും ഇങ്ങോട്ടും ചിന്നിച്ചിതറി, അവയുടെ ഗമനമാർഗ്ഗത്തെ പ്രകാശിപ്പിച്ചു ചലിച്ചുകൊണ്ടിരിക്കുന്ന കാഴ്ച വളരെ മനോഹരമാകുന്നു. ഇതിനെക്കുറിച്ചു നിങ്ങൾക്ക് ഏകദേശം ഒരു ഭാവന ഉണ്ടാകേണമെങ്കിൽ, പത്തായിരം 'ഔട്ട്' ഇടവിടാതെ കുറെനേരം കത്തിച്ചുകൊണ്ടിരുന്നാൽ, ആകാശമണ്ഡലത്തിലെ കാഴ്ച എന്തായിരിക്കുമെന്ന് ആലോചിച്ചാൽ മതി. കരിമരുന്നു പ്രയോഗത്താലുള്ള ഈ വെടിക്കെട്ട് എത്ര മനോഹരമാണൊ, അതിൻെറ നൂറിരട്ടി മനോഹരവും അത്ഭുതകരവുമാണ് ഈ 'സ്വാഭാവിക വെടിക്കെട്ട്'.

1799-ാമാണ്ടു നവമ്പർമാസം 12-ാംനു- അരുണോദയത്തിൽ ഉണ്ടായ ഒരു നക്ഷത്രപാതത്തെക്കുറിച്ച് ഒരു പ്രകൃതിശാസ്ത്രജ്ഞൻ ഇപ്രകാരം പറഞ്ഞിരിക്കുന്നു: "അരുണോദയത്തോട്ടു കൂടി ഏകദേശം നാലു മണിക്കൂറുനേരം വീഴുന്ന നക്ഷത്രങ്ങളെക്കൊണ്ടും തീക്കട്ടകളെക്കൊണ്ടും

ആകാശമണ്ഡലം പ്രശോഭിതമായിരുന്നു. അവയിൽ പ ലതിന്റേയും പതനമാർഗ്ഗം ഉജ്വലിച്ചുകൊണ്ടുമിരുന്നു." അക്കാലത്തു നക്ഷത്രപതനം പ്രതിവർഷം പതിവായി ഉ ണ്ടാകുന്ന ഒരു സംഭവമാണെന്നു ശാസ്ത്രജ്ഞന്മാർ വിചാരി ച്ചിരുന്നില്ല. എന്നാൽ 1822-ാമാണ്ടിലും 1831_ാമാണ്ടിലും നവമ്പർമാസം 12_ാംനു- അസംഖ്യം നക്ഷത്രങ്ങൾ വീണ തു ജർമ്മനി, സ്വിററ്സർലണ്ട്, റഷ്യ മുതലായ രാജ്യങ്ങളി ൽ കണ്ടതിൽപ്പിന്നെയാണ് ഇതു കാലക്രമേണയുള്ള ഒരു സംഭവമാണെന്നു തീർച്ചയായത്.

കൊള്ളിമീനും വീഴുന്ന നക്ഷത്രവും ഒന്നു തന്നെയാ ണ്. എന്നാൽ അവയുടെ വലുപ്പത്തിലും പ്രകാശത്തിലും പതനവേഗതയിലും വ്യത്യാസമുണ്ടെന്നു മാത്രമേയുള്ളു. കൊള്ളിമീൻ പടിഞ്ഞാറെ സമുദ്രത്തിൽ നിന്നു കിഴക്കെ സ മുദ്രത്തിലേക്കു ചാടുന്ന ഒരു മത്സ്യമാണെന്നാകുന്നു പഴമക്കാ ർ പറഞ്ഞുവരുന്നത്. അത് ഒരു തീക്കൊള്ളി പോലെ പ്ര കാശിക്കുകയും മത്സ്യം ചാടുന്ന സമ്പ്രദായത്തിൽ പാഞ്ഞു പോവുകയും ചെയ്യുന്നതാണ് അതിനെ 'കൊള്ളിമീൻ' എ ന്നു വിളിക്കുവാൻ കാരണം.

വീഴുന്ന നക്ഷത്രങ്ങളിൽ മൂന്നുതരങ്ങളുണ്ട്. 1. ഒരു ബിന്ദുവിൽ നിന്നുണ്ടാകുന്ന ക്ഷണഭംഗുരമായ മിന്നൽപ്പി ണർ. 2. കൂടെക്കൂടെ ശരം പോലെ ആകാശത്തിൽ ച രിക്കുന്നതും അനേകം വാലുകളോടുകൂടിയതും അരമണിക്കൂ റു നേരത്തേക്കു വാലുകളുടെ പ്രകാശം നില്ക്കുന്നതുമായ വ ലിയ തീക്കട്ടകൾ. 3. നിസ്തുലമായ തേജസ്സോടുകൂടി നി ശ്ചലമായി ഒരേ സ്ഥലത്തുതന്നെ സ്ഥിതിചെയ്യുന്ന ജ്യോതി ർമ്മയമായ വസ്തുക്കൾ. ഇങ്ങിനെ മൂന്നു വിധത്തിലാണ് മേ ല്പറഞ്ഞ സംഭവങ്ങൾ കണ്ടിട്ടുള്ളത്.

കൊള്ളിമീൻ ചാടുന്നതോടുകൂടി 'വാണം'പോകുന്ന

തു പോലെ ഒരു ചീററലും അതു പൊട്ടുന്നതു പോലെ ഒരു പൊട്ടലും കേട്ടിട്ടുണ്ടെന്നാണ് ഈ സംഭവത്തെ മനസ്സിരുത്തി പരിശോധിച്ചിട്ടുള്ള ചില വിദ്വാന്മാർ പറയുന്നത്. ഈ നക്ഷത്രങ്ങൾ എത്ര പൊക്കത്തിൽ നിന്ന് ഏതു വേഗത്തിലാണ് വീഴുന്നത് എന്നു ശാസ്ത്രജ്ഞന്മാർ പരിശോധിച്ചറിഞ്ഞിട്ടുണ്ട്. വീഴുന്ന നക്ഷത്രങ്ങൾ ആറു മുതൽ അഞ്ഞൂററമ്പതു നാഴികവരെ ഉയരത്തിൽ നിന്നും വരുന്നതാണെന്നും അവയുടെ ഗതിവേഗത ഒരു മിനിട്ടിൽ പതിനെട്ടു മുതൽ ഇരുനൂററിരുപതു നാഴികവരെയാണെന്നും സൂക്ഷ്മപരിശോധനകൊണ്ടു ശാസ്ത്രജ്ഞന്മാർ ഊഹിച്ചിരിക്കുന്നു. ഇവയുടെ പതനമാർഗ്ഗം വളഞ്ഞും, കിഴക്കാന്തൂക്കമായും, ചിലപ്പോൾ ഭൂമിക്കു സമരേഖയായിട്ടുമാണ്.

ശാസ്ത്രസിദ്ധാന്തപ്രകാരം മേല്പറഞ്ഞ പൊക്കത്തിൽ വായുവിൻെറ സൽഭാവം, അതില്ലെന്നു വിചാരിക്കത്തക്കവണ്ണം അത്ര നേർമ്മയിലാകയിൽ, ഈ വീഴുന്ന സാധനങ്ങൾക്ക് എവിടെനിന്ന് എങ്ങിനെ പ്രകാശം കിട്ടുന്നു എന്ന സംഗതിയെ കുറിച്ചു സൂക്ഷ്മമായ ഒരറിവു കുറെ കാലത്തേക്കു ശാസ്ത്രജ്ഞന്മാൎക്കും ഉണ്ടായിരുന്നില്ല. പിന്നെ മഹാപണ്ഡിതനായ ഒരു പരന്ത്രീസുശാസ്ത്രജ്ഞനാണ് ഇതിൻെറ പരമാൎത്ഥം യുക്തിപൂൎവ്വം വെളിപ്പെടുത്തിയത്. ഭൂഗോളത്തെ ചുററിയിരിക്കുന്ന വായുമണ്ഡലത്തിൻെറ പുറമെ ഒരു വിദ്യുന്മണ്ഡലമുണ്ടെന്ന് ആ പണ്ഡിതൻ സയുക്തികമായി തെളിയിച്ചു. അതുകൊണ്ടു വിദ്യുന്മണ്ഡലത്തിൽക്കൂടെ സഞ്ചരിക്കുമ്പോഴാണ് അവയ്ക്കു പ്രകാശമുണ്ടാകുന്നതെന്നും അവയുടെ വലുപ്പം, പൊക്കം, വേഗത, പതനമാൎഗ്ഗം എന്നീ സംഗതികൾ ആലോചിക്കുമ്പോൾ, വീഴുന്ന ചെറിയ നക്ഷത്രങ്ങളും വലിയ കൊള്ളിമീനങ്ങളും ഒരേവസ്തുവിൻെറ വകഭേദങ്ങളാണെന്നും അദ്ദേഹം സ്ഥാപിച്ചിരിക്കുന്നു.

മേൽവിവരിച്ചപ്രകാരമുള്ള തീക്കട്ടകൾ പൊട്ടുമ്പോൾ അവയിൽ നിന്നു നാലു ഭാഗത്തേക്കും ചെറിയ കഷണങ്ങൾ തെറിച്ചുപോകുന്നുണ്ട്. ഇവക്കു് ഇംഗ്ലീഷിൽ "എയറോലൈററ്സ്" എന്നാണ് പേർ. പതിനഞ്ചാംനൂററാണ്ടിൽ ഇങ്ങിനെ ഒരു വലിയ കല്ലു വീണു എന്ന് അക്കാലത്തെ ചരിത്രത്തിൽ കാണുന്നുണ്ട്. "ഒരു നവംബർമാസം ൭-ാംനു- രാത്രിയിൽ പത്തുമണിക്കും പന്ത്രണ്ടുമണിക്കും മദ്ധ്യേ വളരെ ദൂരത്തിൽ കേൾക്കത്തക്കവണ്ണം അതിഭയങ്കരമായ ഒരു മേഘനാദം കേൾക്കുകയും ഉടനെതന്നെ ആകാശത്തിൽ ഒരു 'കളകള'ശബ്ദം ഉണ്ടാവുകയും അതോട്ടുകൂടി ഒരു വലിയ കല്ലു താഴത്തുവീഴുകയും ചെയ്തു. ആ കല്ലു വീണസ്ഥലം ഒരാൾ നിന്നാൽ കാണാൻ പാടില്ലാത്തവിധം കുഴിഞ്ഞുപോയി. ആ കല്ലിന് 260 റാത്തൽ ഘനമുണ്ടായിരുന്നു. അതു വളരെക്കാലം ഒരു പള്ളിയിൽ സൂക്ഷിച്ചിരുന്നു". പതിനായിരം മുതൽ അമ്പതിനായിരം റാത്തൽ വരെ ഘനമുള്ള ഈ മാതിരി കല്ലുകൾ ഇക്കാലത്തു പല സ്ഥലങ്ങളിൽ നിന്നും കിട്ടിയിട്ടുള്ളവയെ പല കാഴ്ചബങ്കളാവുകളിലും സൂക്ഷിച്ചിട്ടുണ്ട്.

ഈവക സാധനങ്ങളുടെ ഉത്ഭവം ഇന്നവിധമാണെന്ന് അടുത്തകാലത്തു ശാസ്ത്രജ്ഞന്മാർ പരിശോധിച്ചു തീരുമാനിച്ചിട്ടുണ്ട്. ആകാശത്തിൽ വായുമണ്ഡലത്തിനും മുകളിലായി വായുവിൽ സമ്മിശ്രമായൊ, യാതൊന്നും കൂടിച്ചേരാതേയൊ, ഇരിമ്പുമയമായും മററുമുള്ള പല ആവികൾ തണുത്തു ഹിമം, ആലിപ്പഴം മുതലായവ പോലെ ഘനീഭവിച്ചതാണ് ഈ കല്ലുകളെന്നാകുന്നു നവീനശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം. 'പുരാണകിട്ടം', അല്ലെങ്കിൽ 'പുരാണകീടം', എന്നു പറയുന്ന ഇരിമ്പിൻെറ ഒരു വകഭേദം പല സ്ഥലങ്ങളിലും കിടന്നു കിട്ടുന്നുണ്ടെന്ന സംഗതി മിക്ക

വരും കേട്ടിട്ടുണ്ടല്ലൊ. ഈ സാധനം 'കൊള്ളിമീൻ' പൊട്ടിവീണ കല്ലുകളുടെ കഷണങ്ങളാണെന്നാകുന്നു ഇപ്പോൾ തീരുമാനിച്ചിരിക്കുന്നത്.

കൊള്ളിമീൻ എന്നുവേണ്ട, വീഴുന്ന നക്ഷത്രങ്ങളും കല്ലുകളും ആകാശത്തിൽ വളരെ ദൂരത്തുനിന്നും വരുന്നവയാകുന്നു. കാലക്രമേണയുള്ള നക്ഷത്രവർഷം, അവയുടെ വേഗത, ഭൂഭ്രമണമാർഗ്ഗത്തിന്ന് എതിരായ അവയുടെ പതനഗതി മുതലായ സംഗതികളെ കുറിച്ചു നവീനപ്രകൃതിശാസ്ത്ര പ്രകാരം സൂക്ഷ്മമായ പരിശോധനകൾ നടത്തിയപ്പോൾ, ഗ്രഹമണ്ഡലത്തിൽത്തന്നെ വലിയ ഗ്രഹങ്ങളുടെ ആശ്രയം കൂടാതെ അസംഖ്യം ചെറിയ ഗോളങ്ങൾ സൂര്യനെ ചുററിക്കൊണ്ടിരിക്കുന്നുണ്ടെന്നു കണ്ടിരിക്കുന്നു. എന്നു തന്നെയല്ല, ഈ ഗോളങ്ങളിൽ ചിലതിൻെറ ഭ്രമണവൃത്തം ഭൂമിയുടെ ഭ്രമണവൃത്തത്തെ മുറിച്ചുപോകുന്നതുകൊണ്ട് ഇവ തമ്മിൽ കൂട്ടിമുട്ടുന്നതിനു ചിലപ്പോൾ സംഗതിയാവുകയും അപ്പോൾ ഭൂമി ഇവയെ ആകർഷിക്കുകയും തന്മൂലം അവ ഭൂമിയിൽ വീഴുകയും ചെയ്യുന്നു എന്നും തെളിഞ്ഞിട്ടുണ്ട്. ഇങ്ങിനെ ഭൂമിയാൽ ആകർഷിക്കപ്പെട്ട വസ്തുക്കളിൽ ചിലത് അതിവേഗത്തിൽ താഴത്തേക്കു വരുമ്പോൾ, കത്തി ഭസ്മമാകുന്നതുകൊണ്ട് അവയുടെ ഉജ്ജ്വലത്തുക്കളായ രേഖകൾ മാത്രമേ നാം കാണുന്നുള്ളു. മററു ചിലതു ഭൂമിയുടെ ആകർഷണത്തിൽ നിന്നു തെററി അല്പനേരംകൊണ്ടു വീണ്ടും സ്വസ്ഥാനത്തിൽ ചെന്നുചേരുന്നതുമുണ്ട്. ഭൂമിയുടെ ആകർഷണത്തിൽ പെടുമ്പോൾ മാത്രമേ അവ പ്രകാശിക്കുകയുള്ളു. വേറെ ചിലതു തീക്കട്ടയായി കീഴോട്ടു വരുകയും ഭൂമിയിൽ എത്തുന്നതിനു മുമ്പു പൊട്ടിച്ചിതറി വലിയ കല്ലുകളായി താഴത്തു വീഴുകയും ചെയ്യുന്നു. ആകാശത്തിൽ കാണുന്ന മനോഹരകാഴ്ചകളുടെ സൂക്ഷ്മസ്ഥിതി ഇങ്ങിനെയെല്ലാമാണെന്നു

മനസ്സിലാകുമ്പോൾ, അനാവശ്യമായ അന്ധവിശ്വാസത്തിനു നാം പാത്രീഭവിക്കുന്നതല്ല. ഇങ്ങിനെ പ്രപഞ്ചത്തിൽ സംഭവിക്കുന്ന ഓരോ അത്ഭുതങ്ങളെ കുറിച്ചു നാം അഗാധമായി ആലോചിക്കുമ്പോൾ ഈശ്വരൻെറ മഹത്വമാണ് നമുക്കു പ്രത്യക്ഷപ്പെടുന്നത്.

---

൨൦ാം പ.

## മതങ്ങൾ.

'മതം' എന്ന പദത്തിൻെറ അൎത്ഥം വാസ്തവത്തിൽ 'അഭിപ്രായം' എന്നാകുന്നു. എന്നാൽ മനുഷ്യൻെറ അഭിപ്രായം ആത്മീയവിഷയത്തെ സംബന്ധിച്ചു സ്ഥാപിക്കപ്പെടുമ്പോഴാണ് അതിനു 'മതം' എന്നു സാങ്കേതികശബ്ദം ഉപയോഗിക്കുന്നത്. സൂക്ഷ്മം ആലോചിക്കുന്നതായാൽ, ലോകത്തിൽ 'ആസ്തികം' എന്നും 'നാസ്തികം' എന്നും രണ്ടു മതഭേദങ്ങളില്ലെന്നുതന്നെ പറയേണ്ടിവരും. ആസ്തികന്മാർ എന്നു പറയുന്നവർ സൂക്ഷ്മവും സ്ഥൂലവുമായ പ്രപഞ്ചത്തിനു ഹേതുഭൂതൻ ഈശ്വരനാണെന്നു വിശ്വസിക്കുന്നവരാണ്. പ്രകൃതിയിലുള്ള ചില ശക്തിവിശേഷങ്ങളുടെ വ്യാപാരംമൂലമാണ് പ്രപഞ്ചമുണ്ടായതെന്നും അതുകൊണ്ടു അതിനു കാരണമായി ഒരു പ്രത്യേകശക്തിയുണ്ടെന്നു വിശ്വസിച്ച് അതിനെ മാത്രം ബഹുമാനിക്കേണ്ടുന്ന ആവശ്യമില്ലെന്നുമുള്ള പക്ഷക്കാരാണ് നാസ്തികന്മാർ. കപിലമഹൎഷിയെ പോലെയുള്ള സാംഖ്യമതവാദികൾ നാസ്തികന്മാരാണെന്നു മനുഷ്യർ ശങ്കിക്കുമെങ്കിലും, സൂക്ഷ്മത്തിൽ, തങ്ങളുടെ ആത്മാവിനെ സൎവ്വഭൂതങ്ങളിലും കാണുന്ന, ആസ്തികന്മാരാകുന്നു. എന്തുകൊണ്ടെന്നാൽ, അവർ 'തന്നെത്താൻ അറിഞ്ഞ'വരാകയാൽ, ലോകത്തിൽ അവരിൽ നി

ന്നു വിഭിന്നങ്ങളായി യാതൊന്നും കണ്ടിട്ടില്ല. ആസ്തികന്മാരുടേയും തത്വസിദ്ധാന്തത്തിന്റെ പരമാവധി ഇതുതന്നെയാണ്. അതുകൊണ്ട് ഈ പ്രകൃതത്തിൽ നാം നാസ്തികന്മാരെ ഉപേക്ഷിച്ചാൽ, ലോകത്തിൽ മതം ഒന്നുമാത്രമേയുള്ളൂ എന്നും അത് ആസ്തികമതമാണെന്നും നമുക്കു നിഷ്പ്രയാസേന മനസ്സിലാവും.

ആസ്തികസിദ്ധാന്തപ്രകാരം മതം എന്ന സാങ്കേതികശബ്ദത്തിൽ ആദ്യമായി പ്രപഞ്ചതത്വഗ്രഹണത്തോടുകൂടി ഈശ്വരസങ്കല്പം ആരംഭിച്ചത് 'ഹിന്ദുമത'മാകുന്നു. 'സർജോൺവൂഡ്രോഫ്' ഹിന്ദുമതത്തെ കുറിച്ചു പറയുന്നത്, "ഹിന്ദുമതം അതിന്റെ മൂലതത്വത്തിൽ മററുള്ള എല്ലാ മതങ്ങളേക്കാൾ യുക്തിപൂർവ്വമാകുന്നു" എന്നാണ്. ഹിന്ദുമതംതന്നെ വൈദികമെന്നും പൌരാണികമെന്നും രണ്ടായിരുന്നു. വൈദികമതസിദ്ധാന്തം ഈശ്വരൻ പഞ്ചഭൂതാത്മകനാകയാൽ, പഞ്ചഭൂതങ്ങളേയും മററും ഓരോ മൂർത്തികളായി സങ്കല്പിച്ച് ആരാധിച്ചു നിർവ്യാജമായി പ്രാർത്ഥിച്ചാൽ, ഈശ്വരപ്രീതി സമ്പാദിക്കാമെന്നായിരുന്നു. വൈദികമതത്തിനു് 'ആർഷം' എന്നും ഒരു പേരുണ്ട്. എന്തുകൊണ്ടെന്നാൽ അത് ഋഷികൾ ആചരിച്ചിരുന്നതാകുന്നു. അവരുടെ മതം വാക്കിലൊ കർമ്മത്തിലൊ അല്ല; ഹൃദയത്തിലായിരുന്നു. സത്യസ്വരൂപനായ ഈശ്വരനെ നിർവ്യാജമായി ധ്യാനിക്കുന്നതാണ് മോക്ഷത്തിനുള്ള വഴിയെന്നായിരുന്നു അവരുടെ മതം. അതിനു വിഗ്രഹാരാധനയൊ മന്ത്രതന്ത്രാദികളൊ വേണ്ടിയിരുന്നില്ല. ഈ സമ്പ്രദായം ക്രിസ്ത്വാബ്ദത്തിനു മുമ്പു 200-ാമാണ്ടുവരെ നടപ്പുണ്ടായിരുന്നു എങ്കിലും ഉപനിഷത്തുക്കളുടെ പ്രചാരത്തോടുകൂടി മിക്കവാറും നാമാവശേഷമായി. മദ്ധ്യേഷ്യയിലുള്ള 'ഖാൻ'ജാതിക്കാർ ഇന്നും വൈദികദേവന്മാരെയാണ്

ആരാധിക്കുന്നത് എന്നു 'ചരിത്രകാരന്മാരുടെ ലോകചരിത്രം' എന്ന ഗ്രന്ഥത്തിൽ പറയുന്നുണ്ട്. ഉദ്ദേശം ഇരുപതു ശതാബ്ദത്തിനു മുമ്പു പതഞ്ജലി മുതലായ മഹാന്മാർ വൈദികമതസിദ്ധാന്തങ്ങളെ വീണ്ടും പ്രതിഷ്ഠിക്കാൻ ശ്രമിച്ചു എങ്കിലും അവരുടെ ശ്രമം സഫലമായില്ല.

പൌരാണികഹിന്തുമതം എന്നു പറയുന്നതുതന്നെയാണ് ആധുനികഹിന്തുമതം. ഈ മതസിദ്ധാന്തം സർവ്വശക്തനായ ഈശ്വരനെ സൃഷ്ടി, സ്ഥിതി, സംഹാരശക്തികളോടുകൂടി ത്രിമൂർത്തികളായ ബ്രഹ്മ, വിഷ്ണു, ശിവൻ എന്നു സങ്കല്പിച്ചു പൂജിക്കുന്നതാകുന്നു. ഈ മതം ഇന്ത്യയിൽ പ്രതിഷ്ഠിതമായിട്ടു നാല്പത്തഞ്ചുശതാബ്ദമായി. എന്നാൽ വിഗ്രഹാരാധന തുടങ്ങീട്ട് ഇന്നേക്കു മുപ്പത്തിനാലുശതാബ്ദമേ ആയിട്ടുള്ളു. അവതാരപുരുഷന്മാരിൽ ഈശ്വരചൈതന്യം സങ്കല്പിച്ച് ആരാധിക്കാൻ തുടങ്ങിയതു ക്രിസ്താബ്ദത്തിന്ന് 150 സംവത്സരങ്ങൾക്ക് അല്പം മുമ്പാണെന്നു പതഞ്ജലിയുടെ 'മഹാഭാഷ്യ'ത്തിൽ നിന്നു തെളിയുന്നുണ്ട്. ഹിന്തുമതാനുസാരികളിൽത്തന്നെ ശൈവം, വൈഷ്ണവം, ശാക്തം, സൌരം എന്നിങ്ങിനെ പല വിഭാഗങ്ങളാകുന്നു. ശിവഭക്തന്മാരെയാണ് ശൈവന്മാർ എന്നു പറയുന്നത്. വിഷ്ണുഭക്തന്മാരെ വൈഷ്ണവന്മാരെന്നും; ശക്തി, അല്ലെങ്കിൽ ഭഗവതിയെ ആരാധിക്കുന്നവരെ ശാക്തന്മാരെന്നും; സൂര്യനെ ആരാധിക്കുന്നവരെ സൌരന്മാരെന്നും, ഓരോരുത്തരുടെ വിശ്വാസത്തേയും ദേവതാസങ്കല്പത്തേയും ആശ്രയിച്ചു വിഭാഗിച്ചിരിക്കുന്നതാണ്. ഇവർ എല്ലാവരും ത്രിമൂർത്തികളെ സ്വീകരിച്ചിട്ടുണ്ട്. എങ്കിലും, അവരുടെ ആരാധനയ്ക്ക് ഓരോ വർഗ്ഗക്കാരും ഓരോ മൂർത്തിക്കു പ്രാധാന്യം കല്പിച്ചിരിക്കുകയാണെന്നു മാത്രമേയുള്ളു. ആരാധനാക്രമഭേദം നിമിത്തം സർവ്വശക്തനായ ഈശ്വരനെ

ത്രിമൂത്തികളായി പിരിച്ചതിനശേഷം, അതിൽ നിന്ന മു പ്പത്തിമൂന്ന ദേവന്മാരെ സങ്കല്പിച്ചു; ഈ മുപ്പത്തിമൂന്ന ദേവന്മാർ പെരുകി മുപ്പത്തിമുക്കോടി ദേവന്മാരായി. ചരിത്ര സിദ്ധാന്തപ്രകാരം ഈ മുപ്പത്തിമുക്കോടി ദേവന്മാർ എന്ന പറയപ്പെട്ടുന്നവർ അക്കാലത്ത് ഇന്ത്യയിൽ ഉണ്ടായിരുന്ന ദേവായ്യന്മാരുടെ സംഖ്യയാണെന്നാകുന്നു തെളിയുന്നത്. എന്നാൽ ഈ മുപ്പത്തിമുക്കോടി ദേവന്മാരേയും പ്രത്യേകസങ്കല്പങ്ങളോട്ടു കൂടി ആരാധിക്കാറില്ല. ഇക്കാലത്തെ ഹിന്തുമതത്തിൽ പ്രധാനമായ മൂത്തികൾ ശിവനും വിഷ്ണുവും ഭഗവതിയും മാത്രമാകുന്നു. മററുള്ളതെല്ലാം ഈ പ്രധാനവിഭാഗങ്ങളുടെ അവാന്തരവിഭാഗങ്ങളാണ്.

പൂവ്വഹിന്തുക്കളിൽ നിന്ന ഭേദിച്ച പ്രത്യേകമായി ആദ്യം ഉണ്ടായ ഒരു മതം 'ജൈനമത'മാകുന്നു. ക്രിസ്ത്വബ്ദത്തിന്നു മുമ്പ് ഇരുപത്തൊമ്പതാംശതാബ്ദത്തിൽ 'ബിത്തർ' എന്ന രാജ്യത്ത് 'ഋഷഭദേവൻ' എന്ന രാജാവു വാണിരുന്നു. ഇദ്ദേഹം കുറെ കാലം രാജ്യംഭരിച്ചപ്പോൾ, ലൌകികവിഷയങ്ങളിൽ വിരക്തിവരുകനിമിത്തം രാജ്യഭാരം പുത്രനെ ഏല്പിച്ചു തപസ്സാരംഭിച്ചു. വളരെ കാലത്തെ തപസ്സുകൊണ്ടു രാജാവു ജ്ഞാനിയും സിദ്ധനുമായിത്തീൎന്നു. ഇദ്ദേഹം സ്ഥാപിച്ചതാണ് ജൈനമതം. ഈ മതത്തിലേ പ്രധാനസിദ്ധാന്തങ്ങൾ (1) പ്രത്യേകമായ ഒരു സ്വരൂപത്തിൽ ഈശ്വരനെ ഭജിക്കാതെതന്നെ മോക്ഷം പ്രാപിക്കാം. (2) പരമാണുക്കൾ അനശ്വരങ്ങളാകുന്നു, അതായതു സൃഷ്ടി അനന്തവും സ്വാഭാവികവുമാണ്. (3) എല്ലാവരും സദാചാരംകൊണ്ടു തന്നെത്താൻ സംസ്കരിക്കപ്പെടണം. (4) 'അഹിംസാപരമോധമ്മഃ' അതായതു, മനുഷ്യന്റെ പരമമായ ധമ്മം 'അഹിംസ'യാകുന്നു. ഋഷഭദേവന്റെ ഈ മതം കപിലമഹഷിയുടെ 'സാംഖ്യ' സി

ഢാന്തത്തിൻെറ ഒരു വകഭേദംമാത്രമാണ്. ആദിജൈന ന്മാർ കേവലം വിജനവാസികളായിരുന്നു എന്നു മാത്രമല്ല, അഹിംസയിലുള്ള പരമനിഷ്ഠകൊണ്ടു വൃക്ഷങ്ങളുടെ വീണ ഫലങ്ങളല്ലാതെ യാതൊന്നും ഭക്ഷിച്ചിരുന്നതുമില്ല. ജൈന മതാനുസാരികളായി അമ്പതുലക്ഷം ജനങ്ങൾ ഇന്ത്യയിൽ ഉണ്ടെന്നു കേൾക്കുമ്പോൾത്തന്നെ, ആ മതത്തിൻെറ പ്രാബല്യത്തെ കുറിച്ചു നമുക്ക് ഏറക്കുറെ അനുമാനിക്കാമല്ലൊ. ജൈനന്മാർ ഹിന്തുക്കളുടെ ഈശ്വരന്മാരെ നിഷേധിക്കുന്നില്ലെന്നു മാത്രമല്ല, അവർ മിക്ക ദേവന്മാരേയും ആരാധിക്കുകയും, അവരുടെ മതത്തോടു യോജിക്കുന്ന വേദസിദ്ധാന്തങ്ങളെ പ്രമാണമായി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ജൈനന്മാരുടെ വൈദികന്മാരെ 'യതികൾ' എന്നാണ് വിളിക്കുന്നത്.

ഇന്ത്യയിൽ ഒട്ടും അപ്രധാനമല്ലാത്ത വേറെ ഒരു മതക്കാരുള്ളതു പാർസികളാകുന്നു. പുരാതനപാർസികൾ ഇന്ത്യയുടെ ഉത്തരപശ്ചിമപ്രദേശങ്ങളിൽ നിവസിച്ചിരുന്ന ആര്യന്മാരാണ്. മതാചാരങ്ങളിലും മററും ഗംഗാതടനിവാസികളായ ആര്യന്മാരിൽ നിന്നു ഭിന്നിച്ചുപോയവരാണ് ഇവർ. ആദ്യകാലത്ത് ഇവരുടെ ഇടയിൽ നാലു ജാതിവിഭാഗങ്ങൾ ഉണ്ടായിരുന്നു എന്നു മാത്രമല്ല, ഭാഷയും ഐതിഹ്യങ്ങളും ഹിന്തുക്കളുടേതു തന്നെയായിരുന്നു. മൂവ്വായിരത്തിമുന്നൂറു സംവത്സരങ്ങൾക്കു മുമ്പു ബേബിലോണിലെ രണ്ടു രാജാക്കന്മാർ തമ്മിൽ ചെയ്തു ഒരു സമാധാന ഉടമ്പടയിൽ സൂര്യൻ, വരുണൻ, ഇന്ദ്രൻ മുതലായ ദേവന്മാരുടെ പേരുകൾ കാണുന്നുണ്ടെന്നു ജർമ്മൻ പണ്ഡിതനായ 'ഹ്യൂഗോ വിൻക്ലെയർ' പറയുന്നുണ്ട്. ക്രിസ്ത്വബ്ദത്തിന്ന് എട്ടു ശതവർഷത്തിന്നു മുമ്പു 'സൊറാസ്റ്റർ, സ്ഥാപിച്ച ഒരു മതമാണ് ഇന്നും പാർസികൾ അനുസരിച്ചു പോരുന്നത്.

ഇവർ ആരാധിച്ചുപോരുന്ന ദൈവം 'അഗ്നി'യാകുന്നു. ക്രിസ്ത്വബ്ദം 641-ാമാണ്ടിൽ പാർസികൾ അറബികളാൽ പരാജിതന്മാരാകുന്നതുവരെ അവരുടെ പുരാതനമതത്തെ തന്നെ ആചരിച്ചുപോന്നു. തദനന്തരം അവർ ഇസ്ലാം മതം സ്വീകരിച്ചു. പാർസികളുടെ വേദഗ്രന്ഥത്തിന്റെ പേർ 'സെന്തവസ്ഥ' എന്നാകുന്നു.

ലോകത്തിൽ പ്രാബല്യമുള്ള മറെറാരു മതം ബുദ്ധമുനിയാൽ സ്ഥാപിതമായ 'ബുദ്ധമത'മാകുന്നു. ബുദ്ധൻ വാസ്തവത്തിൽ ഒരു ഹിന്തുമത പരിഷ്കാരിയായിരുന്നു. അതുകൊണ്ടു പൂർവ്വബുദ്ധമതം പരിഷ്കരിച്ച ഹിന്തുമതം മാത്രമേ ആയിരുന്നുള്ളു. 'അഹിംസ'യാണ് ബുദ്ധമതത്തിന്റേയും പ്രധാനരഹസ്യം. യാഗാദികളിൽ ജീവികളെ ബലികൊടുക്കുന്ന സമ്പ്രദായം ഹിന്തുമഹർഷിമാർ നിഷേധിച്ചിട്ടുള്ളതാകുന്നു. എന്നാൽ ബുദ്ധമുനിയുടെ അനുഗാമികളായ മതപ്രവർത്തകന്മാർ ആചാരാദികൾകൊണ്ടു ബുദ്ധമതത്തെ പ്രായേണ ഹിന്തുമതത്തിൽ നിന്നു വേർപിരിച്ചു പ്രത്യേകമായി രൂപീകരിച്ചു. തദനന്തരം അശോകമഹാരാജാവിന്റെ കാലത്താണ് ബുദ്ധമതത്തിനു പ്രചാരം സിദ്ധിച്ചത്. ആദ്യബുദ്ധമതത്തിന്റെ ഉദ്ദേശം നിർവ്വാണപ്രാപ്തി മാത്രമായിരുന്നു. അതു യാതൊരു ആഡംബരവും കൂടാതെ ഏകാഗ്രചിത്തമായി ഈശ്വരനെ ധ്യാനിച്ചാൽ സാധിക്കാമെന്നായിരുന്നു ബുദ്ധന്റെ സിദ്ധാന്തം. അശോകൻ നിർവ്വാണത്തേക്കാൾ സ്വർഗ്ഗപ്രാപ്തിക്കു പ്രാധാന്യം കല്പിച്ചിരുന്നതിനാൽ, എട്ടു സദാചാരസിദ്ധാന്തങ്ങൾക്കു പുറമെ, ചില ക്രിയാദികളും ഏർപ്പെടുത്തി. അശോകൻ ബുദ്ധമതപ്രചാരത്തിനുവേണ്ടി ജനങ്ങളുടെ മനസ്സിനെ ആകർഷിക്കത്തക്കവണ്ണം വിഗ്രഹാരാധന മുതലായ കർമ്മങ്ങൾ കൂടി മതസിദ്ധാന്തങ്ങളുടെ ഒരു ഭാഗമായി ചേർത്തു.

ക്രിസ്ത്വബ്ദം രണ്ടാംനൂററാണ്ടിൽ 'നാഗാർജ്ജുനൻ,' 'മഹായനം' അതായതു മഹത്തായ മോക്ഷമാർഗ്ഗം, എന്ന അഭിധാനത്തിൽ പല മതങ്ങളുടെ സമ്പ്രദായങ്ങളും കൂട്ടിച്ചേർത്തു ബുദ്ധമതത്തെ ഒന്നുകൂടെ പരിഷ്ക്കരിച്ചു. ബുദ്ധമതത്തിൻെറ ഉത്ഭവം ഇന്ത്യയിലാണെങ്കിലും, അതിൻെറ ജന്മഭൂമിയിൽ അതിന്നു പ്രാബല്യം സിദ്ധിച്ചില്ല. ഇന്ത്യയിൽ ബുദ്ധമതത്തിന്ന് എന്തെങ്കിലും ഒരു പ്രചാരമുണ്ടായെങ്കിൽ ത്തന്നെ അത് അശോകൻെറ കാലത്തു മാത്രമാകുന്നു. എന്നാൽ, സിലോൺ, ബർമ്മ, തിബെററ്, ചൈന, ജാപ്പാൻ, സയാം, കൊറിയാ മുതലായ രാജ്യങ്ങളിലാണ് ബുദ്ധമതത്തിന്നു പ്രാബല്യം സിദ്ധിച്ചത്. ഈശോമിശിഹായുടെ അവതാരകാലത്തു പാലസ്റ്റൈൻ, ഈജിപ്ത്, ഗ്രീസ് മുതലായ രാജ്യങ്ങളിൽ ബുദ്ധമതത്തിന്നു പ്രചാരമുണ്ടായിരുന്നു എന്നു 'ഡീൻമാനസൽ', 'മാഫ്ഫി' പണ്ഡിതർ, 'പ്ലിനി' മുതലായവർ പറയുന്നുണ്ട്. ഇന്ത്യയിൽ ബുദ്ധമതത്തിൻെറ പ്രാബല്യക്കുറവിനു പല സംഗതികളും കാരണങ്ങളായിട്ടുണ്ട്. 1. അതിൻെറ അമൂർത്തസ്വഭാവവും അപ്രസന്നമായ ജീവിതനിബന്ധനകളും. 2. ഹിന്ദുക്കളുടെ പ്രാതികൂല്യം. 3. രാജകീയസഹായത്തിൻെറ അഭാവം. 4. സ്വാർത്ഥരഹിതരായ സന്യാസിമാരുടെ കുറവ്. 5. വിഗ്രഹാരാധനയുടെ നികൃഷ്ടസമ്പ്രദായവും അന്ധവിശ്വാസവും. 6. കുമാരിലഭട്ടൻേറയും ശങ്കരാചാര്യരുടേയും ഹൃദയംഗമമായ പ്രസംഗങ്ങൾ. ഇന്ത്യയിൽ ഈ മതത്തിന് ഒരുകാലത്തും പ്രബലപ്പെടുവാൻ സാധിച്ചില്ലെങ്കിലും, ആദ്യത്തെ ബുദ്ധമതസിദ്ധാന്തങ്ങളുടെ ഒരു വികൃതരൂപമാണ് ഇന്നത്തെ ബുദ്ധമതമെങ്കിലും, ഇന്ന് ഏഷ്യാഖണ്ഡത്തിലുള്ള ഭൂരിപക്ഷം ജനങ്ങളും ബുദ്ധമതക്കാരാകുന്നു.

ലോകത്തിന്റെ നാനാഭാഗങ്ങളിലും പ്രചരിക്കുന്ന ഒരു മതം ക്രിസ്തുമതമാകുന്നു. ഈ മതത്തിന്റെ ആദ്യകർത്താവിനെ കുറിച്ചു നിങ്ങൾ മുമ്പിലത്തെ പാഠപുസ്തകങ്ങളിൽ വായിച്ചിട്ടുള്ളതുകൊണ്ട് അദ്ദേഹത്തെപ്പററി വിശേഷിച്ച് അധികമൊന്നും പറയേണ്ടുന്ന ആവശ്യമില്ല. ഇന്ത്യയിൽ ആദ്യമായി ക്രിസ്തുമതം പ്രചരിപ്പിച്ചതു തോമാശ്ലീഹയാണെന്ന് അഞ്ചാംപാഠപുസ്തകത്തിൽ നിങ്ങൾ വായിച്ചിട്ടുണ്ടല്ലൊ. ഈ പുണ്യവാൻ കൊടുങ്ങല്ലൂർ വരുന്നതിനു മുമ്പായി ക്രി. അ. 21-ാമാണ്ടിൽ ഇന്ത്യയുടെ ഉത്തരപശ്ചിമഭാഗത്തുള്ള കാബൂളിൽ വന്നു എന്നും അന്ന് അവിടെ രാജാവായിരുന്ന 'ഗാന്ധാരനെ' ക്രിസ്തുമതത്തിൽ ചേർത്തു എന്നും നിങ്ങൾ അഞ്ചാംപാഠപുസ്തകത്തിൽ നിന്നു ഗ്രഹിച്ചിട്ടുണ്ടല്ലൊ. യേശുക്രിസ്തുവിന്റെ പന്ത്രണ്ടു ശിഷ്യന്മാരും അവരുടെ അനുയായികളുമാണ് മിശിഹായുടെ മതസിദ്ധാന്തങ്ങളെ ലോകത്തിൽ പ്രചരിപ്പിച്ചത്. ക്രിസ്തുമതത്തിന്റെ മൂലതത്വം സ്ഥിതിചെയ്യുന്നതു മിശിഹായുടെ പത്തു കല്പനകളിലാകുന്നു. ഈ മതസിദ്ധാന്തപ്രകാരം വിഗ്രഹാരാധന തിരെ നിഷിദ്ധമാണെന്നു മാത്രമല്ല, പാപകരവുമാണ്. ക്രിസ്തുമതകല്പദ്രുമത്തിന്റെ മൂലം ആദ്യത്തേതുതന്നെയാണെങ്കിലും, അതിന്റെ വളർച്ചയോടുകൂടി സ്വാഭാവികമായ അനേകം ശാഖോപശാഖകളും ഉണ്ടായി ഇപ്പോൾ പടർന്നുപിടിച്ചാണ് നില്ക്കുന്നത്. ക്രിസ്ത്യാനികളുടെ അവാന്തരവിഭാഗങ്ങൾ തമ്മിലുള്ള വ്യത്യാസം വൈദികകർമ്മങ്ങളിലും ചില ആചാരങ്ങളിലും മാത്രമാകുന്നു.

ലോകത്തിൽ പ്രാബല്യമുള്ള മറെറാരുമതം "മഹമ്മദു" മതമാകുന്നു. മഹമ്മദീയമതത്തിന്റെ ഉത്ഭവത്തെ കുറിച്ചു നിങ്ങൾ 'ഹിജറാ' എന്ന പാഠത്തിൽ വായിച്ചിട്ടുള്ളതുകൊണ്ട് അതിനെ സംബന്ധിച്ച ഒരു വിവരണം ഇവിടെ ആ-

വശ്യമില്ല. മഹമ്മദിൻെറ നാല്പതാമത്തെ വയസ്സിലാണ് ഈശ്വരധ്യാനം കഴിഞ്ഞ് 'ഹൈറാദ്രി'യിൽ നിന്നു മടങ്ങിവന്നു മതപ്രവൃത്തി ആരംഭിച്ചത്. ക്രിസ്ത്വബ്ദം 622-ാമാണ്ടിൽ ശത്രുക്കളുടെ ദ്രോഹം നിമിത്തം 'മക്ക'ത്തുനിന്നു 'മെഡിന'യിലേക്കു പോകേണ്ടിവന്നതുവരെ മഹമ്മദിൻെറ മതസിദ്ധാന്തങ്ങളിൽ സമഭാവന ഒരു പ്രധാനസംഗതിയായിരുന്നു. താൻ അനുഭവിച്ച പരദ്രോഹത്തിൻെറ ഫലമായി പ്രതിക്രിയ അദ്ദേഹത്തിൻെറ മതപ്രചാരത്തിന്നു മഹമ്മദുനിബി ഒരു ആയുധമാക്കിത്തീർത്തു. പരാക്രമികളായ അറബികൾക്ക് ഇതു വളരെ സ്വീകാര്യവുമായി. ചുരുക്കിപ്പറയുന്നതായാൽ, മഹമ്മദുമതത്തിൻെറ അസ്തിവാരം 'പഴയനിയമ'ത്തിലെ ഉൽകൃഷ്ടസിദ്ധാന്തങ്ങളാകുന്നു. പണ്ടത്തെ അറബികളുടെ ദുരാചാരങ്ങളോടു താരതമ്യപ്പെടുത്തുമ്പോൾ, മഹമ്മദുനിബിയുടെ സദാചാരസിദ്ധാന്തങ്ങൾ അത്യന്തം ശ്രേഷ്ഠങ്ങളാകുന്നു. വാസ്തവത്തിൽ അദ്ദേഹം പ്രതിക്രിയയെ നിരോധിക്കയാണ് ചെയ്തിരിക്കുന്നത്. മഹമ്മദുമതത്തിൻെറ പ്രചാരത്തിനു നിബിയുടെ പരാക്രമപ്രകൃതിയും ഒരു പ്രധാനകാരണമായിരുന്നു.

യഹൂദന്മാരുടെ മതത്തെക്കുറിച്ച് ഈ പ്രകൃതത്തിൽ പ്രത്യേകം ഒരു വിവരണം ആവശ്യമില്ല. എന്തുകൊണ്ടെന്നാൽ, ക്രിസ്ത്യാനികളുടെ 'പഴയനിയമം' തന്നെയാണ് അവരുടെ മതസിദ്ധാന്തങ്ങൾ. എന്നാൽ ജൂതന്മാരും ഇപ്പോഴത്തെ ക്രിസ്ത്യാനികളും തമ്മിൽ ഗണ്യമായ ഒരു അന്തരം പുരാതന ദീർഘദർശികൾ പറഞ്ഞിരിക്കുന്ന 'അവതാരപുരുഷൻ' ഈശോമിശിഹായല്ലെന്നും ആണെന്നുമുള്ള സംഗതിയിലാകുന്നു. ജൂതന്മാരുടെ വാദം മിശിഹാ അവതരിച്ചിട്ടില്ലെന്നാണ്. ക്രിസ്തുവാണ് ദീർഘദർശികൾ

പ്രവചിച്ചിട്ടുള്ള അവതാരപുരുഷൻ എന്നാണ് ക്രിസ്ത്യാനികളുടെ വാദം.

സൂക്ഷ്മം ആലോചിക്കുന്നതായാൽ ലോകത്തിൽ മതം ഒന്നേയുള്ളു. അത് ആസ്തികമതവുമാകുന്നു. ഒരു പിതാവിന്റെ സന്താനങ്ങളിൽ ചിലൎക്കു പുളിരസമുണ്ടെങ്കിലേ ഉണ്ണാൻ രുചിയുള്ളു; മററു ചിലൎക്കു മധുരരസമായിരിക്കും ആവശ്യം; വേറെ ചിലൎക്ക് ഉപ്പുരസത്തിലായിരിക്കും അധികം പ്രീതി. നാനാവിധമായ ഈ രുചിഭേദംകൊണ്ടു സാധിക്കുന്നതു ക്ഷുൽശ്ശാന്തിയാകുന്നു. അതു പോലെ തന്നെ, ഓരോ മതക്കാരുടേയും പരമോദ്ദേശ്യം മോക്ഷമാണ്. ആ ഉദ്ദേശസാദ്ധ്യത്തിന്ന് ഓരോരുത്തരും അവരവരുടെ ബുദ്ധിക്കും ശക്തിക്കും തക്ക മാൎഗ്ഗം സ്വീകരിച്ചിരിക്കുന്നു എന്നേയുള്ളു. ഓരോ മതങ്ങളുടേയും മൂലതത്വത്തിന്ന് ഐകരൂപ്യമുള്ളതു പോലെ തന്നെ, ഐതിഹ്യങ്ങൾ തമ്മിലും ഏറെക്കുറെ സാദൃശ്യമുണ്ടെന്ന് അവയിൽ അന്തൎഭവിച്ചിരിക്കുന്ന സാരങ്ങളിൽ നിന്നു പ്രത്യക്ഷപ്പെടുന്നതാണ്.

---

പാഠം ൨൨.

## ഭീഷ്മർ.

മഹാഭാരതകഥാപാത്രങ്ങളിൽ വെച്ചു നാനാപ്രകാരേണയും അത്യുത്തമനായ ഒരു പുരുഷൻ ഭീഷ്മരാകുന്നു. ഇദ്ദേഹം ശന്തനുമഹാരാജാവിന്റെ പ്രഥമപത്നിയായ ഗംഗാദേവിയിൽ ജനിച്ച ഏകപുത്രനാണ്. ഭീഷ്മർ അക്കാലത്തെ ക്ഷത്രിയൎക്ക് അനുരൂപമായ സകല വിദ്യകളും അഭ്യസിച്ചു എന്നു മാത്രമല്ല, ധനുൎവ്വേദം, ധൎമ്മശാസ്ത്രം, രാജ്യതന്ത്രം മുതലായ വിഷയങ്ങളിൽ അനന്യസാധാരണമായ നൈപുണ്യം സമ്പാദിക്കുകയും ചെയ്തു.

ഭീഷ്മർ തൻെറ മഹാമനസ്കതയെ ആദ്യമായി പ്രദശി പ്പിച്ചതു തൻെറ പിതാവിൻെറ ആഗ്രഹനിവൃത്തിക്കായി തനിക്ക് അവകാശമുള്ള രാജ്യാധിപത്യത്തെ പൂൎണ്ണമനസ്സാലെ ഉപേക്ഷിച്ച സംഗതിയിലാകുന്നു. ശന്തനുമഹാരാജാവു പ്രഥമപത്നിയുടെ നിൎയ്യാണശേഷം പുനർവിവാഹം ചെയ്യാതിരിക്കുന്ന കാലത്തു സത്യവതി എന്ന തരുണിയെ കണ്ടു കല്യാണംചെയ്യാൽ കൊള്ളാമെന്നു മോഹിച്ചു. സത്യവതിയുടെ പിതാവിനോട് അവളെ രാജാവ് ആവശ്യപ്പെട്ടപ്പോൾ, അവളിൽ ഉണ്ടാകുന്ന പുത്രനെ രാജാവാക്കി വാഴിക്കാമെന്നുണ്ടെങ്കിൽ മാത്രമേ തനിക്കു ആ കാൎയ്യം സമ്മതമുള്ളു എന്ന് അയാൾ പറഞ്ഞു. അസാമാന്യശൌൎയ്യപരാക്രമങ്ങളോടുകൂടിയ രാജ്യാവകാശിയായ ഭീഷ്മർ ജീവിച്ചിരിക്കുന്ന കാലത്ത് ഇങ്ങിനെ ഒരു വാഗ്ദത്തം ചെയ്യാൻ രാജാവിനു ധൈൎയ്യമുണ്ടായില്ല. അതുകൊണ്ടു രാജാവ് അദ്ദേഹത്തിൻെറ ആഗ്രഹവും അതിനുള്ള നിവൃത്തിയും ഭീഷ്മരെ ഗ്രഹിപ്പിച്ചു. പിതാവിൻെറ ഈ ആഗ്രഹം കേട്ടപ്പോൾ, പിതൃപ്രീതിയെ മാത്രം കാംക്ഷിക്കുന്ന ഭീഷ്മർ, തനിക്കു രാജ്യാധിപത്യം സിദ്ധിക്കുന്നതിനേക്കാൾ ഏററവും സന്തോഷകരമായതു പിതാവിൻെറ അഭിലാഷസിദ്ധിയാകയാൽ, തൻെറ രാജ്യാവകാശം ഒഴിഞ്ഞിരിക്കുന്നു എന്നു പറഞ്ഞു. പുത്രൻെറ അനുമതിയോടുകൂടി ശന്തനു സത്യവതിയെ വിവാഹവും ചെയ്തു. താൻ വിവാഹം ചെയ്തു ഗൃഹസ്ഥനായിത്തീൎന്നാൽ, തന്നിൽ നിന്നുണ്ടാകുന്ന പുത്രന്മാരും സത്യവതിയുടെ പുത്രന്മാരും തമ്മിൽ, പിതൃപ്രീത്യൎത്ഥം തന്നാൽ സന്ത്യജിക്കപ്പെട്ട രാജ്യത്തെ സംബന്ധിച്ചു, വല്ല വഴക്കിനും സംഗതിയായെങ്കിലൊ എന്നു കരുതി ഭീഷ്മർ ആലോചനാപൂൎവ്വം നിത്യബ്രഹ്മചാരിയായിരിപ്പാൻ നിശ്ചയിച്ചു.

ശന്തനു മഹാരാജാവിൻെറ മരണാനന്തരം ഇളയമ്മ

യായ സത്യവതിയിൽ ഉണ്ടായ ചിത്രാംഗദൻ, വിചിത്ര വീൎയ്യൻ എന്ന രണ്ടു പുത്രന്മാരേയും ഭീഷ്മർ പുത്രനിൎവ്വിശേഷമായ സ്നേഹത്തോടും വാത്സല്യത്തോടും പരിപാലിച്ചു പോന്നു. ഇവരിൽ ചിത്രാംഗദൻ, അതേപേരായ ഒരു ഗന്ധൎവ്വനോടു ദ്വന്ദയുദ്ധത്തിൽ മരിച്ചു. വംശാഭിവൃദ്ധിക്കു വിചിത്രവീൎയ്യൻ വിവാഹം ചെയ്യേണ്ടുന്ന കാലവുമായി. ഈ അവസരത്തിൽ കാശിരാജാവിന്റെ പുത്രിമാരായ അംബ, അംബിക, അംബാലിക എന്ന മൂന്നു കന്യകമാൎക്കു സ്വയംവരം നിശ്ചയിച്ച വൎത്തമാനം ഭീഷ്മർ കേട്ടു. ഉടനെ ഭീഷ്മർ കാശിരാജ്യത്തു ചെന്നു തന്റെ കരബലംകൊണ്ടു മൂന്നു കന്യകമാരേയും കൊണ്ടുപോന്നു. 'ക്ഷാത്രം' എന്ന ഈ വിവാഹസമ്പ്രദായം ക്ഷത്രിയന്മാൎക്കു വിഹിതമായ ധൎമ്മമാകുന്നു. അംബികയും അംബാലികയും വിചിത്രവീൎയ്യനെ ധൎമ്മാനുസരണം ഭൎത്താവായി വരിച്ചു. അംബ എന്ന കന്യക സാലപനെ വിവാഹം ചെയ്യണമെന്ന് ആഗ്രഹിച്ചിരുന്നതിനാൽ, വിചിത്രവീൎയ്യനെ വരിക്കുന്നതല്ലെന്നു ശഠിച്ചു. എന്നുതന്നെയല്ല, ഭീഷ്മരാൽ അപഹൃതയായ തന്നെ മേലിൽ സാലപൻ സ്വീകരിക്കാത്തതുകൊണ്ടു ഭീഷ്മർ തന്നെ വിവാഹം ചെയ്യേണമെന്നും അംബ ആവശ്യപ്പെട്ടു. ഭീഷ്മർ നിത്യബ്രഹ്മചൎയ്യം സ്വീകരിച്ചുപോയതിനാൽ, വിവാഹം സാധിക്കയില്ലെന്നു കണ്ടപ്പോൾ, അംബ പ്രതിക്രിയേച്ഛയോടുകൂടി അവിടെ നിന്നു പോയി. ഭീഷ്മരെ നശിപ്പിക്കുവാൻ അവൾ പലതും ചെയ്തുനോക്കി; ഒടുവിൽ പരശുരാമനെ തപസ്സുചെയ്തു പ്രത്യക്ഷനാക്കി, ഭീഷ്മരോടു യുദ്ധം ചെയ്വാൻ പ്രേരിപ്പിച്ചു. ഭാൎഗ്ഗവൻ ഭീഷ്മരോട് ഇരുപത്തെട്ടു ദിവസം യുദ്ധംചെയ്തു. ക്ഷത്രിയകുലാന്തകനായ രാമൻ ഭീഷ്മർ അജിതനെന്നു നിൎണ്ണയിച്ചു പിൻ മാറിയതേയുള്ളു. ഈ യുദ്ധത്തിൽ ബ്രഹ്മൎഷിയായ പരശുരാമനിലുള്ള ഭക്തി

ബാഹുമാനാദികൾമൂലം ഭീഷ്മർ, തൻെറ നേരെ വന്ന അസ്ത്രങ്ങൾ തടുത്തതല്ലാതെ, ഋഷിയുടെ നേരെ ഒരു പ്രത്യസ്ത്രം പോലും അയച്ചില്ലത്രെ. ദേവകൾക്കുവേണ്ടി അസുരന്മാരെ ജയിച്ച ഭീമപരാക്രമിയായ ഭീഷ്മർ ക്ഷത്രിയകുലകാലനായ ഒരു ശത്രുവിനെ ബ്രഹ്മർഷി എന്ന ശ്രേഷ്ഠതയെ ബഹുമാനിച്ചു പരാജിതനാക്കാതെ ഇരുന്നതിൽ നിന്ന് അദ്ദേഹത്തിൻെറ യുദ്ധവൈദഗ്ദ്ധ്യവും ധർമ്മബോധവും പ്രത്യക്ഷപ്പെടുന്നതാണല്ലൊ.

രാജയക്ഷ്മാവുനിമിത്തം അകാലമരണം സംഭവിച്ച വിചിത്രവീര്യൻെറ പുത്രന്മാരായ ധൃതരാഷ്ട്രരേയും പാണ്ഡുവിനേയും സംരക്ഷിച്ച് അവക്ക് യൌവനപൂർത്തി വന്നപ്പോൾ, ധൃതരാഷ്ട്രർ ജന്മനാൽത്തന്നെ അന്ധനാകയാൽ, പാണ്ഡുവിനെ രാജാവാക്കി വാഴിച്ചതും ഈ മഹാനുഭാവൻ തന്നെയാകുന്നു. പാണ്ഡുമഹാരാജാവു കളത്രങ്ങളോടുകൂടി വനവാസംചെയ്യുന്ന കാലത്ത് ആകസ്മികമായി കാലധർമ്മം പ്രാപിച്ചപ്പോൾ, പാണ്ഡു പത്നിയായ കുന്തിയേയും പുത്രന്മാരേയും ഹസ്തിനപുരത്തിലേക്കു കൂട്ടിക്കൊണ്ടുവന്നു പരിപാലിച്ചതും ഭീഷ്മർതന്നെയാണ് താൻ ഉപേക്ഷിച്ച രാജ്യം രണ്ടുതവണ തൻെറ അധീനത്തിൽ ദൈവഗത്യാ വന്നിട്ടും ന്യായമായ അവകാശികളെ ഭദ്രമായി വളർത്തിക്കൊണ്ടുവന്ന് അവർക്കായിത്തന്നെ കൊടുത്തതല്ലാതെ ഭീഷ്മർ കൈവശംവന്ന രാജ്യത്തെ കാംക്ഷിച്ചില്ല. ഈ സംഭവത്തിൽ നിന്ന് ഈ ദിവ്യപുരുഷൻെറ വിഷയവിരക്തിയും സത്യസന്ധതയും സ്പഷ്ടമാകുന്നുണ്ട്. വിചിത്രവീര്യനും, അദ്ദേഹത്തിൻെറ കാലശേഷം പാണ്ഡുവും, തദനന്തരം ധൃതരാഷ്ട്രരും രാജ്യംഭരിച്ചിരുന്ന കാലത്തു ഭീഷ്മർ അവരെ ഒരു ഉത്തമമന്ത്രിയുടെ നിലയിൽ ഉപദേശിച്ചതല്ലാ

തെ രാജ്യകാൎയ്യങ്ങളിലും മററും ഒരു കാരണവരുടെ സ്വാതന്ത്ര്യങ്ങൾ ഒന്നുംതന്നെ കാണിച്ചിട്ടില്ല.

ദുൎയ്യോധനൻ മുതലായവരുടെ കുനയങ്ങൾക്കു ധൃതരാഷ്ട്രർ വശംവദനായി പാണ്ഡവന്മാരുടെ നേരെ ദ്രോഹകരമായ പ്രവൃത്തികൾ ചെയ്യുമ്പോൾ, ഭീഷ്മർ അതാതു സമയം അവയുടെ ഭാവിഫലങ്ങളെക്കുറിച്ചു രാജാവിനെ ഗ്രഹിപ്പിച്ചിട്ടുണ്ടായിരുന്നു. പൌത്രന്മാരായ കുരു പാണ്ഡവന്മാരോടു ഭീഷ്മർ പക്ഷപാതരഹിതമായിട്ടാണ് വൎത്തിച്ചിരുന്നത്. എങ്കിലും സൽസ്വഭാവികളായ പാണ്ഡവന്മാരെ ഉപദ്രവിക്കുവാൻ കൌരവന്മാർ ആലോചിക്കുമ്പോൾ, ന്യായമായി അവരെ വിലക്കിയിരുന്നതു പാണ്ഡവന്മാരിൽ അദ്ദേഹത്തിനുണ്ടായിരുന്ന പക്ഷപാതംകൊണ്ടാണെന്നു കുബുദ്ധികളായ കൌരവർ ആക്ഷേപിക്കാതിരുന്നില്ല. എന്നാൽ ഭീഷ്മർ അതിമാനുഷമായ ക്ഷമയും അസാധാരണമായ കൎത്തവ്യനിഷ്ഠയുംകൊണ്ടു, കൌരവന്മാരുടെ ദുൎന്നയങ്ങൾക്കു തക്ക ശിക്ഷയായി അവരെ നാമാവശേഷമാക്കിയില്ലെന്നേയുള്ളു. പാഞ്ചാലീസ്വയംവരാനന്തരം കൌരവന്മാർ പാണ്ഡവരെ നശിപ്പിക്കാമെന്ന മോഹത്തോടുകൂടി ദ്രുപദനോടു യുദ്ധത്തിനു ചെന്നു തോററു പോന്നപ്പോൾ, ധാൎത്തരാഷ്ട്രന്മാരുടെ വംശച്ഛേദം വരാതിരിക്കുവാൻ വേണ്ടി ധൎമ്മപുത്രരെ ഇളയരാജാവാക്കി വാഴിക്കേണമെന്നു സിദ്ധാന്തിച്ചത് ഈ മഹാനുഭാവനാണ്. ഇങ്ങിനെ ഓരോരൊ അവസരങ്ങളിൽ ഭീഷ്മർ ദീൎഘാലോചനയോടുകൂടി ചെയ്തിട്ടുള്ള ഓരോ ഉപദേശങ്ങളിൽ നിന്ന് അദ്ദേഹത്തിൻെറ രാജനീതിയും രാഷ്ട്രീയകുശാഗ്രബുദ്ധിയും വിശദമാകുന്നുണ്ട്. ദുൎയ്യോധനപ്രേരിതനായ ദുശ്ശാസനൻ ദ്രൌപദിയെ സഭയിൽവെച്ച് അപമാനിച്ചപ്പോൾ, ആ പ്രവൃത്തി അനീതിയും ധൎമ്മശാസ്ത്രനിഷിദ്ധവുമാണെന്നു

ധൃതരാഷ്ട്രരെ ഗ്രഹിപ്പിച്ചതും ഭീഷ്മരാകുന്നു. "താൻ താൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ താന്താനനുഭവിച്ചീടുകെന്നേ വരൂ" എന്നുള്ള ആത്മീയതത്വമനുസരിച്ച് അദ്ദേഹം ക്ഷമിച്ചതാണെങ്കിലും, കൌരവന്മാരുടെ 'വിപരീതബുദ്ധി' കണ്ട് അവരുടെ 'വിനാശകാല'മടുത്തു എന്നു വിചാരിച്ച വംശസ്നേഹിയായ ഭീഷ്മർ വ്യസനിക്കാതിരുന്നില്ല.

ഒടുവിൽ കുരുക്ഷേത്രത്തിൽവെച്ചു നടന്ന ഭാരതയുദ്ധത്തിൽ ഈ മഹാരഥൻ, തനിക്ക് അഹിതമെങ്കിലും ധർമ്മപരിപാലനാർത്ഥം കർത്തവ്യത്തെ നിർവ്വഹിക്കുവാൻ മാത്രം കൌരവന്മാരുടെ സേനാനായകത്വം സ്വീകരിച്ചു. ലോകൈകധനുർദ്ധരൻ എന്നു കേൾവിപ്പെട്ട അർജ്ജുനൻ പോർക്കളത്തിൽ വന്ന സമയം ലോകവന്ദ്യനും പിതാമഹനുമായ ഭീഷ്മരിലുള്ള ഭയഭക്തിസ്നേഹബഹുമാനാദികൾ കൊണ്ടാണ് യുദ്ധം ചെയ്യാൻ പ്രയാസമാണെന്നു പറഞ്ഞു വില്ലുംവെച്ചു തേരിൽ നിഷ്ക്രിയനായി ഇരുന്നത്. ഈ അവസരത്തിൽ പാർത്ഥസാരഥിയായ ഭഗവാൻ ശ്രീകൃഷ്ണൻ അർജ്ജുനനെ ജ്ഞാനോപദേശം മൂലം കർത്തവ്യകർമ്മാനുഷ്ഠാനത്തിൽ പ്രോത്സാഹിപ്പിക്കേണ്ടിവന്നു. അർജ്ജുനനുമായുണ്ടായ യുദ്ധത്തിൽ പല അവസരങ്ങളിലും ഭീഷ്മരുടെ ക്ഷാത്രവീര്യം തന്നെത്താനറിയാതെ പ്രകാശിച്ച് അർജ്ജുനനെ സംഹരിക്കുമെന്ന ഘട്ടം വന്നപ്പോൾ, ദേവവ്രതനായ അദ്ദേഹം ഈശ്വരേച്ഛയെ ദിവ്യദൃഷ്ട്യാ ഗ്രഹിച്ചു ശാന്തനായതേയുള്ളു. ദുഷ്ടനിഗ്രഹത്തിനു ദൈവം കരണമായി കല്പിച്ചിരിക്കുന്ന പാർത്ഥനെ താൻ സംഹരിച്ചാൽ, ഈശ്വരേച്ഛയുടെ പ്രവൃത്തിക്കു പ്രതിബന്ധം നേരിടുമെന്നു ഭയപ്പെട്ടിട്ടാണ് ഭീഷ്മർ അർജ്ജുനനെ വിജയനാക്കിയത്.

പരാജിതനായ ഭീഷ്മർ പിന്നെ ചെയ്തത് എന്ത്? ദുര്യോധനൻ കൊണ്ടുചെന്ന കട്ടിലും കിടക്കയും ഉപേക്ഷി

ച്ച് അജ്ജുനൻ നിമ്മിച്ച ശരശയ്യയിൽ കിടന്നു, ക്ഷത്രിയന്മാർ മരണപയ്യന്തം ശരത്തോടു വേർപിരിയരുതെന്ന വീരധമ്മം ദൃഷ്ടാന്തപ്പെടുത്തി. തൻെറ ദേഹിയുടെ സ്വൎഗ്ഗാരോഹണമുഹൂത്തത്തെ പ്രതീക്ഷിച്ചുകൊണ്ടു ശരശയ്യയിൽ കിടക്കുന്ന സമയത്താണ് ഈ ദിവ്യപുരുഷൻ ശ്രീകൃഷ്ണൻെറ അപേക്ഷപ്രകാരം ഭാവി ചക്രവത്തിയായ ധമ്മപുത്രക്കു രാജനീതിയും ധമ്മനീതിയും ആത്മജ്ഞാനവും ഉപദേശിച്ചത്. ഐഹികത്തിൽ തനിക്കുള്ള കത്തവ്യങ്ങളെല്ലാം നിവ്വഹിച്ചുകഴിഞ്ഞു എന്നു കണ്ടപ്പോൾ,

"ഏകസ്വരൂപം മനസി ചിന്തിച്ചഥ
സ്വച്ഛന്ദമൃത്യുവായുള്ള ദേവവ്രതൻ
സ്വച്ഛന്ദമച്യുതാം ഹ്രിദയപങ്കജം
നിശ്ചലസച്ചിന്മയമമൃതം പരം
സത്യമനന്തമനാദ്യമനാകുലം
സത്വം പരബ്രഹ്മസച്ചിന്മയം പരം
ആത്മാനമാത്മനാ കണ്ടുകൊണ്ടാത്മനി
സ്വാത്മാനമാ ശുയോഗേന ലയിപ്പിച്ചു."

ഈ പുരുഷകേസരി ഒരു ഗൃഹസ്ഥനും കൂടെയായിരുന്നെങ്കിൽ, രാജയോഗിയായ ജനകമഹാരാജാവിനെപ്പോലും അതിശയിക്കുമായിരുന്നു എന്നു പറയുമ്പോൾ, ഭീഷ്മരുടെ സകല യോഗ്യതകളും ഊഹ്യമാകുന്നു.

---

പാഠം ൨൩.

## ഏററുമതിയും ഇറക്കുമതിയും.

അഞ്ചാം പാഠപുസ്തകത്തിൽ നിങ്ങൾ സ്വദേശവാണിജ്യം എന്നും വിദേശവാണിജ്യമെന്നും രണ്ടുവിധം വ്യാപാരസമ്പ്രദായത്തെക്കുറിച്ചു 'കച്ചവടം' എന്ന പാഠത്തിൽ

വായിച്ചിട്ടുണ്ടല്ലൊ. ഒരു രാജ്യത്തുണ്ടാകുന്ന ചരക്കുകൾ അന്യദേശങ്ങളിലേക്കു കയററി അയയ്ക്കുന്നതും അവിടങ്ങളിലെ സാമാനങ്ങൾ വരുത്തുകയും ചെയ്യുന്ന വിദേശവാണിജ്യസമ്പ്രദായമാകുന്നു ഏററുമതിയും ഇറക്കുമതിയും. ഒരു രാജ്യത്തെ ധനപുഷ്ടി അവിടത്തെ ഏററുമതിയേയും ഇറക്കുമതിയേയും ആശ്രയിച്ചാണിരിക്കുന്നത്. ഈ സംഗതിക്കു തുറമുഖപട്ടണങ്ങളുടെ ധനപുഷ്ടി മതിയായ ദൃഷ്ടാന്തമാകുന്നു.

ഇന്ത്യയിൽത്തന്നെ കടലോരങ്ങൾസംബന്ധിച്ച പട്ടണങ്ങളാണ് ഉൾനാടുകളിലേക്കാൾ ദ്രവ്യപുഷ്ടികൊണ്ടു മുൻനില്ക്കുന്നത് എന്നു നാം കാണുമ്പോൾ, അതിൻെറ സൂക്ഷ്മമായ രഹസ്യം തുറമുഖങ്ങൾമൂലം സിദ്ധിച്ച വ്യാപാരസൌകൎയ്യമാണെന്നു നമുക്കു മനസ്സിലാകും. ഒരു രാജ്യത്തെ വ്യവസായങ്ങളുടെ വൎദ്ധനയ്ക്കും ഈ വിധം വ്യാപാരം അത്യാവശ്യമാകുന്നു. എന്നാൽ, കടലോരങ്ങളിൽ തുറമുഖപട്ടണങ്ങളോടുകൂടിയ ഒരു രാജ്യത്ത് അധികം വ്യവസായങ്ങളും ഉണ്ടെങ്കിൽ, ധനപുഷ്ടിമൂലം ലൌകികമായ സകല പ്രാബല്യവും ആ രാജ്യക്കാരോളം മററാൎക്കും ഉണ്ടാകുന്നതല്ല. ജൎമ്മനി, ആസ്ത്രിയ മുതലായ രാജ്യക്കാർ വ്യവസായത്തിൻെറ കാൎയ്യത്തിൽ മററുള്ളവരേക്കാൾ ഉൽകൃഷ്ടസ്ഥിതിയെ പ്രാപിച്ചിട്ടുണ്ടെങ്കിലും, കയററുമതിക്കും ഇറക്കുമതിക്കും സൌകൎയ്യമായ തുറമുഖങ്ങളുടെ കുറവുനിമിത്തം അവരുടെ പ്രയത്നഫലത്തിൻെറ ഒരു പ്രധാനഭാഗം അന്യരാജ്യക്കാരാണ് അനുഭവിക്കുന്നത്. എന്തുകൊണ്ടെന്നാൽ, അവരുടെ ചരക്കുകൾ കയററുന്നതും ഇറക്കുന്നതും അന്യരാജ്യക്കാരുടെ തുറമുഖത്തു കൂടെയാകയാൽ, അവൎക്കു കൊടുക്കേണ്ടിവരുന്ന ചുങ്കം ചരക്കിൻെറ വിലയിൽ അധികമാകുന്നു. ഇങ്ങിനെ ചരക്കിനു വില കൂടുതലായിവരു

മ്പോൾ, അതിൻെറ പ്രചാരത്തിനു കുറവു വരുന്നതാണ്. ഈ സംഗതിക്ക് ഒരു ദൃഷ്ടാന്തം പറയാം. ജൎമ്മനിയിൽ ഉണ്ടാകുന്ന ചിമ്മിനികൾക്ക് അവിടെ മൂന്നു പൈ വീതം വിലയുള്ളത്, ഒരണ ചുങ്കവും കാലണ ഇവിടത്തെ കച്ചവടലാഭവും കൂടെ ഒന്നരണ വിലയുള്ളതായിത്തീരുന്നുണ്ട്. ജൎമ്മൻകാരുടെ മൂന്നു പൈ വിലയ്ക്കുള്ള ഒരു സാധനത്തിന്, അന്യരാജ്യക്കാർ അത് അവരുടെ തുറമുഖത്തുകൂടെ കയററി അയയ്ക്കുന്നതുകൊണ്ട്, ഒരു പ്രയത്നവും ചെയ്യാതെ, ഒരണ ലാഭമെടുക്കുന്നുണ്ടല്ലോ. ഈ ചുങ്കം കൊടുക്കേണ്ടിയിരുന്നില്ലെങ്കിൽ, അവരുടെ ഒരു ചിമ്മിനിക്ക് ഇന്ത്യയിൽ ആറു പൈ മാത്രമേ വില നില്ക്കുകയുള്ളു. അമേരിക്ക, ജപ്പാൻ, ഇംഗ്ലാണ്ടു മുതലായ രാജ്യക്കാരുടെ ഒരു ചിമ്മിനിക്ക് അവരുടെ രാജ്യത്തുതന്നെ അരയണ വില നില്ക്കുന്നതാണെങ്കിൽ, അതു മുക്കാലണയിൽ കുറച്ചു വില്ക്കുവാൻ നിവൃത്തിയില്ല. അതുകൊണ്ട് അത് അന്യരാജ്യത്തെ ചന്തകളിൽ വില്ക്കപ്പെടുമ്പോൾ ചുരുങ്ങിയ പക്ഷം ഒന്നേകാലണ വിലയുള്ളതായിത്തീരും. അരയണയുടെ നല്ല ചിമ്മിനി ധാരാളം കിട്ടുമ്പോൾ, ആരെങ്കിലും ഒന്നേകാൽ അണ കൊടുത്ത് ആ തരം ചിമ്മിനി വാങ്ങുമോ? ഇങ്ങിനെ അവരുടെ ചിമ്മിനി വാങ്ങാൻ ചന്തയില്ലെന്നു വന്നാൽ, അവരുടെ ചിമ്മിനിവ്യവസായം നശിക്കാതെ നിവൃത്തിയില്ല. ഈ ദോഷം സംഭവിക്കാതിരിക്കുവാനാണ് അതിയായ ചുങ്കം ചുമത്തുന്നത്. ഇങ്ങിനെ അന്യരാജ്യക്കാരുടെ ചരക്കുകളിന്മേൽ ചുങ്കം ചുമത്തി അവനവൻെറ വ്യവസായത്തേയും വ്യാപാരത്തേയും രക്ഷിക്കുന്ന സമ്പ്രദായത്തിനു "രക്ഷിതവാണിജ്യ"മെന്നു പേരാകുന്നു.

കയററുമതിയുടെ കാൎയ്യത്തിൽ എന്നപോലെതന്നെ, ഇറക്കുമതിയുടെ കാൎയ്യത്തിലും, തുറമുഖങ്ങളില്ലാത്ത രാജ്യ

ക്കാൎക്കു ചുങ്കംമൂലം നഷ്ടം സംഭവിക്കുന്നതാണ്. ഇന്ത്യയി യിൽ നിന്നു ജൎമ്മനിയിലേക്ക് ആയിരം വാറക്കെട്ടു പരു ത്തി അയയ്ക്കുന്നു എന്നു വിചാരിക്കുക. ഇന്ത്യ ഇംഗ്ലാണ്ടി ൻെറ കീഴിലായതുകൊണ്ട്, ഇവിടെ നിന്നു ജൎമ്മനിയിലേ ക്കു കയററി അയയ്ക്കുന്ന ഒരു വാറക്കെട്ടു പരുത്തിക്ക് അഞ്ചു റുപ്പികയും, അത് ഏതു തുറമുഖത്തു കൊണ്ടുപോയി ഇറ ക്കുന്നുവൊ അവിടെ നിന്നു ജൎമ്മനിയിലേക്കു കടത്തി കൊ ണ്ടുപോകുന്നതിന് ആ രാജ്യക്കാരുടെ ചുങ്കം വകയായി വേറെ ഒരഞ്ചുറുപ്പികയും ചുമത്തിയാൽ, പത്തുറുപ്പിക വില യുള്ള ഒരു വാറക്കെട്ടുപരുത്തി, വഴിച്ചിലവു വക അഞ്ചുറു പ്പിക ഉൾപ്പെടെ, ജൎമ്മനിയിൽ എത്തുമ്പോൾ, ഇരുപത്ത ഞ്ചുറുപ്പിക അസ്സൽ മുതലുള്ളതായിത്തീരുന്നു. ഇരുപത്ത ഞ്ചുറുപ്പിക വിലയുള്ള പരുത്തികൊണ്ടു ജൎമ്മൻകാരുടെ സാ മൎത്ഥ്യം മൂലം നാല്പതുറുപ്പിക വിലയ്ക്കുള്ള തുണിച്ചരക്കായാൽ പോലും, മുൻപറഞ്ഞ പ്രകാരമുള്ള കയററുമതിച്ചുങ്കം നിമി ത്തം, അന്യരാജ്യത്തു ചെല്ലുമ്പോൾ, അതിൻെറ അസ്സൽ വില അമ്പത്തഞ്ചുറുപ്പികയിൽ കുറയുന്നതല്ല. ഇന്ത്യയിൽ നിന്നു പരുത്തി ഇംഗ്ലാണ്ടിലേക്കും ആ പരുത്തികൊണ്ടുണ്ടാ ക്കിയ തുണി ഇന്ത്യയിലേക്കും പ്രത്യേകം ചുങ്കം കൂടാതെ ക യററുകയും ഇറക്കുകയും ചെയ്യാവുന്നതുകൊണ്ട്, ജൎമ്മൻ കാൎക്ക് അത്രയും പരുത്തി തുണിയാക്കുവാൻ വേണ്ടിവരുന്ന ചിലവിൽ പത്തുറുപ്പികയും കൂടെ അധികം ഇംഗ്ലീഷുകാ ൎക്കു കൂലിച്ചിലവു വന്നാൽത്തന്നെ, ആ ചരക്ക് അവൎക്ക് അഞ്ചുറുപ്പിക ലാഭത്തോടുകൂടി മുപ്പത്തഞ്ചുറുപ്പികയ്ക്കു വില്ക്കാ ൻ സാധിക്കുന്നതാണ്. ഇങ്ങിനെ വരുമ്പോൾ ജൎമ്മൻ കാരുടെ ചരക്കു വാങ്ങുവാൻ ആളുകൾ ഉണ്ടാവുകയില്ല. അന്യരാജ്യക്കാരായ വ്യവസായികളുടെ മത്സരംകൊണ്ടു

സ്വരാജ്യവ്യവസായത്തിന്നു ഭംഗം നേരിടാതിരിക്കുവാനാണ് രക്ഷിതവാണിജ്യം ഏൎപ്പെടുത്തുന്നത്.

ഒരു രാജ്യത്തെ കയററുമതിയും ഇറക്കുമതിയും പ്രബലപ്പെടേണമെങ്കിൽ, അവിടെ സൌകൎയ്യമുള്ള തുറമുഖങ്ങൾ വേണമെന്നു മേല്പറഞ്ഞ സംഗതികളിൽ നിന്നു സ്പഷ്ടമാകുന്നുണ്ടല്ലൊ. ഒരു രാജ്യത്തുണ്ടാകുന്ന ചരക്കുകൾ ആ രാജ്യത്തു തന്നെ ചിലവായതുകൊണ്ടു വ്യാപാരത്തിൽ അധികമായ ലാഭമൊ വ്യവസായത്തിന്നു വൎദ്ധനയൊ ഉണ്ടാകുന്നതല്ല. അന്യരാജ്യക്കാൎക്ക് ആവശ്യമുള്ള ചരക്കുകളെ ഉണ്ടാക്കി കയററുമതി ചെയ്യുന്നതുകൊണ്ടു മാത്രമേ കൈത്തൊഴിൽക്കാൎക്കും കച്ചവടക്കാൎക്കും ആദായം ഉണ്ടാകുന്നുള്ളു. ഇരുപത്തഞ്ചു കൊല്ലത്തിനു മുമ്പ് ഈ രാജ്യങ്ങളിൽ ഒരു ചോതന, അതായതു നൂററിരുപതെണ്ണം, നാളികേരത്തിനു മൂന്നൊ മൂന്നരയൊ ഉറുപ്പിക മാത്രമേ വിലയുണ്ടായിരുന്നുള്ളു. ഇപ്പോൾ അത്രയും നാളികേരത്തിനു പണ്ടത്തേതിൽ ഇരട്ടിയും, ചിലപ്പോൾ മൂന്നുമടങ്ങും, വിലയുണ്ടായതിന്നു കാരണമെന്താണ്? നാളികേരംകൊണ്ടുണ്ടാക്കപ്പെടുന്ന കൊപ്പരയും അതിൽനിന്നെടുക്കുന്ന വെളിച്ചെണ്ണയുംകൊണ്ടു പാശ്ചാത്യന്മാർ പല വ്യവസായങ്ങളും ആരംഭിച്ചപ്പോൾ, ആ ചരക്കു ധാരാളം കയററുമതി ചെയ്തുതുടങ്ങി. വിദേശച്ചന്തകളിൽ നാളികേരത്തിന്നു നല്ല വില കിട്ടുമെന്നു കണ്ടപ്പോൾ, കച്ചവടക്കാർ ആ ചരക്കു കയററുമതി ചെയ്വാനും നാട്ടുകാർ ആ സാധനം അധികമായി കൃഷിചെയ്യുവാനും ആരംഭിച്ചു. ഇങ്ങിനെ തുറമുഖങ്ങൾമൂലം കയററുമതിയും ഇറക്കുമതിയും വൎദ്ധിക്കുകയും തന്മൂലം രാജ്യത്തു പലമാതിരി വ്യവസായങ്ങൾ വൎദ്ധിക്കുകയും ചെയ്യുമ്പോൾ ആ രാജ്യം ഐശ്വൎയ്യമുള്ളതായിത്തീരും.

പൌരാണിക കാലത്തു പോലും ഇന്ത്യക്കാർ ഈജ്

പ്ത്, ബേബിലോൺ മുതലായ രാജ്യങ്ങളുമായി വ്യാപാരം നടത്തിയിരുന്നു എന്നതിന്നു പല ലക്ഷ്യങ്ങളുമുണ്ട്. ഹിന്തുവ്യാപാരികൾ 'അലക്സാണ്ട്രിയ'യിൽ താമസിച്ചു ചരക്കുകൾ ഇന്ത്യയിലേക്കു കയററി അയച്ചിരുന്നു. അതുകൊണ്ടു വ്യാപാരവ്യവസായത്തിൽ ഇന്ത്യക്കാർക്കു കയററുമതിയുടേയും ഇറക്കുമതിയുടേയും ഗുണം അറിയാമായിരുന്നു എന്നതിന്നു സംശയമില്ല. നമ്മുടെ കൊച്ചിരാജ്യംതന്നെ പെരുമാക്കന്മാരുടെ കാലത്തു പശ്ചിമതീരത്തുള്ള രാജ്യങ്ങളിൽവെച്ചു പ്രധാനമായിത്തീർന്നതു കൊടുങ്ങല്ലൂർ തുറമുഖം മാർഗ്ഗമായി ചരക്കുകൾ അന്യദേശങ്ങളിലേക്കു കയററുമതിയും അവിടങ്ങളിൽ നിന്ന് ഇങ്ങോട്ട് ഇറക്കുമതിയും ചെയ്തിരുന്നതുകൊണ്ടാണ്. അന്ന് ഇവിടെനിന്നു കയററി അയച്ചിരുന്ന ചരക്കുകളിൽ പ്രധാനമായവ കുരുമുളക്, ആനക്കൊമ്പ്, മുത്ത്, പട്ട്, അടയ്ക്ക, രത്നങ്ങൾ, ആമയുടെ ഓട് എന്നിവയാകുന്നു. ഇറക്കുമതികൾ,—പലമാതിരി നാണയങ്ങൾ, സ്വർണ്ണം, പുഷ്യരാഗം, തുണികൾ, അഞ്ജനം, വെള്ളക്കണ്ണാടി, തകരം, ഈയം, ചെമ്പ് മുതലായവയായിരുന്നു. ഇപ്പോഴും കൊച്ചി ഒരു തുറമുഖമാണെങ്കിലും അവിടെ അനവധി ചരക്കുകൾ കയററുകയും ഇറക്കുകയും ചെയ്യുന്നുണ്ടെങ്കിലും, ആ വ്യാപാരത്തിന്റെ ഫലം കൊച്ചിരാജ്യക്കാർ പൂർണ്ണമായി അനുഭവിക്കാത്തതു കയററുമതിയും ഇറക്കുമതിയും വിദേശവ്യാപാരികളുടെ അധീനത്തിലായതുകൊണ്ടാണ്. കയററുമതിയും ഇറക്കുമതിയും പണ്ടത്തെപ്പോലെ കൊച്ചിക്കാർതന്നെ ചെയ്താലേ രാജ്യത്തു ദ്രവ്യപുഷ്ടിയുണ്ടാകയുള്ളു.

പാഠം ൨൪.

## തൃക്കണാമതിലകം.

കൊടുങ്ങല്ലൂർനിന്ന് ആറേഴ നാഴിക വടക്കഭാഗത്തുള്ള 'മതിലകം' എന്ന പ്രദേശമായിരുന്നു പ്രസിദ്ധപ്പെട്ട 'തൃക്കണാമതിലകം'. പണ്ടു കേരളത്തിലുണ്ടായിരുന്ന എല്ലാ ക്ഷേത്രങ്ങളിലും വെച്ചു പ്രാധാന്യം തൃക്കണാമതിലകത്തെ ശിവക്ഷേത്രത്തിന്നായിരുന്നു. ഈ മഹേശ്വരക്ഷേത്രത്തിൻെറ കളപ്പുരയിൽ വെച്ചാണ് അക്കാലത്തു കേരളബ്രാഹ്മണർ മഹായോഗംകൂടി വൈദികവും സാമുദായികവും രാഷ്ട്രീയവുമായ കാൎയ്യങ്ങൾ ആലോചിച്ചിരുന്നത് എന്നു കേൾക്കുമ്പോൾ, ആ ക്ഷേത്രത്തിൻെറ ധനപുഷ്ടി മുതലായ പ്രാബല്യത്തെക്കുറിച്ചു നമുക്ക് ഏറെക്കുറെ അനുമാനിക്കാമല്ലൊ.

പെരുമാക്കന്മാരുടെ പ്രാബല്യകാലത്തിനു ശേഷവും ഈ മഹാക്ഷേത്രം അതിൻെറ പൂൎവ്വസ്ഥിതിയിൽത്തന്നെ കഴിഞ്ഞുവന്നു. പന്നിയൂർ, ശുകപുരം മുതലായി കേരളത്തിൽ പലേ മഹാക്ഷേത്രങ്ങൾ ഉണ്ടായിരുന്നെങ്കിലും, അവ അതാതു ഗ്രാമക്കാരുടെ പ്രത്യേകം യോഗപരദൈവക്ഷേത്രങ്ങളായിരുന്നു. എന്നാൽ, കേരളത്തിലെ അറുപത്തിനാലു ഗ്രാമക്കാൎക്കും പൊതുവേയുള്ളതായിരുന്നു തൃക്കണാമതിലകം ക്ഷേത്രം. എന്നു തന്നെയല്ല, ഈശ്വരചൈതന്യംകൊണ്ടും ഈ ക്ഷേത്രം തന്നെയായിരുന്നു അന്നു കേരളത്തിൽ പ്രധാനം.

ഭാസ്കരരവിവൎമ്മൻ എന്ന ഒടുക്കത്തെ പെരുമാൾ ക്രിസ്ത്വബ്ദം 428-ാമാണ്ടിൽ രാജ്യം പലൎക്കുമായി വിഭജിച്ചുകൊടുത്തപ്പോൾ, കൊടുങ്ങല്ലൂർ നാട്ടകം മുഴവൻ ഐരാണിക്കുളം ഗ്രാമത്തിൻെറ അധിപനായ പടിഞ്ഞാറേട

ത്തു ഭട്ടതിരിക്കു ദാനമായി കൊടുത്തതിനാൽ, തൃക്കണാമതിലകം അദ്ദേഹത്തിൻെറ അധീനത്തിലായിത്തീൎന്നു. വാസ്തവത്തിൽ ഈ ക്ഷേത്രം ഭട്ടതിരിയുടെ കീഴിലായിരുന്നെങ്കിലും, ക്ഷേത്രകാൎയ്യങ്ങൾ സ്വതന്ത്രമായി നടത്തിയിരുന്നതു മതിലകത്തുകാരായ തെക്കേടത്തു നായന്മാരും വടക്കേടത്തു നായന്മാരുമാണ്. ഈ നായർ കുടുംബക്കാർ ദ്രവ്യംകൊണ്ടും ആയുധാഭ്യാസംകൊണ്ടും ജനസ്വാധീനംകൊണ്ടും വളരെ പ്രബലന്മാരായിരുന്നതിനാൽ, ക്ഷേത്രകാൎയ്യങ്ങളിൽ ഭട്ടതിരി തൻെറ അധികാരം യാതൊന്നും നടത്തിയിരുന്നില്ല. വാസ്തവത്തിൽ അത് ആവശ്യവും ഉണ്ടായിരുന്നില്ല. എന്തുകൊണ്ടെന്നാൽ, നായന്മാർ ക്ഷേത്രകാൎയ്യങ്ങൾ വളരെ വെട്ടപ്പായി നടത്തിയിരുന്നു. തൃപ്പേക്കുളം, ഗുരുവായൂർ മുതലായ പല ക്ഷേത്രങ്ങളും ഈ മഹാക്ഷേത്രത്തിൻെറ കീഴേടങ്ങളായിരുന്നു എന്നറിയുമ്പോൾ, ഇതിൻെറ അക്കാലത്തെ പ്രാബല്യം ഏറെക്കുറെ ഗ്രഹിക്കാമല്ലൊ. ഈ മഹാക്ഷേത്രം മേല്പറഞ്ഞ നായർ കുടുംബക്കാരുടെ പരിശ്രമംകൊണ്ടാണ് ഇത്ര പ്രബലപ്പെട്ടത്. ക്ഷേത്രകാൎയ്യങ്ങളിൽ ഭട്ടതിരി പ്രവേശിക്കാതിരുന്നതും ഇതുകൊണ്ടു തന്നെയാകുന്നു.

ക്ഷേത്രത്തിൻെറ ഉൽക്കൎഷത്തിലുണ്ടായ ശ്രദ്ധാന്തി മൂലം നായന്മാർ, പണ്ടേതന്നെ രണ്ടരനാഴിക വിസ്താരമുള്ള ക്ഷേത്രമതിൽക്കെട്ടിനു പുറമെ, ശ്രീരംഗത്തിൻെറ സമ്പ്രദായത്തിൽ ആറു മതിൽക്കെട്ടുകളും കൂടെയുണ്ടാക്കി, ഓരോ മതിൽക്കെട്ടിനുള്ളിൽ ഓരോ ജാതിക്കാരുടെ ഭവനങ്ങളും പണിയിച്ചു ക്ഷേത്രം വളരെ കെങ്കേമമാക്കേണം എന്നു തീൎച്ചയാക്കി. എന്നാൽ, ഒടുവിലത്തെ മതിൽക്കെട്ട് ഇരിങ്ങാലക്കുടക്കാരുടെ ഗ്രാമസങ്കേതത്തിൻെറ അതൃത്തിക്കുള്ളിലേക്കു കടത്തിക്കെട്ടേണ്ടിയിരുന്നതിനാൽ, നായന്മാരുടെ ഈ

സ്വാതന്ത്ര്യം ഇരിങ്ങാലക്കുടക്കാർ സമ്മതിച്ചില്ല. ഏകശാസനക്കാരായ ഈ കേരളകുബേരന്മാർ ഗ്രാമക്കാരുടെ വിരോധം വകവെക്കാതെ ഏഴാമത്തെ മതിലുതന്നെ, അതായതു തക്കത്തിലിരിക്കുന്ന മതിൽ, ആദ്യമായി പണിയിക്കണം എന്നു നിശ്ചയിച്ചു. ഇരിങ്ങാലക്കുടക്കാർ ആശ്രയിച്ചും മദ്ധ്യസ്ഥം സംസാരിപ്പിച്ചും നോക്കീട്ടും നായന്മാരുടെ നിശ്ചയത്തിനു യാതൊരു വ്യത്യാസവും ഉണ്ടായില്ല. ബലംകൊണ്ടും ധനംകൊണ്ടും നായന്മാരോട് എതൃക്കുവാൻ തരമില്ലെന്നു കണ്ടപ്പോൾ, ഇരിങ്ങാലക്കുടക്കാരായ നാനാജ്ജാതിക്കാരും ഒത്തൊരുമിച്ചു മതിൽ കെട്ടുവാനുള്ള സ്ഥലത്തു ചെന്നു കിടക്കുവാൻ തീർച്ചയാക്കി. മഹാവിശിഷ്ടന്മാരായ ബ്രാഹ്മണരെ ഉപദ്രവിക്കുവാൻ നായന്മാൎക്കു മനസ്സു വന്നില്ല. അതുകൊണ്ടു ബ്രാഹ്മണരെ എല്ലാവരേയും പിടിച്ച് അഗ്രശാലകളിൽ ഇട്ടു പൂട്ടി; വേറെയുള്ള ജാതിക്കാരുടെ മേൽ കല്ലു പടുത്തു മതിൽ കെട്ടുകയും ചെയ്തു.

നായന്മാരുടെ ഈ അക്രമപ്രവൃത്തിക്കു തക്കതായ പ്രതിക്രിയ ചെയ്യേണമെന്നു നിശ്ചയിച്ച് ഇരിങ്ങാലക്കുട ഗ്രാമക്കാർ മടങ്ങിപ്പോന്നു. ശക്തിയും യുക്തിയും നായന്മാരിൽ ഫലിക്കാതെ വന്നപ്പോൾ, ഭക്തികൊണ്ട് അവരെ തോല്പിക്കാനായി ഇരിങ്ങാലക്കുട ഗ്രാമക്കാർ "പട്ടിണി" എന്ന ശത്രുസംഹാരകൎമ്മം ആരംഭിച്ചു. നിരായുധന്മാരായ കേരളബ്രാഹ്മണർ അവരുടെ ശത്രുക്കളുടെ നേരെ പ്രയോഗിച്ചിരുന്ന ഒരു പുരാതനദിവ്യാസ്ത്രമാണ് ഈ ക്രിയ. ബ്രാഹ്മണരെല്ലാവരും ഏഴര നാഴിക വെളുപ്പിനു കുളിച്ചു നിത്യകൎമ്മം കഴിച്ചു ശത്രുസംഹാരകങ്ങളായ മന്ത്രങ്ങൾകൊണ്ടു താന്താങ്ങളുടെ പരദേവതയെ ധ്യാനിച്ചുകൊണ്ടിരിക്കും; പിന്നെ മദ്ധ്യാഹ്നത്തിൽ ചതുൎവ്വിധമായി ഒരുക്കിയിരിക്കുന്ന ഭക്ഷണത്തിന് എല്ലാവരും പന്തികളിൽ ചെന്നിരു-

ന്ന 'കുടിക്കുനീർ' വിഴ്ത്തിയതു കുടിക്കുന്നതിനു മുമ്പായി ആ യോഗത്തിൽപ്പെട്ട നാലു ബ്രാഹ്മണർ പന്തിയിൽ നിന്നെഴ നേററ്, "നിങ്ങൾ ഞങ്ങളുടെ സങ്കടനിവൃത്തി വരുത്തിയ തിനു ശേഷമേ ഭക്ഷിക്കാവൂ" എന്നു 'വിളിച്ചു ചൊല്ലി കേ ൾപ്പിക്കും'. മററുള്ള ബ്രാഹ്മണർ "അങ്ങിനെതന്നെ" എ ന്നു ശപഥംചെയ്തു കൈ കുടഞ്ഞെഴുനേററ് എല്ലാവരുംകൂ ടെ ശത്രുഹരമായ ഒരു വലിയ അഥർവ്വണഹോമവും മററും കൊണ്ടു നേരം സന്ധ്യയാക്കും ; പിന്നെ പിറെറന്നാളും ഇ ങ്ങിനെതന്നെ ചെയ്യും ; ഇതാണ് പട്ടിണിയുടെ സമ്പ്രദാ യം. ഈ കർമ്മം ഒരു മണ്ഡലം നടത്തുന്നതിനു മുമ്പ് ഉദ്ദേ ശം സാധിക്കാതിരിക്കുകയില്ല. എന്തിനു വളരെ പറയുന്നു? നാല്പത്തൊന്നു ദിവസം തികയുന്നതിനു മുമ്പായി ബ്രാഹ്മണ രുടെ 'പട്ടിണി' ഫലിച്ചു.

ഒരു ദിവസം തെക്കേടത്തു നായന്മാരിൽ ഒരു യുവാ വ് ഒരു പന്നിയെ ഓടിച്ചു വടക്കേടത്തു നായരുടെ സ്ഥല ത്തുവെച്ചു കൊന്നു. അപ്പോൾ വടക്കേടത്തെ ഒരു ചെറു പ്പക്കാരൻ, അയാളുടെ സ്ഥലത്തു ചത്തുവീണ പന്നിയുടെ അവകാശി അയാളാണെന്നു വെറുതെ നേരമ്പോക്കായി പറഞ്ഞു. വേട്ടയിൽ ക്ഷീണിച്ച തെക്കേടത്തെ ചെറുപ്പ ക്കാരൻ അതിനു മറുപടിയായി മറെറ ചെറുപ്പക്കാരനെ ശ കാരിച്ചു. വാക്കുകൊണ്ടുള്ള തർക്കം മൂത്തു കയ്യേററമായി. ഈ സംഗതി കേട്ടുകേൾപ്പിച്ചു രണ്ടു യുവാക്കന്മാരുടേയും കാരണവന്മാരും ബന്ധുക്കളും ആശ്രിതന്മാരും സ്ഥലത്തു ചെന്ന് ഇരുകക്ഷികളായി തിരിഞ്ഞു ഭയങ്കരമായ ഒരു യു ദ്ധം ആരംഭിച്ചു. ഈ അവസരത്തിൽ ഇരിങ്ങാലക്കുടക്കാ ർ മതിലകത്തു കടന്നു ഭവനങ്ങളും മററും തീവെക്കുകയും കൊള്ളയിടുകയും ചെയ്തു. തെക്കേടത്തേയും, വടക്കേടത്തേ

യും നായന്മാർ നിർമ്മൂലം നശിച്ചുംപോയി. ഇരിങ്ങാലക്കുടക്കാർ മതിലുകളും ക്ഷേത്രവും തട്ടിനിരത്തുകയും ചെയ്തു.

തൃക്കണാമതിലകത്തിനു നാശം സംഭവിച്ചത് ഇന്ന് കാലത്താണെന്നു ക്ലിപ്തപ്പെടുത്തത്തക്ക ലക്ഷ്യങ്ങൾ ഒന്നുമില്ല. ഭാസ്കരരവിവർമ്മൻ എന്ന പെരുമാൾ രാജ്യവിഭാഗം ചെയ്ത കൂട്ടത്തിൽ തൃക്കണാമതിലകം ഭട്ടതിരിക്കു കിട്ടിയത ഇന്നെക്കു 1494 സംവത്സരങ്ങൾക്കു മുമ്പാണ്. തൃക്കണാമതിലകത്തിന്റെ നാശശേഷമാണ് ഇരിങ്ങാലക്കുട ക്ഷേത്രനാഥനു 'കൂടൽമാണിക്യം' എന്നും 'സംഗമേശൻ' എന്നും പേരുണ്ടായത്. ഇതു കൊല്ലവർഷം 517-ാമാണ്ടിലാകുന്നു. പന്നിയൂർ ഗ്രാമക്കാർ വരാഹമൂർത്തിയെ ചുട്ടെരിച്ചതിനു ശേഷമാണ് തൃക്കണാമതിലകത്തെ സംഭവം. ഒരു ളാതിരി യോഗിയാതിരിപ്പാട്ടു 'തൃശ്ശിവപേരൂർ മതിലകം' പൃഷ്ടിപ്പെടുത്തിയതു തൃക്കണാമതിലകത്തെ സംഭവത്തിനു ശേഷമാണ്. അതുകൊണ്ട് ഈ സംഭവം നടന്നത് ഇന്ന കാലത്താണെന്നു ക്ലിപ്തപ്പെടുത്താൻ നിവൃത്തിയില്ല. എങ്കിലും തൃക്കണാമതിലകം നശിച്ചിട്ടു ആയിരം സംവത്സരത്തോളമായി എന്നാണ് ഊഹം.

---

## പാഠം ൨൫.

## പരീക്ഷ്യം (അഭ്യാസപരീക്ഷ).

ആക്കു വാസനയേറും ധനുസ്സിങ്കലേക്കെന്നു
പാർക്കേണമെന്നു കല്പിച്ചൊരുനാൾ ദ്രോണാചാര്യൻ,
വൃക്ഷാഗ്രത്തിങ്കലൊരു കൃത്രിമക്കിളിയേയും
നിക്ഷേപിച്ചാചാര്യനും ശിഷ്യരോടൊക്കെച്ചൊന്നാൻ.
"ലക്ഷണസ്ഥിതിപ്രയോഗങ്ങൾ ഞാൻ ചൊന്നവണ്ണം,
ലക്ഷ്യത്തെ ഭേദിക്കേണം നിങ്ങളിന്നെല്ലാവരും ;"

ലക്ഷത്തെപ്പാൎത്തു വലി കൂട്ടി നിൎത്തിനാനല്ലൊ
ശിക്ഷിച്ചു യുധിഷ്ഠിരൻ തന്നെ മുമ്പിനാലവൻ.
"വൃക്ഷവും ലക്ഷവുമിന്നിൽക്കുന്ന ജനങ്ങളു-
മക്ഷിഗോചരമോഞൊന്താനുമെന്നതു ചൊൽ നീ?"
ദക്ഷനാം ഗുരുവരനിങ്ങിനെ ചോദിച്ചപ്പോ-
ളൊക്കവേ കാണാമെന്നു ധൎമ്മജൻ ചൊല്ലീടിനാൻ.
എങ്കിൽ നീ വാങ്ങിനിന്നീടമ്പയയ്ക്കേണ്ടതെന്നാ-
നങ്ങിനെ നിൎത്തി മറ്റെല്ലാരോടും ചോദ്യംചെയ്താൻ.
ഓരോരോ തരമിഷൽ ഭേദേന ചൊന്നാര-
വരാരുമേ സൂക്ഷ്മലക്ഷമാത്രം കണ്ടീലയല്ലൊ !
പിന്നെ ഫൽഗുനന്തന്നോടവ്വണ്ണം ചോദിച്ചപ്പോ-
ളൊന്നുമേ കണ്ടുകൂടാ ലക്ഷമെന്നിയേയെന്നാൻ.
"ലക്ഷമാം പക്ഷിരൂപമൊക്കവേ കണ്ടായോ നീ ?"
"ഒക്കവേ കണ്ടുകൂടാ തൽക്കണ്ഠം കാണാ"മെന്നാൻ.
"എങ്കിലെയ്തീടെ",ന്നപ്പോൾ പാൎത്ഥനും പ്രയോഗിച്ചാൻ
ഭംഗംവന്നിതു ഗളമതുകണ്ടാചാൎയ്യനും
"വിശേഷകധനുൎദ്ധരനായ്‌വരികെ"ന്നു ചൊന്നാൻ,
വിശ്വാസം വന്നുകൂടി മററുള്ള ജനങ്ങൾക്കും.
അക്കാലം ഗുരുവരൻ ഗംഗയിൽ മുഴുകുമ്പോൾ,
നക്രവും ജംഘതന്മേൽ പിടിച്ചാൻ ദ്രോണരപ്പോൾ,
തന്നുടെ ശിഷ്യരോടു നക്രത്തെ കൊൽവാൻ ചൊന്നാൻ ;
നിന്നിതു വിഷണ്ണരായെല്ലാരുമതുനേരം
ആഴവേ കിടന്നീട്ടും ഗ്രാഹത്തെ കൊന്നു പാൎത്ഥൻ
തോഷവും പൂണ്ടീടിനാനാചാൎയ്യനതു കണ്ടു
താഴത്തും മേലും സമത്തിങ്കലുമൊരുപോലെ
ദോഷത്തെ വെടിഞ്ഞു വേധിക്കാമെന്നതുമൂലം
ബ്രഹ്മാസ്ത്രമുപദേശിച്ചീടിനാൻ പാൎത്ഥനപ്പോൾ
നിൎമ്മലനിവനെന്നു നിൎണ്ണയിച്ചാചാൎയ്യനും.

തേരിലേക്കധികനായ്നിന്നിതു യുധിഷ്ഠിരൻ,
മാരുതിസുയോധനന്മാർ ഗദയ്ക്കധിപന്മാർ ;
യമന്മാരസിചർമ്മത്തിങ്കലേക്കധികന്മാ–
രമിതമഹാസ്ത്രങ്ങൾക്കശ്വത്ഥാമാവു മുമ്പൻ ;
അർജ്ജുനനെല്ലാററിനും ദക്ഷനായ് ചമഞ്ഞിതു
സജ്ജനമതുകണ്ടിട്ടവനെ സമ്മാനിച്ചാർ.
ദ്രോണരോടസ്ത്രങ്ങളുമഭ്യസിച്ചെല്ലാവരും
കാണേണം ദണ്ഡിപ്പെന്നു രംഗവും പണിചെയ്തു ;
വെവ്വേറെ കുമാരന്മാരെല്ലാരും പ്രയോഗിച്ചാർ
സർവ്വലോകരും കണ്ടു വിസ്മയപ്പെട്ടുനിന്നാർ.
സവ്യസാചിയോടു നേരാരുമില്ലെന്നുതന്നെ
ദിവ്യന്മാർ പറയുമ്പോൾ കർണ്ണനും പോന്നുവന്നാൻ ;
അന്നേരം ധൃതരാഷ്ട്രനന്ദനനുരചെയ്താൻ,
കർണ്ണനുമർജ്ജുനനും തങ്ങളിൽ പ്രയോഗിപ്പാൻ;
എന്നപ്പോൾ കൃപാചാര്യൻ ചൊല്ലിനാൻ, "നില്ലു നില്ലു
മന്നവന്മാർക്കു തെളിയുന്നതേ പറയാവൂ;
കുലവും മഹിമയുമുടയ പാർത്ഥനോടു
കുലഹീനതയുള്ളോരാഭാസനെതൃക്കാമൊ ? "
ആഭാസനെന്ന വാക്കു കേട്ടിട്ടു സുയോധന–
നാഭിജാത്യത്തിന്നവനന്തരമില്ലയെന്നാൻ ;
അഭിഷേകവും ചെയ്താനംഗരാജാവെന്നപ്പോ–
ളഭിമാനിച്ചു കർണ്ണൻ ഭത്സിച്ചുകുത്സിച്ചേററം,
അഭിജന്മതവമെല്ലാം ഞാനറിഞ്ഞിരിക്കുന്നു,
അഭിമാനിത്വം തമ്മിലങ്കുരിച്ചിതു പാരം ;
അർജ്ജുനൻ തന്നെക്കൊൽവൻ നിശ്ചയം യുധിഞാനെ–
ന്നുജ്ജ്വലിച്ചവനോടു കർണ്ണനുമുരചെയ്താൻ.
കണ്ടുനിന്നവർകളുമോരോന്നേ പറയുന്നു,
പണ്ടുനാമുണ്ടൊ കണ്ടിതീവണ്ണം ബാലന്മാരെ ?

പഠിപ്പിച്ചതും നന്ന, പഠിച്ചവാറും നന്ന,
നടിച്ച പക്ഷപാതമായതു പറകയും :
കൊടുത്താൽപ്പിഴവരാ ഗുരുഭൃതന്മാക്കെന്നും,
കൊടുപ്പാനില്ല ധനം പാണ്ഡുപുത്രന്മാക്കെന്നും;
കൊടുത്തീടേണ്ട ഭക്തിയുള്ളവർ നന്നായ്മതും,
കൊടുത്തീടിലും ഭക്തിയില്ലായ്കിൽ ഫലം വരാ.
ധമ്മസത്യാദി തപോനിഷ്ഠയും നീതികളും
ധമ്മജ്ഞാതികളോളം മററാക്കമില്ലെന്നെല്ലാം,
പറഞ്ഞു പറഞ്ഞവർ പോയോരു ശേഷത്തിങ്കൽ
പറഞ്ഞാർ കുമാരന്മാർ ആചാര്യൻതന്നെ നോക്കി.

---

പാഠം ൨൩.

## ശരീരത്തിൻെറ അളവ്

മനുഷ്യരിൽ ഒരുവനെങ്കിലും സകല സംഗതികളിലും മററൊരുവനോടു തുല്യമാണെന്നു ഖണ്ഡിച്ചു പറയാൻ പാടില്ലാത്ത വിധമാകുന്നു ദൈവം നമ്മെ സൃഷ്ടിച്ചിരിക്കുന്നത്. ഒരേ മാതാപിതാക്കന്മാരുടെ മക്കൾക്കു പൊതുവായ ഒരു ലക്ഷണമുണ്ടാകുമ്പോൾ, അവക്കെല്ലാവക്കും പെട്ടെന്നൊരു രൂപസാമ്യം തോന്നുമെങ്കിലും, അവരുടെ ഓരോ അവയവത്തെയും പ്രത്യേകം പരിശോധിക്കുന്നതായാൽ, അവർ തമ്മിൽ വ്യത്യാസമുണ്ടെന്നു സ്പഷ്ടമാകും. സൂക്ഷ്മമായ ചില ഭേദഗതികളോടുകൂടി ദൈവം മനുഷ്യനെ സൃഷ്ടിക്കുന്നതു നിശ്ചിതമായ ചില നിയമങ്ങളോടുകൂടിയാകുന്നു.

നമ്മുടെ ഇടയിൽ 'എൺചാൺ ശരീരം' എന്നൊരു ശൈലിയുള്ളതായി നിങ്ങൾ കേട്ടിട്ടുണ്ടായിരിക്കാം. ഇതിൽ നിന്നു ശരീരത്തിനും ഓരോ അവയവത്തിനും ക്ലിപ്തമായ നീളമുണ്ടെന്നു പണ്ടുള്ളവർ ധരിച്ചിരുന്നു എന്നുതന്നെ

നിർണ്ണയിക്കാം. ഒരു പുരുഷൻെറ പൊക്കം അറുപത്തേഴ് ഇഞ്ചാണെന്നും അവൻെറ തലയുടെ നീളം ഒമ്പത് ഇഞ്ചാണെന്നും കണക്കാക്കുന്നതായാൽ, അയാളുടെ ദേഹത്തിൻെറ അളവു സുമാറ് അയാളുടെ ഏഴരത്തലയായിരിക്കും. എന്നാൽ ചിത്രമെഴുത്തുകാരെല്ലാവരും ഒരുപോലെ ഈ നിയമം സമ്മതിക്കുന്നില്ല. ഫ്രാൻസ്, ഇംഗ്ലണ്ട്, ഇററലി, ജർമ്മനി എന്നീ രാജ്യങ്ങളിലെ ചിത്രമെഴുത്തുകാർ ഇതാണ് ഒരു തോതു കണക്കാക്കുന്നത്. എന്നാൽ പുരാതന യവനന്മാരുടെ ഇടയിൽ ഏഴുമുതൽ എട്ടേകാൽ തലവരെയാണ് കണക്ക്. റോമാക്കാരും ഈജിപ്ത്കാരും ഏഴരയായിട്ടും ഹിന്തുക്കൾ ആറേമുക്കാലിനും ഏഴിനും മദ്ധ്യത്തിലുമായിട്ടാണ് കണക്കാക്കുന്നത്. എന്നാൽ ഈ വ്യത്യാസത്തിനു ശാസ്ത്രജ്ഞന്മാർ ചില കാരണങ്ങളും പറയുന്നുണ്ട്. മഞ്ഞവർണ്ണമുള്ള ജനങ്ങളുടെ കാലിനു നീളം കുറവായതുകൊണ്ട് അവരുടെ ശരീരത്തിന് ആറരത്തലവരെ മാത്രമേ പൊക്കമുണ്ടാകയുള്ളു. കാപ്പിരികളുടെ കാലിന് അധികം നീളമുള്ളതിനാൽ, അവരുടെ പൊക്കം ഏകദേശം ഏഴരത്തലയായിരിക്കും.

സാമാന്യമായ ഒരു കണക്ക് ഇങ്ങിനെയാണെങ്കിലും, ആകൃതിയുടെ ആകപ്പാടെയുള്ള യോജിപ്പിനുവേണ്ടി ചിത്രമെഴുത്തുകാർ അവയവങ്ങളിൽ അല്പാല്പം ഭേദഗതികൾ ചെയ്യാറുണ്ട്. അവയവങ്ങൾക്ക് ഏകദേശം യോജിപ്പുള്ള ഒരാൾ കുനിയുമ്പോൾ, അയാളുടെ ആകൃതി അല്പം വികൃതമായിത്തോന്നും. അതുകൊണ്ടു ചിലപ്പോൾ ഛായ എഴുതുമ്പോഴും രൂപം കൊത്തുമ്പോഴും ആകൃതിക്കു യുക്തം പോലെ അല്പം നീളം കൂട്ടേണ്ടതായി വരുന്നതാണ്. 'മൈക്കേലാഞ്ചിലൊ' കുനിഞ്ഞ നിലയിൽ കൊത്തിയിരിക്കുന്ന ചില രൂപങ്ങൾക്ക് ഒമ്പതുമുതൽ പന്ത്രണ്ടുവരെ തലയോളം

നീളം കാണുന്നുണ്ട്. പുരുഷപ്രതിമകളിൽവെച്ച് ഏററവും വിശിഷ്ടമെന്നു വിചാരിക്കപ്പെടുന്നതും നേരെ നില്ക്കുന്നതുമായ "ആണ്ടിനോവസ്സ്" എന്ന പ്രതിമയുടെ നീളം ഏഴരത്തല മാത്രമേയുള്ളു. ഈ കണക്കുകൾ യൌവനം തികഞ്ഞ ഒരു പുരുഷന്റെ ആകൃതിയെ മാത്രമേ സംബന്ധിക്കുകയുള്ളു.

ശിശുക്കളുടെ ശരീരത്തിന്റെ വളൎച്ച മററുള്ളവരുടെ വളൎച്ചയുടെ തോതിൽനിന്നു വ്യത്യസ്തമാകയാൽ, ഒരു കുട്ടിയുടെ തല അതിന്റെ ദേഹത്തിന്റെ നാലിൽ ഒരംശം മാത്രമാകുന്നു. ശരീരത്തിലെ ഈ അംഗം മററുള്ള ഭാഗത്തിന്റെ വളൎച്ചയിൽ പകുതിവീതമേ വളരുന്നുള്ളു. എന്നാൽ യൌവനദശയിൽ അതിന്റെ നീളം ശൈശവത്തിലേക്കാൾ ഇരട്ടിക്കും; ഉടലിന്റെ നീളം മൂന്നിരട്ടിയും കാലിന്റെ നീളം അഞ്ചിരട്ടിയുമാകും. സ്ത്രീകളുടെ ആകൃതിക്കു പുരുഷന്റെ ആകൃതിയിൽനിന്നു വ്യത്യാസമുണ്ട്. അതു ശരിയായി അരത്തല കുറവായിരിക്കും. എന്നാൽ തലയെ സംബന്ധിച്ച ഈ അളവ് എല്ലായ്പ്പോഴും ശരിയായിരിക്കുമെന്നു പറയാൻ പാടില്ല. ചിലരിൽ അല്പാല്പം വ്യത്യാസം കാണുമായിരിക്കാം; എങ്കിലും, ഇതിൽനിന്നു വലിയ അന്തരം വരുവാൻ തരമില്ല. അഥവാ, അങ്ങിനെ അന്തരമുണ്ടെങ്കിൽ, ആ ആകൃതിക്ക് 'ആകപ്പാടെ ഒരു പന്തികേട്' ഉണ്ടെന്നു തോന്നാതിരിക്കുന്നതല്ല.

ശരീരത്തിന്റെ ആകപ്പാടെയുള്ള ആകൃതിയെപ്പോലെതന്നെ ഓരോ അംഗങ്ങളും ക്ലിപ്തപ്പെടുത്തിയാണ് സൃഷ്ടിച്ചിരിക്കുന്നത്. ശരിയായ ഒരു തല സമചതുരമായ ഒരു സ്ഥലത്ത് ഒതുങ്ങുന്നതാണ്. തലയുടെ ഒരു ഭാഗം മാത്രം തിരിച്ചുവെച്ചു നോക്കിയാൽ, ആ സമചതുരത്തിനുള്ളിൽ ഒരററത്തു മൂക്കിന്റെ തുമ്പും അതിന്റെ നേരെ പിന്നിൽ

തലയുടെ പിൻഭാഗവും തൊട്ടിരിക്കും. താഴത്തെ അററത്തു താടിയും മുകളിലത്തെ അററത്തു ശിരസ്സും തൊടുന്നതാണ്. ഇതിൽനിന്നു താടിയുടെ അററം മുതൽ ശിരസ്സിൻെറ പുറംവരേയും മൂക്കിൻെറ അററം മുതൽ തലയുടെ നേരെ പിന്നുവരേയുമുള്ള അകലം ശരിയാണെന്നു തെളിയുന്നുണ്ടല്ലൊ. ഇതാണ് ഒരു ശരിയായ തലയുടെ ലക്ഷണം. എന്നാൽ ഈ സമചതുരമായ സ്ഥലത്തിൻെറ വിസ്താരം ഒരു പുരുഷൻെറ തലയാണെങ്കിൽ, ഒമ്പതിഞ്ചും സ്ത്രീയുടേതാണെങ്കിൽ എട്ടര ഇഞ്ചുമായിരിക്കും. മുഖത്തിൻെറ വീതി അഞ്ചു കണ്ണുകളുടെ നീളമാണ്. ഒരു കണ്ണിൻെറ നീളമാണ് കണ്ണുകൾ തമ്മിലുള്ള അകലം. കണ്ണിൻെറ ആകപ്പാടെയുള്ള വിസ്താരം വായിൻെറ വിസ്താരത്തിൽ മൂന്നിൽ രണ്ടംശമാകുന്നു. മൂക്കിൻെറ നീളം മുഖത്തിൻെറ നീളത്തിൽ മൂന്നിൽ ഒരംശമാണ്. ചെവിയുടെ വലുപ്പം എല്ലായ്പോഴും കണ്ണിൻെറ വലുപ്പത്തിൻെറ ഇരട്ടിയായിരിക്കും. എന്നാൽ, ശരിയായ ഒരു മുഖത്തിലെ അംഗങ്ങളുടെ കണക്ക് ഇങ്ങിനെയാണെങ്കിലും, മുഖത്തിൻെറ ഇടത്തും വലത്തും ഭാഗങ്ങൾ ഒരിക്കലും ഒരേ മാതിരിയിലായിരിക്കുന്നതല്ല.

മുഖത്തിൻെറ വ്യത്യസ്താവസ്ഥയുടെ വാസ്തവം കണ്ടുപിടിച്ച സംഗതി അല്പം നേരമ്പോക്കുള്ളതാകുന്നു. മില്ലോയിലെ 'വീനസ്സി'ൻെറ പ്രകൃതിയുടെ മുഖഭാഗങ്ങൾ തമ്മിൽ യോജിപ്പില്ലെന്ന് ഒരു ആക്ഷേപമുണ്ടായിരുന്നു. ഇതിൻെറ സൂക്ഷ്മം അറിയുവാൻ ഒരു ജൎമ്മൻ ശരീരശാസ്ത്രജ്ഞൻ അതു കൃത്യമായി അളന്നു നോക്കിയപ്പോൾ, ആ പ്രതിമയുടെ മൂക്കിൻെറ താഴത്തേക്കുള്ള അകലം ഒട്ടും വ്യത്യാസപ്പെട്ടു കണ്ടില്ല; എങ്കിലും മേൽഭാഗം അങ്ങിനെ അല്ലായിരുന്നു. മൂക്ക് അല്പം ഇടത്തു ഭാഗത്തേക്കു ചരിഞ്ഞും, ഇ

ടത്തെ ചെവി വലത്തേതിനേക്കാൾ അല്പം പൊങ്ങിയും, ഇടത്തെ കണ്ണു് അല്പം പൊങ്ങിയും മദ്ധ്യരേഖയോടു് അടുത്തും കാണപ്പെട്ടു. ഇതിനു ശേഷം ഈ ശാസ്ത്രജ്ഞൻ അനേകം തലകളും തലയോടുകളും പരിശോധിച്ചപ്പോൾ, മേല്പറഞ്ഞ വ്യത്യാസം അവയെല്ലാററിനും ഉള്ളതായി കണ്ടതിനാൽ, ആ പ്രതിമ നിരാക്ഷേപമാണെന്നും ആ ശില്പി മനുഷ്യപ്രകൃതിയെ സൂക്ഷ്മമായി പരിശോധിച്ചറിഞ്ഞിട്ടുള്ള ഒരു സമത്ഥനാണെന്നും മനുഷ്യരെ ബോദ്ധ്യപ്പെടുത്തി.

സാധാരണ മനുഷ്യരുടെ കഴുത്തിൻെറ നീളം തലയുടെ നീളത്തിൻെറ മൂന്നിലൊരംശമാകുന്നു. പക്ഷെ, സ്ത്രീകളുടെ കഴുത്തു് അവരുടെ തലയുടെ നീളത്തെ അനുസരിച്ചു് ഈ തോതിൽനിന്നു് അല്പം കൂടുതലായിരിക്കും. കഴുത്തിൻെറ വീതിയും, മുമ്പിൽനിന്നു പിന്നിലേക്കുള്ള നീളവും തലയുടെ നീളത്തിൽ പകുതിയാകുന്നു. ഒരു ഭംഗിയുള്ള കഴുത്തു നല്ലവണ്ണം ഉരുണ്ടതും അതിൻെറ താഴത്തേയും മുകളിലേയും വീതി തുല്യവുമായിരിക്കുന്നതാണു്. അതിൻെറ ചുററളവു മുഴങ്കാലിൻെറ മാംസപേശിയുടെ ചുററളവിനോടു തുല്യവുമായിരിക്കും.

മനുഷ്യവഗ്ഗത്തിൽ ഓരോ വംശക്കാരുടേയും ഉടലിൻെറ നീളം വ്യത്യസ്തമായിരിക്കും. മംഗോളിയ വംശക്കാരുടെ ഉടൽ യൈറോപ്യന്മാരുടേതിനേക്കാൾ നീളമുള്ളതാകുന്നു. കറുത്ത ജാതിക്കാരുടെ ഉടലിനേക്കാൾ നീളമുള്ളതാണു് യൈറോപ്യരുടെ ഉടൽ. ശരാശരി സ്ത്രീകളുടെ ഉടൽ, അവർ ഏതു വംശത്തിൽപ്പെട്ടാലും വേണ്ടില്ല, പുരുഷന്മാരുടെ ഉടലിനേക്കാൾ നീളമുള്ളതാണു്.

ശരിയായ ഒരു കാലടിയുടെ നീളം, കയ്യിൻെറ മുട്ടു മുതൽ പടംവരേയുള്ള നീളമാകുന്നു. ഒരു പുരുഷൻെറ പൊക്കം അയാളുടെ കാൽകൊണ്ടു് ആറേമുക്കാൽ അടിയും, ഒ

രു സ്ത്രീയുടെ പൊക്കം അവളുടെ കാലിന് ആറേകാൽ അടിയും ആകുന്നു. യവനചിത്രകാരന്മാർ തലയല്ല, കാലാണ് ശരിയായ അളവായിട്ടെടുത്തിരുന്നതത്രെ. കാലും കാലടിയും മററുള്ള അവയവങ്ങളുടെ ശരിയായ വളർച്ചയിൽനിന്നു വ്യത്യാസപ്പെട്ടാണ് വളരുന്നത്. പത്തു വയസ്സിനു മുമ്പു കാലടി തലയേക്കാൾ ചെറുതായിരിക്കും; പത്തു വയസ്സു തികയുമ്പോൾ തലയുടേയും പാദത്തിൻേറയും നീളം ശരിയായിരിക്കും; ആ കാലത്തിനു ശേഷം കാലടി തലയേക്കാൾ നീളമുള്ളതുമായിരിക്കും. നമ്മുടെ ദേഹത്തിലുള്ള അവയവങ്ങളെല്ലാം ഒരേ തോതിൽ വളരുകയാണെങ്കിൽ, നമ്മുടെ വളർച്ച പൂർണ്ണമാകുമ്പോൾ, നാം ഒരു പന്തിൻെറ ആകൃതിയിലായിത്തീരും. ചില അംഗങ്ങൾ വേഗത്തിലും ചിലതു സാവധാനത്തിലുമാണ് വളരുന്നത്. മൂന്നു വയസ്സു തികയുമ്പോൾ, കാലിൻെറ നീളം ജനനത്തിലേക്കാൾ ഇരട്ടിയും, പന്ത്രണ്ടു വയസ്സാകുമ്പോൾ മൂന്നിരട്ടിയും, ഇരുപത്തൊന്നാമത്തെ വയസ്സിൽ അഞ്ചിരട്ടിയുമായിരിക്കും. നമ്മുടെ ജനനം മുതൽ മൂന്നു വയസ്സുവരേ കാലു വളരുന്ന തോതിൽത്തന്നെ വളരുകയാണെങ്കിൽ, ഇരുപത്തൊന്നാമത്തെ വയസ്സിൽ നമ്മുടെ കാലിന് എഴുപത്തഞ്ചടി നീളമുണ്ടായിരിക്കും.

ഒരു മനുഷ്യൻെറ പൊക്കം അയാളുടെ കൈകൾകൊണ്ട് ഒരു മാറായിരിക്കും. ഇതാണ് 'എൺചാൺ ശരീരം' എന്നു പറയുന്നതിൻെറ സാരം. ഒരാൾ നിവർന്നുനിന്നു കൈകൾ തൂക്കിയിട്ടാൽ, കയ്യിൻെറ മൂന്നാമത്തെ വിരലിൻെറ അററം തുടയുടെ നടുവിൽ എത്തുന്നതാണ് ഐറോപ്യരുടെ ഇടയിൽ ശരിയായ നീളമെന്നു വിചാരിച്ചുവരുന്നത്. മഞ്ഞനിറമുള്ള വംശക്കാരുടേയും കറുത്ത നിറമുള്ള വംശക്കാരുടേയും ഇടയിൽ കയ്യിൻെറ അററം തുടയുടെ നടു

വിൽനിന്നു പിന്നേയും അല്പവും കൂടെ നീണ്ടു നില്ക്കും. ഹിന്തുക്കളുടെ ഇടയിൽ 'ആജാനുബാഹു' വായിരിക്കുന്നതു പുരുഷന്മാരിൽ ഒരു ഉത്തമലക്ഷണമായിട്ടാണ് ഗണിക്കപ്പെട്ടുന്നത്.

കയ്യിൻെറ മൂന്നാമത്തെ വിരലിൻെറ തുമ്പു മുതൽ ആ കയ്യിൻെറ മുട്ടുവരേയുള്ള അകലവും ആ മുട്ടു മുതൽ കഴുത്തിൻെറ മുൻഭാഗത്തു നടുവുവരേയുള്ള അകലവും ശരിയാകുന്നു. ചൂണ്ടാണിവിരലിൻെറ നീളം മുഖത്തിൻെറ നീളത്തിൽ പകുതിയാണ്. മുഖത്തിൻെറ ശരിയായ അകലം താടിയുടെ കീഴ് മുതൽ മൂക്കിൻെറ അടിവരെയാണെങ്കിലും, സാധാരണ മുഖം എന്നു വിചാരിക്കുന്ന ഭാഗം താടി മുതൽ മൂക്കിൻെറ മുകൾഭാഗംവരെയാകുന്നു. ചൂണ്ടാണി വിരലിൻെറ രണ്ടു ചെറിയ ഏപ്പുകളും അതിൻെറ നാലിൽ ഒരംശമാണ്. എന്തുകൊണ്ടെന്നാൽ, അവ രണ്ടുംകൂടെ വലിയ ഏപ്പിനോടു തുല്യമാകുന്നു. ഈ വലിയ ഏപ്പിൻെറ നീളം മൂക്കിൻെറ നീളത്തിനു സമമായിരിക്കും. ഇങ്ങിനെ തോതുകളും കണക്കുകളും ഒപ്പിച്ചു ദിവസേന അനേകായിരം മനുഷ്യരെ നിർമ്മിക്കുന്ന പ്രപഞ്ചശില്പിയുടെ മാഹാത്മ്യം അവാച്യംതന്നെ.

---

പാഠം ൨൭.

## ധർമ്മപുത്രർ.

പാണ്ഡുമഹാരാജാവിൻെറ മരണാനന്തരം ഭീഷ്മരുടെ ഉപദേശപ്രകാരം ധൃതരാഷ്ട്രർ കുന്തിയേയും പാണ്ഡവന്മാരേയും 'ശതശൃംഗ' പർവ്വതത്തിൽ നിന്ന് ഹസ്തിനപുരത്തിൽ കൊണ്ടുവന്നു താമസിപ്പിച്ചു. ഈ കാലത്ത് ഒരു ദിവസമാണ് നിങ്ങൾ ആദ്യമായി ധർമ്മപുത്രരെ അറി

ഞ്ഞത്. കിണററിൽ പോയ കളിസ്സാമാനം എടുക്കാൻ നിവൃത്തിയില്ലാതെ രാജകുമാരന്മാർ വിഷണ്ഡരായി നില്ക്കു മ്പോൾ, അപരിചിതനായ ഒരു ബ്രാഹ്മണൻ കളിപ്പാട്ട മെടുത്തു കൊടുക്കാമെന്നു പറഞ്ഞതിനു പ്രതിഫലമായി അദ്ദേഹത്തിനു മൃഷ്ടാഷ്ടി കൊടുക്കാമെന്ന് ആദ്യമായി സ മ്മതിച്ചതു ധർമ്മപുത്രരാണ്. ഏതാദൃശമായ ദാക്ഷിണ്യാ ദി ഗുണങ്ങൾകൊണ്ടു ധർമ്മപുത്രർ സകല സജ്ജനങ്ങളുടേ യും സ്നേഹത്തിനു പാത്രീഭവിച്ചു. അർജ്ജുനൻ പാഞ്ചാല മഹാരാജാവിനെ പിടിച്ചുകെട്ടി ദ്രോണാചാര്യരുടെ കാ ക്കൽ വെച്ചപ്പോൾ, ഗുരുവിന്റെ പാരുഷ്യവാക്കുകൾകൊ ണ്ടു ഖിന്നനായ രാജാവിനെ ബന്ധനത്തിൽനിന്നു മോചി പ്പിക്കുവാനുള്ള ഔദാര്യം ധർമ്മപുത്രക്കു മാത്രമേ ഉണ്ടായുള്ളു. വനവാസകാലത്തു തന്നെ ആശ്രയിച്ചു പോന്ന മഹാബ്രാ ഹ്മണരുടെ കഷ്ടപ്പാടു കണ്ടു മനസ്സലിഞ്ഞ ധർമ്മപുത്രർ സൂ ര്യനെ തപസ്സു ചെയ്ത് അക്ഷയപാത്രം വാങ്ങിയതു തന്റേ യും അനുജന്മാരുടേയും സുഖജ്ജീവിതത്തിനു വേണ്ടിയല്ല, മററുള്ളവർക്കു സുഖവും സന്തോഷവും വർദ്ധിക്കുവാനാകുന്നു. കള്ളച്ചൂതുകൊണ്ടു സർവ്വസ്വവും പിടിച്ചു പറിച്ചു ധർമ്മപത്നി യായ പാഞ്ചാലിയെ മഹാസഭയിൽവെച്ച് അപമാനിച്ചു ദുര്യ്യോധനൻ, തന്നേയും അനുജന്മാരേയും വഞ്ചിച്ചു നി ഗ്രഹിക്കുവാൻ വനം പ്രാപിച്ചു സന്ദർഭത്തിൽ ചിത്രരഥ നെന്ന ഗന്ധർവ്വനാൽ ബന്ധിതനായി നിലവിളിച്ചപ്പോ ൾ, ധർമ്മപുത്രർ സഹജമായ ദീനാനുകമ്പമൂലം, പഴയ ദ്രോഹങ്ങളെല്ലാം മറന്നു, ദുര്യ്യോധനാദിയെ മോചിപ്പിക്കു വാൻ അനുജന്മാരെ ആജ്ഞാപിച്ചതിൽ നിന്ന് അദ്ദേഹ ത്തിന്റെ ഉദാരശീലം പ്രത്യക്ഷപ്പെടുന്നുണ്ടല്ലോ. സ്വ യംകൃതാനർത്ഥത്തിൽ ചാടിയ ദുര്യ്യോധനാദികളെ സഹാ യിക്കാതിരുന്നാൽ തങ്ങൾക്കു സൊല്ലായൊഴിയും എന്നു പ

റഞ്ഞ ഭീമസേനനെ 'ആശ്രിതത്രാണനമാണ് ക്ഷത്രിയ ധർമ്മം' എന്നു പറഞ്ഞു സമാധാനപ്പെടുത്തി ശത്രുക്കളെ രക്ഷിക്കാൻ കല്പിച്ച ധർമ്മപുത്രരുടെ ദയാദാക്ഷിണ്യം അനന്യസാധാരണമാകുന്നു.

ഗുരുഭക്തി മൂലം വളരെ കഷ്ടപ്പാടുകൾ അനുഭവിക്കാൻ സന്നദ്ധനായി ധർമ്മപുത്രരെ പോലെ വേറെ ഒരാൾ ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണ്. തനിക്ക് അവകാശവഴിക്കു ന്യായമായി സിദ്ധിക്കേണ്ടുന്ന രാജ്യപദപ്രാപ്തിക്കു പ്രതിബന്ധമായിത്തീരാവുന്നതും, ഒരുവേള ജീവഹാനി പോലും സംഭവിക്കാവുന്നതുമായ അരക്കില്ലത്തിൽ താമസിക്കാമെന്നു ധർമ്മപുത്രർ സമ്മതിച്ചതു വലിയച്ഛനിലുള്ള ഭക്തികൊണ്ടു മാത്രമാകുന്നു. ധർമ്മശാസ്ത്രങ്ങൾക്കും ലൌകികമര്യാദയ്ക്കും വിരുദ്ധമായി ധർമ്മപുത്രർ അനുജന്മാരോട്ടുകൂടി പാഞ്ചാലിയെ വിവാഹം ചെയ്തതു തൻെറ മാതാവിൻെറ വാക്കിനെ സത്യമാക്കിത്തീർക്കുവാനാണ്. ലക്ഷ്യം ഭേദിച്ച് അർജ്ജുനൻ പാഞ്ചാലിയെ വരിച്ച വൃത്താന്തം ധർമ്മപുത്രർ, "ഇന്നു ഞങ്ങൾക്കൊരു ഭിക്ഷ കിട്ടീട്ടുണ്ട്," എന്നു കുന്തിദേവിയോടു പറഞ്ഞപ്പോൾ, "നിങ്ങൾ അഞ്ചു പേരുംകൂടി അനുഭവിക്കുവിൻ" എന്നായിരുന്നു ആ സാദ്ധ്വിയുടെ മറുപടി. ആലോചിക്കാതെ പറഞ്ഞതാണെങ്കിലും, പറഞ്ഞ വാക്കിനു ഭംഗം വരുത്തുന്നതു സത്യവിരോധമാകയാൽ, കുന്തിദേവിക്കുണ്ടായ വ്യസനം ശമിപ്പിക്കുന്നതിനും മാതാവിൻെറ ആജ്ഞയെ അനുസരിക്കുന്നതിനുമാകുന്നു ധർമ്മപുത്രർ അലൌകികമായ ആ പ്രവൃത്തി പോലും ചെയ്തത്. ലൌകികവും ആത്മീയവുമായ സകല സംഗതികളിലും വിജ്ഞാനിയായ ധർമ്മപുത്രർ ചൂതു കളിക്കുവാൻ സമ്മതിച്ചതിനു പ്രധാന കാരണം, അതൊരു നാശകാരണമായ പാപകർമ്മമെങ്കിലും, അതിനു ക്ഷണിച്ചതു

തൻെറ ഗുരുവായ വലിയച്ഛനായതുകൊണ്ടാകുന്നു. യുദ്ധത്തിന്നു വേണ്ടുന്ന സകല സന്നാഹങ്ങളും തയാറാക്കിയിരിക്കുമ്പോൾ, ധൃതരാഷ്ട്രർ സഞ്ജയൻ മുഖേന ധമ്മപുത്രരോടു യുദ്ധം ചെയ്യാതെ കാട്ടിൽ പോയി തപസ്സു ചെയ്യാൻ കല്പിച്ചു. ഗുരുഭക്തനായ ധമ്മപുത്രർ അതിനും തയറായിരുന്നു. പക്ഷേ, അതിന് ഐഹികവും പാരത്രികവുമായ പല പ്രതിബന്ധങ്ങളുമുണ്ടായിരുന്നതുകൊണ്ടും ഭഗവാൻ ശ്രീകൃഷ്ണൻെറ കല്പനയെ അനുസരിക്കേണ്ടിയിരുന്നതുകൊണ്ടുമാണ് ധമ്മപുത്രർ അതു മാത്രം ചെയ്യാതിരുന്നത്. അതു ചെയ്തില്ലെങ്കിലും അതിനെ കുറിച്ച് അദ്ദേഹം പശ്ചാത്തപിക്കാതിരുന്നില്ല. യുദ്ധാനന്തരം തപസ്സു ചെയ്തു വനത്തിൽ താമസിച്ചിരുന്ന ധൃതരാഷ്ട്രരേയും മററും, രാജ്യഭരണക്ലേശത്തിൻെറ ഇടയിൽ ധമ്മപുത്രർ കൂടെക്കൂടെച്ചെന്നു ശുശ്രൂഷിച്ചുകൊണ്ടിരുന്നത് അദ്ദേഹത്തിൻെറ ഗുരുഭക്തിയുടെ ആധിക്യംകൊണ്ടാകുന്നു. ധമ്മപുത്രർ അദ്ദേഹത്തിൻെറ ഗുരുജനങ്ങളെ ഈശ്വരനിർവ്വിശേഷമായ ഭയഭക്തിസ്നേഹത്തോടുകൂടിയാണ് ആദരിച്ചിരുന്നത്.

ക്ഷമ എന്ന വിശിഷ്ടഗുണത്തിൻെറ സ്മാരകസ്തംഭമാകുന്നു ധമ്മപുത്രർ. സത്യനിഷ്ഠയും ധമ്മബോധവുമാണ് ഒരു മനുഷ്യനെ ക്ഷമയുള്ളവനാക്കിത്തീക്കുന്നത്. പ്രത്യേകിച്ചു രണ്ടു സംഗതികളിലാണ് ധമ്മപുത്രരുടെ ക്ഷമ പ്രകാശിച്ചത്. മഹാജനങ്ങൾ നിറഞ്ഞിരിക്കുന്ന സദസ്സിൽ വെച്ചു ധമ്മപത്നിയായ പാഞ്ചാലിയെ ദുശ്ശാസനൻ അപമാനിച്ചപ്പോൾ, ഭീമൻ മുതലായ സഹജന്മാർ കോപാന്ധന്മാരായി കൌരവവംശംതന്നെ മുടിച്ചുകളവാനായി പുറപ്പെട്ടെങ്കിലും, ധമ്മപുത്രർ അവരുടെ അവിവേകമായ പ്രവൃത്തിയെ വിരോധിച്ചതേയുള്ളു. അദ്ദേഹം ആ സന്ദർഭത്തിൽ ക്ഷമിച്ചില്ലെങ്കിൽ, കൌരവന്മാരോട് എതൃക്കുന്ന

പ്രവൃത്തി ധൎമ്മവിരോധമായിത്തീരും. എന്തുകൊണ്ടെന്നാൽ, പണയപ്രകാരം പാണ്ഡവന്മാർ കൌരവന്മാരുടെ അടിമകളായിപ്പോയി. ആ നിലയിൽ അവരോട് എതൃക്കുന്നതു സ്വാമിദ്രോഹവും അതു ധൎമ്മവിരുദ്ധവുമാകുന്നു. ഇതുപോലെ തന്നെ, അജ്ഞാതവാസകാലത്തു വിരാടരാജധാനിയിൽ താമസിക്കുമ്പോൾ, വിരാടന്റെ സ്യാലനായ കീചകൻ പാഞ്ചാലിയെ ആക്ഷേപിച്ച സംഗതിയിൽ ധൎമ്മപുത്രർ ക്ഷമിച്ച കഥ ആലോചിക്കുവാൻ പോലും വഹിയാ. സാധാരണ മനുഷ്യൎക്ക് ക്ഷമവരാത്തതായ സംഗതികളിൽ ധൎമ്മബോധത്തോടുകൂടി പരിഭ്രമംകൂടാതെ ശാന്തനായിരിക്കുന്ന ക്ഷമാശീലം ദിവ്യന്മാൎക്കമാത്രമേ ഉണ്ടാകയുള്ളു. അതുകൊണ്ടാണ് ധൎമ്മപുത്രരെ അതിമാനുഷനായി ഗണിച്ചുപോരുന്നത്.

ധൎമ്മപുത്രരുടെ വംശസ്നേഹം, നീതിനൈപുണ്യം, സമസ്യഷ്ടിസ്നേഹം മുതലായ സൽഗുണങ്ങൾ പ്രത്യക്ഷപ്പെടുന്നത് അദ്ദേഹം യുദ്ധംകൂടാതെ കഴിക്കുവാൻവേണ്ടി ചെയ്ത പല പ്രയത്നങ്ങളിൽ നിന്നാണ്. യുദ്ധം തീൎച്ചയാക്കി കഴിഞ്ഞിട്ടുംകൂടെ, ന്യായമായി കിട്ടേണ്ടുന്ന പകുതി രാജ്യം കിട്ടാത്തപക്ഷം നാട്ടിലെങ്ങാനും ഒരു ഭവനമെങ്കിലും കിട്ടിയാൽ മതി എന്ന് അപേക്ഷിക്കുവാൻ ധൎമ്മപുത്രർ ശ്രീകൃഷ്ണനെ അയച്ചു. യുദ്ധത്തിൽ തനിക്കു നിശ്ചയമായും ജയം സിദ്ധിക്കുമെന്നു ധൎമ്മപുത്രൎക്ക പൂൎണ്ണവിശ്വാസമുണ്ടായിരുന്നു. പക്ഷെ, യുദ്ധത്തിൽ തന്റെ വംശക്കാൎക്കും ബന്ധുക്കൾക്കും മററുള്ളവൎക്കും ജീവഹാനി സംഭവിക്കുന്നതും അസംഖ്യം ദ്രവ്യം നശിക്കുന്നതും ധൎമ്മപുത്രൎക്ക സഹിക്കാൻ വഹിയാത്ത സങ്കടമായിരുന്നതുകൊണ്ടാണ് അദ്ദേഹം, അനുജന്മാൎക്കും മററും ഇഷ്ടമല്ലാതിരുന്നെങ്കിലും, ശ്രീകൃഷ്ണനെ ദൂതിനയച്ചത്. ഇതിന് അദ്ദേഹത്തിന്റെ ന്യായം

"ദുഷ്ടരെങ്കിലുമശേഷജനാനാം
കഷ്ടമേവ വധമെന്നറിയുന്നേൻ;
ഹിംസകൊണ്ടൊരു പദത്തെ ലഭിച്ചാൽ
ധ്വംസമുണ്ടതിനു സംശയമില്ല;
നല്ല നല്ല ജനമൊക്കെ മരിച്ചാ-
ലില്ല പിന്നെയൊരു സൌഖ്യമൊരുനാൾ;
ചാർച്ചയുള്ളവരിലുള്ളൊരുകാലം
ചേർച്ചവേണമതുതാൻ പുരുഷാർത്ഥം" എന്നുമാ

യിരുന്നു. ഇങ്ങിനെയാണ് ധർമ്മപുത്രരുടെ സ്വഭാവഗുണം!

യുദ്ധത്തിൽ ധർമ്മപുത്രർക്കു പൂർണ്ണജയം സിദ്ധിച്ചു എങ്കിലും, അദ്ദേഹത്തിന് അത് ഒട്ടും സന്തോഷപ്രദമായിരുന്നില്ല. ക്ഷത്രിയധർമ്മം, രാജനീതി, ലൌകികമര്യാദ, ഭഗവാൻ ശ്രീകൃഷ്ണന്റെ യുക്തിയുക്തമായ ന്യായങ്ങൾ, ഇവയൊന്നും ഭീഷ്മദ്രോണാദിഗുരുക്കന്മാരുടേയും ദുര്യോധനാദി ജ്ഞാതികളുടേയും മരണത്തിനും തന്മൂലം വൃദ്ധനായ വലിയച്ഛനു സംഭവിച്ച സങ്കടത്തിനും ധർമ്മപുത്രർക്കു മതിയായ സമാധാനമായിരുന്നില്ല. ധർമ്മനിഷ്ഠനായ ഈ മഹാന് ഇവയേക്കാൾ ഏററവും വലുതായ വേറെ ഒരു സങ്കടമുണ്ടായി. യുദ്ധാനന്തരം പരേതന്മാരായ ബന്ധുക്കളുടെ ശേഷക്രിയ ചെയ്വാനാരംഭിച്ചപ്പോഴാണ് ധർമ്മപുത്രർ സ്വപ്നേപി സംശയിക്കാത്ത സങ്കടകരമായ ഒരു വാസ്തവം ഗ്രഹിച്ചത്. താൻ അർജ്ജുനനെക്കൊണ്ടു വധിപ്പിച്ച കർണ്ണൻ കുന്തീദേവിയുടെ പ്രഥമപുത്രനാകയാൽ, ആദ്യമായി ഉദകക്രിയ ചെയ്യേണ്ടതു ജ്യേഷ്ഠനായ അദ്ദേഹത്തിനു വേണ്ടിയാണെന്ന് അമ്മ തന്നെ പറഞ്ഞപ്പോൾ, ധർമ്മപുത്രർ വ്യസനംകൊണ്ട് ഒരു ജീവച്ഛവമായിപ്പോയി. ഈ വൃത്താന്തം ധർമ്മപുത്രർക്കു തീർത്താലുംതീരാത്ത ഒരു ദുഃഖമായിരുന്നു. എന്തുകൊണ്ടെന്നാൽ, പാണ്ഡുമഹാരാജാവിന്റെ രാജ്യത്തിനു

ന്ന്യായമായ അവകാശി ജ്യേഷ്ഠനായ കണ്ണ്നായിരിക്കെ, താൻ രാജ്യത്തിന്ന് അവകാശിയാണെന്നു കരുതി ജ്യേഷ്ഠനെപ്പോലും യുദ്ധത്തിൽ നിഗ്രഹിപ്പിച്ചല്ലോ എന്നായിരുന്നു അദ്ദേഹത്തിൻെറ നിവ്വ്യാജമായ പശ്ചാത്താപം. ഈ യുദ്ധത്താൽ സംഭവിച്ച അനത്ഥങ്ങൾക്കു ശ്രീകൃഷ്ണഭഗവാൻ പോലും പല സമാധാനങ്ങളും പറഞ്ഞെങ്കിലും, ധമ്മനിഷ്ഠനായ അദ്ദേഹത്തിൻെറ വ്യസനത്തിനു ശാന്തിയുണ്ടായില്ല. ഇതാണ് ധമ്മപ്രതിപത്തിയുടെ പരമാവസ്ഥ. ഭഗവാൻ ദൂതു കഴിഞ്ഞു തിരിയെ എഴുന്നള്ളുന്ന സമയത്ത് അനുയാത്രയായി കണ്ണ്ൻ ഭഗവാൻെറ തേരിൽ കയറി കുറേനേരം ഗൂഢമായി സംസാരിച്ച കൂട്ടത്തിൽ ആ മഹാപുരുഷൻ തന്നേയും മററുള്ളവരേയും സംഹരിച്ച ധമ്മപുത്രർ മഹാരാജാവായി വാണുകൊള്ളുവാൻ പൂണ്ണാനുവാദം നൽകിയിരുന്ന വാസ്തവം ഭഗവാൻ ധമ്മപുത്രരെ ഗ്രഹിപ്പിക്കാതിരുന്നതു ധമ്മപുത്രരുടെ പശ്ചാത്താപം അദ്ദേഹത്തിൻെറ പാപത്തിനു പ്രായശ്ചിത്തമായിത്തീരേണമെന്നു കരുതിയായിരിക്കാം. ഒടുവിൽ ഈ മഹാത്മാവു സവ്വപാപപ്രശമനമായ അശ്വമേധംചെയ്തു രാജാധിരാജനായി രാജ്യത്തുള്ള സകല പ്രജകൾക്കും ക്ഷേമവും സമ്പൽസമൃദ്ധിയും വദ്ധിപ്പിച്ചു രാജ്യം ഭരിച്ചു.

മൂന്നു പന്തിരാണ്ടു രാജ്യം ഭരിച്ചതിനുശേഷം ദ്വാരകയിൽ നിന്നു മടങ്ങിവന്ന വിഷയവിരക്തനായ അജ്ജുനൻ ഭഗവാൻെറ സ്വഗ്ഗാരോഹണ വൃത്താന്തം ഗ്രഹിപ്പിച്ച ഉടനെ, ധമ്മപുത്രർ അഭിമന്യുവിൻെറ പുത്രനായ പരീക്ഷിത്തിനെ രാജാവായി അഭിഷേകംചെയ്തു, സഹോദരന്മാരോടും ധമ്മപത്നിയോടുംകൂടെ 'മഹാപ്രസ്ഥാനം' ചെയ്തു. മഹാപ്രസ്ഥാനം എന്നു പറയുന്നതു സവ്വസംഗപരിത്യാഗം ചെയ്തു പിന്തിരിയാതെ നേരെ വടക്കോട്ടു ന

ടക്കുകയാകുന്നു. ഈ യാത്രയിൽ അനുജന്മാരും പാഞ്ചാലിയും ഓരോരുത്തരായിട്ടു വീണു മരിച്ചുപോയിട്ടും, ശാന്തത എന്ന സത്ഗുണത്തിന്റെ പരമകാഷ്ഠയെ പ്രാപിച്ച ധർമ്മപുത്രർ പിന്തിരിയാതെ വീണ്ടും മുന്നോട്ടു നടന്നതേയുള്ളു. ഈ സന്ദർഭത്തിൽ ദേവേന്ദ്രന്റെ കല്പനപ്രകാരം ധർമ്മപുത്രരെ സ്വർഗ്ഗത്തിലേക്ക് എതിരേററുകൊണ്ടുപോകാൻ ദൂതന്മാർ വിമാനവും കൊണ്ടുവന്ന് അതിൽ കയറുവാൻ അദ്ദേഹത്തിനോട് അപേക്ഷിച്ചു. അപ്പോൾ അതേവരെ ധർമ്മപുത്രരെ വിട്ടുപിരിയാതെ കൂടെ നടന്നിരുന്ന ഒരു പുഴുത്ത പട്ടിയേയുംകൂടെ വിമാനത്തിൽ കയററിക്കൊണ്ടുപോകണമെന്ന് അദ്ദേഹം ദേവദൂതന്മാരോടു പറഞ്ഞു. അതു ദേവദൂതന്മാർ സമ്മതിച്ചില്ല. എന്നാൽ, തന്നെ ആശ്രയിച്ച ഒരു ജീവിയെ ഉപേക്ഷിച്ചിട്ടു തനിക്കു സ്വർഗ്ഗം വേണ്ടെന്നു ധർമ്മപുത്രർ ദൃഢമായി പറഞ്ഞ് അവരുടെ ക്ഷണനം സ്വീകരിച്ചില്ല. ഈ സന്ദർഭത്തിൽ പുഴുത്ത പട്ടി ദിവ്യരൂപം ധരിച്ചു ധർമ്മപുത്രരുടെ മുമ്പിൽ നിന്ന് ഇങ്ങിനെ പറഞ്ഞു. “മതി. എനിക്കു വളരെ സന്തോഷമായി. ഞാൻ അങ്ങയെ പലവിധത്തിലും പരിക്ഷിച്ചുനോക്കി. അതിൽ ഒരിക്കലെങ്കിലും അങ്ങ ധർമ്മം തെററിച്ചതായി കണ്ടിട്ടില്ല. ഇനി സ്വർഗ്ഗത്തിലേക്കു പോകാം.” പരീക്ഷാർത്ഥം പുഴുത്ത പട്ടിയായി നടന്നിരുന്ന ധർമ്മരാജാവു പുത്രനെ അനുഗ്രഹിച്ചു സ്വർഗ്ഗത്തിലേക്കു യാത്രയാക്കി അവിടെനിന്നു മറയുകയും ചെയ്തു. ‘ഉടലോടെ സ്വർഗ്ഗത്തിൽ പോവുക’ എന്നു പറയുന്നത് ഇങ്ങിനെയാണ്.

ധർമ്മപുത്രരുടെ ദിവ്യത്വത്തിനു പല ദൃഷ്ടാന്തങ്ങളും ഉണ്ടെങ്കിലും, രണ്ടു സംഗതികളും കൂടെ പറഞ്ഞ് ഈ നിരൂപണം അവസാനിപ്പിച്ചാലേ പൂർത്തിയാവുകയുള്ളു. അ

സ്ത്രാഭ്യാസം പൂർത്തിയായ കാലത്തു ഗുരുനാഥൻ ശിഷ്യരെ പരീക്ഷിക്കാൻ ഒരു കൃത്രിമക്കിളിയെ നിർമ്മിച്ച കഥ നിങ്ങൾ വായിച്ചിട്ടുണ്ടല്ലോ. ആദ്യമായി ധർമ്മപുത്രരെ വിളിച്ചു "വൃക്ഷവും ലക്ഷവുമിന്നിൽക്കുന്ന ജനങ്ങളുമക്ഷിഗോചരമോ ഞാന്താനുമെന്നതു ചൊൽനീ" എന്നു ഗുരുനാഥൻ പറഞ്ഞപ്പോൾ, അവയെല്ലാം കാണുന്നുണ്ട് എന്നാണ് അദ്ദേഹം പറഞ്ഞത്. ഒരു ലക്ഷ്യത്തിൽ ഏകാഗ്രമാക്കിയ നേത്രേന്ദ്രിയം തൻെറ ചുററുപാടുമുള്ള സകല വസ്തുക്കളേയും ദശിക്കുന്നുണ്ടെങ്കിൽ, ഒന്നുകിൽ ലക്ഷ്യത്തിൽ ഉന്നം ചെന്നിട്ടില്ലെന്നോ, അല്ലെങ്കിൽ ആ ദൃഷ്ടിക്കു ദിവ്യത്വമുണ്ടെന്നോ വിചാരിക്കണം. ഉന്നം ലക്ഷ്യത്തിൽ പതിഞ്ഞിട്ടുണ്ടായിരുന്നില്ലെങ്കിൽ, അദ്ദേഹം കിളിയെ കാണുന്നതല്ലായിരുന്നു. കിളിയേയും തൻെറ അടുക്കൽ നില്ക്കുന്ന ഗുരുനാഥനെപ്പോലും ധർമ്മപുത്രർ കണ്ടു എന്നാണ് പറയുന്നത്. ഇതിൽ നിന്നു ന്യായമായുണ്ടാകുന്ന അനുമാനം, ലോകത്തിലുള്ള സകല വസ്തുക്കളേയും ധർമ്മപുത്രർ കണ്ടിരുന്നതു സ്ഥൂലദൃഷ്ടികൊണ്ടല്ല, ജ്ഞാനദൃഷ്ടികൊണ്ടാണെന്നാകുന്നു; അതായത്, അദ്ദേഹത്തിൻെറ ആത്മാവിനു ലോകത്തിലുള്ള സകല വസ്തുക്കളോടും ഐക്യമുണ്ടായിരുന്നു എന്നു താല്പര്യം. ഈ സൂക്ഷ്മാവസ്ഥ ഗുരുനാഥൻ മനസ്സിലാക്കിട്ടാണ് അസ്ത്രം അയയ്ക്കാതെ മാറി നിന്നുകൊള്ളാൻ പറഞ്ഞത്. പോർക്കളത്തിൽ ശല്യരുമായി നേരിട്ടു യുദ്ധം ചെയ്തപ്പോൾ, ശല്യരുടെ അസ്ത്രങ്ങളേററ ക്ഷതങ്ങളിൽ നിന്നുണ്ടായ വേദന സഹിക്കാതെ, ശല്യരുടെ നേരെ അയയ്ക്കാൻ വേൽ എടുത്ത മാത്രയിൽ ധർമ്മപുത്രരുടെ കോപാഗ്നിയിൽ ശല്യർ ദഹിച്ചു പോയി. അതു ധർമ്മപുത്രരുടെ ദിവ്യത്വം മൂലമാകുന്നു. ലോകജ്ഞാനിയും ആത്മജ്ഞാനിയുമായ ഈ

മഹാത്മാവും വാസ്തവത്തിൽ ഒരു രാജയോഗിതന്നെയായിരുന്നു.

---

പാഠം ൨൮.

## ഭൂകമ്പം.

ഭൂകമ്പം എന്ന ഭയങ്കരസംഭവം ഇന്നവിധമാണെന്ന് അനുഭവിക്കുന്നതുവരെ നമുക്ക് അതിനെക്കുറിച്ച പൂൎണ്ണമായ ഒരു ജ്ഞാനം ഉണ്ടാകുന്നതല്ലെങ്കിലും, അതു സംഭവിക്കുവാനുള്ള കാരണങ്ങൾ ഏറെക്കുറെ ഗ്രഹിക്കുവാൻ കഴിയുന്നതാണ്. അതുകൊണ്ടു ഭൂകമ്പമുണ്ടാകുന്നതിനു ശാസ്ത്രീയമായി പറഞ്ഞിരിക്കുന്ന കാരണങ്ങൾ എന്താണെന്ന് ആലോചിക്കാം. അഗ്നിപൎവ്വതം എന്ന പാഠത്തിൽ നിന്നു ഭൂമിയുടെ അന്തൎഭാഗം മുഴുവൻ ഉഷ്ണാധിക്യത്താൽ ദ്രവരൂപമായി കിടക്കുകയാണെന്നു നിങ്ങൾ പഠിച്ചിട്ടുണ്ടല്ലോ. ഒരു വസ്തുവിൻെറ അന്തൎഭാഗത്തിലുള്ള ചൂട് എല്ലായ്പോഴും സ്ഥിരമായി അവിടെത്തന്നെ നില്ക്കുന്നതല്ല. ആ വസ്തുവിൻെറ അന്തരഗ്നിയുടെ ഉഷ്ണം ക്രമേണ അതിൻെറ ബഹിൎഭാഗത്തേക്കു വ്യാപിച്ചു പ്രായേണ സൂൎയ്യരശ്മിയിൽ ലയിക്കുന്നതാണ്. ഇതു പ്രകൃതിയിലെ ഒരു സാമാന്യനിയമവുമാകുന്നു. ഉഷ്ണം വസ്തുക്കളെ വികസിപ്പിക്കുകയും ശൈത്യം സങ്കോചിപ്പിക്കുകയും ചെയ്യുമെന്നും നിങ്ങൾ പഠിച്ചിട്ടുണ്ടല്ലോ. ഭൂഗൎഭത്തിൽ നിന്ന് ഉഷ്ണം പുറത്തേക്കു പോയിക്കൊണ്ടിരിക്കുമ്പോൾ, ചില ഭാഗങ്ങൾ ക്രമേണ തണുത്തുവരുകയും തന്മൂലം അവിടെ പെട്ടെന്നൊരു സങ്കോചം സംഭവിക്കുകയും ചെയ്യുന്നതാണ്. ഉഷ്ണംകൊണ്ടു വിസ്തൃതമായ സ്ഥലം ശൈത്യംകൊണ്ടു സങ്കോചിക്കുമ്പോൾ, അതിൻെറ മേൽഭാഗം ഇടിയാതെ നിവൃത്തിയില്ല. മിതെക്കുമീതെ പല അ

ട്ടിയായി വെച്ചിരിക്കുന്ന സാധനങ്ങളുടെ ഇടയിൽ നിന്നു നാം ഏതെങ്കിലും ഒരു സാധനം എടുത്താൽ, അവിടെ ഉണ്ടായ ഒഴിവിലേക്ക് അതിൻെറ മുകളിലിരിക്കുന്ന സാധനം ഇടിയുന്നതു നിങ്ങൾ കണ്ടിരിക്കുമല്ലൊ. ഇങ്ങിനെ ഇടിയുമ്പോൾ, ഇടിവുതട്ടിയ സ്ഥലം മുഴുവൻ ഒന്നിളകാതെ നിവൃത്തിയില്ല. ഇതു പോലെ തന്നെ, ഭൂഗർഭത്തിൽ സങ്കോചം സംഭവിക്കുന്നസമയം ആ പ്രദേശങ്ങളിലുണ്ടാകുന്ന ചലനമാണ് ഭൂകമ്പം. മേൽപ്പറഞ്ഞ ദൃഷ്ടാന്തത്തിൽ ഇടിവുതട്ടുമ്പോൾ ഉണ്ടാകുന്ന ശബ്ദം പോലെ, ഭൂകമ്പസമയത്തും ശബ്ദമുണ്ടാകുന്നതാണ്.

ഭൂകമ്പം മൂലം ചില ഭൂഭാഗങ്ങളെ സമുദ്രം ആക്രമിച്ചതായും ചില സ്ഥലങ്ങളിൽ സമുദ്രം പിൻവാങ്ങി കര വെച്ചതായും പല ദൃഷ്ടാന്തങ്ങൾ ഉണ്ട്. ഈ സംഗതിക്കു നമ്മുടെ കേരളംതന്നെ മതിയായ ഒരു ലക്ഷ്യമാകുന്നു. ഭൂകമ്പമുണ്ടാകുമ്പോൾ ചില സമയം സമുദ്രത്തോടു ചേർന്നുകിടക്കുന്ന ഭൂമി ഇടിയുകയും, അവിടെക്കു സമുദ്രം പ്രവഹിക്കുകയും, ഇതേസമയംതന്നെ അന്തരഗ്നിജ്വലനത്താൽ സമുദ്രത്തിൻെറ അടിയിലുള്ള ഭൂമി പെട്ടെന്നുയൎന്നു ജലനിരപ്പിനു മീതെ വരുകയും ചെയ്യും. അഗ്നിപൎവ്വതങ്ങൾ പൊട്ടുമ്പോൾ, സമീപമുള്ള പ്രദേശങ്ങളിൽ ഒരുമാതിരി ഭൂകമ്പമുണ്ടാകുമെന്നു നിങ്ങൾ വായിച്ചിട്ടുണ്ടല്ലൊ. അന്തരഗ്നിയുടെ ചേഷ്ടകൊണ്ടു സംഭവിക്കുന്ന ഭൂകമ്പം ഇന്നസ്ഥലത്ത് ഇന്നകാലത്താണ് ഉണ്ടാകുന്നത് എന്നു നിൎണ്ണയിക്കുവാൻ പ്രയാസമാകുന്നു.

ഇനി ഭയങ്കരമായ ഭൂകമ്പംകൊണ്ടു സംഭവിച്ചിട്ടുള്ള ചില സംഗതികളെ കുറിച്ചു നിങ്ങൾ ഗ്രഹിക്കുമ്പോൾ, അതുകൊണ്ടു ലോകത്തിൽ നേരിടുന്ന നാശം എത്രമാത്രമാണെന്നു നിങ്ങൾക്കുതന്നെ ഊഹിക്കുവാൻ കഴിയും. ക്രി

സ്ത്വാബ്ദം 1750-ാമാണ്ടിടയ്ക്കു യൂറോപ്പിൽ പോർട്ടുഗൽ എന്ന രാജ്യത്തു ലിസ്ബൺ എന്ന പട്ടണത്തിൽ അതിഭയങ്കരമായ ഒരു ഭൂകമ്പമുണ്ടായി. ഒരു ദിവസം ആ പട്ടണവാസികൾ കിടുകിടെ വിറയ്ക്കത്തക്കവണ്ണം അതിഭയങ്കരമായ ഒരു ഇടിമുഴക്കം കേട്ടു. തൽസമയംതന്നെ ഭൂമി കഠിനമായി ഒന്നു വിറച്ചു. ഈ വിറയൽ അധികം നേരം നിന്നില്ല. പക്ഷെ, അല്പനിമിഷനേരത്തെ ഭൂകമ്പം മൂലം അറുപതിനായിരത്തിലധികം മനുഷ്യരും ആ പട്ടണത്തിലുണ്ടായിരുന്ന മിക്ക കെട്ടിടങ്ങളും നശിച്ചുപോയി. ഈ ഭൂകമ്പം ഉണ്ടായപ്പോൾ കടൽ ക്ഷോഭിച്ച് അമ്പതടി ഉയരത്തിൽ തിരമാലകൾ ഇളകിമറിഞ്ഞിരുന്നു എന്ന് അന്നത്തെ ചരിത്രകാരന്മാർ പറയുന്നുണ്ട്.

ഇന്ത്യയിൽ സംഭവിച്ചിട്ടുള്ള ഭൂകമ്പങ്ങളിൽവെച്ച് ഏററവും ഭയങ്കരമായത് 1819-ാമാണ്ടിൽ ബോംബായി സംസ്ഥാനത്തിൽച്ചേർന്ന കച്ചിരാജ്യത്തുണ്ടായതാകുന്നു. അന്ന് ആ രാജ്യത്തിൻെറ ഒരു ഭാഗം സമുദ്രത്തിൽ താണുപോകയും രണ്ടായിരത്തിൽ പുറം ജനങ്ങൾ മരിച്ചുപോകയും ചെയ്തു. തെക്കെ ഇന്ത്യയിൽ വളരെ ആപൽക്കരമായ ഭൂകമ്പങ്ങൾ അടുത്തകാലങ്ങളിൽ ഉണ്ടായിട്ടില്ല. എന്നാൽ കൊല്ലവഷം 1075-ാമാണ്ടു മകരമാസത്തിൽ ഇവിടങ്ങളിൽ ഉണ്ടായ ഭൂകമ്പംകൊണ്ട് ഈ സംഭവത്തിൻെറ സമ്പ്രദായം ഇന്നവിധമാണെന്നു മനസ്സിലാക്കുവാൻമാത്രം മതിയായിരുന്നു.

മിക്ക ദിവസങ്ങളിലും ഭൂകമ്പമുണ്ടാകുന്നതും അഗ്നിപർവ്വതങ്ങൾകൊണ്ടു നിറഞ്ഞതുമായ പല ദ്വീപുകളുമുണ്ട്. അമേരിക്കയുടെ ഒരു ഭാഗമായ 'ചില്ലി' എന്ന രാജ്യത്ത് 1855-ാമാണ്ടിൽ അതികഠിനമായ ഒരു ഭൂകമ്പമുണ്ടായപ്പോൾ, ആ പ്രദേശങ്ങളിൽ സഞ്ചരിച്ചിരുന്ന 'ഡാർവിൻ' എ

ന്ന സാഡ്ഡ് അവിടങ്ങളിൽ ചില കടലുകളുടെ ആഴം അളന്നു നോക്കിയ സമയം, ഉൾക്കടലുകളുടെ അടിഭാഗം നാലഞ്ചടി ഉയൎന്നതായി കണ്ടുവത്രെ. ചില്ലി എന്ന രാജ്യത്തു ഭൂകമ്പമുണ്ടാകാത്ത സംവത്സരംതന്നെ ഇല്ല. മേൽപ്പറഞ്ഞ സംഗതികളിൽ നിന്നു ഭൂകമ്പമുണ്ടാകുന്നതും അതുകൊണ്ടു നാശം സംഭവിക്കുന്നതും ഇന്നവിധമാണെന്നു നിങ്ങൾക്ക് ഏകദേശം ഒന്നു ഗ്രഹിക്കാൻ കഴിയുന്നതാണ്.

---

പാഠം ൨൯.

## തക്ഷകന്മാർ.

പുരാണലക്ഷ്യപ്രകാരം ആലോചിക്കുന്നതായാൽ ഭാരതയുദ്ധം കഴിഞ്ഞിട്ട് 5060 സംവത്സരമായിട്ടുണ്ടെന്നാണ് കാണുന്നത്. എന്തുകൊണ്ടെന്നാൽ, യുദ്ധാനന്തരം മുപ്പത്താറു സംവത്സരം കഴിഞ്ഞു കലിയുഗം ആരംഭിച്ചപ്പോൾ, ശ്രീകൃഷ്ണൻ സ്വൎഗ്ഗാരോഹണവും പാണ്ഡവന്മാർ മഹാപ്രസ്ഥാനവും ചെയ്തു. എന്നാൽ ചരിത്രലക്ഷ്യത്തെ ആസ്പദമാക്കി ചിന്തിക്കുമ്പോൾ, ഭാരതയുദ്ധം ഉണ്ടായതു ക്രിസ്ത്വബ്ദത്തിന്നു മുമ്പു 1388-ാംസംവത്സരത്തിലാണെന്നു കാണുന്നുണ്ട്. അതുകൊണ്ടു പുരാണസംഭവങ്ങളെ ചരിത്രലക്ഷ്യങ്ങൾകൊണ്ടുതന്നെ പരിശോധിക്കാം.

ധൎമ്മപുത്രർ രാജ്യഭാരം കയ്യേററ ഉടനെ കൃഷ്ണൻ എന്നുപേരായ ഒരു അനാൎയ്യരാജാവു ഹസ്തിനപുരത്തെ നിരോധിച്ചു. പക്ഷെ, കൎണ്ണപുത്രനായ വൃഷകേതുവിൻെറ പരാക്രമം മൂലം അയാളെ യുദ്ധത്തിൽ ജയിച്ചു ബന്ധിച്ചു യുധിഷ്ഠിരൻെറ മുമ്പിൽ കൊണ്ടുചെന്നു. ധൎമ്മപുത്രർ അയാളെ ബന്ധനത്തിൽ നിന്നു മോചിപ്പിച്ചു നിർഭയമായി സ്വരാജ്യത്തേക്കു പോകുവാൻ അനുവദിച്ചെങ്കിലും, ശ്രീകൃ

ഷ്ണന്റെ തത്വോപദേശം നിമിത്തം അയാൾ വിഷയവിരക്തനായി ഒരു യോഗിയായിത്തീൎന്നു. ചരിത്രപ്രകാരം ഈ സംഭവമുണ്ടായതു 3310 സംവത്സരങ്ങൾക്കുമുമ്പാണ്.

ശ്രീകൃഷ്ണന്റെ സ്വൎഗ്ഗാരോഹണശേഷം യാദവന്മാർ തമ്മിൽ കലഹിച്ചു നശിക്കുകയും ദ്വാരക സമുദ്രത്തിൽ താണുപോവുകയും ചെയ്തു. ഇതിനുശേഷം ബാക്കിയുള്ള യാദവന്മാർ നാനാദിക്കിലും ചിന്നിച്ചിതറി പാൎത്തുതുടങ്ങി. വളരെക്കാലം കഴിഞ്ഞപ്പോൾ യാദവന്മാരിൽ ഒരു ശാഖക്കാർ ദക്ഷിണാപഥത്തിൽ ഒരു സാമ്രാജ്യം സ്ഥാപിച്ച് അവിടെ വാണിരുന്നു. ഭാരതയുദ്ധത്തിനുശേഷം ഉത്തരദേശങ്ങളിൽ നിന്നു പുതുതായി ചില ആൎയ്യന്മാർ ഇന്ത്യയിൽ കുടിയേറിപ്പാൎത്തു. ശ്രീകൃഷ്ണന്റെ പുത്രനായ സാംബൻ മദ്ധ്യേഷ്യയിൽ നിന്ന് അദ്ദേഹം 'മൂൾട്ടാൻ' എന്ന രാജ്യത്തു കോനരക്ക് എന്ന സ്ഥലത്തു പണിയിച്ച ആദിത്യക്ഷേത്രത്തിൽ പൂജാദികൾ നടത്തുന്നതിനായി കുറെ ആൎയ്യബ്രാഹ്മണരെ കൊണ്ടുവന്നു എന്നതിനു പല ലക്ഷ്യങ്ങളുമുണ്ട്. 'യൂൻചാങ്ങ്' എന്ന രാജ്യസഞ്ചാരി 'മൂലസ്ഥാനം സാംബപുരം' എന്നു പറഞ്ഞിരിക്കുന്നത് ഈ പ്രസിദ്ധക്ഷേത്രത്തെ കുറിച്ചാകുന്നു. വടക്കെ ഇന്ത്യയിൽ രാജപുത്താനയിലുള്ള 'ജാസൽമീർ' എന്ന രാജ്യത്തെ രാജാവു ശ്രീകൃഷ്ണന്റെ ശാഖയിൽപ്പെട്ട ഒരു യാദവവംശക്കാരനാണെന്നു ചരിത്രങ്ങളിൽ നിന്നു തെളിയുന്നുണ്ട്. അതുകൊണ്ടു യാദവവംശം നാമാവശേഷമായിട്ടില്ലെന്നു നിശ്ചയം തന്നെ.

പാണ്ഡവന്മാർ മഹാപ്രസ്ഥാനം ചെയ്തതു പരീക്ഷിത്തിനെ രാജാവാക്കി വാഴിച്ചതിനുശേഷമാണെന്നു നിങ്ങൾ മുമ്പൊരു പാഠത്തിൽ വായിച്ചിട്ടുണ്ടല്ലൊ. പരീക്ഷിത്തിന്റെ രാജ്യഭരണംകൊണ്ടു രാജ്യത്തു ധനപുഷ്ടിയും ക്ഷേ

മവും വർദ്ധിച്ചുവന്നു. ഈ കാലത്തു തുക്കികൾ കാഷ്മീറിൽ സ്ഥിരതാമസമുറപ്പിച്ച് അടുത്തുള്ള പ്രദേശങ്ങളിൽ പല ഉപദ്രവങ്ങളും ചെയ്തുകൊണ്ടിരുന്നു. ഇവരുടെ ഉപദ്രവം നിറുത്തുവാനായി പരീക്ഷിത്തുമഹാരാജാവു സൈന്യസമേതം തുക്കികളെ എതിക്കുകയും ആ യുദ്ധത്തിൽ മരിക്കുകയും ചെയ്തു. എഴുപതാമത്തെ വയസ്സിലാണ് പരീക്ഷിത്തു വീര്യസ്വർഗ്ഗം പ്രാപിച്ചത്. പരീക്ഷിത്തിന്റെ മരണം തക്ഷകദംശനംകൊണ്ടാണ് സംഭവിച്ചത് എന്നു പുരാണത്തിൽ കാണുന്നതിന്റെ വാസ്തവം ഇതാണ്. 'തക്ഷകന്മാർ' എന്ന് ആര്യന്മാർ പറഞ്ഞിരുന്ന വർഗ്ഗക്കാർ അനാര്യന്മാരായ ഈ തുക്കികളാകുന്നു. ഹസ്തിനപുരത്തെ നിരോധിച്ച 'കൃഷ്ണൻ' എന്ന അനാര്യരാജാവും ഈ തക്ഷകവംശക്കാരൻ തന്നെയായിരുന്നു. ഈ സംഗതി വാസ്തവമാണെന്നു മഹാഭാരതം, രാജതരംഗിണി, ശതപഥബ്രാഹ്മണം എന്നീ ഗ്രന്ഥങ്ങളിൽ നിന്നു തെളിയുന്നുണ്ട്. മഹാഭാരതം ആരണ്യപർവ്വം 82-ാം അദ്ധ്യായം 90-ാം ശ്ലോകത്തിൽ കാഷ്മീറിനെ 'തക്ഷകഭവനം' എന്നാണ് പറയുന്നത്; അതായതു തുക്കികൾ, അല്ലെങ്കിൽ തക്ഷകന്മാർ നിവസിക്കുന്ന രാജ്യമെന്നാണല്ലോ സാരം.

തക്ഷകനു പാണ്ഡവന്മാരോടു പണ്ടേക്കുംപണ്ടേ കുടിപ്പകയുണ്ടെന്നു ഭാരതത്തിൽ പറയുന്നതിനു കാരണം അർജ്ജുനൻ തക്ഷകന്റെ വാസസ്ഥലമായ ഖാണ്ഡവം ദഹിപ്പിച്ചതാണെന്നാകുന്നു. ഭാരതയുദ്ധാനന്തരം പാണ്ഡവന്മാരുടെ സൈന്യവും ഭണ്ഡാരവും ക്ഷയിച്ചും രാജ്യത്തു സമാധാനമില്ലാതേയും ഇരിക്കുന്ന അവസരംനോക്കി കൃഷ്ണൻ എന്ന തക്ഷകരാജാവ് ഹസ്തിനപുരത്തെ നിരോധിച്ചതും പൂർവ്വവൈരത്തിന്റെ ഫലംതന്നെയായിരിക്കാം. അതുകൊണ്ട് അർജ്ജുനന്റെ പൌത്രനായ പരീക്ഷിത്തിന്റെ

നേരെ അവരുടെ വൈരം ഫലിപ്പിച്ചതിൽ ഒട്ടും അത്ഭുതമില്ല.

പരിക്ഷിത്തുമഹാരാജാവിൻെറ മരണശേഷം അദ്ദേഹത്തിൻെറ പുത്രനായ ജനമേജയൻ സിംഹാസനാരോഹണം ചെയ്തു. ജനമേജയൻെറ വാഴ്ച ആരംഭിച്ചതു ക്രിസ്ത്വബ്ദത്തിനുമുമ്പ് 1321-ാം വത്സരത്തിലാകുന്നു. ജനമേജയൻ തൻെറ പിതാവിനെ കൊന്ന തക്ഷകൻെറ വംശഛേദം ചെയ്യുവാനായി 'സപ്പസത്രം' തുടങ്ങി എന്നു ഭാരതത്തിൽ പറയുന്നുണ്ട്. പുരാതനഹിന്തുക്കൾ ഗൌരവമേറിയ എന്തെങ്കിലും കാൎയ്യത്തിനു തുനിയുമ്പോൾ, ദൈവികമായി ശത്രുസംഹാരമായ ഹോമാദികൎമ്മങ്ങൾ നടത്തുക പതിവായിരുന്നു. ജനമേജയൻ തക്ഷകവിനാശത്തെ ഉദ്ദേശിച്ചു യുദ്ധത്തിനു പുറപ്പെടുന്നതിനു മുമ്പു ചെയ്ത ഹോമത്തെ സംബന്ധിച്ചാണ് പുരാണത്തിൽ 'സൎപ്പസത്രം' എന്നു പറഞ്ഞിരിക്കുന്നത്. ജനമേജയൻ വളരെ ചെറുപ്പമായിരുന്നതുകൊണ്ടു തങ്ങളുടെ പക വീളുന്നതിനു തക്ഷകന്മാരെല്ലാവരും ഒത്തൊരുമിച്ചു വീണ്ടും യുദ്ധത്തിനു പുറപ്പെട്ടു. ഈ അവസരത്തിൽ ഇന്ത്യയിലുള്ള തക്ഷകന്മാരെ അവരുടെ സജാതീയരായ ഉത്തരദേശീയരും സഹായിച്ചു. എങ്കിലും, തൻെറ കുലത്തിൻെറ പുരാതനമഹിമയെ നിലനിറുത്തുവാൻ തക്ക ശൌൎയ്യപരാക്രമങ്ങൾ യുവാവായ ജനമേജയൻ ഈ യുദ്ധത്തിൽ പ്രകാശിപ്പിച്ചു. അതുകൊണ്ടു തക്ഷകന്മാർ പരാജിതരാവുകയും 'ടാക്സില' എന്ന സ്ഥലത്തുവെച്ച് ഒരു സമാധാനക്കരാറു ചെയ്കയും തക്ഷകന്മാർ ജനമേജയൻെറ കീഴിൽ രാജ്യം ഭരിച്ചുകൊള്ളാമെന്നു സമ്മതിക്കുകയും ചെയ്തു. ഈ യുദ്ധത്തിനുശേഷം പല അനാൎയ്യപ്രമാണികളും തമ്മിൽ യോജിച്ചു ജനമേജയനോട് എതൃത്തെങ്കിലും, അവരെയെല്ലാം അദ്ദേഹം തോല്പിച്ചു ഭാരത

ചക്രവർത്തിയായി ഏകദേശം അമ്പത സംവത്സരത്തോളം രാജ്യംഭരിച്ചു. ജനമേജയന്റെ കാലശേഷം, ക്രിസ്തഛബ്ദത്തിനു മുമ്പു 1200-ാം സംവത്സരത്തിന് അല്പം മുമ്പായി ഗംഗാനദിയുടെ ആക്രമണത്താൽ പുരാതനഹസ്തിനപുരം നശിച്ചുപോയി. തദനന്തരം ഈ വംശക്കാരുടെ തലസ്ഥാനം ഇപ്പോഴത്തെ 'അലഹബാദി'ൽ നിന്നു മുപ്പതു നാഴിക പടിഞ്ഞാറുള്ള 'കൌശാംബി' എന്ന നഗരത്തിലേക്കു മാററി. പുരാണപ്രസിദ്ധമായ പാണ്ഡവചരിത്രം നവീനചരിത്രലക്ഷ്യപ്രകാരം ഇങ്ങിനെയാണ് വ്യവഹരിച്ചിരിക്കുന്നത്.

---

പാഠം നം.

## പദ്യം (ലങ്കാശ്രീ).

"ആനതുകാലമനാകുലമാനസ
നായലയാഴികടന്നകപീന്ദ്രൻ
താനമരാവതി പോലൊളിവോടു
സദാ രജനീചരപാലിതമായേ
വാനവരാലയിയാ വടിവായ വി
മാന സമാനമിരാവണ ഗേഹം
നൂനമിതെന്നറിവുററതിനുത്തര
നൂതന ഗോപുര മെത്തിയിരുന്നാൻ. (1)

എത്തിയ വാനരരിങ്ങലയാഴിയെ
യേതൊരുജാതി കടന്നു വരുന്നിതു
കൈതവമുള്ള നിശാചരരോടു
കഥംപൊരുമാറി വിടത്തിനുവന്നാൽ ?

എയ്തുകിലേതൊരുജ്ജാതി വിരന്തിവി
ടേ രജനീചരരേവരെയും കൊല
ചെയ്തപരാധമറക്കളയിന്നിതു
ശ്രീരാമൻതിരുവടി താനെന്നേ. (2)

എന്നുമനത്തു സുരാസുര ജാതിക-
ളേവരുമൊത്തമർചെയ്കിലുമുടനേ
കൊന്നുമുടിക്കരുതാത നിശാചരർ
കൂടി മുതിർന്നൊരു പോതൊഴിയാതേ
ഇന്നിവിടത്തിലുദായുധരായുള-
രെന്നതിനാ ലവർ താമറിയാ തേ
ചെന്നു പുകന്നു നിനച്ചതു ചെയ്യാൻ
ചെമ്മേ പണിയല്ലോ പവനന്നും. (3)

വനചരനാകിയ ഞാനിഹ വന്നതു
മറിവിയലുന്ന നിശാചര ജാതികൾ
പുനരിവർ കണ്ടു നിനച്ചറികിൽപോം
പുരുഷോത്തമനുടെ കാര്യമനത്തും,
വിനയമൊഴിഞ്ഞറിയാതു ഞെളിഞ്ഞു
വിവേകവുമിന്നി നിനച്ചതു ചെയ്തു-
യനുദിനവും പോരും ദൂതന്മാ-
രരചകുലാന്തകരല്ലോമുററും. (4)

എല്ലാ ജാതിയുമെന്നാമൊത്തിനി-
യെന്നെ നിശാചരർ കണ്ടറിയായ്വാൻ
വല്ലാതിവിടെയിരിക്കിലുമാകാ
വൈദേഹിയെ യന്വേഷിക്കാതേ

അല്ലാതന്വേഷിപ്പാൻ പുക്കാ-
ലവിടെ നിശാചരർ കാണ്കിലുമാകാ
എല്ലാം ഞാനലയാഴി കടന്നതി-
നിപ്പുഴതാകായ്വാൻ വഴിയെന്തേ ? (5)

ഏറെ വിവേകമിയന്നു ഭയത്തോ-
ടെണ്ണിയിരുന്നേ പോകിലുമാകാ
തേറിമുതിന്നേ ചെയ്കിലുമേതും
തീമ നിനച്ചതിനെന്നാലിപ്പോൾ
വേറിവർ താമറിയാതു ചുരുങ്ങിയ
വേഷംകൊണ്ടീ രാത്രിയിൽ ഞാനിനി-
യേറ വിരന്തിവിടേ വൈദേഹിയെ
യെങ്ങു നടന്നാരാഞ്ഞേ കാൺമൻ. (6)

ആരായ്വാനേവം വൈദേഹിയെ
യനിലസുതൻ ചിന്തിച്ചതുകാലം
താരാർ നാഥനുദിച്ചാനവനു
സഹായം ചെയ്വാനെന്നതു പോലെ,
പാരാതേ കൃശനാകി നിശാചര
ഭവനേ പൂവാൻ മാരുതി ചെല്ലു-
ന്താരാർകുഴലാളാകിയ ലങ്കാ
സഹസാ കണ്ടു ചെറുത്തുരചെയ്താൾ. (7)

ഉരചെയ്‌ വാനരനാർ നീയിവിടെ
യുടൻ വരുവാനെന്തേ യെന്നാളവ-
ളുരചെയ്യാമതു നീയാരെന്ന
തുരത്താൻ മാരുതി യതിനവൾ ചൊന്നാൾ,

വരയാകിയ ലങ്കാപുരി ഞാനിതു
വടിവോടിവിടം പാലനചെയ്യാൻ
മരുവീടുന്നേൻ ഞാനറിയാതിഹ
വരുവാനൊരു ജന്തുവിനരുതെന്നേ. (8)

എന്നവളോടൊരു കൌതുഹലമോ–
ടിവിടം കാണ്മാനായ് വന്നേൻ ഞാ–
നിന്നുപരോധം ചെയ്യായ്കെന്ന
തിയംപിയ മാരുതി ചൊൽവതു കേട്ടേ
കൊന്നുമുടിപ്പാൻ ഞാനെന്നവളതി
കോപമിയന്നുടനേററിയത്തേറേ
നിന്നു ചിനത്തൊടു വാമകരേണ
നിശാചരിയെക്കപിവീരനടിച്ചാൻ. (9)

അടികൊണ്ടവനിയിൽ വീണ്ണെഴനിന്നവ-
ളനുനയമോടവനോടുരചെയ്താ-
ളുടനൊരു വാനരനാലാപത്തുക–
ളുണ്ടാമളവും നില്ലെന്നിവിടേ
വിടതന്നാൻ വിധിയതിനാൽ നിന്നേൻ
വീരാ! കേളിനിയാകിൽ പോകാം
വടിവോടിനി വൈദേഹി നിമിത്തം
വരുമല്ലോ രാക്ഷസകുല നാശം. (10)

കുലയാതേ ലങ്കാപുരിയിൽ നീ
കുറുകി നടന്നേ കാൺ വൈദേഹിയെ
നലമായ് വരികെന്നേ ലങ്കാശ്രീ
നയമൊടു ചൊല്ലി മറഞ്ഞതു കണ്ടേ,

ബലമീടിയ പൊൻമതിലെ മുറിച്ചേ
വിറൊട്ടു വാമപദേന പുകുന്താൻ
ചലിയാ മാനസനാകിയ മാരുതി
ശത്രുനികേതനമതിലതുകാലം. (11)

ശുഭം.

---

C. M. S. Press, Kottayam--1923